ആവശ്യമായ ഭേദഗതികൾ വരുത്താൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ മുമ്പോട്ടുവച്ച നിർദ്ദേശങ്ങളും ഈ നിയമത്തിനു ഭേദഗതി വരുത്തുന്ന അവസരത്തിൽ തീർച്ചയായും പരിശോധിക്കുന്നതായിരിക്കും. തൊഴിലാളികൾക്ക് ഇതുമൂലമുണ്ടായിട്ടുള്ള വിഷമതകളിൽ തീർച്ചയായും ഗവൺമെൻറിന് ഖേദമുണ്ട്. അത് പരിഹരിക്കുവാൻ ഗവൺമെൻറ് നിശ്ചയമായും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

III. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശകസമിതിയുടെ 15-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, കാര്യോപദേശകസമിതിയുടെ 15-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

Mr. Speaker: The Report is adopted.

IV. നിയമനിർമ്മാണകാര്യം

1979-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) നിയമം

Chief Minister **(Sri C. H. Mohammed Koya):** I Introduce the Kerala Land Reforms (Amendment) Bill, 1979. I also lay on the table a copy of the statement explaining the circumstances which had necessitated the immediate promulgation of the Ordinance.

Mr. Speaker: The Bill stands introduced.

Chief Minister **(Sri C. H. Mohammed Koya):** I move that the Bill may be taken into consideration.

Minister **(Sri N. K. Balakrishnan):** I second it.

Sri E. M. S. Namboodiripad: I oppose it.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഇൻട്രൊഡക്ഷനെ ഒപ്പോസ് ചെയ്തിട്ടില്ല.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഇൻട്രൊഡക്ഷൻ ഒപ്പോസ് ചെയ്യാൻ റൂം ഇല്ലെന്ന് സ്പീക്കർ പറഞ്ഞതുകൊണ്ടാണ് ആ സ്റ്റേജിൽ ഞാൻ ഒപ്പോസ് ചെയ്യാത്തത്. സർ, ഇതു നിർഭാഗ്യകരമാണ്. പാർലമെൻറിലെ നടപടിക്രമമനുസരിച്ച് ലീവ് ടു ഇൻട്രൊഡ്യൂസ് എന്ന സ്റ്റേജും, ആ സ്റ്റേജിൽ ഒപ്പോസ് ചെയ്യാനുള്ള റൈറ്റുമുണ്ട്. ഏതാനും മാസങ്ങൾക്കുമുമ്പ് പാർലമെൻറിൽ ആൻറി ഡിഫക്ഷൻ ബിൽ വന്ന അവസരത്തിൽ മധുലിമായെ ആ സ്റ്റേജിൽ ഒപ്പോസ് ചെയ്തു.

മി. സ്പീക്കർ: നമ്മുടെ അസംബ്ലിക്കും ചില റൂളുകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അതുപോലെ ഒപ്പോസ് ചെയ്യാനുള്ള പെർമിഷനുവേണ്ടി സർ ഞാൻ അങ്ങയെ സമീപിച്ചു. അതിനു പ്രൊവിഷൻ ഇല്ലെന്നു അങ്ങു പറഞ്ഞതുകൊണ്ടാണ് ആ സ്റ്റേജിൽ ഞാൻ ഒപ്പോസ് ചെയ്യാത്തത്. അതുവച്ചുകൊണ്ട് ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ആ സ്റ്റേജിൽ ഒപ്പോസ് ചെയ്തില്ലെന്നു പറഞ്ഞു എന്നെ കുറ്റപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

മി. സ്പീക്കർ: കുറ്റപ്പെടുത്തിയിട്ടില്ല. He has only pointed out it.

ശ്രീ. കെ. ചന്ദ്രശേഖരൻ: മോഷൻ ഒപ്പോസ് ചെയ്യണമെന്നുണ്ടെങ്കിൽ ഈ മോഷന്റെ പ്രസംഗമായിട്ട് കണക്കാക്കണം. ഒരു ജൂറിസ്ഡിക്ഷൻ കസ്റ്റ്യൻ എന്ന നിലയിൽ കൊണ്ടുവരാൻ ഈ സ്റ്റേജിൽ സാധിക്കുകയില്ലെന്നു മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളു.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ആ പ്രൊവിഷൻ ഇല്ലാത്തതുകൊണ്ട് എനിക്ക് ഒപ്പോസ്ചെയ്തു സംസാരിക്കുവാൻ അങ്ങ് അനുവാദം തരണമെന്നാണ് പറഞ്ഞത്.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): ഞാൻ ഇൻട്രൊഡ്യൂസ് ചെയ്തു സംസാരിച്ചതിനുശേഷം അദ്ദേഹത്തിന് ഒപ്പോസ് ചെയ്തു സംസാരിച്ചാൽ പോരേ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഇൻട്രൊഡക്ഷൻ കഴിഞ്ഞു, സെക്കണ്ട് റീഡിംഗും കഴിഞ്ഞു ഞാൻ ഒപ്പോസ് ചെയ്തു. ലീവ് ടു ഇൻട്രൊഡ്യൂസ് ഒപ്പോസ് ചെയ്യാൻ ഇവിടത്തെ റൂളിൽ പ്രൊവിഷൻ ഇല്ലാത്തതുകൊണ്ടാണ് ആ അവസരം എനിക്ക് തരണമെന്നു പറയുന്നത്.

ശ്രീ. കെ. ചന്ദ്രശേഖരൻ: അതു സാദ്ധ്യമല്ല.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സാദ്ധ്യമല്ലെന്ന് സ്പീക്കർ വേണം നിശ്ചയിക്കുവാൻ, ശ്രീ. ചന്ദ്രശേഖരനല്ല.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): ഞാൻ ബിൽ ഇൻട്രൊഡ്യൂസ്ചെയ്തു സംസാരിച്ചതിനുശേഷം അദ്ദേഹത്തിനു സംസാരിക്കാം.

മി. സ്പീക്കർ: എന്താ, അങ്ങനെ പോരേ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ലീവ് ടു ഇൻട്രൊഡ്യൂസ് എന്ന സ്റ്റേജിൽ ഒപ്പോസ് ചെയ്യാൻ ഇവിടത്തെ റൂത്സിൽ പ്രൊവിഷൻ ഇല്ലെന്നു അങ്ങു പറഞ്ഞിട്ടുള്ളതുകൊണ്ട് ഞാൻ അങ്ങനെ ചെയ്തിട്ടില്ല. ഈ സ്റ്റേജിൽതന്നെ ഒപ്പോസ്ചെയ്തു സംസാരിക്കുകയാണ് ഞാൻ ചെയ്യുന്നത്.

ശ്രീ. ഇ. അഹമ്മദ്: ഇതിനെ സംബന്ധിച്ച് പ്രത്യേകിച്ച് റൂത്സ് ഒന്നും ഇല്ലാത്തതുകൊണ്ട് എന്തിനാണ് ഇൻട്രൊഡ്യൂസ് ചെയ്യുന്നതെന്നും കാരണങ്ങൾ എന്താണെന്നും ഇൻട്രൊഡ്യൂസ് ചെയ്യുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിനുശേഷം വേണമെങ്കിൽ അദ്ദേഹത്തിന് ഒപ്പോസ് ചെയ്യാം. അല്ലാതെ ഒപ്പോസ്ചെയ്തു സംസാരിക്കുവാൻ പ്രൊവിഷൻ ഇല്ലാത്ത കാലത്തോളം it is left to the discretion of the Speaker.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: പ്രൊവിഷനുണ്ട്. എന്തു വേണമെന്ന് അങ്ങ് നിശ്ചയിച്ചാൽ മതി. അങ്ങയുടെ റൂളിംഗ് ഞാൻ അനുസരിക്കാം.

ശ്രീ. ആർ. എസ്. ഉണ്ണി: സഭയുടെ മുന്നിൽ ഇപ്പോൾ ഒരു മോഷൻ ഉണ്ട്. The Bill may be taken into consideration എന്നാണ്. ആ മോഷനെയാണ് ഒപ്പോസ് ചെയ്യുന്നത്. ആ മോഷനെ ഒപ്പോസ് ചെയ്യുന്നയാൾക്ക് ഒപ്പോസ് ചെയ്തുകൊണ്ട് സംസാരിക്കുവാനുള്ള അവസരം കൊടുക്കണം.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അങ്ങു വായിച്ചത് ഇൻട്രൊഡക്ഷൻ ആൻറ് കൺസിഡറേഷൻ മോഷനാണ്. ആ മോഷനെയാണ് ഞാൻ ഒപ്പോസ് ചെയ്യുന്നത്.

Mr. Speaker: The Bill has already been introduced.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഞാൻ അതിനെയാണ് ഒപ്പോസ് ചെയ്തത്.

ശ്രീ. ആർ. എസ്. ഉണ്ണി: മോഷൻ ഇൻട്രൊഡ്യൂസ് ചെയ്തിട്ടേ ഉള്ളൂ.

ശ്രീ. ഇ. അഹമ്മദ്: The Bill may be taken into consideration എന്നുള്ളതാണ് ഇപ്പോഴുള്ളത്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സ്പീക്കർ ഇവിടെ വായിച്ചത് ഇൻട്രൊഡക്ഷൻ ആൻറ് കൺസിഡറേഷൻ ആണ്. അതാണ് അജണ്ടായിൽ പറഞ്ഞിട്ടുള്ളത്. ഇതു രണ്ടുമാണ് ഞാൻ ഒപ്പോസ് ചെയ്യുന്നത്. ഇൻട്രൊഡക്ഷൻ കൂടി ഞാൻ ഒപ്പോസ് ചെയ്യുകയാണ്. ഇൻട്രൊഡക്ഷൻകൂടി ഒപ്പോസ് ചെയ്യുന്നത് എന്തുകൊണ്ടാണെന്നു പറയാൻ എനിക്കു റൈറ്റുണ്ട്. അതു തരണമെന്നാണ് എൻെറ അപേക്ഷ.

ശ്രീ. കെ. കരുണാകരൻ: സർ, ഇതിനെസംബന്ധിച്ച്........

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എത്ര സ്പീക്കർമാർ ഉണ്ട് ഇവിടെ?

ശ്രീ. കെ. കരുണാകരൻ: ഈ സഭയിലെ ഒരംഗമെന്ന നിലയിൽ അഭിപ്രായം പറയാം.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഇക്കാര്യത്തിൽ അങ്ങയുടെ റൂളിംഗാണ് ഞങ്ങൾക്കാവശ്യം. ശ്രീ. ചന്ദ്രശേഖരൻേറയും, ശ്രീ. കരുണാകരൻേറയും റൂളിംഗ് അല്ല ഞങ്ങൾ സ്വീകരിക്കുക.

മി. സ്പീക്കർ: ഓർഡർ, ഓർഡർ.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സർ, ഈ ബില്ലിനെ ഇതേ സമയത്തുതന്നെ എതിർക്കാൻ കാരണം ഈ ബില്ലിൻെറ പ്രാധാന്യം കരുതിയിട്ടാണ്. ഈ ബില്ല് ഈ രാജ്യത്തെ കർഷകത്തൊഴിലാളികൾക്കും പാവപ്പെട്ട കർഷകർക്കും അവകാശപ്പെട്ടതും ഈ സഭ അനുവദിച്ചതും ഹൈക്കോടതി ശരിവച്ചതുമായിട്ടുള്ള അവകാശങ്ങൾ അപഹരിച്ചെടുക്കുന്നതായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാണ്. ഇത്തരത്തിലുള്ള ഒരു നിയമം ആരുടെയൊക്കെ പിന്തുണയെന്നൊന്നും നിശ്ചയമില്ലാത്ത, ഒരു നയംപോലും ഇല്ലാത്ത ഒരു ഗവൺമെൻറ് ഇത്തരം ഒരു നിയമം അവതരിപ്പിക്കുന്നത് ഈ രാജ്യത്തെ ലക്ഷക്കണക്കിനു നാട്ടിൻപുറങ്ങളിലെ പാവപ്പെട്ടവരോടു ചെയ്യുന്ന കടുത്ത അനീതിയാണ്. ആ കാരണത്താലാണ് ആദ്യത്തെ സ്റ്റേജിൽത്തന്നെ ഒപ്പോസ് ചെയ്യണമെന്ന് ഞാനാഗ്രഹിച്ചത്. അതിനു പ്രൊവിഷനില്ലെന്ന് അങ്ങു പറഞ്ഞതുകൊണ്ട് ആ രണ്ടു സ്റ്റേജും കൂടിയിട്ടുള്ള ഈ ഘട്ടത്തിൽ ഞാൻ ഇതു പറയുകയാണ്.

ഈ ബില്ലിനെക്കുറിച്ചു ഞാൻ പറയുമ്പോൾ എനിക്കു പത്തുനാൽപ്പത്തിമൂന്നു കൊല്ലം മുമ്പത്തെ ഓർമ്മ വരികയാണ്. വിശേഷിച്ചും ഈ രാജ്യത്ത് ഇടതുപക്ഷ കോൺഗ്രസുകാരെന്ന് അഭിമാനിക്കുന്ന അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട ആൻറണിയുടേയും കൂട്ടുകാരുടേയും അറിവിനുവേണ്ടി ഞാൻ പറയുകയാണ്. ഞങ്ങൾ ഇടതുപക്ഷ കോൺഗ്രസുകാർ ആയിരുന്ന കാലത്ത് ആ ഇടതുപക്ഷത്തിൻെറ പ്രധാന മുദ്രാവാക്യം കർഷകപ്രസ്ഥാനം വളർത്തിയെടുക്കുക, കാർഷികനിയമം അവതരിപ്പിക്കുക എന്നുള്ളതാണ്. ആ കാലത്ത് കോൺഗ്രസ്സിൽ രണ്ടു ചിന്താഗതിക്കാരുണ്ടായിരുന്നു. ഞങ്ങൾ ഇടതുപക്ഷക്കാർ, വേറെ വലതുപക്ഷക്കാർ. എന്നാൽ ഇടതുപക്ഷക്കാരും വലതുപക്ഷക്കാരും രണ്ടു ചേരിയായിട്ടു നിന്ന ഒരു വേദിയുണ്ടായിരുന്നു. അന്നത്തെ മലബാർ കുടിയായ്മ നിയമത്തിൽ ഭേദഗതി വരുത്തുന്നതു സംബന്ധിച്ച് അന്വേഷിക്കാൻ മദിരാശി ഗവൺമെൻറ് നിശ്ചയിച്ച കുട്ടികൃഷ്ണമേനോൻ കമ്മിറ്റി. ആ കമ്മിറ്റിയിൽ അന്നത്തെ ഇടതുപക്ഷക്കാരായ, അന്നത്തെ കെ. പി. സി. സി. പ്രസിഡണ്ടായിരുന്ന അബ്ദുറഹിമാൻ സാഹിബും, അന്നത്തെ സെക്രട്ടറിയായിരുന്ന ഞാൻ, മറ്റൊരു എം. എൽ. എ. ആയിരുന്ന ഇ. കണ്ണൻ—ഞങ്ങൾ മൂന്നുപേരും ഒരുവശത്തും കോഴിപ്പുറത്തു മാധവമേനോൻ, ആർ. രാഘവമേനോൻ മുതലായ കോൺഗ്രസുകാരും, അറയ്ക്കൽ രാജാവ്, ആർ. എം. പാലാട്ട് മുതലായ ജന്മിപ്രഭൃതികൾ മറുവശത്തുമായിട്ടാണ് അന്ന് ഏറ്റുമുട്ടിയത്. അന്നത്തെ കോൺഗ്രസ് സംഘടനയിൽ ഞങ്ങൾക്കായിരുന്നു ഭൂരിപക്ഷമെങ്കിലും എം. എൽ. എ.-മാരിൽ ഭൂരിപക്ഷം മറുഭാഗത്തായിരുന്നു. മൂന്നുപേരേ ഞങ്ങൾക്കുണ്ടായിരുന്നുള്ളു. അന്നു ഞങ്ങളുയർത്തിയ മുദ്രാവാക്യമാണ് ജന്മിസമ്പ്രദായമവസാനിപ്പിച്ച് ഭൂമി കൃഷിക്കാർക്കു കൊടുക്കുകയെന്നുള്ളത്. അതു നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ധീരസമരങ്ങൾ ഒട്ടേറെ നടത്തേണ്ടിവന്നിട്ടുണ്ട്. മലബാറിൽ നടത്തേണ്ടിവന്നിട്ടുണ്ട്, കൊച്ചിയിൽ നടത്തേണ്ടിവന്നിട്ടുണ്ട്, തിരുവിതാംകൂറിൽ നടത്തേണ്ടിവന്നിട്ടുണ്ട്. ഇതിൻെറ തുടർച്ചയായിട്ടാണ് കേരള സംസ്ഥാനം ഉടലെടുത്തതിൽ പിന്നീട് ഈ സംസ്ഥാനത്ത് ഭൂനിയമം പരിഷ്കരിക്കുന്നതിനുവേണ്ടിയുള്ള ഒട്ടേറെ ലെജിസ്ലേഷൻ ഉണ്ടായത്. ആ ലെജിസ്ലേഷനുകളുടെ പരിണിതഫലമായിട്ട് വൻകിട ഭൂവുടമകളുടെ കൈയിലുള്ള ഭൂമി എടുത്ത് കർഷകത്തൊഴിലാളികൾക്കും പാവപ്പെട്ട കർഷകർക്കും അതിലും വിശേഷിച്ച് ഹരിജനങ്ങൾക്കും ഹരിജനങ്ങളോടൊപ്പംതന്നെ കിട്ടേണ്ടതായിട്ടുള്ള, മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും മറ്റുള്ളവർക്കും എടുത്തുകൊടുക്കേണ്ടതായിട്ടുള്ള വ്യവസ്ഥകൾ വന്നു.

ആ വ്യവസ്ഥകളെക്കുറിച്ച് ഇപ്പോൾ ഞാൻ വീണ്ടും പറയാൻ കാരണം മതന്യൂനപക്ഷങ്ങളുടെ പേരിലാണ് ഈ ബിൽ കൊണ്ടുവന്നത്. മതന്യൂനപക്ഷത്തിൽ പെട്ടിട്ടുള്ള ബഹുഭൂരിപക്ഷം ആളുകൾക്കുകൂടി ഭൂമി കിട്ടേണ്ടതായിട്ടുള്ള ഒരു ഭൂപരിഷ്കരണനിയമമാണ് ഇവിടെ വന്നത്. ആ നിയമത്തിൻെറ അവസാനരൂപമാണ് 1969-ലെ നിയമം. ആ നിയമമനുസരിച്ച്—

LIBRARY ARCHIVES Kerala Legislative Assembly

എന്തൊക്കെയാണ് ഇവിടെ പ്രചാരവേല നടത്തുന്നത്. ഗൗരിയമ്മയുടെ നിയമത്തിൽ ഉള്ളതാണ് ഇതെന്ന്. എന്നാൽ പിന്നെ എന്തിന് ഇപ്പോഠം അതു മാറ്റുന്നു? ഗൗരിയമ്മയുടെ നിയമം, 1969-ൽ ഈ നിയമസഭ പാസ്സാക്കിയതും, പ്രസിഡണ്ടിൻെറ അനുമതി കിട്ടിയതും, ഹൈക്കോടതി ശരി വച്ചതുമായ ആ നിയമം അതേപടി നിലനിറുത്തണമെന്നാണ് ഞങ്ങഠം പറയുന്നത്. മതന്യൂനപക്ഷങ്ങളുടെ പേരുംപറഞ്ഞ് മതന്യൂനപക്ഷത്തിൽപ്പെട്ട വരും അല്ലാത്തവരുമായ ഭൂഉടമകളുടെ മിച്ചഭൂമി ഇല്ലാതാക്കാനുള്ള അവസരം കൊടുക്കുന്ന ഒരു നിയമമാണ് ഇപ്പോഠം അവതരിപ്പിച്ചിരിക്കുന്നത്. അതുപോലെതന്നെ മതന്യൂനപക്ഷങ്ങളും ഭൂരിപക്ഷവും എല്ലാം ഉഠംപ്പെടുന്ന പാവപ്പെട്ട കർഷകത്തൊഴിലാളികഠംക്കും ദരിദ്ര തൊഴിലാളികഠംക്കും കിട്ടേണ്ട ഭൂമി അവരുടെ കൈയിൽനിന്നും തട്ടിപ്പറിക്കുന്ന ഒരു നിയമമാണ് ഇത്. അതുകൊണ്ട് ഈ രാജ്യത്ത് അര നൂറ്റാണ്ടുകാലമായി നടന്നുപോന്നിട്ടുള്ള കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും ധീരമായ സമരങ്ങളുടെ ഫലമായി അവർ നേടിയെടുത്തിട്ടുള്ള അവകാശങ്ങഠം തട്ടിയെടുക്കുന്നതായിട്ടുള്ള ഈ നിയമത്തെ അടിമുടി എതിർക്കാതിരിക്കാൻ സാദ്ധ്യമല്ല.

എന്നു മാത്രമല്ല, ഈ നിയമത്തിൽ മറ്റൊരു കാര്യംകൂടിയുണ്ട്. ഈ നിയമം വെറുതെ അവതരിപ്പിച്ചതൊന്നുമല്ല. ഈ രാജ്യത്ത്, ഈ സംസ്ഥാനത്തിലും വെളിയിലും എല്ലാംതന്നെ, പുതിയ ചില രാഷ്ട്രീയകൂട്ടുകെട്ടുകഠം ഉണ്ടാകണമെന്നും ഇടതുപക്ഷവും ജനാധിപത്യവുംമാത്രമല്ല സ്വേച്ഛാധിപത്യ വർഗ്ഗീയ ശക്തികഠംക്കെതിരായിട്ടുള്ള എല്ലാവരേയും യോജിപ്പിക്കണമെന്നും ഉള്ള ആഗ്രഹം വന്നു. ആ ആഗ്രഹത്തിനനുസരിച്ച് ചില നീക്കങ്ങഠം—ഇന്നു ട്രഷറി ബഞ്ചിലിരിക്കുന്ന ബഹുമാന്യ സുഹൃത്തുക്കളെ കൂടി ഉഠംപ്പെടുത്തിക്കൊണ്ടുള്ള ചില നീക്കങ്ങഠം നടന്നു. ആ നീക്കങ്ങളെ കരുതിക്കൂട്ടി തുരങ്കംവയ്ക്കുന്നതിനുവേണ്ടി ആ ഭാഗത്തിരിക്കുന്ന പാർട്ടികളെയെല്ലാംതന്നെ കരുണാകരൻെറ കൈയിൽ ഏൽപിക്കുന്നതിനുവേണ്ടി നടത്തിയ ഒരു ഗൂഢാലോചനയുടെ ഫലമായിട്ടാണ് ഈ നിയമം. ഈ നിയമത്തിൻെറ ദോഷവശങ്ങളെ സംബന്ധിച്ച് സംസാരിക്കുന്ന അവസരത്തിൽ ബഹുമാനപ്പെട്ട ശ്രീമാൻ ആൻറണി പറഞ്ഞതാണ്, ഇതു വേണമെന്ന് ഞങ്ങഠംക്കില്ല; ഇവരെയെല്ലാം തൃപ്തിപ്പെടുത്താൻവേണ്ടി കൊണ്ടുവന്നതാണ് ഇതെന്ന്. ബഹുമാനപ്പെട്ട ശ്രീ. ആൻറണി ഇന്നും അവകാശപ്പെടുന്നത് 'ഞാൻ ഇടതുപക്ഷക്കാരനാണ്, ഞാൻ കർഷകബന്ധുവാണ്, ഈ ബില്ലിനു ഞാൻ എതിരാണ്, എന്നാലും എൻെറ കൂട്ടുകാരുടെ നിർബന്ധം അനുസരിച്ച് ഞാൻ ഇതിനെ അനുകൂലിക്കുകയാണ്' എന്നാണ്. വാസ്തവം എന്താണ്? വാസ്തവം ബഹുമാനപ്പെട്ട ആൻറണിയുടെ മുഖപത്രമായ വീക്ഷണത്തിൽ അതു തുറന്നുപറഞ്ഞു. വീക്ഷണം 13-ാം തീയതിയിലെ മുഖപ്രസംഗത്തിൽ ചോദിച്ചത് എന്താണെന്നുവെച്ചാൽ രണ്ടു കമ്മ്യൂണിസ്റ്റ് പാർട്ടികഠംക്കു യോജിക്കാമെങ്കിൽ, റഷ്യയ്ക്കും ചൈനയ്ക്കും യോജിക്കാമെങ്കിൽ, അമേരിക്കയ്ക്കും ചൈനയ്ക്കും യോജിക്കാമെങ്കിൽ എൻെറ പാർട്ടിക്കും ശ്രീ. കരുണാകരൻെറ പാർട്ടിക്കും എന്തുകൊണ്ട് യോജിച്ചുകൂടാ? വീക്ഷണത്തിൻെറ മുഖപ്രസംഗത്തിൽ എഴുതിയിട്ടുള്ളതാണ്. ഇതാണ് നയം. ആ നയം നടപ്പാക്കുന്നതിനുവേണ്ടി അതിനെല്ലാം ഒരു നിമിത്തമായി ഈ ബിൽ അവതരിപ്പിച്ചിരിക്കുകയാണ്. ഈ ബിൽ അവതരിപ്പിച്ച് ഈ ബിൽ പാസ്സാക്കി ഈ നാട്ടിലെ മതന്യൂനപക്ഷങ്ങളുടെ വോട്ടു തട്ടിയെടുക്കാമെന്നും അതിൽ കരുണാകരനും, ആൻറണിയും ഒരുമിച്ചു ചേരാമെന്നും അതിൽ രണ്ടുപേരും ഒരുമിച്ചു ചേരുന്നതിനും പൗരോഹിത്യം വഹിക്കാൻ ശ്രീ. മുഹമ്മദുകോയ നിൽക്കാമെന്നും എല്ലാമുള്ള ഗൂഢാലോചനയുടെ ഫലമായിട്ടാണ് ഇത്. അല്ലെങ്കിൽ ഈ പുതിയ കൂട്ടുകെട്ടുണ്ടാക്കുന്നതിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചു സംസാരിക്കാൻ നിശ്ചയിച്ച അതേ പാർട്ടികൾ ഇപ്പോൾ പറയുന്നത് എന്താണ്? ബഹുമാനപ്പെട്ട ശ്രീ. ആൻറണിയുടെ ഇടതുപക്ഷ അവകാശവാദത്തിൽ എനിക്കു സഹതാപമേയുള്ളു. ജയപ്രകാശ് നാരായണൻെറ അനുസ്മരണാവേളയിൽപ്പോലും അദ്ദേഹത്തിൻെറ പഴയ കമ്മ്യൂണിസ്റ്റ് വിരുദ്ധമനോഭാവം തികട്ടിവന്നു. ഞാൻ അതിനു മറുപടി പറയുന്നില്ല. ഞാനും ജയപ്രകാശ് നാരായണനുമായി പലപ്പോഴും തെറ്റിയിട്ടുണ്ട്, ഞാൻ അതു പറഞ്ഞു. എങ്കിലും ഞങ്ങൾക്ക് അന്യോന്യം ബഹുമാനമുണ്ടായിരുന്നു. അതുപോലെതന്നെ അവസാനഘട്ടത്തിൽ ഞങ്ങൾ സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്തു. ഇന്ദിരാഗാന്ധിയുടെ സ്വേച്ഛാധിപത്യത്തിനെതിരായിട്ടാണ് ഞങ്ങൾ യോജിച്ചത്. ആ കാലത്തെല്ലാം ആൻറണി ഇന്ദിരാഗാന്ധിയുടെ കൂടെയായിരുന്നു. ഇപ്പോഴും അതിനുവേണ്ടിയുള്ള ശ്രമമാണ് നടത്തുന്നത്. ആ ശ്രമത്തിനുള്ള ഒരു നിമിത്തമായിട്ടാണ് ഈ ബില്ലും വന്നുപോയിട്ടുള്ളത്.

ഈ ബില്ലിൻെറ ക്ലോസുകളെക്കുറിച്ചു ഞാൻ പറയുന്നില്ല. ഈ ബില്ലിൻെറ ഏറ്റവും പ്രധാനമായിട്ടുള്ള ഉള്ളടക്കം എന്താണെന്നു ചോദിച്ചാൽ ഇഷ്ടദാനം മാത്രമല്ല. കള്ളക്കൈമാറ്റങ്ങൾക്കെല്ലാം സാധൂകരണം നൽകി പാവപ്പെട്ട കർഷകത്തൊഴിലാളികൾക്കും കർഷകർക്കും അതിൽ മതന്യൂനപക്ഷങ്ങൾ അടക്കമുള്ള എല്ലാ കർഷകത്തൊഴിലാളികൾക്കും കിട്ടേണ്ട ഭൂമി തട്ടിയെടുക്കുന്നതിനുള്ള നിയമമാണ് ഇത്. ഈ നിയമം ഇതേപടി പാസ്സാക്കണമെന്ന പിടിവാശിയുടെ അർത്ഥം ഈ രാജ്യത്തെ കൃഷിക്കാർക്ക് ഭൂമി കിട്ടരുതെന്നാണ്. 1957-58 കാലത്ത് നിയമത്തെ പല്ലും നഖവും ഉപയോഗിച്ച് എതിർത്തപോലെ 1968-ലെ നിയമത്തിലും വെള്ളം ചേർത്ത് ഈ രാജ്യത്തെ പാവപ്പെട്ടവരെ പറ്റിക്കുന്നതിനുള്ള നിയമം. അതോടൊപ്പംതന്നെ തൻെറ കോൺഗ്രസിനെ ഇന്ദിരാകോൺഗ്രസിൻെറ കൂടെ കൂട്ടി ഇന്ദിരാകോൺഗ്രസും തൻെറ കോൺഗ്രസും കൂടി ഈ രാജ്യത്ത് ഒരു മാർക്സിസ്റ്റ്‌വിരുദ്ധ മുന്നണി ഉണ്ടാക്കുന്നതിനുള്ള ശ്രമത്തിൻെറ ഭാഗം കൂടിയാണ് ഇത്. അതുകൊണ്ടാണ് ഇതിനെ എതിർക്കുന്നത്.

9 a.m. അവസാനമായി ഒരുകാര്യംകൂടി പറയട്ടെ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ ഇവിടെ പറഞ്ഞു, ഞങ്ങൾക്ക് ഒരു നയം രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന്. പക്ഷെ ഒരു നയം രൂപീകരിച്ചിട്ടുണ്ട്—ഈ രാജ്യത്തെ കർഷകത്തൊഴിലാളികൾക്ക് ഭൂമി കിട്ടരുത് എന്നുള്ള നയം. അതിൽ ബഹുമാനപ്പെട്ട ആൻറണിയും ബഹുമാനപ്പെട്ട കരുണാകരനും ബഹുമാനപ്പെട്ട കോയയുമെല്ലാം യോജിച്ചിരിക്കുകയാണ്. അതിന് ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ എതിരാണെന്ന് പറഞ്ഞുകേട്ടു. എങ്കിൽ നല്ലത്. പക്ഷെ, എന്നെയൊന്നു സംസാരിക്കാൻപോലും വിടാതിരിക്കാൻവേണ്ടി അദ്ദേഹം ഇവിടെ കാണിച്ച പരാക്രമം നാം കണ്ടതാണ്. മറ്റാരെയോ ബോദ്ധ്യപ്പെടുത്താൻവേണ്ടി ഞങ്ങൾ ഇതിനെതിരാണെന്നു പറയുന്നു എന്നു മാത്രം. ഇവരുടെയെല്ലാം ഉള്ളിലിരുപ്പ് എന്താണെന്നു നമുക്കറിയാം. എൻ. ഡി. പി. ആയാലും കൊള്ളാം എസ്. ആർ. പി. ആയാലും കൊള്ളാം ആരായാലും കൊള്ളാം..........

ശ്രീ. കെ. ചന്ദ്രശേഖരൻ: എങ്ങിനെയാണു സർ, അദ്ദേഹം ഞങ്ങളുടെ ഉള്ളിലിരിക്കുന്നതു കാണുന്നത്?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഉള്ളിലിരുപ്പ് മനസ്സിലാക്കുന്നതു പ്രവൃത്തി കൊണ്ടാണ്. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻെറ പ്രവൃത്തി ഈ നാട്ടുകാർ കണ്ടതാണ്; ഇപ്പോഴും കാണുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരൻ: ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടിന്റെ പ്രവൃത്തിയും ഈ നാട്ടുകാർ നല്ലോണം കണ്ടതാണ്. വഞ്ചകൻ, അറുവഞ്ചകൻ.

(പ്രതിപക്ഷത്തുനിന്നും ഒന്നിലധികം മെമ്പർമാർ എന്തോ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു)

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ദയവായി ബഹുമാനപ്പെട്ട മെമ്പർമാർ ഇരിക്കണം.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സർ, ഇപ്പോൾ വളരെ വ്യക്തമായി ഈ ബില്ലിനോടുള്ള എതിർപ്പല്ല പ്രധാനം, ഈ പറയുന്നതൊക്കെയാണ് പ്രധാനം എന്ന്. അതാണ് ഞാൻ പറഞ്ഞത് ഈ ബില്ലിനെ ഞാൻ എതിർക്കുന്നതിനു പ്രധാന കാരണം ഈ രാജ്യത്തെ കർഷകത്തൊഴിലാളികൾക്ക് അർഹമായ ഭൂമി തട്ടിയെടുക്കുന്നു എന്നുള്ളതുകൊണ്ടാണെന്ന്. അതോടൊപ്പംതന്നെ താൽക്കാലികമായി..............

ശ്രീ. എ. കെ. ആൻറണി: ബഹുമാനപ്പെട്ട നമ്പൂതിരിപ്പാട് പറയുന്നതിന്റെ അർത്ഥം 1969-ൽ ശ്രീമതി ഗൗരിയമ്മ കൊണ്ടുവന്ന ബിൽ അതേപടി പാസ്സാക്കണമെന്നാണോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അതെ.

ശ്രീ. എ. കെ. ആൻറണി: സ്നേഹവാൽസല്യത്തിന്റെ പേരിൽ ആർക്കും ഇഷ്ടദാനം കൊടുക്കാമെന്നാണോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അതു മതി; അതുതന്നെയാണു ഞാൻ പറയുന്നത്.

(ഭരണകക്ഷിബെഞ്ചുകളിൽ ബഹളം)

ശ്രീ. എ. കെ. ആൻറണി: ശ്രീമതി ഗൗരിയമ്മ കൊണ്ടുവന്ന നിയമം പാസ്സാക്കിയാൽ ഇവിടെ ഒരിഞ്ചു ഭൂമിപോലും കിട്ടുകയില്ല.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ആ നിയമം അതേപടി നടപ്പാക്കുന്നെങ്കിൽ ഈ ബിൽ പിൻവലിക്കണമെന്നാണ് എനിക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ആ നിയമം അത്ര നല്ലതാണെന്ന് ബഹുമാനപ്പെട്ട ആൻറണി പറയുന്ന സ്ഥിതിക്ക് ആ നിയമത്തിൽ യാതൊരു പൊട്ടും പൊടിയുമില്ലാതെ അങ്ങനെതന്നെ നിലനിറുത്തി നടപ്പിലാക്കണം. അതിൽ ധാരാളം വെള്ളം ചേർക്കുന്ന, അതിന്റെ അന്തസ്സത്തയെ നശിപ്പിക്കുന്ന ഒരു ബില്ലാണ് ഇതെന്നുള്ളതുകൊണ്ടാണ് ഈ ബിൽ പിൻവലിക്കണമെന്നു മുഖ്യമന്ത്രിയോടും ആൻറണി അടക്കമുള്ള എല്ലാ ഭരണകക്ഷിനേതാക്കളോടും ഞാനാവശ്യപ്പെടുന്നത്.

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗിക്കുന്നതിനുമുമ്പ് ഒരു കാര്യം പറയാനുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പേരിൽ അമെൻറ്മെൻറ് കൊടുത്തിട്ടുണ്ട്. ഈ ബിൽ പരിഗണിക്കുമ്പോൾ ആ അമെൻറ്മെൻറ് ഉൾപ്പെടെ പരിഗണിക്കണമെന്നാണോ ഉദ്ദേശിക്കുന്നത്? അതിനൊരു ക്ലാരിഫിക്കേഷൻ വേണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അത് അദ്ദേഹം സംസാരിക്കുമ്പോൾ പറയും.

ശ്രീ. പി. കെ. വാസുദേവൻനായർ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. സർ, കേന്ദ്രഗവൺമെന്റിന്റെ അനുമതി കൂടാതെ ഇത്തരത്തിൽ ഒരു അമൻറ് മെൻറ് സർക്കുലേറ്റ് ചെയ്യാൻ പറ്റുമോ? അമെൻറ് ചെയ്യാനുള്ള ഈ ബില്ലിന് കേന്ദ്രഗവൺമെന്റിന്റെ അനുമതിയുണ്ട്. പക്ഷേ അദ്ദേഹം കൊടുത്തിട്ടുള്ള അമെൻറ്മെന്റിന് അനുമതിയുണ്ടോ? വെറുതെ കടലാസിൽ എഴുതിവയ്ക്കാൻ മാത്രമേ ഉദ്ദേശിച്ചിട്ടുള്ളുവെങ്കിൽ പോയിന്റ് ഓഫ് ഓർഡർ ഞാൻ പിൻവലിക്കാം. അദ്ദേഹം പ്രസംഗിക്കാൻ തുടങ്ങുമ്പോൾ അതേപ്പറ്റി പറയുന്നതിനുള്ള ബാദ്ധ്യത അദ്ദേഹത്തിനുണ്ട്.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): അമെൻറ്മെൻറ് വരുമ്പോൾ എതിർക്കാമല്ലൊ.

ശ്രീ. ടി. എ. മജീദ്: സർ, പോയിന്റ് ഓഫ് ഓർഡറിന് റൂളിംഗ് വേണം.

(സഭയിൽ ബഹളം)

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, എന്താണിത്? എന്റെ പോയിന്റ് രണ്ടു മിനിറ്റു കൊണ്ട് ഞാൻ അദ്ദേഹത്തിനു മനസ്സിലാക്കിക്കൊടുക്കാം. ഭൂപരിഷ്കരണനിയമം 9-ാം ഷെഡ്യൂളിൽ പെടുത്തിയ നിയമമാണ്. ആ നിയമത്തിന് ഒരു ഭേദഗതിബില്ലാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേരിൽ ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടുള്ള അമെൻറ്മെൻറ് 124 ഭൂപരിഷ്ക്കരണനിയമത്തെ തുരങ്കം വയ്ക്കുന്നതാണ്. അതിന് കേന്ദ്രഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്.

(സഭയിൽ ശബ്ദകോലാഹലം)

ശ്രീ. ടി. എം. ജേക്കബ്: ആ പ്രൊവൈസോകൂടി ഒന്നു വായിച്ചു നോക്കണം.

ശ്രീ. പി. കെ. വാസുദേവൻ നായർ: പ്രൊവൈസോയിലേക്കു വരുന്നതിനുമുമ്പ്, ഇവിടെയുള്ള ബില്ലിനെക്കുറിച്ചാണ് ഞാൻ പറയുന്നത്.

"....on the basis of a lease deed executed after the 1st day of April 1964, shall be deemed to be a tenant"

എന്നാൽ ശ്രീ. സി. എച്ച്. മുഹമ്മദുകോയ കൊണ്ടുവന്നിരിക്കുന്ന അമെൻറ്മെൻറ് എന്താണ്? വളരെ സമർത്ഥമായി, ഒരുപക്ഷെ സമ്മതിക്കാതെ ചെയ്തുകയറ്റാമോ എന്നദ്ദേഹം ശ്രമിക്കുകയായിരിക്കും. എന്താണ് വരുത്തിയിരിക്കുന്ന മാറ്റം? ശ്രീമാൻ എ. കെ. ആൻറണി ശ്രദ്ധിക്കണം.

(ഭരണകക്ഷി ബെഞ്ചുകളിൽ ബഹളം)

ശ്രീ. പി. കെ. വാസുദേവൻ നായർ: ഞാൻ പറഞ്ഞതിനു പകരം....

(ശബ്ദകോലാഹലത്താൽ എല്ലാം അവ്യക്തം)

സർ, വളരെ കാതലായ, അടിസ്ഥാനപരമായ ഒരു മാറ്റമാണിത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എച്ച്. മുസ്തഫ: അത് ഡിസ്കഷനിൽ പറയണം. എന്തൊരു പോയിൻറ് ഓഫ് ഓർഡറാണിത്?

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ പോലെയുള്ള ആളുകാം ഇങ്ങനെ പറയുന്നതിൽത്തന്നെ ഞങ്ങാംക്കു ഖേദ മുണ്ട്.

ശ്രീ. പി. കെ. വാസുദേവൻ നായർ: രണ്ടു മിനിറ്റുകൊണ്ട് ഇതൊന്നു പറഞ്ഞു ബോധ്യപ്പെടുത്തിയാൽ ആകാശമിടിഞ്ഞുവീഴുമോ?......on the basis of a lease deed executed എന്നു പറയുന്നതിനു പകരം......on the basis of a lease granted എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ചെയിഞ്ച് നമ്മുടെ നിയമത്തിൻെറ അലകും പിടിയും മാറ്റാൻ പര്യാപ്തമായ ഒരു വ്യത്യാസമാണ്. പാർലമെൻറ് അംഗീകരിച്ച ഒമ്പതാം ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന നിയമത്തിൽ പാട്ടവാരം, ഒറ്റി തുടങ്ങിയ ടെനൻസി മുഴുവൻ അവസാനിപ്പിക്കുക, ഇത് ഈ രാജ്യത്ത് വാക്കാൽപ്പാട്ടം പോലും (സഭയിൽ ബഹളം)

ശ്രീ. ടി. എം. ജേക്കബ്: അതിൻെറ കൂടെ ആ പ്രൊവൈസൊ കൂടി ഒന്നു വായിക്കൂ.

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ രാജ്യത്ത് വാക്കാൽപ്പാട്ടം പോലും നിലനിറുത്താൻ ഇടയാകുന്ന ഇത്തരം ഒരു അമെൻറ്മെൻറ് ഇവിടെ കൊണ്ടുവരുന്നതിനുമുമ്പ് ഈ നിയമത്തിന് കേന്ദ്രഗവൺമെൻറിൻെറ അനുമതി വാങ്ങിച്ച മാതിരി ഭേദഗതിക്കും അനുമതി വാങ്ങിക്കുന്നതിന് എന്തു കൊണ്ട് ഗവൺമെൻറ് ആലോചിച്ചില്ല? ഇങ്ങനെയൊരു അനുമതി വാങ്ങാതെ ഇത്ര സുപ്രധാനമായ ഒരു നിയമത്തിൻെറ അലകും പിടിയും മാറ്റുകയും ഈ രാജ്യത്ത് ലക്ഷക്കണക്കിനു ഭൂമി കുടിയാൻമാർ വാക്കാൽ പാട്ടം പോലും........(സഭയിൽ ബഹളം)

മി. സ്പീക്കർ: അത് അമെൻറ്മെൻറ് വരുമ്പോാം ഡിസ്കസ് ചെയ്യാം.

ശ്രീ. പി. കെ. വാസുദേവൻ നായർ: ആ ചോദ്യത്തിന് ഉത്തരം പറ യണം, മൂലനിയമത്തിൽനിന്ന് മൗലികമായ മാറ്റമുള്ള ഇത്തരം ഭേദഗതി....

ശ്രീ. ടി. എച്ച്. മുസ്തഫ: ഇതു എന്തു പോയിൻറ് ഓഫ് ഓർഡ റാണ്? (സഭയിൽ ബഹളം) ഇല്ലാത്ത ഒരു കീഴ്വഴക്കമാണ്.

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഞങ്ങാം വളരെ ക്ഷമയോടു കൂടി ഈ സഭാനടപടികളിൽ സഹകരിക്കാൻ ആഗ്രഹിക്കുകയാണ്. എങ്ങനെ ഇതു കൊണ്ടുവന്നു? മൂലനിയമത്തിനുവേണ്ടി കേന്ദ്രഗവൺ മെൻറിൻെറ അനുമതി ചോദിച്ചതുപോലെ ഇത്ര സുപ്രധാനമായ ഒരു ഭേദഗ തിക്ക് അനുമതി വാങ്ങാതെയാണ് കൊണ്ടുവന്നത്. അതിൻെറ ഫലം ഇതു പ്രസിഡണ്ടിൻെറ അസൻറിന് അയക്കുന്ന സമയത്ത് എന്താണ് സംഭവി ക്കാൻ പോകുന്നത് എന്ന കാര്യം ചർച്ച ചെയ്തിട്ടുണ്ടോ? ലാ ഡിപ്പാർട്ടു മെൻറുമായി ചർച്ച ചെയ്തിട്ടുണ്ടോ? അഡ്വക്കേറ്റ് ജനറലുമായി ചർച്ച ചെയ്തിട്ടുണ്ടോ? അങ്ങനെ ആലോചിച്ചതിനു ശേഷമാണോ ഈ ഭേദഗതി ഇവിടെ കൊണ്ടുവന്നിട്ടുള്ളത് എന്നതാണ് പ്രശ്നം, അതുകൊണ്ട് ഈ ഭേദഗതി ഓർഡറിലാണോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇതു ഭേദഗതി എടുക്കുമ്പോഴം റയിസ് ചെയ്യേണ്ട പോയിൻറാണ്. ഇതിൻെറ ഭേദഗതി ചർച്ചയ്ക്കു വരുമ്പോഴം അത് ഓർഡറിലാണോ അല്ലയോ എന്നത് അതിൻെറ നിയമവശങ്ങളം നോക്കി അന്നേരം തീരുമാനിക്കാം.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ബഹുമാനപ്പെട്ട ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്, കർഷകരുടെ അവകാശങ്ങളം കവർന്നെടുക്കാനുള്ള ഒരു ബില്ലാണ് ഞാൻ ഇവിടെ അവതരിപ്പിച്ചത് എന്ന് കർഷക നിയമങ്ങളുടെ പൂർവ്വകാല ചരിത്രത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് ഇവിടെ പറയുകയുണ്ടായി. കർഷകർക്കു ഗുണകരമായ നിയമങ്ങളംക്കുവേണ്ടി പലപ്പോഴും പൊങ്ങിയ കൈ ആണ് എൻേറത് എന്ന് ശ്രീ. നമ്പൂതിരിപ്പാടിനു നല്ലതുപോലെ അറിയാമെന്നു വിചാരിക്കുന്നു. ആ കർഷകനിയമം, കർഷകർക്ക് ഗുണംചെയ്യുന്ന ഈ വകുപ്പ് എന്നൊക്കെ അദ്ദേഹം പറയുന്നത് ഹൈക്കോടതി വിധി ഇല്ലായിരുന്നുവെങ്കിൽ എന്താകുമായിരുന്നു? കർഷകന് ഗുണം എങ്ങനെ കിട്ടുമായിരുന്നു? അപ്പോഴം ശ്രീ. ഇ. എം. എസ്. ആണോ കർഷകൻെറ ബന്ധു എന്നു ഞാൻ ചോദിക്കുന്നു. കർഷകൻെറ ബന്ധു ശ്രീ. ഇ. എം. എസ്. അല്ല; ഹൈക്കോടതി ആണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ഞാൻ ഇതിൻെറ പൂർവ്വകാല ചരിത്രത്തിലേക്കു അൽപ്പം വിരൽ ചൂണ്ടാൻ ആഗ്രഹിക്കുന്നു, അത് അങ്ങ് സമ്മതിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. 1954-ൽ ഭൂപരിഷ്ക്കരണ നിയമത്തെ സംബന്ധിച്ച് സമഗ്രമായ ഒരു നിയമം ശ്രീ. പട്ടംതാണുപിള്ളയുടെ കാലത്തു കൊണ്ടുവരികയുണ്ടായി. ആ നിയമം പാസ്സാക്കുന്നതിനുമുമ്പു പട്ടംതാണുപിള്ളയുടെ ഗവൺമെൻറ് തകർന്നുപോയി. 1957-ൽ അധികാരത്തിൽവന്ന കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ആ കാര്യം ഏറ്റെടുത്തു. 1957 ഡിസംബർ 18-ാം തീയതി 1957-ലെ കാർഷികബന്ധ ബിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. നിയമസഭയിൽ അവതരിപ്പിച്ച ബില്ലിൻെറ 63-ാം ഖണ്ഡിക ഞാൻ വായിക്കാം.

The Kerala Agrarian Relations Bill, 1957.

63. Certain voluntary transfers to be null and void.—

(1) Notwithstanding anything contained in any law for the time being in force all voluntary transfers by way of sale or gift effected by persons having more land than the ceiling area after 18th December 1957, shall be null and void.

(2) Notwithstanding anything contained in any law for the time being in force, all voluntary transfers of lands effected otherwise than for valuable consideration or effected otherwise than out of natural love and affection, bona fide, by persons having more land than the ceiling area on and after the 11th April 1957, shall be null and void.

മേൽപ്പറഞ്ഞ വ്യവസ്ഥകളനുസരിച്ച് 11-4-1957 മുതൽ 8-12-1957 വരെയുള്ള കാലത്ത് ഉത്തമവിശ്വാസത്തോടുകൂടി നടത്തിയ ഇഷ്ടദാനം സാധുവായിരിക്കുന്നതാണ്. എന്നാൽ 1957 ഡിസംബർ 18-ാം തീയതിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ശേഷമുള്ള ഇഷ്ടദാനങ്ങൾ അസാധുവായിരിക്കുന്നതാണ്. അന്ന് റവന്യൂ മന്ത്രിയായിരുന്ന ശ്രീമതി. കെ. ആർ. ഗൗരിയമ്മ നിയമസഭയിൽ അവതരിപ്പിച്ച ബില്ലിന്റെ വ്യവസ്ഥയാണ് ഈ ഉദ്ധരിച്ചത്. ശ്രീമതി ഗൗരിയമ്മ അദ്ധ്യക്ഷയായിരുന്ന സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽ താഴെപ്പറയുന്ന പുതുക്കിയ ഒരു ഖണ്ഡിക ഉൾപ്പെടുന്നു.

The Kerala Agrarian Relations Bill, 1957—Report of the Select Committee.

Clause 58:—Certain voluntary transfers to be null and void:—Notwithstanding anything contained in any law for the time being in force, all voluntary transfers effected after 18th December 1957, otherwise than—

(*i*) by way of partition; or

(*ii*) on account of natural love and affection by a member of a family or an adult unmarried person owning or holding land in excess of the ceiling area, shall be deemed to be transfers calculated to defeat the provisions of this Act and shall be invalid:

Provided that without prejudice to any other right of the parties to any such transfer, when any compensation is payable under section 51 or under section 62 for any land covered by the said transfer, it shall be competent for the Land Tribunal to award to the transferee, out of the compensation amount in respect of such land, such sum as the Land Tribunal may consider it just and proper.

മേൽപ്പറഞ്ഞ വ്യവസ്ഥപ്രകാരം ഭാഗവും, ഇഷ്ടദാനവും ഒഴികെ 1957 ഡിസംബർ 18-ാം തീയതിക്കുശേഷം നടത്തിയിരുന്ന സ്വേച്ഛാനുസൃതമായ കൈമാറ്റങ്ങൾ അസാധുവായിരിക്കുന്നതാണ്. കേരള കാർഷികബന്ധബിൽ 1959-ൽ ....

<u>ശ്രീ. എം. വി. രാഘവൻ:</u> സർ, പോയിന്റ് ഓഫ് ഓർഡർ. ചീഫ് മിനിസ്റ്റർ ഒരു സുപ്രധാന ബില്ല് അവതരിപ്പിക്കുകയാണ്. ഇവിടെ നിന്നു ആരോ എഴുതിക്കൊടുത്തതു വായിക്കുകയാണ്. നിയമസഭയിൽ എഴുതിവായിക്കാൻ പാടില്ല.

<u>ശ്രീ. സി. എച്ച്. മുഹമ്മദുകോയ:</u> റൂളിലെ പ്രൊവിഷൻ ആണ് വായിച്ചത്.

<u>ശ്രീ. എം. വി. രാഘവൻ:</u> റൂൾ അല്ല. പ്രസംഗം എഴുതി വായിക്കുകയാണ്.

<u>ശ്രീ. സി. എച്ച്. മുഹമ്മദുകോയ:</u> രാഘവന് വേണമെങ്കിൽ നോക്കാവുന്നതാണ്. (സഭയിൽ ബഹളം) ബില്ലിലെ പ്രൊവൈസോ ആണ് വായിക്കുന്നത്. സർ, മേൽപ്പറഞ്ഞ വ്യവസ്ഥപ്രകാരം ഭാഗവും, ഇഷ്ടദാനവും 1957 ഡിസംബർ 18-ാം തിയതി—ഇതൊക്കെ എഴുതിക്കൊണ്ടു വരാതെ എങ്ങനെ പറയാനൊക്കും—യ്ക്കുശേഷമുള്ള നിയമാനുസൃതമല്ലാത്ത കൈമാറ്റങ്ങൾ അസാധുവായിരിക്കുന്നതാണ്. സർ, കേരള

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക ബന്ധബിൽ 1959 ജൂൺ മാസം 10-ാം തീയതി നിയമസഭ പാസ്സാക്കി. അന്ന് മി. രാഘവൻ ഇല്ല. ഞാൻ ഉണ്ടായിരുന്നു. ബില്ലിലെ 60-ാം ഖണ്ഡിക താഴെ പറയുംപ്രകാരമാണ്.

The Kerala Agrarian Relations Bill, 1957 passed in 1959.

Section 60.—Certain voluntary transfers to be null and void—Notwithstanding anything contained in any law for the time being in force, all voluntary transfers effected after 18th December 1957, otherwise than—

(*i*) by way of partition; or

(*ii*) on account of natural love and affection; or

(*iii*) in favour of a person who was a tenant of the holding before the 18th December 1957 and continued to be so till the date of transfer by a member of a family or an adult unmarried person owning or holding land in excess of the ceiling area, shall be deemed to be transfers calculated to defeat the provisions of this Act and shall be invalid;

ഇതാണ് ആ ബില്ലിൽ ഉണ്ടായിരുന്നത്. അതിനുശേഷം ഇവിടെ കൊണ്ടുവന്ന പല ബില്ലുകളിലും ഈ ഇഷ്ടദാനവ്യവസ്ഥ ഉണ്ടായിരുന്നു എന്നുള്ളതാണു പരമാർത്ഥം. 1957-ലെ കാർഷികപരിഷ്കരണ നിയമത്തിലും 1960-ലെ കാർഷിക പരിഷ്കരണനിയമത്തിലും 1963-ലെ ഭൂപരിഷ്കരണനിയമത്തിലും 1969-ലെ ഭൂപരിഷ്കരണഭേദഗതി നിയമത്തിലും അതുണ്ടായിരുന്നു. മാത്രമല്ല 1969-ലെ ഭേദഗതിനിയമത്തിനു മുൻപുള്ള എല്ലാ ബില്ലുകളിലും മറ്റൊരു നിബന്ധനകൂടി ഉൾക്കൊള്ളിച്ചിരുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 1969-ലെ നിയമം കൊണ്ടുവന്നസമയത്ത് ഈ ക്ലാസിന് ഒന്ന്, രണ്ട് എന്നു നമ്പർ കൊടുത്തിട്ടുണ്ട്; ആ 2-ാം നമ്പരിൽ പറയുന്ന കാര്യംകൂടെ ഒന്നു വായിക്കരുതായിരുന്നോ? ഈ ഇഷ്ടദാന വ്യവസ്ഥ എടുത്തുമാറ്റിയിട്ട് ശ്രീമതി ഗൗരിയമ്മ കൊണ്ടുവന്നിട്ടുള്ള 2-ാം വകുപ്പിൽ, 1-ം 2-ം ഉപവകുപ്പു ചേർത്തിട്ടാണ് 1963-ലെ നിയമം ഭേദഗതിചെയ്തത് 69-ൽ കൊണ്ടുവന്നത്. അതുകൂടി വായിക്കൂ. ഇത്രയും നല്ല കാര്യങ്ങളെല്ലാം സഭയുടെ വിജ്ഞാനത്തിനുവേണ്ടി വിതരണം ചെയ്യുമ്പോൾ അതുകൂടി വായിക്കു. അതുകൂടി വായിച്ചാലേ പൂർത്തിയാകൂ.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതു ശ്രീ. രാമകൃഷ്ണന്റെ പ്രസംഗത്തിൽ പറഞ്ഞാൽമതി; അതിന് എന്തെങ്കിലും കുറച്ചു പോയിന്റ് ബാക്കി വേണ്ടേ? 1972 വരെയുള്ള നിയമങ്ങളിൽ എല്ലാം, ഇഷ്ടംപോലെ ആർക്കും സ്നേഹവാൽസല്യത്തിന്റെ പേരിൽ ഇഷ്ടദാനം കൊടുക്കാൻ നിയമം ഉണ്ടായിരുന്നു. ശ്രീ. നമ്പൂതിരിപ്പാട് ഇവിടെപ്പറഞ്ഞ കർഷക വാൽസല്യമൊന്നും ആ കാലത്ത് ഉണ്ടായിരുന്നില്ല എന്നുള്ളതാണ് പരമാർത്ഥം. പിന്നീട് 1972-ൽ അന്നത്തെ ഗവൺമെന്റ് ഇഷ്ടദാനം മക്കൾക്കും മരിച്ചുപോയ മക്കളുടെ മക്കൾക്കും മാത്രമായി ചുരുക്കുകയാണ് ചെയ്തത്. അത് ഹൈക്കോടതി വിധിപ്രകാരം റദ്ദായി. അതിന്റെ സാങ്കേതികത്വത്തിൽനിന്നു രക്ഷപ്പെടാൻവേണ്ടിയുള്ള ഒരു ബിൽ മാത്രമാണ്,..........

(തടസ്സം)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ആർഡർ, ആർഡർ. ഇങ്ങനെ തടസ്സപ്പെടുത്തിയാലോ:

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പിന്നെ, ഞങ്ങളാരോ ന്യൂനപക്ഷങ്ങളെസംബന്ധിച്ച് എന്തോ കെട്ടിപ്പടുത്ത് പറഞ്ഞതാണെന്നും അതാണു ന്യൂനപക്ഷാവകാശം എന്നും അദ്ദേഹം ഇവിടെ സൂചിപ്പിച്ചതുപോലെ എനിക്കു തോന്നി. എന്നാൽ 1972 ജൂലൈ 23-ാം തീയതി പരിധിയെ സംബന്ധിച്ചു ചർച്ചചെയ്യാൻ കൂടിയ മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ കൊടുത്ത മാർഗ്ഗനിർദ്ദേശകതത്വത്തിൽ, "വ്യത്യസ്ത വ്യക്തിനിയമങ്ങൾ ബാധകമായിട്ടുള്ള പ്രായപൂർത്തിയായ സന്താനങ്ങൾക്ക് ഇതുമൂലം വിവേചനം ഉണ്ടാവുകയില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്" എന്നു പറഞ്ഞിട്ടുണ്ട്. പ്രസിഡണ്ടിന്റെ മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശകതത്വത്തിൽ അങ്ങനെയാണു പറഞ്ഞിട്ടുള്ളത്. കൂട്ടുകുടുംബത്തിലുള്ള ആളുകൾക്ക് ജന്മത്തിൽത്തന്നെ അവകാശം കിട്ടുന്നുണ്ട്. നേരേമറിച്ച് ന്യൂനപക്ഷങ്ങൾക്കും മക്കത്തായക്കാർക്കും അവകാശം അമ്മയച്ഛന്മാർ മരിച്ചാൽ മാത്രമേ കിട്ടുന്നുള്ളു. ഇത് വിവേചനമാണ്. ഈ വിവേചനം അവസാനിപ്പിക്കണമെന്നുവച്ചിട്ടാണ് നിയമത്തിൽ അങ്ങനെ വച്ചത്. അതു ഹൈക്കോടതി സാങ്കേതികകാരണംകൊണ്ട് തള്ളിക്കളഞ്ഞു. അതു വാലിഡേറ്റു ചെയ്യുമ്പോൾ കർഷകപ്രേമം ഹൈക്കോടതിക്കാണോ ഈ ബിൽ ഉണ്ടാക്കിയവർക്കാണോ എന്നു പ്രത്യേകിച്ചു പറയേണ്ടതില്ല.

പിന്നെ, കുറെ പുതിയ കുടിയായ്മകൾ സൃഷ്ടിക്കുന്നതിനെപ്പറ്റി ഇവിടെ പറയുകയുണ്ടായി. യാഥാർത്ഥ്യം പറഞ്ഞാൽ നിയമമുണ്ടാക്കി കുടിയായ്മ വേണ്ടെന്നുവന്നശേഷവും കുടിയായ്മകൾ സൃഷ്ടിക്കുകയുണ്ടായി. ആ കുടിയാന്മാരെ ഒഴിപ്പിക്കുന്ന ജന്മിമാർക്കു ഗുണം വേണമോ അതല്ല കുടിയാന്മാർക്കു ഗുണം വേണമോ എന്നുള്ളതാണു പ്രശ്നം.

ഇവിടെ കൊണ്ടുവന്ന അമെൻഡ്മെൻറിനെ ശ്രീ. വാസുദേവൻനായർ ആവേശപൂർവ്വം എതിർക്കുകയുണ്ടായി. ആ അമെൻഡ്മെൻഡിൽ, 'പരിധിയിൽനിന്നു രക്ഷപ്പെടുന്നതിനാണിങ്ങനെ ചെയ്യുന്നതെങ്കിൽ അതിനു ഈ വ്യവസ്ഥ ബാധകമല്ല' എന്നു പറഞ്ഞ് അതിനെ പരിമിതപ്പെടുത്തുകയാണ് ചെയ്തത് എന്ന് ആ ഭേദഗതി വായിച്ചുനോക്കിയാൽ അദ്ദേഹത്തിനു മനസ്സിലാക്കാൻ കഴിയും. ആ ഭേദഗതി ചർച്ചചെയ്യുമ്പോൾ നമുക്ക് അതിനെക്കുറിച്ചു കൂടുതൽ സംസാരിക്കാവുന്നതാണ്.

പിൻതുടർച്ചാവകാശികളെ നിശ്ചയിക്കാനുള്ള അവകാശമാണ് മറ്റൊന്ന്. പിൻതുടർച്ചാവകാശത്തിന്റെ സർട്ടിഫിക്കറ്റു വാങ്ങാനും അതു കിട്ടാനുമുള്ള അസൗകര്യങ്ങൾകൊണ്ട്, പിൻതുടർച്ചക്കാരായി ഇഷ്ടമുള്ള ഒരാളെ നോമിനേറ്റു ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നതാണ് ഈ അവകാശം.

മറ്റൊരു സംഗതിയുള്ളത്, കോടതികയറാതെ ഇതിന്റെ കാര്യങ്ങൾ നിശ്ചയിക്കാൻവേണ്ടി അതു റവന്യൂറിക്കവറി ആക്ട്പ്രകാരം നിർവ്വഹിക്കാം എന്നതാണ്. ആ ഓരോ സംഗതിയും അതാതു ഭേദഗതി ചർച്ച ചെയ്യുമ്പോൾ നമുക്കു ചർച്ച ചെയ്യാവുന്നതാണ്. ഇതിൽ യാതൊരു തരത്തിലും കുടിയാനെ ഉപദ്രവിക്കാൻ ഉദ്ദേശിച്ചിട്ടില്ല. വാസ്തവത്തിൽ, ചില വിവേചനങ്ങൾ അവസാനിപ്പിക്കാൻ മാത്രമാണ് ഇത്. ഇത് നിയമത്തിൽ ഉണ്ടായിരുന്നതു തള്ളിക്കളഞ്ഞതുകൊണ്ടു മാത്രമാണ്. അല്ലാതെ

2/151—2

LIBRARY ARCHIVES Kerala Legislative Assembly

ഈ പറയുന്ന കുടിയായ്മ പ്രേമത്തിന് യഥാർത്ഥത്തിൽ വലിയ അർത്ഥമൊന്നുമില്ല. അതുകൊണ്ട് ഈ ബിൽ പാസ്സാക്കിത്തരണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. എ. മജീദ്: ഒട്ടേറെ അമെൻഡ്മെൻറ് കൊടുത്തിട്ടുണ്ട്. പാർട്ടിക്കാരെല്ലാവരും ആലോചിച്ച് അതിൽ കുറെ പേരെ തിരഞ്ഞെടുത്താൽ അവരെ വിളിച്ചാൽ ഈ ചർച്ച വളരെ നന്നായിരിക്കും.

മി. സ്പീക്കർ: വളരെ വളരെ നന്ദി. മുൻവിപ്പ്തന്നെ അതിനു വേണ്ടതു ചെയ്താൽ വലിയ ഉപകാരമായിരിക്കും.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: Sir, I move that the Kerala Land Reforms (Amendment) Bill, 1979 be circulated for eliciting public opinion till 31st January 1980.

സർ, ഭൂപരിഷ്കരണരംഗത്തു ദൂരവ്യാപകമായ ഫലങ്ങളുളവാക്കുന്ന നിരവധി ഭേദഗതികൾ 1979-ലെ ഭൂപരിഷ്കരണ ഭേദഗതി ബില്ലിൽ ഉണ്ടെങ്കിലും ഇന്നു കേരളത്തിനകത്തും പുറത്തും വമ്പിച്ച പ്രസിദ്ധീകരണം ലഭിച്ചിട്ടുള്ളത് ഇഷ്ടദാന വ്യവസ്ഥകളെ സാധൂകരിക്കുന്ന വ്യവസ്ഥയാണ്. രാഷ്ട്രീയകാരണങ്ങൾകൊണ്ടും അതിശക്തമായിട്ടുള്ള രാഷ്ട്രീയപ്രചരണങ്ങൾകൊണ്ടുമാണ് അങ്ങനെ വന്നുചേർന്നിട്ടുള്ളത്. അതുകൊണ്ട് രാഷ്ട്രീയ വസ്തുതകൾ മാറ്റിനിർത്തിക്കൊണ്ട് ഈ ബില്ലിനെക്കുറിച്ച് ചർച്ചചെയ്യുക അസാധ്യമാക്കിത്തീർത്തിരിക്കുകയാണ്. ഇന്ന് ഇവിടെ നടപടികളാരംഭിക്കുന്നതിനുമുമ്പ് പ്രതിപക്ഷനേതാവും ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടും ഒക്കെ ചെയ്ത പ്രസ്താവനകളും ബില്ലിൻെറ ചർച്ച രാഷ്ട്രീയത്തിൽക്കൂടിയല്ലാതെ നടത്താൻ പാടില്ല എന്നുള്ള നിർദ്ദേശമടങ്ങിയതാണ്. ഏതായാലും ഈ രാഷ്ട്രീയപ്രചരണത്തിന്, പ്രത്യേകിച്ചും ഇഷ്ടദാനവ്യവസ്ഥ സാധൂകരിക്കാനുള്ള നിയമത്തിന് രാഷ്ട്രീയപ്രചരണം കൊടുക്കുന്നതിൽ, പ്രധാനവും പ്രമുഖവുമായ പങ്കുവഹിച്ചിട്ടുള്ളത് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടു തന്നെയാണ്. അദ്ദേഹം ഈ രാഷ്ട്രീയപ്രചരണമെല്ലാം നടത്തുന്നത് ഡൽഹിയിൽച്ചെന്നാണ്. അത് ഒരുപക്ഷേ ഡൽഹിയിലുള്ള ജനങ്ങൾക്കും പത്രപ്രവർത്തകർക്കും കേരളത്തിലെ ഭൂപരിഷ്കരണ നിയമത്തിൻെറ ചരിത്രം വളരെ വിശദമായി അറിയുകയില്ലെന്നുള്ള വസ്തുത ഇ.എം.എസ്. മനസ്സിലാക്കിയതുകൊണ്ടായിരിക്കും. അതുകൊണ്ട് ഡൽഹിയിൽനിന്ന് തട്ടിവിടുന്ന നുണകളെല്ലാം കേരളത്തിൽവരുമ്പോൾ നേരുകളും സത്യങ്ങളുമായി രൂപാന്തരപ്പെടുമെന്ന് ഒരുപക്ഷേ നമ്പൂതിരിപ്പാട് കണക്കാക്കിയിട്ടുണ്ടാകാം. അതുകൊണ്ട് അദ്ദേഹം ഡൽഹിയിൽനിന്ന് പറഞ്ഞു. കേരളത്തിൽ ഭൂപരിഷ്കരണനിയമം ആദ്യമായികൊണ്ടുവന്നത് തൻെറ പാർട്ടിയാണ്; അത് 1957-ൽ ആണ് തങ്ങൾ ആ ബില്ലിൽ ഇഷ്ടദാനം ഉൾപ്പെടുത്തിയിട്ടില്ല; എന്നാൽ പി. ടി. ചാക്കോ എന്ന കോൺഗ്രസ്സുകാരനാണ് പിന്നീട് ഈ ഇഷ്ടദാന വ്യവസ്ഥ കണ്ടുപിടിച്ച് അത് ഭൂനിയമത്തിൽ കൊണ്ടുവന്നത്; ഇങ്ങനെ നമ്പൂതിരിപ്പാട് ഡൽഹിയിൽ നിന്ന് ഒരു പ്രാവശ്യവും തിരുവനന്തപുരത്തുനിന്ന് ഒരു പ്രാവശ്യവും പത്രപ്രസ്താവന നടത്തി. അതിനെക്കുറിച്ചൊക്കെ മുഖ്യമന്ത്രി വളരെ സംക്ഷിപ്തമായി സൂചിപ്പിച്ചെങ്കിലും ഞാൻ നമ്പൂതിരിപ്പാടിൻെറ ആ പ്രസ്താവന ഇവിടെ വായിക്കുകയാണ്. "But the Congress was sticking to its stand that the Land Act provisions should be diluted to

LIBRARY ARCHIVES Kerala Legislative Assembly

deprive the landless of the land legitimately due to them in the name of the so-called gift deed validation. It was sheer political dishonesty on the part of the Congress to say that a provision to this effect was there in the bill introduced by his Government.

സർ, 1957-ൽ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി നിയമസഭയിൽ അവതരിപ്പിച്ച ബില്ലിൽ ഇഷ്ടദാനത്തിനുള്ള വ്യവസ്ഥ ഇല്ലെന്ന് കട്ടായമായി തറപ്പിച്ച് ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് പറഞ്ഞു. ഇവിടെ ശ്രീ. രാഘവൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നോക്കിവായിക്കുന്നു എന്നുപറഞ്ഞു. നോക്കാതെ വായിക്കുന്ന ടെക്നിക് ഞങ്ങൾക്ക് അറിയുകയില്ല. ഏതായാലും മുഖ്യമന്ത്രി ഇംഗ്ലീഷിൽ വായിച്ചതുകൊണ്ട് മനസ്സിലാകാത്തതുകൊണ്ടാണോ എന്തോ അങ്ങനെ പറഞ്ഞത്. 1977-ൽ ഇഷ്ടദാന വ്യവസ്ഥ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബില്ലിന്റെ ചർച്ച ഇവിടെ നടന്നുകൊണ്ടിരിക്കുമ്പോൾ ആ ഇഷ്ടദാനത്തെ പ്രകീർത്തിച്ചുകൊണ്ട് അന്നത്തെ റവന്യൂമന്ത്രി ബഹുമാനപ്പെട്ട ഗൗരിയമ്മ നടത്തിയ ഗാനാലാപത്തിന് ഉടുക്കുകൊട്ട് നടത്തിയത് ശ്രീ. ടി. കെ. രാമകൃഷ്ണനല്ലേ? ഞാൻ ആ പ്രസക്ത വകുപ്പ് ഇംഗ്ലീഷ് ഭാഷയിൽ വായിക്കുകയാണ്.

63. Notwithstanding anything contained in any law for the time being in force, all voluntary transfers of lands effected otherwise than for valuable consideration or effected otherwise than out of natural love and affection, bona fide, by persons having more land than the ceiling area on and after the 11th April 1957, shall be null and void.
ആ വ്യവസ്ഥ വളരെ ചക്കപോലെ, വെണ്ടക്കപോലെ എഴുതിവച്ചതിനുശേഷം അങ്ങനെയൊക്കെ വ്യവസ്ഥ ആ വകുപ്പിൽ എഴുതിവച്ചിട്ടില്ലെന്ന് യാതൊരു ഉളുപ്പും കൂടാതെ ശ്രീ. നമ്പൂതിരിപ്പാടിന് എങ്ങനെയാണ് പറയാൻ സാധിക്കുന്നത്? കേരള രൂപീകരണത്തിനുശേഷം അധികാരം ആദ്യമായി ലഭിച്ച ഇ.എം.എസ്. ആണ് ഇഷ്ടദാനം എന്നുള്ള സങ്കൽപം കണ്ടുപിടിച്ചതും അത് 1957-ലെ നിയമസഭയിൽ അവതരിപ്പിച്ചതും. അത് അവതരിപ്പിക്കുന്നതിനുവേണ്ടി ശ്രീമതി ഗൗരിയമ്മയെ ചുമതലപ്പെടുത്തുകയും ചെയ്തു. അന്ന് അത് അവതരിപ്പിച്ചുകൊണ്ട് ഇവിടെ ചെയ്ത പ്രസംഗമൊന്നും ഞാൻ വായിക്കുന്നില്ല. ഏതായാലും നമ്പൂതിരിപ്പാടിന്റെ ഈ പ്രസ്താവന മിതമായ ഭാഷയിൽ പറഞ്ഞാൽ പച്ചക്കള്ളം തന്നെയാണെന്ന് പറഞ്ഞാൽ എന്നോട് പരിതപിക്കരുത്. ഏതായാലും ശ്രീ. നമ്പൂതിരിപ്പാട് ഈ ആശയം കണ്ടുപിടിക്കുകയും 1957-ൽ ഭരിക്കാനുള്ള അവസരം കിട്ടിയപ്പോൾ അവസരം പാഴാക്കാതെ 1957-ലെ ഭൂപരിഷ്കരണ നിയമത്തിൽത്തന്നെ അത് കൊണ്ടുവരികയും ചെയ്തു. അദ്ദേഹം ഇപ്പോൾ നുണ പറയുന്നത് ഒരുപക്ഷെ നിൽക്കക്കള്ളിക്കുവേണ്ടി ആയിരിക്കും. അന്ന് അത് ഉൾപ്പെടുത്തിയത് രാഷ്ട്രീയമായ ലക്ഷ്യങ്ങൾ വച്ചുകൊണ്ടായിരുന്നു. അന്ന് കമ്മ്യൂണിസ്റ്റു പാർട്ടികൾക്ക് കേരളത്തിലെ ഭൂ ഉടമകളിൽനിന്നും ഉള്ള സഹായം കിട്ടാനും അവരെ പ്രീണിപ്പിക്കാനുംവേണ്ടി പ്രത്യേകിച്ച് പാലക്കാട് ജില്ലയേയും മറ്റും ഉദ്ദേശിച്ച് കൊണ്ടുവന്നതായിരിക്കും എന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ന് അദ്ദേഹം അത് മാറ്റി പറയുന്നതിൽ രാഷ്ട്രീയമായ പല കാരണങ്ങളും ഉണ്ടായിരിക്കും. അത് ബോധപൂർവ്വം ആയിരുന്നു എന്നുള്ളതിന് തെളിവുണ്ട്. 1967-ൽ വീണ്ടും ശ്രീ. നമ്പൂതിരിപ്പാടിന് ഭരണം കിട്ടി, അന്നും ശ്രീമതി കെ. ആർ. ഗൗരിയമ്മ ഈ ബിൽ അവതരിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

1969-ലെ ഭൂപരിഷ്കരണനിയമത്തിൽ ഇഷ്ടദാന വകുപ്പിൽ തൊടുക പോലും ചെയ്തിട്ടില്ലെന്നുള്ളതാണ് പരമാർത്ഥം. ശ്രീ. ബേബി ജോണിന് അത് അറിയാം. 1969-ൽ ശ്രീമതി ഗൗരിയമ്മ നിയമസഭയിൽ അവതരിപ്പിച്ച കേരള ഭൂപരിഷ്കരണ നിയമത്തിൽ 1957-ൽ നിലനിറുത്തിയ അതേ ഇഷ്ടദാന വ്യവസ്ഥ നിലനിറുത്തുകയാണ് ഉണ്ടായത്. ഇവിടെ നേരത്തെ ശ്രീ. രാമകൃഷ്ണൻ ആ വകുപ്പിന് ശ്രീമതി ഗൗരിയമ്മ വരുത്തിയ ഭേദഗതി വായിച്ചുകൂടായോ എന്നു ചോദിച്ചു. അതിൽ ഭേദഗതി വരുത്തിയെന്ന് ശ്രീ. ടി. കെ. രാമകൃഷ്ണൻ മനസ്സിലാക്കുന്നത് എവിടെ നിന്നും ആണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. 84-ാം വകുപ്പ് ചൂണ്ടിക്കാണിച്ചാൽ മതി.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 1969-ൽ ഭേദഗതി ചെയ്ത നിയമത്തിൽ 68-ാമത് വകുപ്പിലെ amendment of section 84. അതൊന്ന് വായിച്ചു നോക്കിയാൽ അറിയാം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: 1957-ലും 1964-ലും ഉള്ള ഇഷ്ടദാന വ്യവസ്ഥ അതേപടി നിലനിറുത്തിയെന്നുതന്നെ ഞാൻ ആവർത്തിച്ചു പറയുകയാണ്. 84-ാം വകുപ്പിന് സബ് സെക്ഷൻ 2 എഴുതി ചേർത്തിട്ടുള്ളതിൽ വേറെ കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. സബ് സെക്ഷൻ 2 ആണ് 1969-ൽ ശ്രീമതി ഗൗരിയമ്മ കൊണ്ടുവന്ന ഭേദഗതി. അത് ഞാൻ വായിക്കാം.

Notwithstanding anything contained in any law for the time being in force, all voluntary transfers effected by any person (other than a family or any member thereof or by an adult unmarried person) എന്നു പറഞ്ഞാൽ ഈ ദുനിയാവിലുള്ള മനുഷ്യർ മുഴുവൻ കഴിഞ്ഞു. പിന്നെ ഉള്ളത് കമ്പനികളായി അവശേഷിക്കുന്നതും കോർപ്പറേഷനുകളായി അവശേഷിക്കുന്നതും മാത്രമാണ്. ഇത് അറിഞ്ഞു കൊണ്ട് കരുതിക്കൂട്ടി ജനങ്ങളെപ്പറ്റിക്കാൻവേണ്ടി മുദ്രാവാക്യം എഴുതി കൊടുക്കുകയല്ലേ? 1969-ൽ ശ്രീമതി ഗൗരിയമ്മ പാസ്സാക്കിയ നിയമം വള്ളിപുള്ളി വ്യത്യാസം കൂടാതെ നടപ്പിലാക്കണമെന്ന് ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് പറഞ്ഞു. ശ്രീ. ഇ. എം. എസ്സിനോട് ശ്രീ. എ. കെ. ആന്റണി അർത്ഥഗർഭമായ ഒരു ചോദ്യം ചോദിച്ചു. 1969-ൽ എഴുതി ചേർത്ത നിയമം നടപ്പിലാക്കിയാൽ മതിയോ എന്നാണ് അദ്ദേഹം ചോദിച്ചത്. ശ്രീ. നമ്പൂതിരിപ്പാട് വിഡ്ഢിയെപ്പോലെ മതിയെന്നു പറഞ്ഞു. മതിയെന്നു പറഞ്ഞാൽ ഇഷ്ടദാന വ്യവസ്ഥ അപരിമിതമായി നടപ്പിലാക്കണമെന്നാണ്. ഇഷ്ടദാന വ്യവസ്ഥ 1957-ലും 1964-ലും ഉണ്ടാക്കിവച്ചത് യാതൊരു നിയന്ത്രണവും കൂടാതെ നടപ്പിലാക്കണമെന്നാണ് നമ്പൂതിരിപ്പാട് പറഞ്ഞതിന്റെ അർത്ഥം. ഏതായാലും ജനങ്ങളെപ്പറ്റിക്കുവാൻ, അക്ഷരം അറിയാത്തവരെ പറ്റിക്കുവാൻ, നിയമം അറിയാത്തവരെ പറ്റിക്കുവാൻ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി പച്ചക്കള്ളം നിറഞ്ഞ മുദ്രാവാക്യങ്ങൾ തയ്യാറാക്കും. അത് അക്ഷരാഭ്യാസമില്ലാത്തവരും നിയമം അറിഞ്ഞുകൂടാത്തവരും വിളിക്കും. അതാണ് നിങ്ങളുടെ പരിപാടി. അക്ഷരം അറിഞ്ഞുകൂടാത്തവരേയും നിയമം അറിഞ്ഞുകൂടാത്തവരേയും പറ്റിക്കുകയെന്നുള്ളതാണ് നിങ്ങളുടെ നടപടി; അതാണ് നിങ്ങളുടെ കൈമുതൽ. ശ്രീമതി ഗൗരിയമ്മ എഴുതിവച്ച ഇഷ്ടദാന വ്യവസ്ഥ എന്താണെന്നുവെച്ചാൽ ആർക്കുവേണമെങ്കിലും അപരിമിതമായ

LIBRARY ARCHIVES Kerala Legislative Assembly

ഇഷ്ടദാനം നൽകാമെന്നാണ്. ആ നിയമം അതേപടി നടപ്പിലാക്കണമെന്ന് ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് പറഞ്ഞുകേട്ടപ്പോൾ സഹതപിക്കുകയല്ലാതെ മറ്റെന്തു ചെയ്യാനാണ്.

ശ്രീ. ചടയൻ ഗോവിന്ദൻ: സർ, ഒരു ചോദ്യം. അറിവില്ലാത്തവരോട് ഇത്ര വിരോധം തോന്നിത്തുടങ്ങിയത് കഴിഞ്ഞ പഞ്ചായത്തു തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷമാണോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: 1957-നുശേഷം എത്രയോ തെരഞ്ഞെടുപ്പുകൾ നടന്നു. പത്തു പതിനൊന്ന് കൊല്ലമായി നിങ്ങൾ വനവാസത്തിലല്ലേ. ആ വനവാസം മാറ്റിക്കിട്ടുവാൻവേണ്ട പ്രക്രിയയാണ് ഇപ്പോഴും നടത്തുന്നത്. തെരഞ്ഞെടുപ്പുകൾ വരികയും പോവുകയും ചെയ്യുന്നത് സ്വാഭാവികം ആണ്. എന്തായാലും നിങ്ങളോട് എനിക്ക് പറയുവാനുള്ളത് അറിവില്ലാത്തവരെ ബോധപൂർവ്വം പറ്റിക്കുന്ന ഏർപ്പാട് ഇനിയെങ്കിലും ആവർത്തിക്കാതിരിക്കണം എന്നാണ്. കഴിഞ്ഞ പഞ്ചായത്തു തെരഞ്ഞെടുപ്പിലും ഞാൻ വിജയിച്ചിരിക്കുകയാണ്. പിന്നെ എന്തെങ്കിലും വിവരമില്ലാത്തവർ പറഞ്ഞു കാണും ഞാൻ തോറ്റുപോയിയെന്ന്. ബോധപൂർവ്വം നുണപറയുന്നത് രാഷ്ട്രീയ നിൽക്കക്കള്ളിക്ക് വേണ്ടിയാണ്.

ഞാൻ നേരത്തെ പറഞ്ഞ രീതിയിൽ ഇഷ്ടദാന വ്യവസ്ഥ ഉണ്ടാക്കിയ ശ്രീമതി ഗൗരിയമ്മ നാലഞ്ചുദിവസം മുമ്പ ഒരു പ്രസ്താവന നടത്തി, അതായത് "1969-ലെ നിയമത്തിൽ ഇഷ്ടദാനവ്യവസ്ഥ ഇല്ല, അതൊക്കെ ഞങ്ങൾ എടുത്തുകളഞ്ഞതാണ്" എന്ന്. ഈ കളവ് ഇനിയും ആവർത്തിക്കണമോ? കർഷകസംഘം, കർഷകത്തൊഴിലാളി യൂണിയൻ സെക്രട്ടറി ഇവരെല്ലാം ഈ നിയമം വായിച്ചിട്ടുണ്ടോയെന്ന് എനിക്ക് അറിയില്ല. സംസ്ഥാന കർഷകസംഘം, സംസ്ഥാന കർഷകത്തൊഴിലാളിയൂണിയൻ, ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്, ശ്രീമതി കെ. ആർ. ഗൗരിയമ്മ ഇവരെല്ലാവരും ആവർത്തിച്ചാവർത്തിച്ച് നുണപറഞ്ഞ് അത് നേരാക്കിത്തീർക്കുവാനുള്ള ശ്രമത്തിലാണ് ഏർപ്പെട്ടിരിക്കുന്നത്.

കേരളചരിത്രത്തിൽ ആദ്യമായി അവിഭക്ത കോൺഗ്രസ് മുന്നണി ഗവൺമെന്റ് ആണ് 1972-ൽ ഭൂനിയമത്തിൽനിന്നും ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടും ശ്രീമതി ഗൗരിയമ്മയും എഴുതിവച്ച ഇഷ്ടദാന വ്യവസ്ഥ നീക്കം ചെയ്തത്. അന്നത്തെ റവന്യൂമന്ത്രി ഇപ്പോൾ ഈ സഭയിലിരിക്കുന്നതുകൊണ്ട് അതിനെക്കുറിച്ച് വിശദീകരിക്കേണ്ട കാര്യമില്ല. ശ്രീമതി ഗൗരിയമ്മയും ശ്രീ. നമ്പൂതിരിപ്പാടും 1957-ലും 1967-ലും എഴുതിവച്ച ഇഷ്ടദാന വ്യവസ്ഥയിൽ പരിമിതിക്കുള്ള വകുപ്പില്ലായിരുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചു. എന്നാൽ അതിന് ഒരു പരിമിതി മാത്രം കൊടുത്തുകൊണ്ടാണ് ഭേദഗതി വരുത്തിയിട്ടുള്ളത്. ആ ഭേദഗതി ഇപ്രകാരമാണ്. Or otherwise than by way of gift in favour of his son or daughter or the son or daughter of his predeceased son or daughter by any person owning or holding land in excess of the ceiling area........................... ....അന്ന് ആർക്കുവേണമെങ്കിലും മിച്ചഭൂമി കൊടുക്കാമായിരുന്നു. എന്നാൽ അത് മിച്ചഭൂമിയുടെ ഉടമയായ ഒരാൾക്ക് സ്വന്തം മകനും മകൾക്കും മരിച്ചുപോയ മകന്റെയും മകളുടെയും മക്കൾക്കും മാത്രമായി പരിമിതപ്പെടുത്തി. അതുമാത്രമല്ല എല്ലാ ഇഷ്ടദാന വ്യവസ്ഥകളും.

LIBRARY ARCHIVES Kerala Legislative Assembly

1968 ആഗസ്റ്റ് മാസം 16-ാം തീയതി മുതൽ പിൽക്കാലപ്രാബല്യം കൊടുത്തുകൊണ്ട് എന്നന്നേക്കുമായി ഭൂനിയമ ചരിത്രത്തിൽനിന്നും നിർമ്മാർജ്ജനം ചെയ്തത് അന്നത്തെ മുന്നണി ഗവൺമെൻറ് ആയിരുന്നു. അത് ആർക്കും നിഷേധിക്കുവാൻ സാധ്യമല്ല. അപരിമിതമായ ഇഷ്ടദാന വ്യവസ്ഥയെ പരിമിതമായ ഒരു ഇഷ്ടദാന വ്യവസ്ഥയാക്കി മാറ്റി. ധാർമ്മികമായ നീതിയെ അടിസ്ഥാനപ്പെടുത്തിയാണ് അങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നത്. യാതൊരു തത്വചിന്തയുമില്ലാതെ ശ്രീമതി ഗൗരിയമ്മയും, ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടും എഴുതിവച്ചിട്ടുള്ള ഇഷ്ടദാന വ്യവസ്ഥയനുസരിച്ച് അനധികൃതമായി നടക്കുന്ന ഭൂമി കൈമാറ്റങ്ങൾ തടയണമെന്നുള്ള ആവശ്യം രാജ്യത്തിൻെറ നാനാഭാഗത്തുനിന്നും വന്നതിൻെറ അടിസ്ഥാനത്തിൽ ഇഷ്ടദാന വ്യവസ്ഥയ്ക്ക് പരിമിതി കൊടുക്കണമെന്നുള്ള കാര്യം അന്നത്തെ മുന്നണി ഗവൺമെൻറ് ആഗ്രഹിക്കുകയും അതിൻെറ ഫലമായി ഈ പറഞ്ഞ ആളുകൾക്കുമാത്രമായി ഇഷ്ടദാനവ്യവസ്ഥ പരിമിതപ്പെടുത്തുകയും ചെയ്തു. മകനും മകൾക്കും ഭൂമികൊടുക്കണമെന്നുള്ളത് സ്വാഭാവികമായ നീതിമാത്രമാണ്. ആ തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് ബില്ലിൽ പരിമിതി നിലനിർത്തുവാൻ തീരുമാനിച്ചത്. ആ തീരുമാനത്തിനുശേഷമുണ്ടായ സംഭവവികാസങ്ങളെക്കുറിച്ചൊന്നും ഞാൻ ഇവിടെ ദീർഘിപ്പിച്ചു പറയുവാനാഗ്രഹിക്കുന്നില്ല. 1972-ൽ ബിൽ പാസ്സാക്കുകയും 2–11–1972 മുതൽ ഗവൺമെൻറ് അത് നോട്ടിഫൈ ചെയ്ത് നടപ്പിലാക്കുകയും ചെയ്തു. 1970 ജനുവരി 1-ാം തീയതിക്കുശേഷവും പ്രായപൂർത്തിയായ മക്കൾക്ക് അല്ലെങ്കിൽ മരിച്ചുപോയ മക്കളുടെ മക്കൾക്ക് ഇഷ്ടദാനം കൊടുക്കുന്നതിനുള്ള അനുമതി ഈ നിയമസഭ നൽകിയിട്ടുണ്ടായിരുന്നു. അതായിരുന്നു നിയമസഭയുടെ ലക്ഷ്യം, അതായിരുന്നു നിയമസഭയുടെ ഉദ്ദേശ്യം. ആ ഉദ്ദേശ്യം വച്ചുകൊണ്ട് അർഹതയുള്ള ഭൂവുടമ സ്വന്തം മക്കൾക്ക് ഇഷ്ടദാനം കൊടുത്തിട്ടുണ്ട്. അങ്ങനെ കൊടുത്തിട്ടുള്ള ഇഷ്ടദാനങ്ങളെ ഹൈക്കോടതി റദ്ദു ചെയ്തു. റദ്ദു ചെയ്യാനുണ്ടായ കാരണം സ്വാഭാവിക നീതിക്ക് എതിരായിട്ടുള്ളതായിരുന്നു. മകൻെറയോ മകളുടെയോ മക്കൾക്കു ഭൂമി കൊടുക്കുന്നതിൽ ഹൈക്കോടതി എതിരായതു കൊണ്ടൊന്നുമല്ല ഇപ്രകാരം ചെയ്തത്. ഹൈക്കോടതിക്ക് യാതൊരു എതിരും ഉണ്ടായിരുന്നില്ല. ഈ നിയമത്തിൽതന്നെ 82-ം 85-ം വകുപ്പുകൾ എഴുതുമ്പോൾ അതിനുപയോഗിച്ച വാക്കുകളുടെ അടിസ്ഥാനത്തിലായിരുന്നു ഹൈക്കോടതി എതിർത്തത്. 83-ാം വകുപ്പിൽ പറഞ്ഞിരുന്നത് ഗവൺമെൻറ് എന്ന് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നുവോ അന്നുമുതൽ പരിധിയിൽ കവിഞ്ഞ ഭൂമി ആരും കൈവശം വയ്ക്കുവാൻ പാടില്ലയെന്നായിരുന്നു. എന്നാൽ 85-ാം വകുപ്പിൽ പറഞ്ഞിരുന്നത് അങ്ങനെയുള്ള ഭൂമി മൊത്തമായി ഡിറ്റർമിൻ ചെയ്യണം എന്നായിരുന്നു. 83, 85 എന്നീ വകുപ്പുകളിൽ പറയുന്ന പദപ്രയോഗങ്ങൾ ഹൈക്കോടതി പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. ഹൈക്കോടതി പറഞ്ഞതിൻെറ ഫലമായി 1972-ലെ ഭേദഗതിനിയമം 2–11–1972-ൽ നടപ്പിലാക്കിയതിനു ശേഷം ഹൈക്കോടതി വിധിയുണ്ടാകുന്നത് 5–11–1974-ലാണ്. അപ്പോൾ അതുവരെ എല്ലാമക്കൾക്കും നൽകിയിട്ടുള്ളതായ ഇഷ്ടദാനാധാരങ്ങൾ അസാധുവായി. ആ തടസ്സം തീർക്കുകയെന്നുള്ളതാണ് നിയമസഭയുടെ ഉദ്ദേശ ലക്ഷ്യം. ആ ഉദ്ദേശ ലക്ഷ്യത്തിനുവേണ്ടിയാണ് ഇന്നത്തെ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. എല്ലാകാര്യങ്ങളും വളരെ വ്യക്തമാക്കിയിട്ടുള്ള സ്ഥിതിക്ക് ഇതിനെക്കുറിച്ച് ഇത്രയധികം രാഷ്ട്രീയപ്രചരണവും ഇത്രയധികം ആശയക്കുഴപ്പവും ഉണ്ടാക്കുന്ന തരത്തിലുള്ള കള്ളപ്രചരണങ്ങൾ സൃഷ്ടിക്കുന്നതിൻെറ നീതീകരണം എന്താണെന്ന് എനിക്ക് എത്ര

LIBRARY ARCHIVES Kerala Legislative Assembly

ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഇഷ്ടദാനബില്ലിന് സാധൂകരണം കൊടുക്കുന്ന വ്യവസ്ഥയെ പരിപൂർണ്ണമായി സ്വാഗതം ചെയ്യുകയും പരിപൂർണ്ണമായി പിന്താങ്ങുകയും ചെയ്യുന്നു. 1972-ൽ ഞങ്ങളുടെ പാർട്ടി കൂടി ഉൾപ്പെട്ട മുന്നണി ഗവൺമെന്റ് പാസ്സാക്കിയ ഭേദഗതിയുടെ ഉദ്ദേശം, സ്വാഭാവികനീതി നൽകണമെന്നുള്ളതായിരുന്നു. സ്വന്തം മക്കൾക്ക് ഭൂമി കൊടുക്കുന്നത് നിയമവിരുദ്ധമല്ല. അത് സ്വാഭാവിക നീതിമാത്രമാണ് അതനുസരിച്ച് അവർക്ക് ഭൂമി കൊടുക്കണം എന്നുള്ള ഈ നിയമസഭയുടെ പവിത്രമായ ഉദ്ദേശലക്ഷ്യം നടപ്പിലാക്കുന്നതിനു വേണ്ടിയാണ് ഞങ്ങൾ ഇന്ന് ഈ ഭേദഗതിയെ പിൻതാങ്ങുന്നത്.

[Shri T. M. Jacob in the Chair]

മറ്റൊരു കാര്യം മുഖ്യമന്ത്രി സൂചിപ്പിച്ചതിനെപ്പറ്റി വളരെ പുച്ഛിച്ച് ശ്രീ. നമ്പൂതിരിപ്പാട് പറയുകയുണ്ടായി. ചരിത്രപരമായിട്ടുള്ള കാരണങ്ങളാൽ സാമൂഹ്യവ്യവസ്ഥിതിയുടെ ഫലമായിട്ട് വിവിധ സമുദായങ്ങൾക്ക് വിവിധ തരത്തിലുള്ള ദായക്രമമാണ് ഇവിടെയുള്ളത്. ഹിന്ദു കൂട്ടുകുടുംബ വ്യവസ്ഥയനുസരിച്ചാണെങ്കിൽ ഗർഭസ്ഥശിശുവിനുപോലും ഭൂമിയിൽ തുല്യാവകാശമാണുള്ളത്. പ്രസവിക്കുന്നതിനു മുമ്പുതന്നെ ഭൂമിയുടെ അവകാശം കിട്ടുന്നു. 1–1–1970-ൽ ഒരു കുഞ്ഞ് വയറ്റിൽ കിടക്കുകയാണെങ്കിൽപ്പോലും മിച്ചഭൂമി കണക്കാക്കുന്ന ലാൻഡ് ട്രൈബ്യൂണൽ ആ കുഞ്ഞിന് അർഹതപ്പെട്ട ഭൂമി കൊടുക്കുന്നു. ഹിന്ദു കൂട്ടുകുടുംബത്തിലെ വ്യക്തിയാണെങ്കിൽ 1–1–1970-നുശേഷം പ്രായപൂർത്തിയായിട്ടുള്ള ആൾക്ക് 1976-ൽ മിച്ചഭൂമി കണക്കാക്കുകയാണെങ്കിലും ലാൻഡ് ട്രൈബ്യൂണൽ അയാളെ പ്രായപൂർത്തിയായ ഒരംഗമായിട്ടു കണക്കാക്കിയിട്ട് ഒരു കുടുംബത്തിന് എത്ര ഭൂമി കൈവശം വയ്ക്കാമോ അത്രയും ഭൂമി കൊടുക്കാനുള്ള ഉത്തരവാണുള്ളത്. ക്രിസ്ത്യൻ സമൂദായത്തിലെ അംഗമാണെങ്കിൽ 1–1–1970-നു ശേഷം പ്രായപൂർത്തിയായിയെന്ന ഒറ്റക്കാരണം കൊണ്ട് അയാൾക്ക് വിവാഹം കഴിഞ്ഞ് പത്തു മക്കളുണ്ടായിരുന്നാലും ശരി കുടുംബമായി അംഗീകരിക്കുന്നില്ല. ട്രൈബ്യൂണൽ ഒരുതുണ്ടു ഭൂമി പോലും കൊടുക്കാതെ മിച്ചഭൂമിയായി വിതരണം ചെയ്യും. അതുപോലെ തന്നെയാണ് മുസ്ലീം സമുദായത്തിൽപ്പെട്ടവർക്കും. ചരിത്രപരമായിട്ടുള്ള കാരണങ്ങളാൽ മുൻപറഞ്ഞ സമുദായങ്ങളുടെ വ്യക്തിഗതമായിട്ടുള്ള ദായക്രമാദിനിയമങ്ങൾ വ്യത്യസ്തമായിട്ടുള്ളതുകൊണ്ട് ഭൂമി വിതരണം ചെയ്യുമ്പോൾ അതൊരു വിവേചനമായിട്ടു വരരുത് എന്നുള്ളതാണ് തത്വം. വിവേചനമായിട്ടു വരികയാണെങ്കിൽ അത് ധാർമ്മികമായ തെറ്റാണ്. ഭരണഘടനാപരമായിട്ട് തെറ്റാണ്. സമുദായങ്ങൾ തമ്മിൽ വിവേചനമരുത് എന്നുള്ളത് ഭരണഘടനയുടെ മാർഗ്ഗനിർദ്ദേശത്തിന്റെ തത്വമാണ്. അങ്ങനെയുള്ള ന്യൂനപക്ഷസമുദായങ്ങളുടെ താൽപര്യസംരക്ഷണത്തിനു വേണ്ടിയാണ് ഞങ്ങൾ ഭേദഗതിയെ പിന്താങ്ങുന്നത്.

ശ്രീ. ബേബി ജോൺ: ന്യൂനപക്ഷസമുദായങ്ങൾക്കു മാത്രമല്ല ദായക്രമത്തിലുള്ള ഹിന്ദുസമുദായത്തിലെ എല്ലാവർക്കും ഇതു ബാധകമാണ്. മുസ്ലീങ്ങൾക്കോ, ക്രിസ്ത്യാനികൾക്കോ മാത്രമായി പ്രത്യേകമായി ദോഷം വരുന്നതല്ല. ദായക്രമത്തിലുള്ള വ്യത്യാസംകൊണ്ട് ഹിന്ദു സമുദായത്തിലെ അംഗങ്ങൾക്കും ദോഷം വരും.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ചോദ്യം എനിക്കു പൂർണ്ണമായി മനസ്സിലായി. ആ ചോദ്യത്തിന്റെ ഉറവിടം സീറ്റുമാറ്റത്തിൽ കണ്ടെത്താമെന്നാണ് എന്റെ അഭിപ്രായം. ഹിന്ദു കൂട്ടുകുടുംബത്തിലെ ഒരംഗത്തിന്

LIBRARY ARCHIVES Kerala Legislative Assembly

സ്വയാർജ്ജിതമായിട്ടുള്ള സ്വത്ത് മറ്റു സമുദായങ്ങളിലെപ്പോലെതന്നെ യാണോ ക്രയവിക്രയം ചെയ്യുന്നത്, ദായക്രമം നടക്കുന്നത് എന്ന് അറിഞ്ഞുകൂടാത്ത ആരെങ്കിലും കേരളത്തിൽ ഉണ്ടോ? ന്യൂനപക്ഷസമുദായങ്ങളുടെ താൽപര്യത്തിനുവേണ്ടിയാണ് ഞങ്ങൾ പറയുന്നതെന്ന കാര്യത്തിൽ അർത്ഥമില്ലെന്നു പരോക്ഷമായിട്ട് മുമ്പ് ബില്ലവതരിപ്പിച്ച അദ്ദേഹം സൂചിപ്പിക്കാൻ വേണ്ടിയല്ലേ ചോദിച്ചത്?

ശ്രീ. ഇ. പി. ഗോപാലൻ: ഹിന്ദു കൂട്ടുകുടുംബത്തിലെ ദായക്രമത്തെ സംബന്ധിച്ച് പറയുമ്പോൾ ആ ദായക്രമം ഏതാണ്ട് പരിപൂർണ്ണമായി അവസാനിച്ചുകഴിഞ്ഞിരിക്കുന്നുവെന്നും പിന്നീടു വന്ന ഹിന്ദു നിയമത്തിന്റെ ക്രോഡീകരണംകൊണ്ട് മരുമക്കത്തായമെന്നോ കൂട്ടുകുടുംബവ്യവസ്ഥയെന്നോ പറയുന്നത് നാമാവശേഷമായിക്കഴിഞ്ഞിരിക്കുന്നുവെന്നുമുള്ളത് അറിയാമോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അതെല്ലാം അറിയാം. അതെല്ലാം അടുത്തകാലത്തുണ്ടായ കാര്യങ്ങളാണ്. അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഇന്നും ദായക്രമത്തിൽ ഹിന്ദു കൂട്ടുകുടുംബത്തിന്റെ ആ പാരമ്പര്യമനുസരിച്ച് വസ്തുക്കൾ ഭാഗിക്കുകയും ചെയ്യുന്നുണ്ട്. ഏതായാലും എന്റെ പാർട്ടി ഇഷ്ടദാനവകുപ്പിന് പരിപൂർണ്ണമായിട്ട് പിന്തുണ നൽകുന്നതിനുള്ള ഒരു കാരണം അതാണ്. അതു മാത്രമല്ല ഒരു അഖിലേന്ത്യാനയം രൂപവൽക്കരിച്ചിട്ടുണ്ട്. അഖിലേന്ത്യാനയമനുസരിച്ചുതന്നെ ഭൂപരിഷ്ക്കരണകാര്യത്തിൽ നമ്മുടെ സംസ്ഥാനം മുന്നോട്ടു പോയിരിക്കുന്നു. പല സംസ്ഥാനങ്ങളും ആ കാര്യത്തിൽ വളരെ പുറകിലാണ്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആചാര്യനായ ഇ. എം. എസ്. ന്റെ ഏറ്റവും അടുത്ത സുഹൃത്തായ ഇൻഡ്യൻ പ്രധാനമന്ത്രി ചരൺസിംഗ് രണ്ടു ദിവസം മുമ്പു പറഞ്ഞതാണ് ഭൂപരിഷ്ക്കരണമെല്ലാം തോന്ന്യാസമാണ്, അതുകൊണ്ട് ഈ രാജ്യത്തിന് ഒരു ഗുണവും ഉണ്ടായിട്ടില്ല എന്ന്. ശ്രീ. രാമകൃഷ്ണൻ മിണ്ടുന്നില്ല. മിണ്ടില്ല എന്ന് എനിക്കറിയാം. എങ്ങനെ മിണ്ടാൻ കഴിയും? ഭൂപരിഷ്ക്കരണംകൊണ്ട് ദോഷമല്ലാതെ ഈ ഭാരതത്തിലെ ജനങ്ങൾക്ക് ഒന്നുമുണ്ടായിട്ടില്ലെന്ന് ഇ. എം. എസ്. ന്റെ ഇപ്പോഴത്തെ ഉറച്ച കൂട്ടുകാരൻ രണ്ടു ദിവസംമുമ്പ് പറഞ്ഞതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എനിക്ക് സമയംതരുന്ന സമയത്ത് മിണ്ടിയാൽ പോരേ? ദേവസ്സിക്കുട്ടി പറയുന്നതിനെല്ലാം തൃശ്ശൂർ പറമ്പിൽ വർത്തമാനം പറയുന്നതുപോലെ പറയേണ്ട കാര്യമുണ്ടോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഭൂനയം നടപ്പാക്കിയതുകൊണ്ട് ഈ രാജ്യത്ത് ആർക്കും ഒരു ഗുണവും കിട്ടിയിട്ടില്ലെന്ന് നിങ്ങളുടെ കൂട്ടുകാരൻ പറഞ്ഞതിനെ പരാമർശിച്ചുവെന്നേയുള്ളു. ബോധപൂർവ്വമായിട്ടുള്ള പരിശ്രമത്തിന്റെ ഫലമായിട്ടാണ് രാഷ്ട്രീയമായ പരിവേഷം ഇതിനു സിദ്ധിച്ചത്. കാലത്തിന്റെ ക്രമമനുസരിച്ച് അനുസ്യൂതമായി വന്നിട്ടുള്ള പുരോഗമനപരമായ നിയമനിർമ്മാണത്തിൽ കൊണ്ടുവന്നിട്ടുള്ള ഈ മാറ്റങ്ങളെല്ലാം ഭൂപരിഷ്ക്കാരത്തിന്റെ അടിസ്ഥാനഭാഗമായിരിക്കെ അതിന്റെ തുടർച്ചയായി കൊണ്ടുവന്നിട്ടുള്ള ഈ ഇഷ്ടദാനബില്ലിന് രാഷ്ട്രീയപരിവേഷം കൊടുത്തത് ഇ. എം. എസ്. ന്റെ മനപൂർവമായിട്ടുള്ള സൃഷ്ടിയാണ്. ജനങ്ങൾ രൂപംകൊടുത്ത മുന്നണിയെ വെട്ടിപ്പൊളിക്കുന്നതിനു വേണ്ടിയുള്ള പുതിയ കോടാലിയായിട്ടാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇഷ്ടദാനഭേദഗതിനിയമത്തെ കണ്ടെത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കൃഷ്ണൻ: 1969-ന്റെ തുടർച്ചയല്ലേ 1977. ശ്രീ. ദേവസ്സിക്കുട്ടി കുറച്ചുനാരം ഇപ്പുറത്തായിരുന്നില്ലേ? പൊളിക്കുകയെന്നുള്ളത്........

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: പ്രതിപക്ഷത്ത് ഇരുന്നുകഴിഞ്ഞാൽ പൊളിക്കുകയെന്നുള്ളത് എന്റെ ധർമ്മമാണ്.

ശ്രീ. എം. കെ. കൃഷ്ണൻ: പൊളിച്ച പാരമ്പര്യം ദേവസ്സിക്കുട്ടിക്കുണ്ടാകും. അതു മറക്കാമോ? 1969-ലെ മുന്നണിയെ ഞങ്ങരം പൊളിച്ചുവെന്ന് പറയുന്ന ദേവസ്സിക്കുട്ടി അതിന്റെ തുടർച്ചയായ മുന്നണിയെ പൊളിച്ച് ഇപ്പുറത്ത് വന്നിരുന്നിട്ട് അപ്പുറം പോയിട്ട് കുറച്ചു ദിവസമല്ലേ ആയുള്ളു?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഞങ്ങരം ആരേയും പൊളിച്ചില്ല. പ്രതിപക്ഷത്തിരുന്ന് ഭരണത്തെ ഇറക്കുക, പൊളിക്കുക എന്നുള്ള പ്രതിപക്ഷത്തിന്റെ ധാർമ്മിക ആവശ്യമാണെങ്കിൽ അത് ധാർമ്മികമായിട്ടുള്ള കടമയും കൂടിയാണ്. ഭരണത്തിൽ ഇരിക്കുകയും ഭരണത്തിലിരുന്നുകൊണ്ട് ശ്രീ. വാസുദേവൻ നായർ ചെയ്തതുപോലെ കുതികാൽവെട്ടി ആ ഭരണത്തെ പൊളിക്കുകയും ചെയ്യുന്നത് നാണമില്ലാത്ത....

ശ്രീ. എം. കെ. കൃഷ്ണൻ: ദേവസ്സിക്കുട്ടി പൊളിക്കാൻ നോക്കി ഇപ്പുറത്തു വന്നിരുന്നിട്ട് പൊളിഞ്ഞില്ല. അതുകൊണ്ടാണ്......

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഭരണത്തിലിരുന്നുകൊണ്ട് കുതികാൽവെട്ടി ഭരണത്തെ പൊളിക്കുന്നത് ധാർമ്മികമായ അവകാശമല്ല. ഞാൻ പ്രതിപക്ഷത്തിരുന്നുകൊണ്ട് ഭരണത്തെ പൊളിച്ചിട്ടുണ്ടെങ്കിൽ അത് ധാർമ്മികമായ അവകാശമാണ്.

10 a.m. ശ്രീ. പി. കെ. ശ്രീനിവാസൻ: സർ, ശ്രീ. വി. വി. ഗിരി പ്രഡിഡണ്ടായിരുന്ന കാലഘട്ടത്തിൽ ശ്രീമതി ഇന്ദിരാഗാന്ധി എന്ത് ഏർപ്പാടായിരുന്നു ചെയ്തത്. ഏതു കുതികാൽവെട്ടാണെന്നു ഓർമ്മയുണ്ടോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, കുതികാൽവെട്ടിനെ സംബന്ധിച്ച് പ്രബന്ധമൊന്നും ഇവിടെ അവതരിപ്പിക്കാൻ പോകുന്നില്ല. അങ്ങനെ ഒരു പ്രബന്ധം ആർക്കെങ്കിലും ഇൻഡ്യയിൽ എഴുതാനുള്ള ആധികാരികമായ കഴിവുണ്ടെങ്കിൽ അത് ശ്രീനിവാസന്റെ പാർട്ടിയുടെ ചെയർമാനായ ശ്രീ. എസ്. എ. ഡാങ്കെയ്ക്കു മാത്രമാണെന്നേ ഞാൻ പറയുന്നുള്ളു. അദ്ദേഹത്തോടു ചോദിച്ചാൽ ശരിയായ ഉപന്യാസം എഴുതിത്തരും. ഏതായാലും ഞാനാകാര്യത്തിലേക്ക് വളരെ വിശദമായി കടക്കുന്നില്ല.

1969-നുശേഷം ഈ നീണ്ട വനവാസം നടത്തിയിട്ടുള്ള മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അന്ന്, 1979-ൽ ജനങ്ങരം രൂപീകരിച്ച മുന്നണിയെ വെട്ടിപ്പൊളിക്കുന്നതിനുള്ള ഒരവസരം കിട്ടുന്നതിനുള്ള ഒരു ആയുധമായിട്ട് ഇഷ്ടദാന ബില്ലിനെ ഉപയോഗിച്ചു എന്നുള്ളതാണ് വസ്തുത. അല്ലാതെ ഇഷ്ടദാന ബില്ലിൽ ഇപ്പോരം രാഷ്ട്രീയമായിട്ടുള്ള ഒരു പരിവർത്തനം, അല്ലെങ്കിൽ പരിവർത്തനവിധേയമായിട്ടുള്ള കാര്യങ്ങളൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ അവിടെ ഇരിക്കുന്നുണ്ട്. ഇഷ്ടദാന ബിൽ സാധൂകരിക്കുന്നതുകൊണ്ട് എത്ര ഏക്കർ ഭൂമി നഷ്ടപ്പെടുമെന്ന് ഈ നിയമസഭയിൽ അദ്ദേഹം പറഞ്ഞിട്ടുണ്ട്. എത്ര ഏക്കർ ഭൂമി മിച്ചഭൂമിയായിട്ട് കിട്ടും എന്നതിന് അദ്ദേഹം ഇവിടെ നിയമസഭയിൽ പറഞ്ഞ ഉത്തരം ഏതാണ്ട് പതിനായിരം ഏക്കർ എന്നാണ്. ഈ വ്യവസ്ഥ നടപ്പാക്കുന്നതുകൊണ്ട് പാവപ്പെട്ടവരുടെ മക്കൾക്കും, മക്കളുടെ മക്കൾക്കും കിട്ടുന്നത് ഈ കേരളം ഒട്ടാകെ എടുത്തു നോക്കിയാൽ പതിനായിരം ഏക്കർ മാത്രമാണെന്ന് ഈ ബിൽ ആദ്യമായിട്ട് ഇവിടെ നോട്ടീസു നൽകിയിട്ടുള്ള, ഇപ്പോൾ എതിർവശത്തിരിക്കുന്ന ശ്രീമാൻ ബേബി ജോൺതന്നെ അതിനുത്തരം നൽകിയിട്ടുണ്ട്. അപ്പോൾ അതുകൊണ്ട് കാര്യമായിട്ടുള്ള ആഘാതമൊന്നും മിച്ചഭൂമിയുടെ കാര്യത്തിൽ ഏൽപിക്കാത്ത ഈ നിയമനിർമ്മാണത്തെ ഒരു രാഷ്ട്രീയമായിട്ടുള്ള ആയുധമാക്കിത്തീർക്കുന്നതിനുവേണ്ടിയുള്ള ഒരു കരുനീക്കം നടന്നു. അതുകൊണ്ടാണു സർ, വിശാല ഇടതുപക്ഷമുന്നണി എന്നുള്ള ഇ. എം. എസ്. ന്റെ വ്യവസ്ഥകൾ പുറത്തു വന്നത്. ആ വനവാസത്തിനിടയ്ക്ക് ജനങ്ങൾ 1969-ൽ രൂപം നൽകിയ മുന്നണിയെ പൊളിക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥകൾ ശ്രീ. ഇ. എം. എസ്. പറഞ്ഞു. അതിൽ പ്രധാനപ്പെട്ട വ്യവസ്ഥയാണ് ഈ ഇഷ്ടദാന ബിൽ പാസ്സാക്കരുത് എന്നുള്ളത്. ഇഷ്ടദാനത്തെ സാധൂകരിക്കുന്ന ഈ ബിൽ പിൻവലിക്കണം, ഇന്ദിരാഗാന്ധിയെ തള്ളിപ്പറയണമെന്നു പറഞ്ഞു. ഇവിടെ ഇരിക്കുന്ന എല്ലാവരും നിഷ്പ്രയാസം ഇ. എം. എസ്. ന്റെ ആ കണ്ടീഷൻ നടപ്പാക്കി. കാരണം ഇന്ദിരാഗാന്ധിക്ക് അധികാരമില്ലാത്തതുകൊണ്ട് ഇത് എളുപ്പം നടപ്പാക്കാവുന്ന കണ്ടീഷനാണ്; ഇവിടെയുള്ള എല്ലാപേർക്കും. അതു കഴിഞ്ഞ് ക്ലീൻ സ്ലേറ്റ് വേണമെന്നു പറഞ്ഞു. അതായത് ഈ നിയമസഭ പിരിച്ചുവിടണം അല്ലാതെ ഇടതുപക്ഷ ജനാധിപത്യൈക്യം ഇല്ല എന്നു ഖണ്ഡിതമായിട്ടു പറഞ്ഞു. നിയമസഭ വിളിച്ചുകൂട്ടരുതെന്നു പറഞ്ഞു. അതിനുശേഷം ഇഷ്ടദാനബിൽ പിൻവലിക്കണമെന്നു പറഞ്ഞു. അങ്ങനെ ഈവക വ്യവസ്ഥകൾ ഉന്നയിച്ചുകൊണ്ടാണ് ഇല്ലാത്ത രാഷ്ട്രീയ പരിവേഷം ഈ നിയമത്തിന് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടും, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും അടിച്ചേൽപ്പിച്ചത് എന്ന് എനിക്കു പറയാൻ കഴിയും. അല്ലാതെ ഇതിനൊരു കാരണവും നമുക്കു കണ്ടുപിടിക്കാൻ കഴിയുകയില്ല. ഏതായാലും അന്ന് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ള റവന്യൂ വകുപ്പുമന്ത്രി ശ്രീ. ബേബി ജോണിന്റെ പാർട്ടിയും അന്ന് ഇതിന് അനുമതി നൽകിയിട്ടുള്ള ശ്രീ. വാസുദേവൻ നായരുടെ പാർട്ടിയുമൊക്കെ ഇന്ന് അവിടെ എതിർപക്ഷത്തിരിക്കുന്നു സർ. അത് ഈ പറഞ്ഞ മൂന്നു കണ്ടീഷനിലാണ്. ശ്രീ. ഇ. എം. എസ്. മറ്റൊരു കണ്ടീഷൻ പറഞ്ഞാൽ അതുംകൂടി പാലിച്ചുകൊണ്ട് അവിടെ പോകുന്നതിന് അവർ തയ്യാറാണ്; അവർ പോയതിന് അൽഭുതമില്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കു വേണ്ടത് ഈ ഇടതുപക്ഷജനാധിപത്യ ഐക്യം എന്നുള്ളതാണ്. എന്റെ അഭിപ്രായത്തിൽ ശ്രീ. ബേബി ജോണിന്റെ ആർ. എസ്. പി. ക്കും, ശ്രീ. വാസുദേവൻ നായരുടെ സി. പി. ഐ. ക്കും വേണ്ടത് അതല്ല സർ. ഏതെങ്കിലും വിധത്തിൽ ഒരു തിരഞ്ഞെടുപ്പു വരികയാണെങ്കിൽ അവരുടെ ജനപിന്തുണയുടെ രഹസ്യം കേരളത്തിലെ ജനങ്ങൾ അറിയാതെ കഴിച്ചുകൂട്ടണം എന്നുള്ളതാണ് പ്രധാനം. അതുകൊണ്ട് ഈ വ്യവസ്ഥയല്ല ഇതിനപ്പുറത്തെ വ്യവസ്ഥ പറഞ്ഞാലും, അവർക്കു വേണമെങ്കിൽ, ഇന്നലെ മുഖ്യമന്ത്രി പറഞ്ഞതുപോലെ, രണ്ടു ഏത്തമിടണമെന്നു പറഞ്ഞാൽ ആ കണ്ടീഷനിൽ പോകാനും തയ്യാറുള്ളവരാണ് അവിടെ പോയിട്ടുള്ളത്. കോൺഗ്രസ് നേതാവ് ശ്രീ. എ. കെ. ആന്റണി വളരെ ഐതിഹാസികമായ ഒരു ചെറുത്തുനിൽപാണു നടത്തിയത്. ശ്രീ. ഇ. എം. എസ്.

LIBRARY ARCHIVES Kerala Legislative Assembly

നമ്പൂതിരിപ്പാടിന്റെ മനസ്സിലിരുപ്പ് ഞങ്ങൾക്കറിയാം. കോൺഗ്രസ് സംഘടന തകർക്കുന്നതിനുവേണ്ടി ആയുഷ്ക്കാലം മുഴുവൻ ഉഴിഞ്ഞുവച്ചിട്ടുള്ള ആളാണ് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്. സർ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആരംഭം മുതലുള്ള ഒരു ലക്ഷ്യമാണ് കോൺഗ്രസ് പാർട്ടി ഛിന്നഭിന്നമാക്കണം, നശിപ്പിക്കണം എന്നുള്ളത്. ആ ലക്ഷ്യം നമ്പൂതിരിപ്പാടിന്റെ ജീവിതകാലത്ത് നടക്കാൻപോകുന്നില്ല എന്നുള്ളത് അദ്ദേഹം മനസ്സിലാക്കണം. ഏതായാലും കോൺഗ്രസ് പാർട്ടിയെ നാമാവശേഷമാക്കണം എന്നുള്ള അദ്ദേഹത്തിന്റെ ആ ആഗ്രഹം നടപ്പാക്കാൻ അദ്ദേഹം വളരെ കഠിനാദ്ധ്വാനത്തോടുകൂടി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കരുണാകരൻ: ഒരു ചോദ്യം. കോൺഗ്രസ്സിന്റെ പ്രവർത്തനത്തെപ്പറ്റി പറഞ്ഞുവല്ലൊ. ഇൻഡ്യയിൽ കോൺഗ്രസ് ഇപ്പോൾ എത്ര ആയിട്ടുണ്ടെന്നു പറയാമോ? കേരളത്തിൽ എത്ര കോൺഗ്രസ്സാണ് ആകെ ഉള്ളതെന്നു പറയാമോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഞാൻ പറയാം. വെസ്റ്റ് ബംഗാളിലും, മണിപ്പൂരിലും, ത്രിപുരയിലും കേരളത്തിൽ കുറച്ചു ഭാഗത്തുമുള്ള മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഒഴിച്ചു ബാക്കിയുള്ള ഇൻഡ്യയിലുള്ള ആളുകൾ ബഹുഭൂരിപക്ഷവും കോൺഗ്രസ്സുകാരാണെന്ന് മനസ്സിലാക്കിയാൽ മതി. ഏതായാലും ഇങ്ങനെയുള്ള കണക്കുകളൊന്നും എന്നെക്കൊണ്ട് പറയിപ്പിക്കരുത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ദേവസ്സിക്കുട്ടിയേട്ടൻ നമ്മുടെ പണ്ടത്തെ തല്ലിപ്പൊളി പുതുവാളിനെപ്പോലെ പറഞ്ഞാലോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഞാൻ ഈ പാർട്ടിയുടെ എണ്ണത്തെക്കുറിച്ചൊന്നും പറയുന്നില്ല. അങ്ങനെ എണ്ണത്തെക്കുറിച്ചാണ് പറയുന്നതെങ്കിൽ ടി. കെ. രാമകൃഷ്ണന്റേയും, ബേബിജോണിന്റേയും, വാസുദേവൻ നായരുടേയും പാർട്ടിയുടെ എണ്ണം അറിയുന്നതിന് ഒരു ഭൂതക്കണ്ണാടി വേണ്ടിവരും.

ഏതായാലും ഇ. എം. എസ്. നമ്പൂതിരിപ്പാട് 1969-ലെ മുന്നണി പൊളിച്ച് ഒരു പുതിയ മുന്നണി ഉണ്ടാക്കുന്നതിനും കോൺഗ്രസ്സിനെ തകർക്കുന്നതിനും ഉള്ള പ്രതിജ്ഞ എടുത്തുകൊണ്ട് ഇറങ്ങി വനവാസവും തപസ്സും നടത്താൻ തുടങ്ങിയിട്ട് കൊല്ലം പന്ത്രണ്ടായി. അത്രയും നീണ്ട കാലത്തിനുള്ളിലെ പരിശ്രമത്തിനിടയിൽ അദ്ദേഹത്തിനു സ്ഥാപിച്ചു കിട്ടിയിട്ടുള്ളത് ഒന്നു മാത്രമാണ്. അദ്ദേഹം ഉണ്ടാക്കാൻ പോകുന്ന ഈ മുന്നണിയിൽ മാർക്സിസ്റ്റ് പാർട്ടിക്കും അദ്ദേഹത്തിനും മേധാവിത്വം ആവശ്യമാണ്; ആ മേധാവിത്വം ബലികഴിച്ചുകൊണ്ടുള്ള ഒരു മുന്നണിക്കും നമ്പൂതിരിപ്പാട് തയ്യാറല്ല. ആ പശ്ചാത്തലത്തിലാണ് കോൺഗ്രസ്സിന്റെ നേതാവായിട്ടുള്ള ശ്രീ. എ. കെ. ആൻറണിയുടെ തീരുമാനത്തെ ഞാൻ സ്വാഗതം ചെയ്യുന്നത്.

ശ്രീ. എം. വി. രാഘവൻ: ദേവസ്സിക്കുട്ടിയെ ഞങ്ങൾ ക്ഷണിച്ചിട്ടില്ലല്ലോ. ഒരു കാലത്തും ക്ഷണിച്ചിട്ടില്ലെന്നു മാത്രമല്ല, എല്ലാകാലത്തും എതിർക്കുമെന്നും പറഞ്ഞിട്ടുണ്ട്. പിന്നെ എന്തിനാ ബുദ്ധിമുട്ടുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: നിങ്ങളുമായിട്ടുള്ള മുന്നണിയിൽ ഞങ്ങൾ വരുമെന്ന് നിങ്ങൾ സ്വപ്നം കാണുകയാണോ ?

(ബഹളം)

ശ്രീ. എം. വി. രാഘവൻ: അല്ല, ദേവസ്സിക്കുട്ടി ഏതു ബില്ലിന്റെ ചർച്ച വന്നാലും കുറച്ച് കുരയ്ക്കുമെന്നു ഞങ്ങൾക്കറിയാം. ഇപ്പോൾ മന്ത്രിസഭയിൽ കയറാമെന്നുവച്ച് അധികം കുരയ്ക്കണ്ട. ഇപ്പോൾ മന്ത്രിസഭയിൽ കയറാമെന്നു പറഞ്ഞിട്ട് മറ്റേ കോൺഗ്രസ്സിൽനിന്നു രാജിവച്ച് ആന്റണിയുടെ കൂടെ ചേരാമെന്നു പറഞ്ഞിട്ട്, കിട്ടിയില്ല, ഇപ്പോൾ പഞ്ചായത്തു മെമ്പർ മാത്രമായി. അതുകൊണ്ട് ഇനിയിപ്പോൾ ഈ മന്ത്രിസഭയിൽ കയറാമെന്നും പേരെടുക്കാമെന്നും വിചാരിച്ചിട്ടുണ്ട്, അല്ലേ ? എന്തായാലും ഒരു കുര വേണമല്ലോ.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഗതി കിട്ടാതെവന്നാൽ രാഘവന്റെ നേതാവ് നമ്പൂതിരിപ്പാട് പുല്ലും തിന്നും എന്നുള്ള കാര്യം ഏതായാലും അദ്ദേഹത്തിന്റെ ദീർഘകാല ചരിത്രത്തിൽനിന്ന് നമുക്ക് പഠിക്കാവുന്ന ഒരു സാധാരണ പാഠം മാത്രമാണ്. മറ്റു കാര്യങ്ങളൊന്നും പറയാൻ ഞാൻ തയ്യാറല്ല. ഏതായാലും ഈ മേധാവിത്വം സ്ഥാപിച്ചു കിട്ടുന്നതിനു വേണ്ടിയുള്ള ഒരു പ്രക്രിയയിൽ കോൺഗ്രസ്സ് പാർട്ടിനേതാവ് ശ്രീ. എ. കെ. ആന്റണി സ്വീകരിച്ചിട്ടുള്ള നിലപാട് തീർച്ചയായും കേരളത്തിലെ ജനങ്ങൾ മുഴുവൻ സ്വാഗതം ചെയ്യുമെന്ന് എനിക്കുറപ്പുണ്ട്. ഏതായാലും മങ്ങലേറ്റ അദ്ദേഹത്തിന്റെ മുഖചിത്രത്തിനും പാർട്ടിയുടെ മുഖചിത്രത്തിനും ശോഭായമാനമായ ഒരു പരിവേഷം ഐതിഹാസികവും ധീരവുമായ ഈ ചെറുത്തുനിൽപ്പിൽനിന്ന് ഉണ്ടായിട്ടുണ്ട്. അതുമാത്രമാണ് ഈ കാര്യത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത്. കൂടുതലൊന്നും ഈ കാര്യത്തെക്കുറിച്ച് ഞാൻ പറയുന്നില്ല.

സർ, ഈ ബില്ലിലെ മറ്റൊരു വ്യവസ്ഥയെക്കുറിച്ച് വളരെയധികം വിവാദങ്ങൾ നടന്നു. ആ വിവാദങ്ങൾ നടന്നത് 6-സി എന്നുള്ള വ്യവസ്ഥയെക്കുറിച്ചാണ്. ഈ വ്യവസ്ഥയ്ക്ക് ഇത്രയധികം പ്രചരണം കൊടുക്കുന്നത് ചില രാഷ്ട്രീയകാരണങ്ങൾ ഉള്ളതുകൊണ്ടാണ്. 6-സിയിൽ എന്താണ് പറയുന്നത്. ശ്രീ. വാസുദേവൻ നായർ പറഞ്ഞു 6-സിയിൽ on the basis of a lease deed executed after the 1st day of April 1964 എന്നുള്ളത് lease deed granted എന്നാക്കിയതിനെ സംബന്ധിച്ചാണെന്ന്. ഭരണഘടനാപരമായിട്ട് വൈദഗ്ദ്ധ്യത്തോടുകൂടിയുള്ള വാദങ്ങൾ ഇവിടെ നടന്നു. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ശ്രീ. ഇ. പി. ഗോപാലനും, സി. പി. ഐ. യിലുള്ള എല്ലാ മെമ്പർമാരും ഈ ക്ലാസ് ഡിലീറ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഭേദഗതി കൊടുത്തിട്ടുണ്ട്. ഈ 6-സി എന്നുള്ളത് ഇന്ന് പ്രതിപക്ഷത്തിരിക്കുന്ന മുൻ റവന്യൂ മന്ത്രി ശ്രീ. ബേബിജോൺ എഴുതിയതാണ്, ശ്രീ. സി. എച്ച്. മുഹമ്മദുകോയ എഴുതിയതല്ല. ആ നിലയ്ക്ക് അതുപരിശോധിച്ചാൽ 6-സി ഉള്ളതുകൊണ്ട് ഏതെങ്കിലും വ്യക്തികൾക്ക് എന്തെങ്കിലും ഗുണം കിട്ടുന്നുണ്ടോ എന്നുള്ള കാര്യങ്ങളൊന്നും ഈ നിയമസഭ പരിഗണിക്കേണ്ട കാര്യമില്ല. അതിനെപ്പറ്റിയൊക്കെ വേറെ തൊഴിലില്ലാത്ത പ്രതിപക്ഷലീഗുകാർ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: Lease deed executed എന്നുള്ളതിനു പകരം lease deed granted എന്നുപറഞ്ഞാൽ സമമായിട്ടുള്ളതാണോ, അതോ ആദ്യത്തേക്കാൾ ഭേദമാണോ എന്ന് വിവരിച്ചു കേട്ടാൽ കൊള്ളാം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ശ്രീ. ഗോപാലനെയും, ശ്രീ. വാസുദേവൻ നായരേയും പോലെ എനിക്ക് ഭരണഘടനാപാണ്ഡിത്യമൊന്നുമില്ല. എന്റെ പാണ്ഡിത്യം വച്ചുകൊണ്ട് എനിക്ക് പറയാൻ കഴിയും. പ്രസിഡൻറിന്റെ അനുമതി വാങ്ങിയിട്ടുവേണം ഒരു ബില്ലോ ഭേദഗതിയോ ഈ നിയമസഭയിൽ അവതരിപ്പിക്കാൻ എന്നു പറഞ്ഞാൽ ആ പാണ്ഡിത്യം വിവരക്കേടെന്ന് ഞാൻ പറയുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഭരണഘടനാപരമായിട്ടുള്ള ചോദ്യമല്ല ശ്രീ. ഇ. പി. ഗോപാലൻ ചോദിച്ചത്, എക്സിക്യൂട്ടഡ് എന്നുള്ളതുമാറ്റി പുതുതായിട്ടു കൊണ്ടുവന്നിട്ടുള്ള ഭേദഗതി വാക്കാൽ കരാർ പ്രകാരമുള്ള പാട്ടക്കുടിയായ്മയ്ക്കുകൂടി ബാധകമാക്കി കൂടുതൽ വ്യാപകമാക്കുകയല്ലേ എന്ന ചോദ്യമാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അപ്പോൾ പ്രതിപക്ഷ നേതാവിന്റെ ഭരണഘടനാപരമായ വാദം പൊള്ളയാണെന്ന കാര്യം ശ്രീ. ടി. കെ. രാമകൃഷ്ണൻ സമ്മതിച്ചു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ആവശ്യമില്ലാത്തത് എന്തിനാണ് പറയുന്നത്. ഭരണഘടനയുടെ കാര്യമല്ല ശ്രീ. ഇ. പി. ചോദിച്ചത്. ചക്ക എന്നുള്ളതിന് ചുക്ക് എന്നു മറുപടി പറഞ്ഞിട്ട് കാര്യമില്ല. അതിന് മറുപടിപറയാതെ സൗകര്യപൂർവം ഭരണഘടനയിലേക്ക് കടക്കണ്ട. അതിന്റെ മറുപടിയാണ് ചോദിച്ചത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അപ്പോൾ ഈ ഭരണഘടനാപരമായി ഇങ്ങനെയുള്ള സ്ഥാനമാനങ്ങളെല്ലാം അലങ്കരിച്ചിട്ട്, മുൻകൂട്ടി ഇൻഡ്യൻ പ്രസിഡൻറിന്റെ അനുമതി വാങ്ങിയിട്ടേ ഒരു ഭേദഗതി ഈ നിയമസഭയിൽ അവതരിപ്പിക്കാവൂ എന്ന് വാദിച്ചത് വളരെ ബാലിശമായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഭേദഗതി പാസ്സാക്കിയാൽ 9-ാം ഷെഡ്യൂളിന്റെയോ വേറെ ഏതെങ്കിലും ഷെഡ്യൂളിന്റെയോ ആനുകൂല്യം നഷ്ടപ്പെടും, അംഗീകാരം കിട്ടാതെവരും, ഇത് അവതരിപ്പിക്കുന്നത് ശരിയല്ല; എന്നുള്ള രീതിയിൽ പ്രതിപക്ഷനേതാവ് മുൻമുഖ്യമന്ത്രി പറഞ്ഞത് വളരെ അർത്ഥശൂന്യമായിപ്പോയി എന്നാണ് ഞാൻ പറയുന്നത്. ഞാൻ ഈ 6-സിയിൽ പറയുന്ന വകുപ്പുകളെ സ്വാഗതം ചെയ്യുന്നു. പ്രതിപക്ഷലീഗുകാർ പറയുന്നു, ഇതുകൊണ്ട് അവിടെയും ഇവിടെയുമുള്ള ആളുകൾക്ക് ഗുണംകിട്ടുന്നു. ദോഷം കിട്ടുന്നു എന്നൊക്കെ. ഞാനും എന്റെ പാർട്ടിയും ഇതിനെ സ്വാഗതം ചെയ്യുന്നു. ഇന്ന് ഈ ടെനൻസിയിൽ പുതുതായി ഉണ്ടാക്കിയതിനെതിരായിട്ടുള്ള ഈ നിയമം മൂലനിയമത്തിൽ സെക്ഷൻ 74-ൽ തന്നെയുള്ളതാണ്. സെക്ഷൻ 74-ൽ പറയുന്നത്: Prohibition of future tenancies—(1) After the commencement of this Act, no tenancy shall to be created in respect of any land. ഈ മൂലനിയമത്തിൽ ഒരു വകുപ്പു എഴുതിച്ചേർത്തിട്ടുള്ളത് ശരിയാണ്. അങ്ങനെ എഴുതിച്ചേർത്ത വകുപ്പ് ഉണ്ടായതിനുശേഷം കേരളത്തിലെ പല പ്രദേശങ്ങളിലും, കുടിയാൻമാരുടെ ചരിത്രങ്ങൾ അറിയാവുന്നവർക്ക് അറിയാം. നിയമമറിയാതെ പല കുടിയായ്മകളും ഉണ്ടായിക്കഴിഞ്ഞു. ഈ നിയമ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽത്തന്നെ പല സ്ഥലത്തും പല കാരണങ്ങൾകൊണ്ടും അറിവില്ലായ്മയുടെ പേരിലും മറ്റും ടെനൻസ് ആക്കിയിട്ടുള്ള പല അനുഭവങ്ങളും ഇതിനു മുമ്പുള്ള നിയമ നിർമ്മാണങ്ങളിൽ ഉണ്ടായിട്ടുണ്ട്. ആ നിലയ്ക്ക് 1964-ലെ 74-ാം വകുപ്പിൽ അന്നുമുതൽ കുടിയായ്മ പുതുതായി സൃഷ്ടിക്കരുതെന്ന് പറഞ്ഞുകഴിഞ്ഞു. അതിനുശേഷം പല സാഹചര്യങ്ങളുടെയും ഫലമായി പാവപ്പെട്ട ആളുകൾ നിയമമറിയാതെ മറ്റു പല കാര്യങ്ങളാലും കുടിയാൻമാർ ആയിത്തീരുകയും അവർക്ക് കിട്ടിയ ഭൂമിയിൽ പണം ചെലവഴിച്ചും അദ്ധ്വാനിച്ചും പല അനുഭവങ്ങളും ഉണ്ടാക്കുകയും ചെയ്തു. അങ്ങനെയുള്ള കുടിയാൻമാരെ യാതൊരു കരാണവശാലും അംഗീകരിക്കാൻ പാടില്ലെന്നുള്ള സി. പി. ഐ. മെമ്പർമാരുടെ വാദം ഒരു കാർഷിക വീക്ഷണത്തിൽക്കൂടി പറയുകയാണെങ്കിൽ പുരോഗമനപരമാണെന്ന് പറയാൻ കഴിയില്ല.

ശ്രീ. എം. വി. രാഘവൻ: ഇങ്ങനെ 1964-നുശേഷം കുടിയായ്മ ഉണ്ടാക്കിയ പാവപ്പെട്ടവരിൽ നമ്മുടെ മുഖ്യമന്ത്രിയുടെ ഭാര്യ കുഞ്ഞാമിനയും പെടുമോ ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഈ വക ചോദ്യങ്ങളൊക്കെ ചോദിക്കുമെന്ന് എനിക്കറിയാം. പ്രതിപക്ഷലീഗിന്റെ വക്കാലത്താണ് ശ്രീ. എം. വി. രാഘവൻ ഏറ്റെടുത്തതെന്ന് എനിക്കറിയാം. പ്രതിപക്ഷ ലീഗിലുള്ള ആളുകൾ ലഘുലേഖകൾ അടിച്ചിറക്കുന്നു. രാഷ്ട്രീയവൈരാഗ്യത്തിന്റെ പേരിൽ.

സർ, ഈ മുസ്ലീം സമുദായത്തിലായാലും ക്രിസ്ത്യൻ സമുദായത്തിലായാലും മറ്റ് ഏത് സമുദായത്തിലായാലും . . . .

ശ്രീ. എം. വി. രാഘവൻ: ദേവസ്സിക്കുട്ടിയോട് ചോദ്യത്തിന് മറുപടിയാണ് ചോദിച്ചത്. മറുപടിയൊന്നുമില്ലെങ്കിൽ ഞാൻ അറിയില്ല എന്നു പറയാം. താൻ കുറച്ച് ചാടുമെന്ന് ഞങ്ങൾക്ക് അറിയാം. അങ്ങനെ പല കണ്ടിക്കുന്നും ചാടുന്നതുകണ്ട് ഞങ്ങൾ ആരും പേടിക്കുകയില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, പ്രതിപക്ഷ ലീഗുകാർക്കോ, രാഘവനോ, മുഖ്യമന്ത്രിക്കോ, അദ്ദേഹത്തിന്റെ പാർട്ടിക്കോ വല്ല എതിർപ്പും ഉണ്ടെങ്കിൽ അത് പ്രകടിപ്പിക്കുന്നതിനൊന്നും ഞാൻ എതിരല്ല. ഞാൻ എതിരായിട്ടു നിൽക്കുന്നത് വളരെയധികം സംഖ്യവരുന്ന 1964-ന് ശേഷം ഉണ്ടായിട്ടുള്ള പാവപ്പെട്ട കുടിയാൻമാരുടെ കാര്യത്തിനുവേണ്ടിയിട്ടാണ്. 1964-ന് ശേഷം ഈ നിയമവ്യവസ്ഥ അറിയാത്തതുകൊണ്ടും അറിവുള്ള ജൻമിമാരുടെ ചതിവിൽപ്പെട്ടും പോയിട്ടുള്ള പാവപ്പെട്ട കുടിയാൻമാരുടെ സംഖ്യ എത്രവരുമെന്ന് ശ്രീ. എം. വി. രാഘവൻ അന്വേഷിക്കണം, ശ്രീ. കുഞ്ഞിക്കണ്ണന് അറിയാം. ഇങ്ങനെ ആയിരക്കണക്കിന് പാവപ്പെട്ട കുടികിടപ്പുകാരും, കുടിയാൻമാരുമൊക്കെ ഈ വിവരവും നിയമവും അറിയാത്തവരുണ്ട്. ഈ നിയമം പാസ്സാക്കിയതിനുശേഷം മിച്ചഭൂമിയെ സംബന്ധിച്ചുള്ള പല വ്യവസ്ഥകളും അനവധി സംവൽസരങ്ങൾ നോട്ടിഫൈ ചെയ്യാതെകിടന്നു. അങ്ങനെ ഈ നിയമത്തിലെ വളരെ പ്രധാനപ്പെട്ട വകുപ്പുകൾ ദീർഘകാലം നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാതെയും പത്തോ, പന്ത്രണ്ടോ, പതിനഞ്ചോ, കൊല്ലക്കാലമായി നടപ്പാക്കാതെയും കിടന്നു. അതിന്റെ ഫലമായി അറിവില്ലാത്ത ആളുകളെ അറിവുള്ള ജൻമിമാർ ചതിച്ചു. മലപ്പുറം ജില്ലയിലും മറ്റു പല ജില്ലകളിലും പതിനായിരക്കണക്കിന് പാവപ്പെട്ട കുടിയാൻമാർ ഈ ഭൂമികളിൽ അനുഭവങ്ങൾ ഉണ്ടാക്കി.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ സർവവും ബലികഴിച്ച് അനുഭവങ്ങരം ഉണ്ടാക്കുകയും, അവിടെ വീടുകരം കെട്ടുകയും ചെയ്ത മലയോരപ്രദേശങ്ങരം ഞാൻ നേരിൽ കണ്ടിട്ടുള്ളതാണ്. അതിൽ പ്രതിപക്ഷ പാർട്ടിയിൽപ്പെട്ട മുസ്ലീങ്ങളും, ക്രിസ്ത്യാനികളും ഉണ്ട്. അതിന് പ്രതിപക്ഷ മുസ്ലീംലീഗ് കോപിക്കേണ്ട.

ശ്രീ. പി. പി. വി. മൂസ്സ: പ്രതിപക്ഷ മുസ്ലീം ലീഗിനെക്കുറിച്ച് ഇവിടെ പറഞ്ഞുവല്ലോ. ഈ ബില്ല് പാസ്സായാൽ പാവപ്പെട്ടവർക്കു കിട്ടേണ്ട മിച്ചഭൂമി ജൻമിമാർക്ക് കിട്ടുമെന്നറിയാമോ ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, വിവിധ സമുദായങ്ങരംക്കും അവരുടെ മക്കരംക്കും മക്കളുടെ മക്കരംക്കും അങ്ങനെ വിവിധ മേഖലകരംക്ക് നീതിനൽകുമ്പോരം ചെറിയ നീക്കുപോക്കുകളുണ്ടാകുന്നത് സ്വാഭാവികമാണ്.

ശ്രീ. കൊറമ്പയിൽ അഹമ്മദ് ഹാജി: അവിഭക്ത ഹിന്ദുകുടുംബങ്ങരംക്കുള്ള പ്രത്യേക ആനുകൂല്യങ്ങരം പിൻവലിച്ചാൽ ഇതിൽക്കൂടുതൽ മിച്ചഭൂമി വിതരണം ചെയ്യാൻ സാധിക്കുമെന്നറിയാമോ ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അദ്ദേഹം ചോദിച്ച ചോദ്യം കാര്യമായിട്ടുള്ള ചോദ്യമാണ്. ഞാൻ ഈ വിവാദത്തിലേക്ക് കടക്കുന്നില്ല. മാർക്സിസ്റ്റുപാർട്ടിയുടെ കർഷകസംഘത്തിന്റെ സെക്രട്ടറിയായ ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ നിശബ്ദത പാലിക്കുന്നത് അർത്ഥഗർഭമാണ്. ഏതായാലും, മലപ്പുറം ജില്ലയിലും ഇടുക്കിജില്ലയിലും അതുപോലെ മറ്റുപല ജില്ലകളിലും പോയി ഇങ്ങനെയുള്ള കൃഷിക്കാരെ നേരിട്ട് കണ്ടിട്ടുള്ളതുകൊണ്ട്, സ്ഥിരത നൽകുന്നത് അവരെ എങ്ങനെ ബാധിക്കുമെന്ന് എനിക്കറിയാം.

ശ്രീ. എം. കെ. കൃഷ്ണൻ: 6–സി പ്രകാരം എല്ലാ സമുദായത്തിലും, എല്ലാ വിഭാഗത്തിലുംപെട്ട പാവപ്പെട്ട കൃഷിക്കാർക്ക്, 1964-ന് ശേഷം ഉണ്ടാക്കിയിട്ടുള്ള ലിസ്റ്റിൽപെട്ടിട്ടുള്ള ആളുകരംക്കെല്ലാം ഗുണം കിട്ടുമെന്നല്ലേ വാദം. എന്നാൽ പാവപ്പെട്ട കൃഷിക്കാർ, നെല്ലോ, കപ്പയോ, ഇഞ്ചിയോ കൃഷിചെയ്യുന്ന കൃഷിക്കാർ, അത്തരം പാവപ്പെട്ട കൃഷിക്കാരിൽ ഒരൊറ്റ ആളിനുപോലും യാതൊരു ഗുണവും കിട്ടുകയില്ലെന്നും നേരെ മറിച്ച് പ്രമാണിമാരായ ആളുകളെ രക്ഷിക്കാനുള്ള ഒരു സമീപനമല്ലേ ഇതിലുള്ളതെന്ന് ഞാൻ ചോദിക്കുകയാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഈ ചോദ്യത്തിലുള്ള ധ്വനി, സ്ഥിരമായ ദേഹണ്ഡം കിട്ടിയവർക്ക് മാത്രമേ ഞങ്ങരം ആനുകൂല്യം കൊടുക്കുന്നുള്ളു എന്നാണ്. സ്ഥിരമായി ദേഹണ്ഡിക്കാത്ത കപ്പക്കൃഷിക്കാർക്കോ, നെൽക്കൃഷിക്കാർക്കോ, ഇഞ്ചിക്കൃഷിക്കാർക്കോ കൂടി ആനുകൂല്യം കൊടുക്കണമെന്നാണെങ്കിൽ രണ്ട് കയ്യും പൊന്തിച്ച് വോട്ട്ചെയ്യാൻ ഞാൻ തയ്യാറാണ്.

ശ്രീ. എം. കെ. കൃഷ്ണൻ: ആത്മാർത്ഥതയുണ്ടെങ്കിൽ ഇങ്ങനെയുള്ള പ്രസംഗമല്ലാതെ ഒരു ഭേദഗതികൊണ്ടുവരാൻ ശ്രീ. ദേവസ്സിക്കുട്ടി തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഭേദഗതി കൊണ്ടുവരാൻ ഇനിയും രണ്ടുദിവസമുണ്ട്.

ശ്രീ. എം. കെ. കൃഷ്ണൻ: ഒരൊറ്റ നിയമത്തിലും ആത്മാർത്ഥമായ ഒരു ഭേദഗതിയും കൊണ്ടുവരാൻ കൂട്ടാക്കാത്ത ആളാണ് ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി. പ്രസംഗം മാത്രമേയുള്ളു, പ്രസംഗത്തിന്റെ ഉള്ളടക്കത്തിൽ ആത്മാർത്ഥതയില്ലായെന്നുള്ളതല്ലേ സത്യം?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: മുൻമന്ത്രിയായിരുന്ന ശ്രീ. കൃഷ്ണൻ ഇങ്ങനെ പറയുന്നതിൽ ഖേദമുണ്ട്. ഏതായാലും ഒരു ബില്ല് അവതരിപ്പിച്ചു കഴിഞ്ഞാൽ ആ ബില്ലിന്റെ തത്വങ്ങളെക്കുറിച്ചുള്ള പൊതു ചർച്ച ആദ്യം നടക്കും. അതിനുശേഷം ക്ലാസ് ബൈ ക്ലാസ് ചർച്ച നടക്കും. അതിനുമുമ്പായിട്ട് ആവശ്യമായിട്ടുള്ള ഭേദഗതി ഞാൻ കൊടുക്കും. അതിന് സമയമുണ്ട്, സമയം കഴിഞ്ഞിട്ടില്ല. ഏതായാലും ഒരു വാക്കു കൂടി ഞാൻ പറയുകയാണ്; ഇതിൽ പറയുന്ന പുരോഗമനം പോരാ, ഇതിൽ കരണം ഉണ്ടാക്കിയിട്ടുള്ള പാട്ടക്കാർക്കു മാത്രമേ കൊടുക്കുന്നുള്ളു, അതു പോരാ, കപ്പക്കൃഷിയും, നെൽക്കൃഷിയും ചെയ്തുവരുന്നവർക്കുകൂടി കൊടുക്കണമെന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിച്ചാൽ ശ്രീ. കൃഷ്ണനും, ഇ. എം. എസും. പിൻതാങ്ങാൻ തയ്യാറാകുമോ എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. അല്ലെങ്കിൽ നിങ്ങൾ അങ്ങനെ ഒരു ഭേദഗതി അവതരിപ്പിക്കണം. അല്ലാതെ പൊള്ളയായ വാദം പറയരുത്. ഏതായാലും 6-സി. യിൽ പറഞ്ഞിട്ടുള്ള വകുപ്പ് തീർച്ചയായും വളരെ സദുദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ളതാണ്. 1964-നു ശേഷം അറിവില്ലായ്മയുടെ പേരിലോ ചതിവിൽപ്പെട്ടോ ദേഹണ്ഡമുണ്ടാക്കിയിട്ടുള്ള ആയിരക്കണക്കിന് പാവപ്പെട്ട കുടിയാൻമാർക്ക് ആശ്വാസം പകരുന്നതിനുള്ള ഒരു വകുപ്പാണിത്. അത് ആർക്കും നിഷേധിക്കാൻ ഒക്കുകയില്ല, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കർഷകനേതാക്കൾക്ക് നിഷേധിക്കാൻ ഒക്കുകയില്ല. ആ കർഷക നേതാക്കൾതന്നെ നമ്മുടെ നാട്ടിലെ കൃഷിക്കാരുടെ യോഗങ്ങളിൽ പോയി, ശരിയായ അവകാശങ്ങൾ കിട്ടേണ്ടതാണെന്ന് ശ്രീ. പി. വി. കുഞ്ഞിക്കണ്ണനടക്കം പ്രസംഗിച്ചത് എനിക്ക് നേരിട്ട് അറിവുള്ളതാണ്.

ഏതായാലും ഞാൻ ഒരു തർക്കവിഷയത്തിലേക്ക് കടക്കുന്നില്ല. പുതിയതായി എഴുതിയുണ്ടാക്കിയ നിയമം പുരോഗമനപരമല്ല, എന്തിനാണ് എഴുതിയുണ്ടാക്കിയത് എന്നുള്ളതിനെക്കുറിച്ച് സംശയമുണ്ടെങ്കിൽ നിങ്ങളുടെ പുതിയ കൂട്ടുകാരനായ ശ്രീ. ബേബിജോണിനോട് ചോദിച്ചാൽ അത് മുഴുവനും പറഞ്ഞുതരും. ആയിരക്കണക്കിന്, പതിനായിരക്കണക്കിന്, 1964-ന് ശേഷം കുടിയായ്മ ഉണ്ടാക്കിയിട്ടുള്ള ആളുകൾക്ക് സ്ഥിരത കിട്ടുന്നതിനു വേണ്ടിയുള്ള വകുപ്പാണോ ഇതെന്ന് പരിശോധിക്കണം.

ശ്രീ. ഇ. പി. ഗോപാലൻ: ഒരു നിയമപണ്ഡിതന്റെ സ്വഭാവത്തിൽ വാദിക്കുമ്പോൾ, അത് വെറും വാദമാണെന്ന് തെളിയിക്കുവാൻ ഞാൻ ഒരു ചോദ്യം ചോദിക്കുകയാണ്.........

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ഏതായാലും നിങ്ങൾ തമ്മിലുള്ള വഴക്ക് തീർക്കുന്നതാണ് നല്ലത്. ഇതൊന്നും ഞാൻ വെറുതെ പറയുന്നതല്ല. എന്റെ അനുഭവത്തിൽനിന്ന് പറയുകയാണ്. ആയിരക്കണക്കിന്, പതിനായിരക്കണക്കിനുള്ള കുടിയാൻമാരുമായി നേരിട്ട് ബന്ധം

LIBRARY ARCHIVES Kerala Legislative Assembly

പുലർത്തി, അവരുടെ കണ്ണീരിൽ കുതിർന്ന യാതനകഠം കണ്ട് നേരിട്ട് അനുഭവമുള്ളതുകൊണ്ടാണ് ഞാനിത് പറയുന്നത്. ഏതായാലും ശ്രീ. പി. കെ. വാസുദേവൻനായർ ഈ നിയമത്തിൽ വരുത്തിയിട്ടുള്ള ആ കർക്കശമായ നിബന്ധനകളെക്കുറിച്ച് ഒന്നും പറഞ്ഞില്ല. അത് ബോധപൂർവ്വമാണ്; സഭയെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയാണ്. ഇവിടെ വൻകിട ജൻമിമാരെ സഹായിക്കാൻ വേണ്ടിയാണെന്ന് പറഞ്ഞുകേട്ടു. നാല് ഏക്കർ ഭൂമി കൈവശമുള്ള ആളുകഠംക്ക് മാത്രമാണ് ഗുണം ചെയ്യുന്നത്. നാല് ഏക്കറിൽ കൂടുതൽ ഉണ്ടെങ്കിൽ ഗുണം കിട്ടുകയില്ല. അതുപോലെതന്നെ ആ ഭൂമി കൈവശം ഏറ്റെടുത്തതിനുശേഷം അതിൽ സബ്സ്റ്റാൻഷ്യൽ ഇംപ്രൂവ്മെൻറ് വരുത്തണം, കാര്യമായ ദേഹണ്ഡമുണ്ടാക്കണം. നിയമത്തിൽ പറയുന്നത് കാര്യമായ ദേഹണ്ഡമാകണമെങ്കിൽ ആ ഭൂമിയിൽ, ആ ഭൂമിയുടെ ഇന്നത്തെ മാർക്കറ്റ് വാല്യൂവിൻെറ വിലയിൽ 50 ശതമാനത്തിൽ കുറയാത്ത സംഖ്യ ആ കുടിയാന് ആ ഭൂമിയിൽ ദേഹണ്ഡമുണ്ടാക്കാൻ ചിലവഴിക്കണമെന്നാണ്. വിയർപ്പൊഴുക്കി കൃഷി ചെയ്തിട്ടുള്ള പാവപ്പെട്ട കുടിയാന് അത് അംഗീകരിച്ചു കിട്ടാതെ അവരുടെ മുഴുവൻ ഭൂമിയും പിടിച്ചെടുക്കണമെന്നാണോ പറയുന്നത്. അതുകൊണ്ട് ഇങ്ങനെയുള്ള ശരിയായിട്ടുള്ള നിബന്ധനകഠം വച്ചുകൊണ്ട്, പാവപ്പെട്ട കൃഷിക്കാർ അവരുടെ ജീവിതകാലം മുഴുവൻ അദ്ധ്വാനിച്ച് വീടും മറ്റും ഉണ്ടാക്കിയിട്ടുള്ള അവരുടെ ഭൂമി വെറുതെ പിടിച്ചെടുക്കണമെന്നാണോ പറയുന്നത്. അതാണോ നീതിനിഷ്ടമായ പുരോഗമനം? ഇത് സ്വാഭാവികനീതിയ്ക്കനുസരണമായ ഒരു ഭേദഗതി മാത്രമാണ്. അല്ലാതെ ശ്രീ. ഈ. പി. ഗോപാലൻ പറയുന്നതുപോലെ പൊള്ളയായിട്ടുള്ള വാദങ്ങഠംക്ക് വേണ്ടിയുള്ള ഒരു ഭേദഗതിയല്ല; ജീവൽപ്രശ്നമാണ്. അതുകൊണ്ട് ഞാൻ ഈ ഭേദഗതിയെ സ്വാഗതം ചെയ്യുന്നു.

അതുപ്പോലെതന്നെ ഒരു കാര്യം കൂടി പറയാനുണ്ട്.

ശ്രീ. പി. പി. വി. മൂസ: ഏത് ബില്ല് ഇവിടെ ചർച്ചയ്ക്ക് വന്നാലും ആദ്യഘട്ടത്തിൽ ശ്രീ. ദേവസ്സിക്കുട്ടിക്ക് കൂടുതൽ സമയം കൊടുക്കും. പിന്നീട് മറ്റുള്ളവർക്ക് അവസരം നിഷേധിക്കപ്പെട്ട അവസ്ഥ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് എത്രത്തോളം സമയം അദ്ദേഹത്തിനു കൊടുക്കുന്നുവോ അതുപോലെ എല്ലാപേർക്കും ഈ ബില്ലിനെ സംബന്ധിച്ച് ചർച്ചചെയ്യാൻ സമയം കൊടുക്കണം.

മി. ചെയർമാൻ: മെമ്പർ ചുരുക്കി സംസാരിക്കണം.

ശ്രീ. എൻ ഐ. ദേവസ്സിക്കുട്ടി: സർ, ഒരു പ്രധാനപ്പെട്ട കാര്യം കൂടി പറയാനുണ്ട്. മലബാറിലെ കാണക്കുടിയാൻമാരെ സംബന്ധിച്ച് ഇവിടെ സ്വകാര്യബിൽ അവതരിപ്പിച്ച് ഞാൻ പ്രസംഗിച്ചിട്ടുള്ളതാണ്. ഈ ഗവൺമെൻറ് അവർക്ക് നീതി നിഷേധിച്ച കാര്യം ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. മലബാറിലെ കാണക്കുടിയാൻമാരെ സംബന്ധിച്ച് സുപ്രധാനമായ ഒരു ഹൈക്കോടതി വിധിയുണ്ടായി. ഭൂപരിഷ്ക്കരണ നിയമത്തിൻെറ മുഴുവൻ സംരക്ഷണവുമുള്ള കുടിയാൻമാർക്ക് മിച്ചവാരത്തിൻെറ 12 ഇരട്ടിയോ 16 ഇരട്ടിയോ കൊടുത്താൽ ജൻമിമാരിൽനിന്ന് ഭൂമി വാങ്ങിക്കുന്നതിനുള്ള അവകാശമുണ്ടായിരുന്നു. ഇതെല്ലാം ചൂണ്ടിക്കാണിച്ചുകൊണ്ട് നടന്ന കേസിൽ ഹൈക്കോടതി പറഞ്ഞു, മിച്ചവാരത്തിൻെറ 12 ഇരട്ടിയും 16 ഇരട്ടിയും കൊടുത്താൽ പോര, കാണാധാരത്തിൽ കാൺട്രാക്ട് റെൻറ് എത്രയാണോ ആ പാട്ടത്തിൻെറ 15ഇരട്ടിയും 16 ഇരട്ടിയും

LIBRARY ARCHIVES Kerala Legislative Assembly

വേണം, കാണക്കുടിയായ്മ നിയമത്തിൽ പറയുന്ന പലിശയാകട്ടെ ഗവൺമെൻറിലേക്ക് കുടിയാൻ കൊടുക്കുന്ന നികുതിയാകട്ടെ, പഞ്ചായത്തുകളിലോ, മുൻസിപ്പാലിറ്റികളിലോ കൊടുക്കുന്ന സെസ് ആകട്ടെ ഇങ്ങനെയുള്ള പലിശയോ ആ സെസോ ഈ കരാർ പാട്ടത്തിൽ കുറവുചെയ്യാതെയുള്ള കരാർ പാട്ടത്തിൻെറ 16 ഇരട്ടി കൊടുക്കണം ഭൂമി കിട്ടാൻ എന്ന്. ഹൈക്കോടതി വിധിയുടെ ഫലമായി പാവപ്പെട്ട കുടിയാൻമാർക്ക് ആയിരം രൂപയ്ക്ക് കിട്ടുമായിരുന്ന ഭൂമി പതിനായിരം രൂപയോ ഇരുപതിനായിരം രൂപയോ കൊടുത്താൽപോലും വാങ്ങിക്കാൻ കഴിയുകയില്ലെന്നുള്ള സ്ഥിതിവന്നു. 1975-ൽ ഉണ്ടായ ഈ വിധിയെ സംബന്ധിച്ച് എന്തെങ്കിലും ഭേദഗതി ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ നാലഞ്ച് കൊല്ലക്കാലമായി നിയമസഭ കൂടുമ്പോഴൊക്കെ ഞാൻ അനൗദ്യോഗിക ബില്ലുകൾ അവതരിപ്പിക്കുമായിരുന്നു. അന്നൊക്കെ ഗവൺമെൻറ് പറയും, ഉടൻതന്നെ ബിൽ കൊണ്ടുവരാം, അതുകൊണ്ട് പിൻവലിക്കണമെന്ന്. അങ്ങനെ പിൻവലിച്ച് അവസാനം ഇത് കൊണ്ടുവന്നിരിക്കുന്നു. ഞാൻ ഇതിൻെറ വിശദാംശങ്ങളെക്കുറിച്ചൊന്നും പറയുന്നില്ല. മലബാറിലെ കാണക്കുടിയാൻമാർക്ക് കഴിഞ്ഞ അഞ്ചുകൊല്ലമായി നിഷേധിക്കപ്പെട്ട നീതി ചെയ്യുന്ന ഒരു നിയമനിർമ്മാണമെന്ന നിലയിൽ ഞാൻ ഇതിനെ സ്വാഗതം ചെയ്യുന്നു. അതുമാത്രമല്ല, ഈ കുടിയാൻ എന്തെങ്കിലും കാരണവശാൽ ഏതെങ്കിലും കുടിയാന് കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ ആ കുടിയാനുപോലും ഈ നിയമത്തിൻെറ സംരക്ഷണം കിട്ടാനുള്ള വ്യവസ്ഥ, ഈ നിയമത്തിൽ എഴുതിച്ചേർത്തിട്ടുള്ളത് കൃഷിക്കാരോട് ഈ ഗവൺമെൻറ് ചെയ്തിട്ടുള്ള നല്ല ഒരു കാര്യമാണ്. അതുമാത്രമല്ല കാണക്കുടിയാൻമാർ മറ്റു കുടിയാൻമാർക്ക് ഭൂമി കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ ആ കാണക്കുടിയാൻമാർക്കുപോലും ഇത് വീണ്ടെടുക്കുന്നതിനും അതുപോലെതന്നെ പർച്ചേസ് പ്രൈസ് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ പുനർനിർണ്ണയം ചെയ്യുന്നതിനുമുള്ള അവകാശമുണ്ട്. അത് കൂടുതൽ ആനുകൂല്യമാണ്. ആ ആനുകൂല്യം മലബാറിലെ കാണക്കുടിയാൻമാർക്ക് കൊടുത്തതിന് ഞാൻ ഈ ഗവൺമെൻറിനെ അഭിനന്ദിക്കുന്നു. വേറെ പുതിയ പല വ്യവസ്ഥകളുമുണ്ട്. അതേക്കുറിച്ചൊന്നും ഞാൻ പരാമർശിക്കുന്നില്ല.

ഇതിൽ ഒരു വകുപ്പുകൂടി പറഞ്ഞിട്ടുണ്ട്. കൺവർട്ട് ചെയ്ത മിച്ചഭൂമിയെ സംബന്ധിച്ച് പറയുന്നുണ്ട്. ഇഷ്ടദാനബില്ലിനെക്കുറിച്ച് വാതോരാതെ പ്രസംഗിക്കുന്ന മാർക്സിസ്റ്റുകാർ ഈ പ്രധാനപ്പെട്ട വകുപ്പ് വായിച്ചിട്ടുണ്ടോ എന്ന് ഞാൻ സംശയിക്കുകയാണ്. സെക്ഷൻ 87-ൽ ഒരു പുതിയ എക്സ്പ്ലനേഷൻ കൂടി എഴുതിച്ചേർത്തിരിക്കുകയാണ്. സെക്ഷൻ 81 അനുസരിച്ച് എക്സംപ്ഷൻ കൊടുത്തിട്ടുള്ള മിച്ചഭൂമി പിന്നീട് ഏതെങ്കിലും കാലത്ത് ആ എക്സംപ്ഷൻ നീക്കം ചെയ്യുകയോ അല്ലെങ്കിൽ രണ്ടാം ഷെഡ്യൂളിൽപ്പെട്ടിട്ടുള്ള ഏതെങ്കിലും വസ്തു ഒരു പ്രത്യേക കാറ്റഗറിയിൽനിന്ന് വേറൊരു കാറ്റഗറിയിലേക്ക് മാറ്റം ചെയ്യുകയോ ചെയ്താൽ അതിൻെറ ഫലമായി ഏതെങ്കിലും കുടിയാന് പരിധിയിൽ കവിഞ്ഞ ഭൂമി വന്നുചേരുകയാണെങ്കിൽ അത് മിച്ചഭൂമിയായി കണക്കാക്കി പിടിച്ചെടുക്കുമെന്നാണ് പറയുന്നത്. ഹൈക്കോടതിയിൽ നിന്നുണ്ടായ ഒരു വിധിയുടെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു വകുപ്പ് എഴുതിച്ചേർത്തത്. 1-1-1970-നു ശേഷം കുരുമുളകു തോട്ടമോ അല്ലെങ്കിൽ ഒരുപ്പൂനിലമോ വേറൊരു ഷെഡ്യൂളിലേക്ക് മാറ്റി അങ്ങനെയുള്ളത് മിച്ചഭൂമിയായി വരികയാണെങ്കിൽ അങ്ങനെയുള്ള ഭൂമിയെ മിച്ചഭൂമിയായി കണക്കാക്കി പിടിച്ചെടുക്കാൻ പാടില്ലെന്ന് രാഘവൻ വി. എസ്. സ്റ്റേറ്റിലെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു കേസിൽ (കെ. എൽ. റ്റി. 57) ഹൈക്കോടതി വിധിയുണ്ടായി. ആ വിധി മാറ്റിക്കൊണ്ട് ഷെഡ്യൂളോ, കാറ്റഗറിയോ മാറിയാലും എക്സംപ്ഷൻ നീക്കം ചെയ്താലും പരിധിയിൽ കവിഞ്ഞ് ഒരു ഇഞ്ച് ഭൂമിപോലും ഉണ്ടാകുകയാണെങ്കിൽ അത് നിഷ്ക്കരുണം പിടിച്ചെടുക്കുന്നതിനും പാവപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനുമുള്ള ഏറ്റവും നിർണ്ണായകമായ വകുപ്പ് ഇതിൽ എഴുതിച്ചേർത്തതിനെപ്പറ്റി ശ്രീ. പി. കെ. വാസുദേവൻ നായരോ, ശ്രീ. കുഞ്ഞിക്കണ്ണനോ ഒന്നും പറയുന്നില്ല. അങ്ങനെ ഓരോ വകുപ്പും പരിശോധിച്ചാൽ ഈ ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ പറയുന്നതുപോലെ ഭൂപരിഷ്ക്കരണനിയമം നടപ്പിലാക്കിയപ്പോഴും ഉണ്ടായിട്ടുള്ള വിഷമതകളം, ഹൈക്കോടതി വിധിമൂലം ഉണ്ടായിട്ടുള്ള തടസ്സങ്ങളും നീക്കുന്നതിനുള്ള ഒരു ബില്ലാണ് ഇതെന്ന് കാണാൻ കഴിയും. ഇഷ്ടദാനം സാധൂകരിക്കുന്ന വ്യവസ്ഥകളും അടക്കമുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തി ഭൂപരിഷ്ക്കരണനിയമം നടപ്പിലാക്കുന്നതിൽ വരുന്ന ബുദ്ധിമുട്ടുകൾ തീർക്കുന്നതിനുവേണ്ടിമാത്രം കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണ് ഇതെന്ന് ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ പറഞ്ഞതിനു ശേഷവും മാർക്സിസ്റ്റുകാരും മറ്റുള്ളവരും ഇതിനെ ഒരു രാഷ്ട്രീയ ഉപകരണമാക്കി ഉപയോഗിച്ചതിൽ വളരെ ഖേദമുണ്ട്. ആത്മാർത്ഥതയില്ലായ്മയാണ്, കർഷകവഞ്ചനയാണ് അവരുടെ വിമർശനങ്ങളിൽ അന്തർഭവിച്ചിട്ടുള്ളതെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ സഹർഷം സ്വാഗതം ചെയ്യുന്നു.

ശ്രീ. കണിയാപുരം രാമചന്ദ്രൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇന്നലെ ഈ സഭയ്ക്ക് ഒരു ഉറപ്പ് നൽകിയിരുന്നു; ഹമുക്കിനെക്കുറിച്ചുള്ള റൂളിംഗ് നൽകാമെന്ന്. അത് ഇതുവരെ കിട്ടിയില്ല.

മി. ചെയർമാൻ: നൽകുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ശ്രീ. ദേവസ്സിക്കുട്ടി ഈ ബില്ല് പൊതുജനാഭിപ്രായത്തിന് വിടുന്നതിനുവേണ്ടി വളരെ വിശദമായി സംസാരിച്ചു. അദ്ദേഹം അവസാനിപ്പിച്ചത് ഇതിനെ എതിർക്കുന്നത് കർഷകവഞ്ചനയാണെന്ന് പറഞ്ഞുകൊണ്ടാണ്.

മി. ചെയർമാൻ: എത്ര സമയം വേണം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അത് പറയാൻ പറ്റുകയില്ല. ശ്രീ. ദേവസ്സിക്കുട്ടിയെപോലെ ചോദ്യങ്ങൾ ആരെങ്കിലും ചോദിക്കുന്നുണ്ടോ എന്നു നോക്കി നീട്ടിക്കൊണ്ടുപോകുന്നതുപോലെ ഞാൻ നീട്ടിക്കൊണ്ടു പോവുകയില്ല. രണ്ടാമത് രാഷ്ട്രീയമാണ് അദ്ദേഹം മുക്കാൽ ഭാഗവും പറഞ്ഞത്. ഞങ്ങൾക്ക് പറയാനുള്ളത് ബില്ലിന്റെ രാഷ്ട്രീയമാണ്. മറ്റു രാഷ്ട്രീയമൊക്കെ സംസാരിക്കാൻ വേറെ സമയമുണ്ട്.

സർ, ശ്രീ. ദേവസ്സിക്കുട്ടി പറഞ്ഞത് ഞങ്ങളൊക്കെ വിവരമില്ലാത്ത ആളുകളാണ്, അക്ഷരാഭ്യാസമില്ലാത്ത ആളുകളുടെ പ്രതിനിധികളാണ് എന്നാണ്. അദ്ദേഹം അക്ഷരാഭ്യാസമുള്ള ആളുകളുടെ പ്രതിനിധി ആയതുകൊണ്ടാണ് പഞ്ചായത്തു പ്രസിഡൻറായി പതിനാറുകൊല്ലം ഇരുന്നതിനുശേഷം ഇപ്പോൾ പഞ്ചായത്ത് മെമ്പറായി ഇരിക്കുന്നത്. അക്ഷരാഭ്യാസക്കാരൻ ഞങ്ങൾക്കുവേണ്ട എന്ന് അവർ തീരുമാനിച്ചു. സർ, ഇൻഡ്യാ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്ത് 70 ശതമാനം നിരക്ഷരരാണ്. ബാക്കി 30 ശതമാനമാണ് അക്ഷരാഭ്യാസമുള്ളവർ. സംസ്കാരസമ്പന്നമായ, വിദ്യാഭ്യാസത്തിനുവേണ്ടി ഏറ്റവുമധികം തുക ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്ന ഇൻഡ്യയിലെ സംസ്ഥാനങ്ങളുടെ മുന്നിൽനിൽക്കുന്ന നമ്മുടെ സംസ്ഥാനത്തുതന്നെ 70 ശതമാനം പേർ നിരക്ഷരരാണ്. കൃഷിക്കാരായിട്ടുള്ള പാവപ്പെട്ട ആളുകളെ ആ രൂപത്തിലാക്കിത്തീർത്ത വ്യവസ്ഥ ഇനിയും നിലനിർത്തുന്നതിനുവേണ്ടി വാദിക്കുന്ന ശ്രീ. ദേവസ്സിക്കുട്ടിയുടെ ആക്ഷേപം ഞങ്ങൾ ആ നിരക്ഷരരായ ആളുകളുടെ പ്രതിനിധികളാണെന്നാണ്. സർ, അതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് അദ്ദേഹത്തിന് വിഡ്ഢിയായിപോയി. ഇതൊക്കെ കേട്ടാൽ അദ്ദേഹത്തിന്റെ ആളുകൾക്ക് ചിരിക്കാൻ കൊള്ളാം. ഈ നിയമം കൊണ്ടുവന്ന കാലത്ത് വിക്കൻ, ഞൊണ്ടി, ചാത്തൻ, കിട്ടൻ, ചടയൻ എന്നൊക്കെ മുദ്രാവാക്യം വിളിച്ചു. പിന്നെ റൗഡിത്തോമാ നിന്നെപ്പിന്നെ കണ്ടോളാമെന്നു പറഞ്ഞു. മണ്ടാ, മുണ്ടാ, മുണ്ടശ്ശേരി, നിന്നെപ്പിന്നെ കണ്ടോളാമെന്നൊക്കെ പറഞ്ഞു. പിന്നെ കണ്ടു. അവരെല്ലാം കൂടിയുള്ള ഗവൺമെൻറ് പിന്നീട് വന്നപ്പോൾ ആ മണ്ടനെ പിടിച്ച് വൈസ്ചാൻസലറാക്കി. ഈ രാജ്യത്ത് ഏറ്റവും വലിയ ധിഷണാശാലികൾ ഇരിക്കേണ്ട സ്ഥലത്ത് പിടിച്ചിരുത്തി ബഹുമാനിച്ച കാഴ്ചയും നാം കണ്ടതാണ്. അതുകൊണ്ട് അക്ഷരാഭ്യാസമില്ലായ്മ പറഞ്ഞ്, ബില്ലു മാത്രം വായിച്ച് മുറിക്കുള്ളിൽ ചടഞ്ഞിരിക്കാൻ ഞങ്ങൾ പോകുന്നില്ല.

സർ, ഇത് രാഷ്ട്രീയം തന്നെയാണ്. ഇത് രാഷ്ട്രീയമാണെന്ന് പറഞ്ഞതുകൊണ്ട് മറ്റു രംഗത്തേക്കുറിച്ച് സംസാരിക്കേണ്ട കാര്യമില്ല. ഭൂപരിഷ്കരണ നിയമം ഈ രാജ്യത്ത് നടപ്പിൽ വന്നതിനുശേഷം അല്ലെങ്കിൽ നടപ്പിൽ വരുത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിയതിനുശേഷം ഉണ്ടായിട്ടുള്ള എല്ലാ ഭേദഗതികളും രാഷ്ട്രീയാടിസ്ഥാനത്തിൽ തന്നെകൊണ്ടുവന്നിട്ടുള്ളതാണ്. സർ, ഞങ്ങൾക്ക് രാഷ്ട്രീയമുണ്ട്. ഞങ്ങളുടെ രാഷ്ട്രീയം മണ്ണിൽ അദ്ധ്വാനിക്കുന്ന കർഷകരുടെയും, തൊഴിലാളികളുടെയും രാഷ്ട്രീയമാണ്. ഈ നാട്ടിലെ 75 ശതമാനത്തിന്റെ രാഷ്ട്രീയമാണ്. ശ്രീ. ദേവസ്സിക്കുട്ടിയുടെ രാഷ്ട്രീയം ഈ ഭേദഗതി ബില്ലിനെ ന്യായീകരിക്കുന്ന പത്തുപതിനഞ്ചു ശതമാനം പേരുടെ രാഷ്ട്രീയം മാത്രമാണെന്ന വ്യത്യാസം മാത്രമേയുള്ളു. അതുകൊണ്ട് രാഷ്ട്രീയം ആണെന്ന് പറഞ്ഞുകൊണ്ട്, അതിനുവേണ്ടിയാണ് ഈ ബില്ലിനെ എതിർക്കുന്നതെന്ന് പറഞ്ഞുകൊണ്ട് ഈ ബില്ലിനെ ന്യായീകരിക്കാൻ നോക്കേണ്ട. എന്തിന് സർ, ഈ ബില്ലിന്റെ വകുപ്പുകളിലേക്കു തന്നെ കടന്നു പരിശോധിച്ചാൽ ഇതിന്റെ രാഷ്ട്രീയം ആരുടെതാണ് ശരിയെന്ന് കണ്ടുപിടിക്കാൻ സാധിക്കും. ഇന്നലെ പത്തുപതിനായിരത്തിൽ പരം ആളുകൾ ഈ സെക്രട്ടേറിയറ്റ് നടയിൽ ഈ ബില്ല് നിയമമാക്കരുതെന്ന് പറഞ്ഞുകൊണ്ട് പ്രകടനം നടത്തി. അക്ഷരാഭ്യാസം ഇല്ലാത്തവരായിരിക്കാം, കുളിക്കാത്തവരായിരിക്കാം, പല്ലുതേയ്ക്കാത്തവരായിരിക്കാം, ശ്രീ. ദേവസ്സിക്കുട്ടിയെപോലെ ഇരിക്കുന്ന റൂമിൽനിന്ന് പുറത്തിറങ്ങാത്തവരല്ലായിരിക്കാം, അവർ മണ്ണിൽ അദ്ധ്വാനിക്കുന്നവരായതുകൊണ്ട്....

<u>ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:</u> പാവപ്പെട്ടവരായതുകൊണ്ട് അക്ഷരാഭ്യാസമില്ലാത്തവരാണെന്നല്ല ഞാൻ പറഞ്ഞത്. അക്ഷരാഭ്യാസമില്ലാത്ത പാവപ്പെട്ട ആളുകളെ അക്ഷരാഭ്യാസമുള്ള നിങ്ങൾ കള്ളവു പറഞ്ഞ് പറ്റിക്കുന്നു എന്നാണ് ഞാൻ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അക്ഷരാഭ്യാസമില്ലാത്തവർ പട്ടികപ്പെടാനിരിക്കുന്നവരാണെന്നല്ലേ പറഞ്ഞത്. അവരാണ് ശ്രീ. ദേവസ്സിക്കുട്ടിയെ പട്ടിച്ചത്; പ്രസിഡൻറ് സ്ഥാനത്തുനിന്ന് മെമ്പറാക്കിയത്. അതിരിക്കട്ടെ. ഈ ബില്ലവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഈ നിയമത്തിൽ ഉണ്ടായിരുന്ന തത്വം, ഹൈക്കോടതി വിധിയുടെ നിരാകരണം മൂലമുണ്ടായ കുഴപ്പം നീക്കുന്നതിനുവേണ്ടി, ആ തത്വം നടപ്പാക്കാൻ വേണ്ടി കൊണ്ടുവന്നിട്ടുള്ള ഭേദഗതിയാണെന്നാണ് പറഞ്ഞത്. ഇതിനെ അനുകൂലിച്ചുകൊണ്ട് സംസാരിച്ച ശ്രീ. ദേവസ്സിക്കുട്ടിയും പറഞ്ഞത് അങ്ങനെയാണ്. നിയമത്തിനകത്തുണ്ടായിരുന്ന തത്വം, കോടതി നിരാകരിച്ച തത്വം നടപ്പാക്കാൻ വേണ്ടിയാണെന്നാണ് പറഞ്ഞത്. ഇവിടെ പാസാക്കിയിട്ടുള്ള കാർഷിക നിയമത്തിൽ കോടതി അസാധു എന്ന് വിധിച്ചിട്ടുള്ള പല വകുപ്പുകളുമുണ്ട്. ആ വകുപ്പുകളിൽ ചിലത് ഭേദഗതി ചെയ്ത് ഈ നിയമംകൊണ്ടുദ്ദേശിച്ച സംഗതികൾ നടപ്പാകുന്ന രൂപത്തിൽ ഭേദഗതി ചെയ്യണമെന്ന് പതിനായിരക്കണക്കിന്, ലക്ഷക്കണക്കിന് കർഷകർ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ സർക്കാരിൻെറ മുമ്പിലുണ്ട്. ഉദാഹരണത്തിന് കുടികിടപ്പുകാരുടെ കുടിൽ ഇരിക്കുന്ന സ്ഥലത്തുനിന്ന് അത് മാറ്റിവയ്ക്കുന്നതിനുവേണ്ടിയുള്ള അനുവാദം കൊടുത്ത ഹൈക്കോടതി വിധിമൂലം ട്രൈബ്യൂണലിൻെറ വിധിയുണ്ടായി പത്തുസെൻറ് ഭൂമി കിട്ടിയ കുടികിടപ്പുകാർക്കുപോലും ഭൂമി കിട്ടാതായിട്ടുണ്ട്. അതുപോലെ തന്നെ ഉടമസ്ഥൻ പറയുന്ന വ്യവസ്ഥയനുസരിച്ച് വളരെ ദൂരത്തേയ്ക്ക് മാറ്റി താമസിപ്പിക്കത്തക്കവിധത്തിലുള്ള കോടതി വിധികളും ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ സ്വന്തം കെട്ടിടത്തിനുവേണ്ടി, താമസിക്കാൻ മറ്റു വീടില്ലെങ്കിൽ മാത്രം സ്വന്തമായി വീട് വയ്ക്കുന്നതിന് ഒഴിപ്പിക്കാമെന്നുള്ള വ്യവസ്ഥ, വാടകയ്ക്ക് കൊടുക്കാനുള്ള കെട്ടിടത്തിനുവേണ്ടി പോലും ഒഴിപ്പിക്കാമെന്നുള്ള വിധിയും ഉണ്ടായിട്ടുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ ഭേദഗതികൾ വേണമെന്ന് ഈ രാജ്യത്ത് പ്രക്ഷോഭണം ഉണ്ടാക്കുകയും ഗവൺമെൻറിൻെറ മുമ്പാകെ നിവേദനം നടത്തുകയും ചെയ്തിട്ട് അതിനൊരു ഭേദഗതി കൊണ്ടുവരാൻ തയ്യാറായിട്ടില്ല. അതുപോലെതന്നെ പാട്ടക്കുടിശ്ശികയുടെ കാര്യം ഉണ്ടായിട്ടുണ്ട്. ഇതിനൊന്നിനും ഭേദഗതിയ്ക്ക് മുതിരാതെ ഈയൊരു കാര്യത്തിൽ മാത്രം തത്വം നടപ്പാക്കുന്നതിനുവേണ്ടി ഭേദഗതി നിയമം കൊണ്ടുവരുന്നു എന്നാണ് ഗവൺമെൻറ് പറയുന്നത്. ഇത് ഒറ്റ വാക്കിൽ പറഞ്ഞാൽ ഭൂനിയമത്തിൻെറ തത്വം നടപ്പാക്കാനല്ല ഭൂനിയമത്തിൻെറ കഴുത്തറുക്കാൻവേണ്ടി കൊണ്ടുവന്നിട്ടുള്ള ബില്ലാണ്. കള്ളക്കൈമാറ്റങ്ങൾ, കള്ളപ്രമാണങ്ങൾ നടത്തി പാവപ്പെട്ടവന് കിട്ടേണ്ട മിച്ചഭൂമി ഇല്ലാതാക്കുന്നതിനുവേണ്ടി മനഃപ്പൂർവ്വം കൃത്രിമമായി ചമയ്ക്കുന്ന കള്ളപ്രമാണങ്ങൾക്ക് നിയമസാധുത കൊടുക്കുന്നതിനുവേണ്ടിയുള്ള ബില്ലാണ്. ഇത്തരം കള്ളപ്രമാണങ്ങൾക്കെതിരായി പോരാട്ടം നടത്തുന്നവരെ ചതിയ്ക്കുന്ന നിയമനിർമ്മാണമാണ് ഒറ്റവാക്കിൽ പറഞ്ഞാൽ ഈ നിയമനിർമ്മാണം. അതുകൊണ്ടാണ് ഞങ്ങൾ ഇതിനെ എതിർക്കുന്നത്. ശ്രീ. ദേവസ്സിക്കുട്ടി പറഞ്ഞു, ഇതിനെ എതിർക്കുന്നവരൊന്നും കർഷകരുടെ ബന്ധുക്കളല്ലെന്ന്. കർഷകരുടെ ബന്ധുക്കൾ ഈ നിയമം കൊണ്ടുവന്നിട്ടുള്ളവരും ഇപ്പോൾ അനുകൂലിക്കുന്നവരുമാണ്. രാജാവിനേക്കാൾ വലിയ രാജഭക്തി കാണിച്ചുകൊണ്ട് ശ്രീമാൻ ദേവസ്സിക്കുട്ടിയും മറ്റും സംസാരിച്ചപ്പോൾ അവരാണ് കർഷകരുടെ ബന്ധുക്കളെന്ന് പറയുകയുണ്ടായി. അത് മനസിലാക്കണമെന്നുണ്ടെങ്കിൽ ഈ രാജ്യത്തെ നിയമനിർമ്മാണങ്ങളുടെ ചരിത്രം ഒന്ന് പരിശോധിക്കുകയും ആ ചരിത്രത്തിൽനിന്ന് എടുക്കാവുന്ന യഥാർത്ഥ വസ്തുതകൾ നമ്മൾ എടുക്കുകയും വേണം. അതുകൊണ്ടാണ് ഞാൻ അതിൻെറ ചരിത്രമൊന്ന് പരാമർശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ആരായിരുന്നു കർഷക ബന്ധുക്കൾ, ആരായിരുന്നു കർഷകരുടെ ശത്രുക്കൾ എന്ന് സഖാവ് ഇ. എം. എസ്. സൂചിപ്പിച്ചു, നാൽപ്പത് വർഷത്തിനുമുമ്പുള്ള ചരിത്രം. അന്നും കോൺഗ്രസ്സുകാരായ ആളുകൾ അപ്പുറത്തുണ്ടായിരുന്നു. കർഷകരുടെ ഭാഗത്ത് കോൺഗ്രസ്സുകാരായ ആളുകൾ ഉണ്ടായിരുന്നു. ആ കാഴ്ച നാൽപ്പതു വർഷത്തിനുശേഷം ഇപ്പോഴും നമുക്ക് കാണാൻ കഴിയുന്നുണ്ട്. പക്ഷേ സംഘടന എന്നുള്ള നിലയ്ക്ക് എന്താണ് ഓരോ സന്ദർഭത്തിലും കോൺഗ്രസ്സും കോൺഗ്രസ്സിനെ അനുകൂലിച്ച് ഇന്ന് നിൽക്കുന്ന കക്ഷിയിൽ ചിലരും ഓരോ നിയമനിർമ്മാണത്തിലും എടുത്തത് എന്നുള്ള കാര്യം പരിശോധിച്ച് അതിന്റെ വളർച്ചയുടെ ഈ ഘട്ടത്തിൽ അതിനനുസരിച്ച നിലപാട് അവർ എടുക്കുന്നുണ്ട്. അതാണ് അവരുടെ രാഷ്ട്രീയം. ശ്രീ. കരുണാകരന് അറിയാം ഇവിടെയുണ്ടായിട്ടുള്ള നിയമനിർമ്മാണങ്ങളുടെ ചരിത്രം. ആ ചരിത്രം 10 മിനിട്ടിനകത്ത് ഒന്ന് സൂചിപ്പിക്കുക മാത്രമേ ഞാൻ ചെയ്യുന്നുള്ളു. മലബാറിനെ സംബന്ധിച്ച നിയമനിർമ്മാണങ്ങളുണ്ടായിട്ടുള്ളത് സ്വമേധയാ ഉണ്ടായിട്ടുള്ളതൊന്നുമല്ല. കർഷകത്തൊഴിലാളികളും മറ്റും രക്തസാക്ഷിത്വം വഹിച്ച്, ധീരമായ പോരാട്ടങ്ങളിൽകൂടി ആ പോരാട്ടങ്ങളുടെ അംഗീകാരം എന്ന നിലയിലുണ്ടായിട്ടുള്ള നിയമനിർമ്മാണങ്ങളാണത്. 1954-ൽ മലബാർ കുടിയായ്മ നിയമം, അതിന്റെ കാര്യം സഖാവ് നമ്പൂതിരിപ്പാട് ഇവിടെ പറഞ്ഞു. അതിനുശേഷം 1951-ൽ തിരു-കൊച്ചി ഉണ്ടായശേഷം തിരുകൊച്ചി ഭാഗത്ത് നിയമനിർമ്മാണത്തിനുള്ള പോരാട്ടം തുടങ്ങി. കൊച്ചിയിലുള്ള വെറും പാട്ടക്കുടിയാൻ നിയമം, അതുപോലെ ഒഴിപ്പിക്കൽ തടയൽ നിയമം. ആ നിയമം തിരുവിതാംകൂർ ഭാഗത്തുണ്ടായിരുന്നില്ല. 1951-ൽ അധികാരത്തിൽവന്ന പട്ടംതാണുപിള്ള കുറെ നിയമങ്ങൾ കൊണ്ടുവന്നു. ഓരോന്നിനും പ്രത്യേകം നിയമങ്ങളെന്ന നിലയിൽ കുറെ നിയമങ്ങൾ ഇവിടെ അവതരിപ്പിച്ചു. ആ ബില്ലുകൾ പ്രസിദ്ധീകരിച്ചതേയുള്ളു, അവ പാസ്സായില്ല. നിയമസഭയിൽ ചർച്ചയ്ക്ക് വന്നില്ല. അത് അവതരിപ്പിച്ച പുറമേ ചർച്ചചെയ്തു കൊണ്ടിരുന്ന സമയത്തുതന്നെ ആ ബിൽ അവതരിപ്പിച്ചു എന്ന ഒരൊറ്റ കാരണംകൊണ്ടുതന്നെ ആ ഗവൺമെന്റിന് പിൻതുണ നൽകിയിരുന്ന കോൺഗ്രസ് പിന്തുണ പിൻവലിച്ചു. അതിനുശേഷം പനമ്പള്ളി മുഖ്യമന്ത്രിയായി അധികാരത്തിൽ വന്നു.

ശ്രീ. കെ. കരുണാകരൻ: അന്നു പിന്തുണ പിൻവലിച്ചത് ഈ കാരണത്താലല്ലെന്നും മറ്റു കാരണങ്ങളാലാണെന്നും ശ്രീ. ടി. കെ. രാമകൃഷ്ണന് അറിഞ്ഞുകൂടേ; പിന്നെ എന്തിനു തെറ്റായ പ്രചരണം നടത്തുന്നു?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അറിയാം. അത് എനിക്ക് നല്ല ഓർമ്മയുള്ള സമയത്തായതുകൊണ്ട് നല്ലവണ്ണമറിയാം. അതു ഞാൻ പറയാം. കൃഷിക്കാരുടെ കൈവശമുള്ള ഭൂമി തട്ടിയെടുക്കാനാണ് എന്നു ഈ ബില്ലിനെപ്പറ്റി നിങ്ങൾ പറയുമോ, പറയുകയില്ല. അതുപോലെയാണ്. കാർഷിക നിയമം പാസ്സാക്കാനുള്ള പരിശ്രമം വന്നപ്പോൾ ആലപ്പുഴയിൽ യോഗം ചേർന്നു. ഇവരെക്കൊണ്ട് ഇതു പാസ്സാക്കിക്കുവാൻ ഇടകൊടുക്കരുത്, അതും ഞങ്ങളുടെ പിന്തുണയോടുകൂടി ഈ നിയമം പാസ്സാക്കുകയോ? പാടില്ല എന്നു നിങ്ങൾ തീരുമാനിച്ചു. അങ്ങനെ ആ ഗവൺമെന്റിനുള്ള പിന്തുണ നിങ്ങൾ പിൻവലിച്ചു. എന്നിട്ട് കോൺഗ്രസ് അധികാരത്തിൽ വന്നു. അങ്ങനെ അധികാരത്തിൽ വന്ന കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്തു തിരു-കൊച്ചി നിയമസഭയിൽ ഒരു അനൗദ്യോഗിക ബിൽ സഖാവ്

LIBRARY ARCHIVES Kerala Legislative Assembly

സി. അച്ചുതമേനോൻ അവതരിപ്പിച്ചു. കൃഷിക്കാരുടെ കാര്യങ്ങൾ വാദിക്കുന്ന നിങ്ങൾ എന്തുകൊണ്ട് ഒരു ബിൽ കൊണ്ടുവരുന്നില്ല എന്നു അന്നു പനമ്പിള്ളി ചോദിച്ചു. എന്തെല്ലാം പനമ്പിള്ളിയെപ്പറ്റി പറഞ്ഞാലും അദ്ദേഹത്തിന്റെ ബുദ്ധിയെ വിലമതിക്കാതെ സാദ്ധ്യമല്ലല്ലോ? അത് ശ്രീ. കരുണാകരന് അറിയാം. അതുകൊണ്ട് തിരു-കൊച്ചി പാട്ട ഒഴിപ്പിക്കൽ നിരോധന ബിൽ കൊണ്ടുവന്നു. നിയമസഭയിൽ അനൗദ്യോഗിക ബില്ലിനു കിട്ടുന്ന സമയം നമുക്കറിയാമല്ലോ? കൂടിയാൽ 15 മിനിട്ട് കിട്ടും. എന്നാലും ബിൽ അവതരിപ്പിച്ചു. അതിന്റെ ചർച്ചയ്ക്കിടയിൽ പനമ്പിള്ളി പറഞ്ഞു, ഈ ബില്ലിനകത്തു എല്ലാ വ്യവസ്ഥകളുമില്ല, കുറേക്കൂടി പാട്ടം ഇളവുചെയ്യാനും ഒഴിപ്പിക്കൽ തടയാനും ഇത്തരം കാര്യങ്ങളിൽ മാത്രമല്ലാതെ കുറേക്കൂടി നല്ല രീതിയിൽ ഒരു ബിൽ ഞാൻ അവതരിപ്പിക്കാമെന്ന്. അങ്ങനെ അനൗദ്യോഗിക ബില്ലിന്റെ ഉദ്ദേശം സാക്ഷാൽക്കരിക്കപ്പെട്ടതുകൊണ്ട് അതിനെ സ്വാഗതം ചെയ്യുകയും ചെയ്തു. അതിനുശേഷം 1954-ൽ തിരുവിതാംകൂർ-കൊച്ചി വെറുംപാട്ട ബിൽ എന്ന ബിൽ പനമ്പിള്ളി അവതരിപ്പിച്ചു. പനമ്പിള്ളി ഗവൺമെന്റിനെതിരായി അവിശ്വാസപ്രമേയം അവതരിപ്പിക്കുമ്പോൾ ഒരു വിദ്യാർത്ഥി എന്ന നിലയിൽ ഈ നിയമസഭയിലെ ഒരു സന്ദർശകനെന്ന നിലയിൽ ഞാനും ഹാജരുണ്ടായിരുന്നു. എന്താണ് അന്നു പനമ്പിള്ളി നടത്തിയ പ്രസംഗം? ആ പ്രസംഗം ചരിത്രപ്രസിദ്ധമായ ഒരു പ്രസംഗമായിരുന്നു. ആദ്യകാലത്തു ശ്രീ. കരുണാകരൻ ആസ്വദിച്ചിട്ടുണ്ടാകും, ഇപ്പോൾ സാദ്ധ്യമല്ല. പട്ടംതാണുപിള്ളയുടെ കാലത്തു കോൺഗ്രസ് പിന്തുണ പിൻവലിച്ചകാര്യം മനസ്സിൽവച്ചുകൊണ്ടാണ് പനമ്പിള്ളി പ്രസംഗിച്ചത്. ''ഭൂനിയമങ്ങൾ കൊണ്ടുവരുമ്പോഴെല്ലാം ആ ഗവൺമെന്റുകളെ മറിച്ചിടുന്ന പാരമ്പര്യമാണ് ഇവിടെ ഉള്ളത്. ഇത്തവണ എനിക്ക് എതിർപ്പ് അനുഭവിക്കേണ്ടിവരുന്നത് പ്രതിപക്ഷത്തുനിന്നല്ല. എന്റെ കൂടെയുള്ളവരുടെ എതിർപ്പിന്റെ ഫലമായി, ഈ നിയമം കൊണ്ടുവന്നു എന്ന ഒരൊറ്റ കാരണത്താൽ അവരുടെ എതിർപ്പിന്റെ ഫലമായി എനിക്കു പുറത്തുപോകേണ്ടിവരുന്നു'' എന്നു പനമ്പിള്ളി പ്രസംഗിച്ചോ മിസ്റ്റർ കരുണാകരൻ? പ്രസംഗിച്ചോ? സമ്മതിച്ചു പ്രസംഗിച്ചു എന്ന്. സർ, ആ പ്രസംഗം ഞാൻ കേട്ടിട്ടുള്ളതാണ്. ആ ബിൽ കൊണ്ടുവന്നിട്ടുള്ളതുകൊണ്ട് സ്വന്തം പാർട്ടിയുടെ എതിർപ്പുമൂലം എനിക്കു പുറത്തുപോകേണ്ടിവരുന്നു എന്നു അദ്ദേഹം പ്രസംഗിച്ചു. ആ പ്രസംഗത്തിനുശേഷം പനമ്പിള്ളിയുമൊരുമിച്ച് ഞാൻ വർക്ക് ചെയ്തിട്ടുണ്ട്. ഈ രാജ്യത്തു കാർഷികനിയമം എന്നു കൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ടോ അന്നെല്ലാം ആ നിയമത്തെ ഇല്ലാതാക്കാൻവേണ്ടി ജൻമിമാരുടെയും, ഭൂവുടമകളുടെയും ഭാഗത്തുനിന്നു ശ്രമിക്കുകയും ആ ഗവൺമെന്റുകളെത്തന്നെ താഴെയിറക്കുകയും ചെയ്തിട്ടുള്ള പാരമ്പര്യമാണ് കോൺഗ്രസ്സിനുള്ളത്.

കേരളപ്പിറവിക്കുശേഷം എന്തുണ്ടായി സർ? 1959-ൽ ഒരു നിയമം പാസ്സാക്കി. അന്നു പാസ്സാക്കിയ നിയമത്തിന്റെ ആ സന്ദർഭത്തിലുള്ള കഥ എന്താണ്? ദേവസ്സിക്കുട്ടി എന്റെ അന്നത്തെ പ്രസംഗം വായിക്കാമെന്നു പറഞ്ഞു. അന്നു ആർ. രാഘവമേനോന് ഒരു ദിവസത്തെ പ്രസംഗത്തിന് നൂറുരൂപയാണ് ഫീസ്. ജന്മിമാർ നിരന്നിരിക്കും, ജന്മിമാർക്ക് ഇരിക്കാൻ സ്ഥലമുണ്ടായിരുന്നില്ല. ദിവസേന പോയിന്റ്സ് ഡിസ്കസ് ചെയ്യും.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അന്നു നിങ്ങൾ ഫീസ് വാങ്ങിച്ചിട്ടാണോ നിയമസഭയിൽ പ്രസംഗിച്ചത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞങ്ങൾ ഫീസ് വാങ്ങിക്കുന്നതിന്റെ ഫലമായിട്ടാണല്ലോ ഞങ്ങളെ വീണ്ടും വീണ്ടും നിയമസഭയിലേക്കു ജനങ്ങൾ അയയ്ക്കുന്നത്? അന്നു ദേവസ്സിക്കുട്ടി ഇവിടെ ഉണ്ടായിരുന്നോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അന്നു ഞാൻ ഇല്ലായിരുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങനെയാണെങ്കിൽ തൃശ്ശൂർ ഭാഷയിൽതന്നെ പറഞ്ഞാൽ പിന്നെ എങ്ങിന്യാ ദേവസ്സിക്കുട്ടി അറിയാൻ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: പുതിയ ഒരു വിവരമാണ് എം.എൽ.എ. മാർ പ്രസംഗത്തിനു ഫീസ് വാങ്ങിച്ചു എന്നുള്ളത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അന്നു നിയമസഭയിലുള്ള ആളുകൾക്ക് അറിയാം ഓരോ പ്രസംഗം കഴിയുമ്പോഴും ആസ്വദിക്കുകയും അതു കഴിഞ്ഞാൽ ഉടൻതന്നെ അനുകൂലിച്ച് പ്രസ്താവന ഇറക്കുകയും ചെയ്യുന്നത്. ശ്രീ. പി. ആർ. കുറുപ്പിനോടു ചോദിക്കൂ, അറിയാൻ കഴിയും. ബഹുമാനപ്പെട്ട ശ്രീ. പി. ആർ. കുറുപ്പും, ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാരും എല്ലാം ഒരുമിച്ചിരുന്നതാണ്. അദ്ദേഹത്തിനു ജന്മിമാർക്കു വേണ്ടി ഇവിടെ വാദിച്ച കഥകൾ അറിയാം.

ശ്രീ. പി. ആർ. കുറുപ്പ്: അന്നു ഗൗരിയമ്മ അവതരിപ്പിച്ച ബിൽ ചർച്ച ചെയ്യുമ്പോൾ നിരവധി പുരോഗമനപരമായ ഭേദഗതികൾ അവതരിപ്പിച്ചത് കോൺഗ്രസ്സിന്റെ ബഞ്ചിൽനിന്നായിരുന്നു എന്നുള്ളത് ശ്രീ. ടി. കെ. രാമകൃഷ്ണൻ ഓർക്കുന്നുണ്ടോ? ശ്രീ. രാഘവമേനോൻ അൽപം ചില വ്യത്യസ്തപ്പെട്ട ഭേദഗതികൾ അവതരിപ്പിച്ചു എന്നുള്ളതിന്റെ പേരിൽ കോൺഗ്രസ് നേതൃത്വം നിയമസഭയിൽനിന്നും അദ്ദേഹത്തെ പിൻവലിക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത് ഓർമ്മയുണ്ടോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അന്നുള്ള ഭേദഗതികളെല്ലാം ഞങ്ങൾ പുസ്തകമാക്കിയിട്ടുണ്ട്. കുടികിടപ്പുകാരനെ നാശനഷ്ടങ്ങളുടെ പേരിൽ ഉടമസ്ഥന് ഒഴിപ്പിക്കാൻ കഴിയുന്ന രീതിയുള്ള ഭേദഗതികളാണ് അവ. അതു നമുക്കെടുത്തു പരിശോധിക്കാം. ഏതായാലും ഞങ്ങൾ ഇഞ്ചിഞ്ചായി ഇന്നു ഈ ബില്ലിനെ എതിർക്കുമെന്നു പറഞ്ഞെങ്കിൽ അന്നു ആ ബില്ലിനെ ഇഞ്ചിഞ്ചായി നശിപ്പിക്കുവാൻവേണ്ടി അവസാനം ആ ബിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുമ്പോൾ നാട്ടിലുടനീളം നടത്തിയ വിമോചനസമരത്തിന്റെ സന്തതിയായിട്ടാണ് ശ്രീ. ആൻറണി രാഷ്ട്രീയത്തിലേക്ക് രംഗപ്രവേശം ചെയ്തിട്ടുള്ളത്. 'വയ് വയ് വില്ലുകൾ താഴെ' (ബില്ലുകളല്ല, വില്ലുകൾ) എന്നു പറഞ്ഞ് വില്ലും അമ്പും കളി കളിച്ചത് ആ ബില്ലിനെ തകർക്കാൻ വേണ്ടിയായിരുന്നില്ലേ ദേവസ്സിക്കുട്ടി?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: 1957–58-ൽ ബിൽ അവതരിപ്പിച്ചപ്പോൾ കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നും പുരോഗമനപരമായ നിരവധി ഭേദഗതികൾ കൊടുക്കുകയും അതിൽ ശ്രീ. എം. നാരായണക്കുറുപ്പ് അവതരിപ്പിച്ച ചുരുങ്ങിയത് 25 ഭേദഗതികളെങ്കിലും ഗൗരിയമ്മ അംഗീകരിക്കുകയും ചെയ്തിട്ടുള്ളത് നിയമസഭാനടപടികളിൽ കാണിച്ചുതരാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീ. എം. നാരായണക്കുറുപ്പ് നിങ്ങളുടെ ഈവക കാര്യങ്ങൾക്കെല്ലാം ഒരു അപവാദമായിരുന്നു. അദ്ദേഹത്തിനു പാർട്ടിയുമായി ബന്ധമില്ല. നിയമസഭയിൽ വരും, കിട്ടുന്ന

LIBRARY ARCHIVES Kerala Legislative Assembly

കടലാസുകരം നോക്കും, നിയമസഭാ പാർലമെൻററി പാർട്ടിയോഗത്തിൽ പോലും സംബന്ധിക്കാതെ സ്വതന്ത്രമായ നിലപാട് അദ്ദേഹം എടുത്തിരുന്നു എന്നുള്ളത് ശരിയാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അങ്ങനെ പറഞ്ഞ് ഒഴിയരുത്. 1958-ൽ ഗൗരിയമ്മ ബിൽ അവതരിപ്പിച്ചപ്പോഠം ആ ബില്ലിൽ പുരോഗമനപരമല്ലാത്തതും ജന്മിമാരെ സഹായിക്കുന്നതുമായ ചില വ്യവസ്ഥകളുള്ളതുകൊണ്ട് കോൺഗ്രസ്സും, പി. എസ്. പി. യും പ്രതിപക്ഷത്തുള്ള പാർട്ടികളും എല്ലാംകൂടി പുരോഗമനപരമായ ഭേദഗതികഠം സംയുക്തമായി ചർച്ചചെയ്ത് ശ്രീ. എം. നാരായണക്കുറുപ്പ് അവതരിപ്പിച്ചിട്ടുള്ളതാണെന്നറിയാമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇങ്ങനെ വാദപ്രതിവാദം നടത്തിയിട്ടൊന്നും കാര്യമില്ല. ആ ബിൽ ചർച്ച ചെയ്യുമ്പോഠം നഖശിഖാന്തം എതിർത്ത്, അതു പാസ്സാക്കുന്നതിനുമുൻപ് ആ ഗവൺമെൻറിനെ മറിച്ചിടാൻ വിമോചനസമരം നടത്തി, അവസാനം ആ ബില്ലിൻെറ മൂന്നാം വായന സമയത്തു കോൺഗ്രസ്സിൻെറ ഭാഗത്തുനിന്നു പ്രസംഗിച്ച കാര്യങ്ങഠം എല്ലാം ഇവിടത്തെ രേഖകളിൽ കാണാം.

ആ നിയമം ഇവിടെ പാസ്സാക്കുന്നതിന് രാവിലെയും ഉച്ചയ്ക്കും രാത്രി എട്ടുമണിവരെയും നിയമസഭ കൂടിയിട്ടുണ്ട്. മെഴുകുതിരി കത്തിച്ചുവെച്ച്, വിളക്കു കത്തിച്ചുവെച്ച് നിങ്ങഠം നിയമം പാസ്സാക്കിപ്പോകാൻ പോവുകയാണോയെന്ന്

11 a.m.]

ചോദിച്ചു. ആ ബില്ലിൻെറ മൂന്നാം വായനസമയത്ത് ഈ ബില്ല് നിങ്ങഠം ഇവിടെ പാസ്സാക്കിയാലും ഇതു നടപ്പാകുകയില്ല, ഇതിന് അംഗീകാരം കിട്ടുകയില്ല എന്നു പറഞ്ഞു. അതിനുശേഷം അത് അയക്കുന്നതിനുമുമ്പു തന്നെ ഗവൺമെൻറിനെ മറിച്ചിടുന്നതിനുവേണ്ടി—ശ്രീമതി ഇന്ദിരാഗാന്ധി അന്ന് എ.ഐ.സി.സി. പ്രസിഡണ്ടായിരുന്നു, പണ്ഡിറ്റ് ജവഹരിലാൽ നെഹ്റു പ്രധാനമന്ത്രിയും—ആ നിയമസഭയേയും ഗവൺമെൻറിനേയും പിരിച്ചുവിട്ടു. പിരിച്ചുവിട്ടതിനുശേഷം എന്തുണ്ടായി സർ? പിരിച്ചുവിടുന്നതിനു ഒന്നുരണ്ടു ദിവസം മുമ്പുതന്നെ ബില്ലുമുഴുവൻ തയ്യാറാക്കി നിയമസഭ പാസ്സാക്കി കേന്ദ്രത്തിന് അയച്ചു. പ്രസിഡൻറ് അനുമതി നൽകിയില്ല. പ്രസിഡൻറ് അനുമതി നൽകി ഭേദഗതി നിർദ്ദേശത്തോടുകൂടി ഇവിടെ വന്നപ്പോഠം ആ ഭേദഗതി നിർദ്ദേശങ്ങളോടുകൂടി അവതരിപ്പിച്ചത് എൻെറ സ്നേഹിതൻ കെ. ചന്ദ്രശേഖരൻ 1960-ൽ റവന്യൂമന്ത്രിയായി വന്ന സമയത്താണ്. ആ ബില്ല് 1961-ലും അവതരിപ്പിച്ചു ഇവിടെ. ആ ഭേദഗതി നിർദ്ദേശങ്ങഠം എന്തൊക്കെയാണെന്ന് ഞാൻ പിന്നാലെ പറയാം. ആ ഭേദഗതി നിർദ്ദേശങ്ങളുമായി പൊരുത്തപ്പെടുന്നതാണ് ഇപ്പോഠം കൊണ്ടുവന്ന ഭേദഗതി. അത് പാസ്സാക്കിവച്ചിട്ടും കോടതിയിൽ പോയി. ആരാണ് ഹൈക്കോടതിയിൽ പോയത്? അവരുടെ വാദങ്ങളെല്ലാം നിയമസഭയിൽ കൊണ്ടുവന്നത് കോൺഗ്രസ്സുകാരാണ്. ആ ന്യായങ്ങഠം മുഴുവൻ ഇവിടെ അവതരിപ്പിച്ചു. എന്നിട്ടും രക്ഷയില്ലാത്തതുകൊണ്ട് അവസാനം കോടതിയിൽ പോയി ഹൈക്കോടതിയിലും സുപ്രീംകോടതിയിലും അതു ഭരണഘടനാവിരുദ്ധമാണെന്നുള്ള വിധിയുണ്ടാക്കി. ബില്ലുകൊണ്ടുവന്ന ശ്രീ. ചന്ദ്രശേഖരനും ഇരിക്കാൻ പറ്റിയില്ല. ശ്രീ. ചന്ദ്രശേഖരനെയൊക്കെ ആ മന്ത്രിസഭയിൽനിന്നു മാറ്റി. പി. ടി. ചാക്കോ റവന്യൂമന്ത്രിയായി. 1963-ൽ ഇപ്പോഠം മൂലനിയമമെന്നു നാം പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

നിയമം ഇവിടെ കൊണ്ടുവന്നു. ആ ബില്ലു കൊണ്ടുവന്നപ്പോഠം ആ ബില്ലിലെ വ്യവസ്ഥകളും 1959-ൽ പാസ്സാക്കിയ നിയമത്തിലെ വ്യവസ്ഥകളും 1963-ൽ കൊണ്ടുവന്ന നിയമത്തിലെ വ്യവസ്ഥകളും ഒന്നു പരിശോധിച്ചുനോക്കിയാൽതന്നെ അറിയാം, ആരാണ് കൃഷിക്കാരുടെ ബന്ധുക്കഠം, ആരാണ് കൃഷിക്കാരുടെ ശത്രുക്കഠം എന്ന്. കാർഷിക നിയമത്തിന് അടിസ്ഥാനമായിരിക്കേണ്ട പാട്ടം വെട്ടികുറയ്ക്കുക, കുടിയായ്മക്ക് സ്ഥിരാവകാശം കൊടുക്കുക, പഴുതുകഠം അടച്ച് കൂടുതൽ മിച്ചഭൂമി ഉണ്ടാക്കുക, ആ മിച്ചഭൂമി അർഹതപ്പെട്ട ആളുകഠംക്കു കൊടുക്കുക എന്നുള്ള കാര്യങ്ങളിലെല്ലാംതന്നെ വെള്ളം ചേർത്തുകൊണ്ടുള്ള നിയമമാണ് 1963-ൽ ചാക്കോ നിയമസഭയിൽ അവതരിപ്പിച്ചത്. ആ ചാക്കോ അവതരിപ്പിച്ച നിയമത്തിനുശേഷം ഈ രാജ്യത്തുണ്ടായിട്ടുള്ള പ്രക്ഷോഭണങ്ങളും പ്രസ്ഥാനങ്ങളും ചരിത്രം അറിയാവുന്ന ആളുകഠംക്ക് അറിയാം. ആ ഭേദഗതി നിർദ്ദേശങ്ങഠം കേന്ദ്രത്തിലേക്ക് അയച്ച് കേന്ദ്രം മടക്കി അയച്ചതിനുശേഷം രാഷ്ട്രപതിയുടെ നിർദ്ദേശങ്ങഠം കാർഷികവിരുദ്ധമല്ലെന്ന കേരള റവന്യൂവകുപ്പ് മന്ത്രിയുടെ ഒരു വിശകലനം കേരള പബ്ലിക് റിലേഷൻസ് വകുപ്പ് അന്നു പ്രസിദ്ധീകരിച്ചു. അതിന്റെ ഒരു ഭാഗമാണ് ഞാൻ വായിക്കുന്നത്.

''ഇപ്പോഴത്തെ രൂപത്തിലുള്ള ബില്ല് 18-12-1957 മുതൽ സ്വമേധയാ ഉള്ള കൈമാറ്റങ്ങഠം നിരോധിക്കുന്നുണ്ട്. 1957 ഡിസംബർ 18-ാം തീയതി മുതൽ രണ്ടുമാസം മുമ്പുവരെയുള്ള കാലഘട്ടത്തിൽ ഭൂമിയുടെ കൈവശാവകാശത്തിന് മാറ്റം അന്തർഭവിക്കുമാറ് കൈമാറ്റ രൂപത്തിൽ പത്തുലക്ഷത്തി അറുപത്താറായിരം ഇടപാടുകഠം സംസ്ഥാനത്തു നടന്നിട്ടുള്ളതായി വിവിധ രജിസ്ട്രേഷനാഫീസുകളിൽനിന്നുള്ള സ്ഥിതിവിവരക്കണക്കുകളിൽ കാണുന്നുണ്ട്. തീർച്ചയായും ഇതൊരു ആവർത്തനമാണെങ്കിലും വാങ്ങിയ ഏറിയ പങ്ക് ആളുകളും ഭൂമി ആദ്യമായി സമ്പാദിച്ചിട്ടുള്ളവരായിരിക്കാം.''

ആ കൈമാറ്റങ്ങളെല്ലാം അസാധുവാക്കണമെന്നു പറഞ്ഞു. 1959-ൽ പാസ്സാക്കിയ നിയമത്തിൽ ഉണ്ടായിരുന്നതിനേക്കാളും 1960 വരെയുള്ള കൈമാറ്റങ്ങഠം സാധുവാക്കാനുള്ള നിർദ്ദേശങ്ങഠം, നിയമം വന്നപ്പോഠം നിയമം വരുന്നതുവരെയുള്ള കൈമാറ്റങ്ങഠം സാധുവാക്കിയുള്ള രീതിയിൽ നിയമം പാസ്സാക്കി. അതിന്റെ ഫലമായി ആ നിയമത്തിൽ അതിനു മുമ്പുള്ള നിയമപ്രകാരം കിട്ടിയിട്ടുള്ള നിരവധി ആനുകൂല്യങ്ങഠം ഇല്ലാതായി. അന്ന് ഇവിടെ ഞങ്ങഠം നടത്തിയിട്ടുള്ള പ്രക്ഷോഭണങ്ങളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രധാനപ്പെട്ട ഒരു കാര്യമുണ്ടായിരുന്നു. ആദ്യത്തെ നിയമപ്രകാരംതന്നെ കോടതിയിൽ മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിനും കുടിയ്മ സ്ഥിരീകരിച്ചു കിട്ടുന്നതിനുംവേണ്ടി കൊടുത്തിട്ടുള്ള ഒരു ലക്ഷത്തിൽപരം അപേക്ഷകഠം ഉണ്ടായിരുന്നു. ഈ സംഗതിക്ക് സ്റ്റാമ്പ് ഡ്യൂട്ടിയായും അതുപോലെതന്നെ മറ്റു തരത്തിലുള്ള കോടതിച്ചെലവായും മറ്റും ഒരു കോടിയിൽപരം രൂപാ കൃഷിക്കാരൻ ചെലവാക്കിയിട്ടുണ്ട്. അങ്ങനെ ചെലവാക്കിയിട്ടുള്ള ഒരു കോടിയിൽപരം രൂപായും അതുമൂലം ഉണ്ടാകേണ്ട ഗുണവും തകർത്തുകൊണ്ട്, ആ നിയമത്തെ അസാധുവാക്കി; ആ നിയമം ഭേദഗതി ചെയ്യണമെന്ന ഞങ്ങളുടെ ആവശ്യത്തെപ്പോലും നിഷേധിച്ചുകൊണ്ട് പുതിയ നിയമം കൊണ്ടുവരികയാണ് ചാക്കോ ചെയ്തത്. അന്ന് നിയമസഭയിൽ സി. അച്യുതമേനോനും, ഇ. എം. എസും മറ്റും നടത്തിയിട്ടുള്ള പ്രസംഗങ്ങഠം ഞങ്ങഠം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അന്ന് നിയമസഭയിൽ ഞങ്ങളുടെ പ്രതിനിധികൾ പറഞ്ഞു, ഒരുമിച്ചു നിന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രതിനിധികൾ പറഞ്ഞു, അതുപോലെ തന്നെ ബില്ലിനെ അനുകൂലിച്ച പ്രതിനിധികൾ പറഞ്ഞു നിങ്ങൾ പുതിയ നിയമമല്ല കൊണ്ടുവരേണ്ടത് പഴയ ബില്ലുപ്രകാരം ഒരു കോടിയിൽപ്പരം രൂപ ചെലവുചെയ്ത ഒരു ലക്ഷത്തിൽപ്പരം കൃഷിക്കാർക്കു ആനുകൂല്യം കിട്ടാൻ നിലവിലുള്ള ആ വ്യവസ്ഥകളെ തകിടം മറിക്കുന്നതു ശരിയല്ല, 9-ാം ഷെഡ്യൂളിൽ നിയമം പെടുത്തി അതിനു സംരക്ഷണം വാങ്ങിച്ചുകൊടുക്കണം. കേന്ദ്രഗവൺമെന്റ്, കോൺഗ്രസ്. ഇതു കൊണ്ടുവന്നതും കോൺഗ്രസ്. പാസാക്കുന്നതും കോൺഗ്രസ്. അതു ചെയ്തു ഈ കൃഷിക്കാരെ സംരക്ഷിക്കണമെന്ന് ഞങ്ങൾ പറഞ്ഞു. അങ്ങനെയുള്ള നടപടികൾ എടുക്കുന്നതിനുപകരം പുതിയ ബില്ലുകൊണ്ടുവന്നതോടുകൂടി അതിനുമുമ്പുണ്ടായിരുന്ന മുഴുവൻ ഗുണവും ഇല്ലാതായി.

പുതിയ ബില്ലിനകത്ത് മര്യാദപ്പാട്ടം വർദ്ധിപ്പിച്ചു. ഒഴിപ്പിക്കുന്നതിനുവേണ്ടിയുള്ള കൂടുതൽ കൂടുതൽ പഴുതുകൾ ഉണ്ടാക്കി. മിച്ചഭൂമിയുടെ തോതു കുറച്ചു. അതു വിതരണം ചെയ്യുന്നതിനുള്ള അർഹതയെ സംബന്ധിച്ചു ദുർവ്യാഖ്യാനങ്ങൾ ഉണ്ടാക്കി, പാസ്സാക്കി നടപ്പാക്കി കഴിഞ്ഞിട്ടുള്ള ഒരു നിയമത്തെ തകർക്കുന്നതിനുള്ള ഏർപ്പാടുകളാണ് കോൺഗ്രസുകാരുടെ ഭാഗത്തുനിന്നും അപ്പോഴും ഉണ്ടായത്. അതൊക്കെ ചരിത്രരേഖകളാണ്. പ്രസംഗംകൊണ്ടു മറച്ചുവയ്ക്കാൻ കഴിയുന്നതല്ല.

അതിനുശേഷം ശ്രീമതി ഗൗരിയമ്മ നിയമം കൊണ്ടുവന്നു. ശ്രീമതി ഗൗരിയമ്മ കൊണ്ടുവന്ന നിയമത്തെ സംബന്ധിച്ച് ഇവിടെ പറഞ്ഞതു കൊണ്ടു പറയുകയാണ്. ഈ രാജ്യത്തെ കർഷകപ്രസ്ഥാനത്തിന്റെ സമരങ്ങളുടെ പ്രതീകമായിട്ടാണ് ആ ഗവൺമെന്റ് വന്നത്. ആ സമരത്തിലൂടെ ഉയർന്നുവന്നിട്ടുള്ള ആവശ്യങ്ങൾക്ക് നിയമപ്രാബല്യം കൊടുക്കുകയാണ് ഇവിടെ ചെയ്തത്. ആ നിയമം കൊണ്ടുവന്നതിനുശേഷം 1972-ൽ ഒരു ഭേദഗതി കൊണ്ടുവന്നു. വളരെ പുരോഗമനപരമായ ഭേദഗതിയെന്നാണ് പറയുന്നത്. അതിന്റെ പുരോഗമനം പിന്നാലെ പറയാം. അങ്ങനെ 1972-ൽ ഭേദഗതി കൊണ്ടുവന്നു. അതിനുശേഷം പിന്നെയും ഈ നിയമത്തിനു ഭേദഗതി വരുന്നു. സർ, ഈ ഭേദഗതികളൊക്കെ പരിശോധിച്ചു നോക്കിയാൽ അന്ന് ഇവിടെ നിയമം വന്നതിനുശേഷം കൊണ്ടുവന്നിട്ടുള്ള, കോൺഗ്രസിന്റെ ഭാഗത്തുനിന്നു കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ അതുപോലെതന്നെ ഇപ്പുറത്തുനിന്നു കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ. ഗൗരിയമ്മ ഭേദഗതി നിയമമാണ് കൊണ്ടുവന്നതെന്ന കാര്യം എല്ലാവർക്കും അറിയാം, ഒറിജിനൽ ആക്ടിനു ഭേദഗതിയാണ് കൊണ്ടുവന്നത്. ഭേദഗതി നിയമം കൊണ്ടുവരണമോ ഒറിജിനലായി നിയമം കൊണ്ടുവരണമോ എന്ന കാര്യം ചർച്ച ചെയ്തു. അതിനുവേണ്ടി ഒരു ഹൈലവൽ കമ്മിറ്റി ഉണ്ടാക്കി, നിയമസഭാ കമ്മിറ്റി ഉണ്ടാക്കി. കമ്മിറ്റി പലവട്ടം കൂടി. ശ്രീമാൻ മാണിക്കൊക്കെ അറിയാം. മാണിയൊക്കെ അതിനെപ്പറ്റി സംസാരിച്ചതാണ്. ഹൈലവൽ കമ്മിറ്റി ഉണ്ടാക്കി. പുതിയ നിയമം കൊണ്ടുവന്നാൽ 9-ാം ഷെഡ്യൂളിൽ പെടുത്തിക്കൊണ്ടുള്ള നിയമത്തിന്റെ ആനുകൂല്യം കിട്ടാതെ വരുമെന്നുള്ളതുകൊണ്ട് ഭേദഗതി നിയമമാണ് ശരിയെന്നു പറഞ്ഞു. അന്നും കോൺഗ്രസിന്റെ ഭാഗത്തുനിന്നു നടത്തിയിട്ടുള്ള പ്രസംഗങ്ങൾ......

ശ്രീ. കെ. പി. നൂറുദ്ദീൻ: ഒരു ചോദ്യം. ഇന്ന് ഇവിടെ അവതരിപ്പിച്ചു ചർച്ച നടത്തുന്ന ഈ ബില്ലിന് അവതരണാനുമതി ലഭിക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ഡൽഹിവരെ പോയി ഇൻഡ്യൻ പ്രധാനമന്ത്രിയെ കണ്ട് മെമ്മോറാണ്ഡം നൽകിയ അന്നത്തെ മുഖ്യമന്ത്രിയും ഇന്നത്തെ പ്രതിപക്ഷനേതാവുമായ ശ്രീമാൻ പി. കെ. വാസുദേവൻ നായർ ഇന്ന് ഇവിടെ പറയുന്ന കാര്യങ്ങൾ ആത്മാർത്ഥതയില്ലാതെ പറയുന്നതാണെന്നാണോ അഭിപ്രായം?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞാൻ ഇവിടെ പറഞ്ഞത് ആർക്കും എതിർക്കേണ്ട കാര്യമല്ലല്ലോ. ഇതൊക്കെ നമുക്കു പിന്നീടു പറയാം. അങ്ങനെ അന്ന് ഹൈലവൽ കമ്മിറ്റി ഉണ്ടാക്കി ഭേദഗതി നിയമമാണ് കൊണ്ടുവരാൻ തീരുമാനിച്ചത്. ആ നിയമത്തെപ്പോലും അന്ന് നിയമസഭയിൽ എതിർത്തു സംസാരിക്കുകയുണ്ടായി കോൺഗ്രസ് മെമ്പർമാർ.

ശ്രീ. എ. കെ. ആൻറണി: അന്നത്തെ ഭേദഗതി നിയമത്തിൻെറ സമയത്ത് കോൺഗ്രസ് മെമ്പർമാർ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറയുന്നുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ഗൗരിയമ്മ കൊണ്ടുവന്ന നിയമത്തിൽ കുടികിടപ്പുകാർക്ക് പത്തുസെൻറും അഞ്ചുസെൻറും കൊടുക്കുന്ന വ്യവസ്ഥ ഇല്ലായിരുന്നുവെന്നും ആ വ്യവസ്ഥ കൊണ്ടുവന്നത് കോൺഗ്രസ് നേതാവായ കെ. ടി. ജോർജ്ജ് ആണെന്നും ഉള്ള വിവരം അറിയാമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അയ്യയ്യോ അത് 1969-ലെ നിയമത്തിലുള്ളതാണ്.

ശ്രീ. എ. കെ. ആൻറണി: 1969-ലെ നിയമത്തിന് സെലക്ട്കമ്മിറ്റി സ്റ്റേജിൽ കെ. ടി. ജോർജിൻെറ പ്രൊപ്പോസലാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സെലക്ട്കമ്മിറ്റിസ്റ്റേജിൽ ആര് വർത്തമാനം പറഞ്ഞു എന്നുള്ളതു പ്രശ്നമല്ല. സെലക്ട്കമ്മിറ്റിയുടെ ഭേദഗതിയോടുകൂടി നിയമം കൊണ്ടുവന്നാൽ സെലക്ട്കമ്മിറ്റിയിൽ വർത്തമാനം പറഞ്ഞ ആളുടെ വകയാണോ ആ ബിൽ?

ശ്രീ. കെ. സുകുമാരനുണ്ണി: അന്നത്തെ ബില്ലിൽ ഇതുണ്ടായിരുന്നില്ല എന്നും അന്നത്തെ കോൺഗ്രസ് നേതാവായിരുന്ന കെ. ടി. ജോർജാണ് ഇതെഴുതിച്ചേർത്തതെന്നും അറിയാമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഒരാള് ചോദിച്ചതല്ലേ ഇതേ ചോദ്യം? ഈ ആവശ്യം അംഗീകരിക്കണമെന്നു പറഞ്ഞുകൊണ്ട് നിരന്തരമായ കർഷക പ്രക്ഷോഭണങ്ങൾ നടന്നിട്ടുണ്ട്. ആ പ്രക്ഷോഭണങ്ങളുടെ ആവശ്യം സെലക്ട്കമ്മിറ്റിസ്റ്റേജിലാണ് അംഗീകരിച്ചത് എന്നുള്ളത് ശരിയാണ്. ആ സെലക്ട്കമ്മിറ്റിയുടെ റിപ്പോർട്ട് അവതരിപ്പിച്ചതും ശ്രീമതി ഗൗരിയമ്മയാണ്, ആ ബിൽ ആ രൂപത്തിൽ പൈലറ്റുചെയ്ത് കൊണ്ടുവന്നതും ഗൗരിയമ്മതന്നെയാണ്, റവന്യൂമന്ത്രി എന്ന നിലയ്ക്ക്. അല്ലാതെ സെലക്ട്കമ്മിറ്റിസ്റ്റേജിൽ ആര് എന്തു വർത്തമാനം പറഞ്ഞു എന്നുള്ളതാണോ പ്രശ്നം?

ശ്രീ. കെ. കരുണാകരൻ: അന്നു കുടികിടപ്പുകാർക്കു ഭൂമി കൊടുക്കണമെന്നു പറഞ്ഞപ്പോൾ ചേർത്തല ഭാഗത്തുള്ള ബുദ്ധിമുട്ടുകളും മറ്റും ശ്രീമതി ഗൗരിയമ്മ പറഞ്ഞത് മി. രാമകൃഷ്ണന് ഓർമ്മയുണ്ടായിരിക്കുമല്ലോ. അതിൽനിന്നുതന്നെ വ്യക്തമാണല്ലോ ആ നിർദ്ദേശം വന്നത് ഞങ്ങളുടെ ഭാഗത്തുനിന്നാണെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അല്ല; കുടികിടപ്പുകാരെ പത്തു സെൻറിൻെറ ഉടമകളാക്കി മാറ്റണമെന്നു ഞങ്ങളുടെ കർഷകസംഘം പറഞ്ഞപ്പോൾ അതിനെ എതിർത്തു. ഈ ബില്ലിൻെറ ചർച്ചാവേളയിൽത്തന്നെ അതിൻെറ അടിസ്ഥാനത്തിൽ പ്രക്ഷോഭണങ്ങൾ നടന്നു. നിങ്ങളൊന്നും ഒരു പക്ഷേ എതിർത്തിട്ടില്ലായിരിക്കാം. പക്ഷേ, എതിർത്തതിലല്ല ബില്ലിന് ഭേദഗതി അവതരിപ്പിച്ചതിനു കാര്യം വേറെയുണ്ട്.

ശ്രീ. പി. എസ്. ശ്രീനിവാസൻ : സെലക്ട്കമ്മിറ്റി ചർച്ചയിലെ വിവരങ്ങൾ രഹസ്യമായതുകൊണ്ട് ഇപ്പോൾ ആർക്കും ഇതിൻെറ പിതൃത്വം അവകാശപ്പെടാമെന്നാണോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സാധാരണ സെലക്ട്കമ്മിറ്റിയിൽ ഒരു ബിൽ വന്നാൽ എല്ലാ മെമ്പർമാരുംകൂടി ചർച്ചചെയ്ത് അംഗീകരിച്ച് ഭേദഗതി നിർദ്ദേശിക്കുകയാണ് ചെയ്യുന്നത്. അതിനാണ് സെലക്ട് കമ്മിറ്റി ഉണ്ടാക്കുന്നത്. ഇതിപ്പോ ''ഞാൻ അവിടെ ചോദ്യോത്തരം നടത്തിയിട്ടാണ് റെയിൽവേ സ്റ്റേഷൻ വന്നത്'' എന്ന് ഒരിക്കൽ ഒരു എം.എൽ.എ. പറഞ്ഞതുപോലെയിരിക്കുന്നു.

ശ്രീ. പി. ആർ. കുറുപ്പ് : ഒരു ബിൽ പൈലറ്റ് ചെയ്യുന്ന മന്ത്രി ബില്ലവതരിപ്പിക്കുകയും നിയമസഭ ഭേദഗതി ചെയ്യുകയും ചെയ്താൽ പൈലറ്റുചെയ്യുന്ന മന്ത്രിക്കുതന്നെ നിയമസഭയുടെ തീരുമാനത്തിനു പൂർണ്ണമായ ബാധ്യതയുണ്ടെന്നാണോ മനസ്സിലാക്കേണ്ടത് ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അതൊക്കെ സാധാരണ കാര്യങ്ങളാണ്. അതെപ്പറ്റിയൊക്കെ നാം എന്തിനാണ് നിയമസഭയിൽ ചർച്ചചെയ്യുന്നത്?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: നിയമസഭയിൽ ചോദ്യോത്തരം നടത്തുന്നത് വെറും അർത്ഥശൂന്യമാണെന്ന നിലയിലാണ് ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചത്. നിയമസഭയിൽ ചോദിക്കുന്ന ചോദ്യങ്ങളുടെ ഉത്തരത്തിനു നൽകുന്ന ഉറപ്പുകൾ പാലിക്കപ്പെടുമെന്നുള്ളത് ഒരു പഴയ മെമ്പറായ അങ്ങയ്ക്കറിഞ്ഞുകൂടേ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഞാൻ പറഞ്ഞത് ചോദ്യോത്തരം നടത്തി എന്നാണ്. മെമ്പറാണോ ചോദ്യോത്തരം നടത്തുന്നത്? ചോദ്യം മെമ്പർ ചോദിക്കും, മന്ത്രി ഉത്തരം പറയും. 'ഞാൻ ചോദ്യോത്തരം നടത്തിയിട്ടാണ് റെയിൽവേ സ്റ്റേഷൻ വന്നത്'' എന്നു പറഞ്ഞതുപോലെ ഞാൻ സെലക്ട് കമ്മിറ്റിയിൽ വാദിച്ചിട്ടാണ് ഇതു കൊണ്ടുവന്നത് എന്നു പറയുന്നതിൻെറ അർത്ഥമെന്താണ് ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഉത്തരത്തിനു തരുന്ന ഉറപ്പ് നടപ്പാക്കാറുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : നിങ്ങൾക്കു വിഷമമുള്ള കാര്യമാണ് ഞാൻ പറയുന്നത്. എന്തുചെയ്യാനാണ്? കുടികിടപ്പുകാർക്കും മറ്റും കൂടുതൽ അവകാശം കൊടുക്കണമെന്നു നിയമം വന്നപ്പോൾ ഭേദഗതി അവതരിപ്പിച്ച മെമ്പർമാരുടെ പേരുകളൊന്നും ഞാൻ പറയുന്നില്ല—എല്ലാവരും

LIBRARY ARCHIVES Kerala Legislative Assembly

എന്റെ പഴയ സ്നേഹിതൻമാരാണ്—അന്നതിനെ തകർക്കാൻ നോക്കി; ഏതായാലും സാധിച്ചില്ല. ചരിത്രം പരിശോധിച്ചാലറിയാം, ഉള്ള ആനുകൂല്യങ്ങൾ കൂടുതലാക്കുന്നതിനുള്ള ഭേദഗതിയും ഉള്ള ആനുകൂല്യങ്ങൾ ഇല്ലാതാക്കുന്നതിനുള്ള ഭേദഗതിയും കൊണ്ടുവന്ന ചരിത്രമാണ് കോൺഗ്രസ്സിനുള്ളത്; അതിനെ അനുകൂലിക്കുന്ന ആളുകൾക്കുള്ളത് എന്ന്. അതെപ്പറ്റി പറയാൻവേണ്ടിയാണ് ഞാനിത്രയും പറഞ്ഞത്. 1947-ൽ സ്വാതന്ത്ര്യം കിട്ടി 1957 ആയിട്ടും ഇവിടെയുള്ള ഗവൺമെൻറ് നിയമം കൊണ്ടുവന്നില്ല; കൊണ്ടുവന്ന കോൺഗ്രസ്സിനെത്തന്നെ തകർക്കാൻ ശ്രമിച്ച കാര്യം ഞാൻ അനുസ്മരിക്കുകയാണ്. നിയമം കൊണ്ടുവന്നപ്പോൾ അതിനെ തോൽപ്പിക്കാൻ ശ്രമിച്ചു. സാധിക്കാഞ്ഞിട്ട് നിയമം കൊണ്ടുവന്ന ഗവൺമെൻറിനെത്തന്നെ തകർത്തു. പിന്നീട് ഗവൺമെൻറ് വന്നപ്പോൾ പഴയ നിയമത്തെത്തന്നെ തകർത്തു. അതിന് ഒട്ടുവളരെ ഭേദഗതികൾ ചെയ്തു. പിന്നീടുള്ള ചരിത്രം എന്താണ്? ശ്രീ. ദേവസ്സിക്കുട്ടിയേട്ടന്റെ അക്ഷരജ്ഞാനമില്ലാത്ത പാവപ്പെട്ടവർ, ചെളിയിൽ മുങ്ങിക്കിടക്കുന്ന ആളുകൾ 1969-ലെ ഗവൺമെൻറിനെ ഇവിടെ കൊണ്ടുവന്നു. അന്നുകൊണ്ടുവന്ന നിയമം ഭേദഗതിരൂപത്തിൽ കൊണ്ടുവരാൻ കാരണം ഒറിജിനൽ നിയമം.........

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : ഞങ്ങളേയും കൊണ്ടുവന്നത് അവർതന്നെയാണ്; കുത്തകയൊന്നും അവകാശപ്പെടേണ്ട.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഭേദഗതിചെയ്ത നിയമം എന്നുള്ള രീതിയിൽ കൊണ്ടുവന്നത് പഴയ നിയമത്തിലെ ആനുകൂല്യങ്ങൾ നിലനിറുത്താനും പുതുതായി ചില ആനുകൂല്യങ്ങൾ കൂട്ടിച്ചേർക്കാനുമാണ്. സർ, അന്ന് സെലക്ട്കമ്മിറ്റി റിപ്പോർട്ടവതരിപ്പിച്ചുകൊണ്ട് ശ്രീമതി ഗൗരിയമ്മ ചെയ്ത പ്രസംഗത്തിൽ, ഇതും അവസാനവാക്കല്ല, കാർഷികനിയമത്തിൽ ഒരിക്കലും അവസാനവാക്കുപറയാൻ സാധ്യമല്ല, മാറിവരുന്ന സാഹചര്യത്തിനനുസരിച്ച് നിയമത്തിന്റെ തത്വത്തിനെതിരായി പ്രവർത്തിക്കുന്ന സംവിധാനങ്ങളുണ്ടാക്കുന്ന കുഴപ്പങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി, പുതുതായി ദൃഷ്ടിയിൽപ്പെടുന്ന കാര്യങ്ങൾക്കംഗീകാരം കൊടുക്കാൻവേണ്ടി ഇനിയും ഭേദഗതികൾ വരുത്തേണ്ടതായിവരും എന്നു പറഞ്ഞിട്ടുണ്ട്. സർ, ഓരോ പ്രസ്ഥാനത്തിനും ആ പ്രസ്ഥാനത്തിനു കിട്ടുന്ന അംഗീകാരത്തിന്റെയും അതിന്റെ അടിസ്ഥാനത്തിൽ വളർന്നുവരുന്ന സാമൂഹ്യബോധത്തിന്റെയും ഒരു അംഗീകാരം എന്നുള്ള നിലയ്ക്കാണ് പുരോഗമനപരമായ നിയമങ്ങൾ നിയമപുസ്തകത്തിൽ സ്ഥാനം പിടിക്കുന്നത്. അന്നത്തെ ബോധത്തിനനുസരിച്ച് കൊണ്ടുവന്ന ആ നിയമത്തിന്, 1967–69 ആയപ്പോഴേക്കും വീണ്ടും മാറ്റംവരുത്തേണ്ടതായിവന്നു. അങ്ങനെ, കുടികിടപ്പുകാരെ ഒഴിപ്പിക്കുന്ന വകുപ്പുമാറ്റി അവരെ പത്തുസെൻറു ഭൂമിയുടെ ഉടമകളാക്കുന്ന വകുപ്പാക്കി. പത്തുസെൻറ് അഞ്ചുസെൻറാക്കണമെന്നുള്ള ഭേദഗതി കോൺഗ്രസ്സുകാർ തന്നെയാണ് കൊണ്ടുവന്നത്. മൂലനിയമത്തിൽ ഉണ്ടായിരുന്ന ആനുകൂല്യങ്ങൾ കുറെക്കൂടി വ്യാപകമാക്കണമെന്നുള്ള നിലക്ക് 1969-ലും ചില ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. 6-സി യുടെ ഭേദഗതി കൊണ്ടുവന്നപ്പോൾ ചില സ്നേഹിതൻമാർ ചോദിച്ചു, പുതിയ കുടിയായ്മ ഉണ്ടായാൽ അംഗീകാരം കൊടുക്കേണ്ടേ എന്ന്. പുതിയ കുടിയായ്മകളുണ്ടായിട്ടുണ്ടെന്ന് ദേവസ്സിക്കുട്ടിയും പറഞ്ഞു. 1969–ൽ കൊണ്ടുവന്ന ഭേദഗതിയിൽ 'deemed to be tenant' എന്നുള്ള നിലക്ക് ആറേഴ് കുടിയായ്മകൾക്ക് അംഗീകാരം കൊടുത്തിട്ടുണ്ട്. പക്ഷെ, കൊടുത്ത അംഗീകാരമാകെ പരിശോധിച്ചുനോക്കിയാൽ ഒരു കാര്യം മനസ്സിലാക്കാൻ കഴിയും, അതെല്ലാം നിലവിലുണ്ടായിരുന്ന, ദൃഷ്ടിയിൽപ്പെടാതെ കിടന്നിരുന്ന കുടിയായ്മകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

അംഗീകാരം കൊടുക്കലായിരുന്നു അതെന്ന്. അധ്വാനിക്കുന്ന ആളുകൾക്ക് അംഗീകാരം കൊടുക്കണം. പലപേരിലും പല സ്ഥലത്തും ഉണ്ടായിരുന്ന, ചെറിയൊരുഭാഗത്തെമാത്രം ബാധിക്കുന്ന കുടിയായ്മയ്ക്കുപോലും അന്ന് അംഗീകാരം കൊടുത്തിട്ടുണ്ട്. കർഷകപ്രസ്ഥാനത്തിന്റെ മജ്ജയും മാംസവും ഹൃദയവുമെല്ലാമായിരുന്ന അന്തരിച്ച സി. എച്ച്. കണാരൻ ഓടി നടന്ന് ഏതൊക്കിലും രണ്ടു കർഷകന്റെ പ്രശ്നംപോലും നിയമസഭയിൽ കൊണ്ടുവന്നിട്ടുണ്ട്. ഓടച്ചാർത്തുകാർക്കു സ്ഥിരാവകാശം, മുളവെട്ടാൻ കൊടുത്തവന് അനുവാദം ഒക്കെ ആവശ്യപ്പെട്ടപ്പോൾ

"ഓടച്ചാർത്തുമായ് ഓടിവരുന്നവൻ
ഓമനപ്പാട്ടുകൾ പാടും"

എന്നുപറഞ്ഞ് ഇവിടെ കളിയാക്കിപ്പാടി. ഓടച്ചാർത്ത് എന്നുംപറഞ്ഞുവന്നി രിക്കുന്ന അന്തിപ്പിച്ചയ്ക്കുവന്നവൻ എന്നുപറഞ്ഞു........ബാക്കി ഞാൻ ഒന്നും പറയുന്നില്ല. ഇങ്ങനെയാണോ കാർഷികനിയമം പാസ്സാക്കേണ്ടത് എന്നുള്ള ആക്ഷേപം നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. എന്ത് ആക്ഷേപം ആരുടെ ഭാഗത്തുനിന്നുണ്ടായാലും ശരി അതുവരെയുള്ള സകല കുടിയായ്മകൾക്കും അംഗീകാരം കൊടുക്കുന്നതിനുള്ള വകുപ്പുകൾ അന്നു ണ്ടാക്കിയിട്ടുണ്ട്. അതോടൊപ്പംതന്നെ ഒരുകാര്യം കൂടി പറഞ്ഞു. അതായത് ഫ്യൂച്ചർ ടെനൻസിയുടെ കാര്യം. ഫ്യൂച്ചർ ടെനൻസി ഉണ്ടാകുന്നതിനെ തട യുന്നതിനുള്ള നിയമത്തിൽ അന്നു മാറ്റം വരുത്തിയില്ല. ആ ഫ്യൂച്ചർ ടെനൻസിയുണ്ടാക്കിയത് അന്ന് 7-ാം വകുപ്പുപ്രകാരവും മറ്റും ഉണ്ടായതു പോലെയല്ല. അവിടെയാണ് നമ്മൾതമ്മിൽ അഭിപ്രായവ്യത്യാസം. ദൃഷ്ടി യിൽപ്പെട്ട സകല കുടിയായ്മകൾക്കും അംഗീകാരം കൊടുത്തശേഷം പുതു തായി കുടിയായ്മ ഉണ്ടാക്കാൻ പോകുന്നതും പുതുതായി 84-ലും 74-ലും പറയുന്ന സംഗതികളും നോക്കിയാൽ രണ്ടിന്റെയും തത്വം ഒന്നുതന്നെ യാണ്. കള്ളക്കൈമാറ്റങ്ങൾ ഒരിക്കലും ഉണ്ടാകാൻ പാടില്ല. അതിനുള്ള വ്യവസ്ഥകളാണ് രണ്ടിലും ഉണ്ടാക്കിയത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഗവൺമെന്റുവക ഭൂമിയാണെന്ന റിഞ്ഞിട്ടും അതിൽ താമസിക്കാൻ അവകാശമില്ലെന്നറിഞ്ഞിട്ടും അവകാശമു ണ്ടെന്നുള്ള ധാരണയിൽ ആളുകൾ താമസിച്ചിട്ടുണ്ട്. അവരൊക്കെ 'deemed to be tenant' ആണെന്നുള്ള ഭേദഗതിനിയമം കൊണ്ടുവന്നിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഉണ്ട്, ഉണ്ട്, എനിക്കറിയാം. ആ ഭേദ ഗതി വന്നു; ഞങ്ങളുടെ കർഷകപ്രസ്ഥാനത്തിന്റെ മുദ്രാവാക്യങ്ങളാണ് ഇവിടെ നടപ്പാക്കിയത്.

എരുമേലി–മുണ്ടക്കയം ഭാഗത്ത്, അവിടെയുള്ള പാലാ ബാങ്കിന്റെ ബോർഡ് മെമ്പർമാരിൽ ഒരാളായ, കൊട്ടുകാപ്പള്ളിയല്ല, പാലാംപട ആണെ ന്നാണ് എന്റെ ഓർമ്മ; 20 വർഷക്കാലമായി പതിനായിരക്കണക്കിന് കൃഷി ക്കാരുടെ കൈവശമിരുന്ന ഭൂമി, അത് എന്റെ ഭൂമിയാണെന്നു പറഞ്ഞു, ഗവൺമെന്റ് എനിക്കു തന്നിട്ടുള്ള ഭൂമിയാണെന്നു പറഞ്ഞ് കോർട്ടിൽ നിന്നും വിധി സമ്പാദിച്ച്, ആ ഭൂമി മുഴുവൻ അദ്ദേഹത്തിന്റെ വകയാക്കി. ആ വിധിയെ പൊളിച്ചു. ഇരുപതിനായിരത്തിൽപരം കർഷകർക്ക് സംരക്ഷണം കൊടുക്കുന്നതിനുവേണ്ടിയാണ് അതു ചെയ്തത്. ഗവൺ മെന്റുഭൂമി എന്നുള്ള ധാരണയിൽ രേഖയൊന്നുമില്ലാതെ കൈവശം വച്ചു ഇത്രകാലമായി അനുഭവിച്ചുപോരുന്ന, ദേഹണ്ഡങ്ങൾ ഉണ്ടാക്കിയിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്ക് കുടിയാൻ എന്ന രീതിയിൽ കണക്കാക്കി അംഗീകാരം കൊടുത്തിട്ടുണ്ട്. അതൊക്കെ നല്ല ബോധത്തോടുകൂടി ചെയ്തിട്ടുള്ള കാര്യങ്ങളാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : 1964-നുശേഷം ഇതുപോലെതന്നെ ഉത്തമവിശ്വാസത്തോടുകൂടി അറിഞ്ഞുകൂടാതെയും വഞ്ചനയിൽപ്പെട്ടുമൊക്കെ കൈവശം വയ്ക്കുകയും ദേഹണ്ഡങ്ങൾ ഉണ്ടാക്കുകയും ചെയ്തവർ, നേരത്തെ ശ്രീ. രാമകൃഷ്ണൻ പറഞ്ഞിട്ടുള്ളത്, ഈ വിഭാഗത്തിൽ പെടുന്നില്ല എന്നാണോ? അവരോടു നീതി വേണ്ട എന്നാണോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അതിനെക്കുറിച്ചൊക്കെ ഞാൻ സംസാരിച്ചുവരുന്നുണ്ട്. രണ്ടും ഒരേപോലെ കാണണ്ട എന്നു പറയുകയാണ്. ഫ്യൂച്ചർ ടെനൻസി വേണ്ട എന്നു തീരുമാനിച്ചത്, അതുവരെയുള്ള കുടിയായ്മകൾക്ക് മുഴുവൻ സംരക്ഷണം കൊടുത്തതുകൊണ്ടായിരുന്നു. ഫ്യൂച്ചർ ടെനൻസി ഉണ്ടാക്കുന്നതും അതുപോലെതന്നെ മിച്ചഭൂമി കൈമാറ്റംചെയ്യുന്നതും തടയുക എന്നുള്ള അടിസ്ഥാനത്തിൽ 1959-ലെ നിയമത്തിലും 1963-ലെ നിയമത്തിലും ഉണ്ടാക്കിയിരുന്ന സംരക്ഷണവ്യവസ്ഥകൾ തന്നെ തകർക്കുന്നതിനുവേണ്ടി ഉള്ള നിയമനിർമ്മാണമാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന നിയമനിർമ്മാണം. ഈ നിയമനിർമ്മാണം ആകെ പരിശോധിച്ചു നോക്കിയാൽ അന്ന് അത്തരം നിയമനിർമ്മാണം എതിർത്തിരുന്നവർ ഇന്ന് ആനുകൂല്യം കൊടുക്കണം എന്ന്, ആ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് ചെയ്ത പണി ഒന്നുതന്നെയാണ്. ശ്രീ. എ. കെ. ആൻറണിയുടെ ഉദ്ദേശം എന്തുതന്നെ ആയിരുന്നാലും ശരി പാവപ്പെട്ടവർക്ക് കിട്ടേണ്ട ഭൂമി കള്ളപ്രമാണങ്ങൾ ചമച്ച് തട്ടിയെടുക്കുന്നതിനാണ് അന്ന് കോൺഗ്രസ്സുകാർ അനുവർത്തിച്ചിരുന്നതുപോലെയുള്ള വാദം ആണ് നിർഭാഗ്യവശാൽ അദ്ദേഹം ഇന്ന് നടത്തുന്നത്. അതിന് ന്യായീകരണം കണ്ടുപിടിക്കാൻ പോയാൽ രാഷ്ട്രീയം പ്രസംഗിക്കാമെന്നല്ലാതെ വസ്തുതകളുടെ അടിസ്ഥാനത്തിൽ അതിനെ നിഷേധിക്കാൻ നമുക്ക് സാദ്ധ്യമല്ല. 1959-ലെ നിയമപ്രകാരം 1957 ഡിസംബർ 18-ാം തീയതി മുതൽക്കുള്ള കൈമാറ്റങ്ങൾ ദുർബലപ്പെടുത്തിയിരുന്നു. 1960 ജൂലൈ 27-ാം തീയതിവരെയുള്ള കൈമാറ്റങ്ങൾ മാത്രമെ അംഗീകരിക്കൂ എന്നുള്ള നിലയിൽ ആക്കി. 1960-ൽ ഗവൺമെൻറ് ഇത് നേരെ നടപ്പാക്കുന്നതുവരെ എന്നുള്ള രൂപത്തിൽ മാറ്റി. പ്രസിഡണ്ടിൻെറ ഭേദഗതി നിർദ്ദേശങ്ങൾ വന്നപ്പോൾ, ആ ഭേദഗതി നിർദ്ദേശങ്ങളെ ഞങ്ങൾ എതിർത്തിരുന്നു, 1957 ഡിസംബർ 18-ാം തീയതിക്കുശേഷം ഇതേവരെ നടത്തിയിരുന്ന കൈമാറ്റങ്ങൾ മുഴുവൻ സാധു ആക്കുന്ന തരത്തിൽ കൃഷിക്കാരൻെറ കൈവശം കിട്ടിയ ഭൂമി വീണ്ടും ഇല്ലാതാക്കി. അതിൻെറ കഥയാണ് മുമ്പ് ഇവിടെ പറഞ്ഞത്. അധികൃതരേഖയോടെതന്നെ പത്തു ലക്ഷത്തിൽപ്പരം രേഖാമൂലം കൈമാറ്റങ്ങൾ നടത്തിയിരുന്നു.

നമ്മുടെ മൂല നിയമത്തിൻെറ 74-ാം വകുപ്പുപ്രകാരം പുതിയ കുടിയായ്മ ഉണ്ടാക്കുന്നത് നിരോധിക്കുന്നു. അതുപോലെതന്നെ സെക്ഷൻ 84 പ്രകാരം മിച്ചഭൂമി കൈമാറ്റങ്ങളെയും അസാധുവാക്കുന്നു. മിച്ചഭൂമി കൈമാറുന്നതിനെ അസാധുവാക്കി എന്നു പറയുമ്പോൾ ഇപ്പോൾ പറയുന്ന വകുപ്പിന് ഒരു ന്യായം ഗൗരിയമ്മയുടെ നിയമത്തിൽ ഉണ്ടായിരുന്നില്ലേ എന്നതാണ്. ഞാൻ ഇവിടെ പറഞ്ഞു, 1959-ലെ നിയമം പാസാക്കിയിരുന്ന സമയത്തും ഇതു അവസാനവാക്കല്ല, ഭരണഘടനാപരമായി പ്ലാനിംഗ് കമ്മീഷൻെറ നിർദ്ദേശത്തിന് വിധേയമായി പാസാക്കിയില്ലെങ്കിൽ ഭരണഘടനാ വിരുദ്ധമെന്നു പറഞ്ഞു കൊടുക്കാൻ തീരുമാനിച്ച ആനുകൂല്യങ്ങൾപോലും കൃഷിക്കാർക്ക് നിഷേധിക്കപ്പെടും എന്നുള്ളതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

മനമില്ലാമനസ്സോടുകൂടി ആണ് ചില വകുപ്പുകൾ എഴുതിച്ചേർത്തത്. ജന്മിത്വം നഷ്ടപ്രതിഫലം കൂടാതെ അവസാനിപ്പിക്കണമെന്നുള്ള പാർട്ടിക്കാരാണ് ഞങ്ങൾ. നഷ്ടപ്രതിഫലം കൂടാതെ അവസാനിപ്പിക്കുമെന്നു നിയമം പാസാക്കിയാൽ ഭരണഘടനാവിരുദ്ധമാണ്. കേന്ദ്രഗവൺമെന്റിന്റെ അനുമതി കിട്ടുകയില്ല. കോടതിയിൽ തള്ളപ്പെട്ടുപോകുമെന്നുള്ളതുകൊണ്ട് ഞങ്ങൾ ആ വകുപ്പ് ചേർത്തിട്ടില്ല. അതിന്റെ അർത്ഥം ഞങ്ങൾ ഈ തത്വം വിട്ടു എന്ന് ആണോ? അല്ല. അതുപോലെ പല തത്വങ്ങളും അന്ന് കൊണ്ടുവന്നിരുന്നു. പക്ഷേ പിന്നീടു വന്നപ്പോൾ അതിൽത്തന്നെ ചെയ്യാവുന്ന തരത്തിലുള്ള ചില ഭേദഗതികൾ ഉണ്ടായിരുന്നു. അതിനെയാണ് ഇപ്പോൾ ഇല്ലാതാക്കാൻ പോകുന്നത്. 1964-ലെ നിയമത്തിൽത്തന്നെ 83-ാം വകുപ്പുപ്രകാരം ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നുവെന്നു ഗവൺമെന്റ് നോട്ടിഫൈ ചെയ്യുന്ന തീയതി മുതൽക്ക് മിച്ചഭൂമി കൈമാറ്റങ്ങൾ നിരോധിക്കുന്ന നിയമം ഉണ്ടായിരുന്നില്ലേ? ആ മിച്ചഭൂമി കൈമാറ്റങ്ങൾ നിരോധിക്കുന്ന നിയമം അതിന്റെ ഭാഗമായിത്തന്നെ 84-ാം വകുപ്പിൽ ഒരു ഭേദഗതിയും ചേർത്തു. ആ ഭേദഗതിയിൽ രണ്ടാമത്, ആദ്യത്തെ 1964-ലെ നിയമത്തിൽ ഒന്ന് ഇല്ല; ഒന്ന്, രണ്ട് എന്ന് റീനമ്പർ ചെയ്തിട്ട് രണ്ടാമത് കൊണ്ടുവന്നിട്ടുള്ള ഭേദഗതിയിൽ 1969 ജൂലൈമാസത്തിനുശേഷമുള്ള മിച്ചഭൂമി കൈമാറ്റങ്ങൾ അസാധുവാണ്. എന്നാൽ ഇന്നയിന്ന വിഭാഗങ്ങൾക്ക് അത് സാധുത്വം കൽപ്പിച്ചിരുന്നു. അങ്ങനെ ഭാഗ ഉടമ്പടിപ്രകാരം, കുടിയായ്മ എന്ന നിലയ്ക്ക് തുടർന്ന് കൈവശംവച്ചുകൊണ്ടിരുന്നവർക്ക്, ധർമ്മസ്ഥാപനത്തിന്റെ കാര്യത്തിൽ, അവിടെ ഇഷ്ടദാനപ്രകാരം എന്നുള്ളത് എടുത്തുമാറ്റിയിട്ടുണ്ട്. ഇഷ്ടദാനപ്രകാരം എന്നുള്ളത് ഒന്നാം ഖണ്ഡികയിൽച്ചേർത്തപ്പോൾ ഇഷ്ടദാനപ്രകാരമുള്ള മിച്ചഭൂമി ആണെങ്കിലും കൈമാറ്റം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥ പുതുതായി 1969-ലെ നിയമത്തിൽ ചേർത്തിട്ടുണ്ട്. 1972-ൽ നിങ്ങൾ വലിയ പുരോഗമനം കൊണ്ടുവന്നു, എന്നു പറഞ്ഞു. 1972-ൽ കൊണ്ടുവന്നിട്ടുള്ള പുരോഗമനം വളരെ സൂത്രത്തിലാണ്. ഇഷ്ടദാനവ്യവസ്ഥ എടുത്തുകളഞ്ഞു എന്നു പറഞ്ഞു. എന്നിട്ട് പരിമിതപ്പെടുത്തി. പരിമിതപ്പെടുത്തി എന്നു പറയുന്നത്, എടുത്തുകളഞ്ഞത് നിലനിറുത്തിയിരിക്കുകയാണ്. എടുത്തുകളഞ്ഞത് നിലനിറുത്തി ഈ ദായക്രമത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ വ്യാഖ്യാനിക്കുന്നത്, അത്തരം ആളുകൾക്ക് മിച്ചഭൂമി കൈമാറ്റംചെയ്യാനുള്ള അവകാശം കൊടുത്തുകൊണ്ടാണ്. അന്ന് ഞങ്ങളുടെ മെമ്പർമാർതന്നെ അതിനെ എതിർത്തില്ല, എന്ന് ഇതിനുമുമ്പും ഇവിടെ പ്രസംഗിച്ചിട്ടുണ്ട്. പക്ഷേ അതേ നിയമത്തിൽത്തന്നെ കൊണ്ടുവന്നിട്ടുള്ള ഒരു വകുപ്പ് ഇല്ലേ? ഗവൺമെന്റ് നോട്ടിഫൈ ചെയ്ത തീയതിക്ക് മേൽ ഏതു തരത്തിലുള്ളതായാലും അത് 72-ാം വകുപ്പുപ്രകാരം അതിനും ബാധകമാണെന്ന് വിധിച്ചിരിക്കുകയാണ് ഹൈക്കോടതി ചെയ്യുന്നത്. ഏതുതരത്തിലുള്ളതായിരുന്നാലും 72-ാം വകുപ്പുപ്രകാരം സാധുത ഉണ്ടോ എന്ന് വിശദമായി പരിശോധിച്ച് സിങ്കിൾബെഞ്ചിന്റെ വിധിയിൽ ഉള്ള പഴുതുകൾ അടച്ച് ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ സാക്ഷാത്കരിക്കപ്പെടണമെങ്കിൽ 1-1-1970-ന് ശേഷമുള്ള മിച്ചഭൂമി കൈമാറ്റം മുഴുവൻ തടയണമെന്ന് വിധിച്ചിരിക്കുകയാണ് ഹൈക്കോടതി ചെയ്തിട്ടുള്ളത്. 1-1-1970 മുതൽ 1974 നവമ്പർ 11-ാം തീയതി വരെയുള്ളത് അസാധുവാക്കിക്കൊണ്ടുള്ള തീരുമാനം എടുത്തത് ഇതേ ബില്ലിൽത്തന്നെ അല്ലേ? നിയമം നടപ്പിൽവന്നതിനുശേഷം മിച്ചഭൂമി കൈമാറ്റം പാടില്ല എന്നു അസന്നിഗ്ദ്ധമായി കോടതി വിധിച്ചപ്പോൾ മിച്ചഭൂമി കിട്ടേണ്ട ആളുകൾ സന്തോഷിച്ചു. കോടതിവിധിയെ മാനിച്ചുകൊണ്ട് മിച്ചഭൂമി ഏറ്റെടുത്ത് ഭൂമി ഇല്ലാത്തവർക്ക് വിതരണം ചെയ്യണം. പന്ത്രണ്ടര

2/151—4

LIBRARY ARCHIVES Kerala Legislative Assembly

ശതമാനം കഴിച്ച് ബാക്കി ഭൂമിയുടെ നേർപകുതി പാവപ്പെട്ട ഹരിജനങ്ങൾക്ക് വിതരണം ചെയ്യണം. ഹരിജനങ്ങളുടെയും പാവപ്പെട്ടവരുടെയും കൈവശം കിട്ടിയ ഭൂമി അവർക്ക് കൊടുക്കേണമോ അതോ ചില പ്രമാണിമാർക്ക് കൊടുക്കേണമോ ഇതാണ് പ്രശ്നം. പ്രശ്നം വളരെ ലളിതമാണ്. അവിടെനിന്നും നമുക്ക് തുടങ്ങാം. നിങ്ങൾ പറഞ്ഞു അത് പ്രമാണിമാർക്ക് കൊടുക്കണമെന്ന്. ഞങ്ങൾ പറഞ്ഞു അതു പാവപ്പെട്ടവർക്ക് കൊടുക്കണമെന്ന്, കാരണം ബില്ലിന്റെ ഇൻറൻഷൻ അതാണല്ലോ? മുഖ്യമന്ത്രി ഇവിടെ വിശദീകരിച്ചത് അതാണല്ലോ? ബിൽ പാസ്സാക്കിയവരുടെ ഉദ്ദേശം അത് പ്രമാണിമാർക്ക് കൊടുക്കണമെന്നുള്ള നിലയ്ക്കാണ്. അതു നടപ്പിൽവരുത്തുന്നതിന് വിരുദ്ധമാണ് കോടതി വിധി. അതുകൊണ്ടാണ് കോടതിവിധിക്കുശേഷം പിന്നെ മുഖ്യമന്ത്രിമാരുടെ സമ്മേളനമൊക്കെ വിളിച്ചുകൂട്ടി ഇത്തരം ബില്ല് പാസാക്കാതെയിരിക്കാനും ഉള്ള ഏർപ്പാടുകളൊക്കെയാണ് പല ഗവൺമെൻറുകളും ചെയ്തുകൊണ്ടിരുന്നത്.

ഇപ്പോൾ ശ്രീമാൻ ചരൺസിംഗ് പറഞ്ഞതിനെപ്പറ്റി പറയുന്നു. ശ്രീ. ചരൺസിംഗ് ഞങ്ങളുടെ നേതാവല്ല. ശ്രീ. ചരൺസിംഗിന്റെ കാർഷികനയം എന്താണെന്ന് ഞങ്ങൾക്കറിയാം. ശ്രീ. ചന്ദ്രശേഖരന് എന്താ സംശയം. ആരുപറഞ്ഞു ശ്രീ. ചരൺസിംഗ് ഞങ്ങളുടെ നേതാവാണെന്ന്. ശ്രീ. ചരൺസിംഗിന്റെ കാർഷികനയം, ഈ ചരൺസിംഗിന്റെ ഗവൺമെൻറ് കൊണ്ടുവന്ന സാമ്പത്തികനയം, മുമ്പ് നമ്മളെല്ലാം അനുകൂലിച്ചിരുന്ന മൊറാർജി ഗവൺമെൻറിന്റെ സാമ്പത്തികനയം അടക്കം ഉള്ള നയങ്ങൾക്ക് എതിരാണ് ഞങ്ങൾ എന്നുള്ളത് പ്രസിദ്ധമായ കാര്യമല്ലേ? അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമല്ലേ? പ്രഖ്യാപിതമായ കാര്യമല്ലേ? അപ്പോൾ ചരൺസിംഗിന്റെ കാർഷികനയം ഞങ്ങളുടെ തലയിൽ കെട്ടിവയ്ക്കാൻ നോക്കണ്ട. പക്ഷേ ആ ചരൺസിംഗ്പോലും പറഞ്ഞത്, ഇതിനുമുമ്പ് ശ്രീ. മൊറാർജിയും പറഞ്ഞു—അതിനുമുമ്പ് ശ്രീമതി ഇന്ദിരാഗാന്ധിയും പറഞ്ഞു—ഇത്രയും കൊല്ലക്കാലമായിട്ടും കാർഷികനയം നടപ്പാക്കിയിട്ടില്ല എന്ന്. കാർഷികനയം നടപ്പാക്കേണ്ട ഉത്തരവാദിത്വം ചൂണ്ടിക്കാണിച്ച് മുഖ്യമന്ത്രിമാർക്ക് ശ്രീമാൻ എ. കെ. ആൻറണി അടക്കം മുഖ്യമന്ത്രിയായിരുന്നകാലത്ത് സർക്കുലർ അയച്ചില്ലേ? ഈ നിയമം നടപ്പാക്കിയിട്ടില്ല എന്നതാണ് ആക്ഷേപം. എങ്ങനെ നടപ്പാക്കാതെയിരിക്കുന്നു? നടപ്പാക്കിയിട്ടുള്ള നിയമം നടപ്പാക്കുന്നതിനിടയ്ക്ക് മിച്ചഭൂമിയും മറ്റും തട്ടിയെടുക്കാം. അതിന് പഴുതുകൾ ഉണ്ടാകുമ്പോൾ അത് അടയ്ക്കാനും നിങ്ങൾ തയ്യാറല്ല. കിട്ടിയ തഞ്ചം ഉപയോഗിച്ച് പ്രമാണിമാർക്കുവേണ്ടി നിയമനിർമ്മാണം നടത്താനാണ് നിങ്ങൾ മുതിരുന്നത്. അതാണ് ഞങ്ങൾക്കുള്ള ആക്ഷേപം.

ശ്രീമതി ഗൗരിയമ്മ കൊണ്ടുവന്ന നിയമത്തെക്കുറിച്ചു പറഞ്ഞു. 1-8-1970-ന് ഈ നിയമം നടപ്പാക്കി എന്ന് നോട്ടിഫൈ ചെയ്തശേഷം കൈമാറ്റംചെയ്യാൻ ആരെയും നിയമംഅനുവദിക്കുന്നില്ല. ആ നിയമം നടപ്പിലാക്കൻ നിങ്ങൾ തയ്യാറാണോ? ആ നിയമം നടപ്പിലാക്കാൻ തയ്യാറാകാതെ ആ നിയമത്തിനു പുതിയ ഒരു പരിവേഷം കൊണ്ടുവരികയാണ്—ന്യൂനപക്ഷ സംരക്ഷണം എന്ന ഓമനപ്പേര്. ദായക്രമത്തെപ്പറ്റി ശ്രീ. ബേബി ജോൺ പറഞ്ഞത് പുതിയ ബന്ധുത്വംകൊണ്ടായിരുന്നില്ല. ഒരു നമ്പൂതിരിയാണ് കേസു കൊണ്ടുവന്നത്. നമ്പൂതിരി കൈമാറ്റംചെയ്ത എട്ടേക്കറിൽച്ചില്ലാനം മിച്ചഭൂമിയുടെ കാര്യത്തിലാണ് വിധി. അപ്പോൾ ദായക്രമത്തിന്റെ ഏർപ്പാടു മാത്രമല്ല. എല്ലാവരുടെയും കാര്യങ്ങൾ ഉണ്ട്. നിങ്ങൾ രാഷ്ട്രീയലക്ഷ്യത്തിനുവേണ്ടി ഇതിനു പ്രത്യേകസമുദായത്തിന്റെയും മതങ്ങളുടെയും വികാരങ്ങളെ വ്രണപ്പെടുത്തുന്ന ഏർപ്പാട് എന്ന നിലയിൽ ആക്കിയിട്ട് അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നമാക്കാൻ വന്നു; ന്യൂനപക്ഷതാൽപര്യസംരക്ഷണം എന്ന പേരിൽ. ഈ ന്യൂനപക്ഷതാൽപര്യസംരക്ഷണമാണ് പുരോഗമനനിയമം കൊണ്ടുവരുമ്പോഴും എന്നും ഇവിടെ ഉണ്ടാക്കിയിട്ടുള്ളത്. കാർഷികനിയമമായാലും ശരി ഏതു നിയമമായാലും ശരി അതിനുനേരെ ബാലിയെ കൊന്ന രീതിയിൽ ഒളിയമ്പു പ്രയോഗിക്കുകയാണ് ചെയ്യുന്നത്. എവിടെയാണ് ഈ ഒളിയമ്പെയ്യുന്നവൻ മറഞ്ഞിരിക്കുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കുകയില്ല. ബാലിയെ കൊല്ലാൻ മറഞ്ഞുനിന്നതുപോലെ മറഞ്ഞുനിൽക്കുകയാണ്. അതിനുള്ള മറയാണ് 'ന്യൂനപക്ഷസംരക്ഷണം'. ന്യൂനപക്ഷത്തിന്റെ താൽപര്യമെന്നാൽ എന്താണ്? ഇത് ന്യൂനപക്ഷതാൽപര്യമാണോ? ന്യൂനപക്ഷസമുദായത്തിൽ ഭൂമിയുള്ളവരുണ്ട്, ഭൂമിയില്ലാത്തവരുണ്ട്. ഭൂമി കിട്ടേണ്ടവരുണ്ട്. അത് പതിനായിരങ്ങളാണെങ്കിൽ നിങ്ങൾ പറയുന്നവർ പത്തോ പതിനഞ്ചോ ആണ്. അങ്ങനെ പതിനായിരങ്ങളെസംബന്ധിച്ച ന്യൂനപക്ഷസംരക്ഷണം നിങ്ങൾക്ക് പ്രശ്നമല്ല. അത് എന്തുകൊണ്ട് നിങ്ങൾക്ക് പ്രശ്നമാകുന്നില്ല. ജൻമിമാർ എണ്ണത്തിൽ കുറവാണ്—അങ്ങനെയുണ്ട് 'ഒരു ന്യൂനപക്ഷം'. കൃഷിക്കാരാണല്ലോ കുറവ്, അപ്പോൾ ന്യൂനപക്ഷമർദ്ദനമല്ലേ—അങ്ങനെ വാദിച്ചിട്ടുള്ള വീരൻമാരും ഉണ്ട്, ദായക്രമത്തിന്റെ കാര്യം പറഞ്ഞ് ഈ നിയമത്തിന്റെ ആനുകൂല്യം ലഭിക്കേണ്ട പതിനായിരങ്ങളുടെ—ഏതു മതത്തിലും സമുദായത്തിലുംപെട്ട പതിനായിരങ്ങളുടെ അവകാശങ്ങളെ അവഗണിക്കുന്ന രീതി ശരിയല്ല. ന്യൂനപക്ഷത്തിന്റെ പേരുപറഞ്ഞ് പുരോഗമനനിയമങ്ങളെ എതിർക്കുന്ന പഴയ പാരമ്പര്യത്തിന്റെ ആവർത്തനം മാത്രമാണ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളത്. അന്നും ഇതു കേട്ടിട്ടുണ്ട്. 'മരിച്ച ഒരു സ്ത്രീയുടെ മടിയിൽനിന്നെടുത്തുകൊണ്ടുവന്ന കത്ത്'' എന്നു പറഞ്ഞ് ശ്രീ. ആർ. രാഘവമേനോൻ അന്ന് ഈ നിയമസഭയിൽ ഒരു കത്ത് കൊണ്ടുവന്നു കാണിച്ചു. ഒരു കല്യാണിക്കുട്ടിയമ്മയോ മറ്റോ മരിച്ചുപോയി. അവരുടെ മടിയിൽനിന്നെടുത്തതെന്നു പറഞ്ഞ് ഈ മനുഷ്യൻ എഴുതിവച്ച കത്തുതന്നെയായിരിക്കും അന്ന് കാണിച്ചത്. അങ്ങനെയുള്ള പ്രശ്നങ്ങളെല്ലാം എടുത്തുകൊണ്ട് ഇത്തരം പുരോഗമന നിയമങ്ങളെ എതിർക്കാൻ നിൽക്കുന്നത് ശരിയല്ല. കുടിയായ്മസംരക്ഷണത്തിന്റെ കാര്യം പറഞ്ഞ ശ്രീ. ദേവസ്സിക്കുട്ടി ചോദിച്ചു, ടി. കെ. രാമകൃഷ്ണനും വാദിച്ച കാര്യമല്ലേ എന്നു ചോദിച്ചു. വാദിച്ചിട്ടുള്ള കാര്യം ഇതല്ല. ഇത് പുതിയതായി കുടിയായ്മയുണ്ടാക്കുകയാണ്. 74-ാം വകുപ്പിന്റെയും 84-ാം വകുപ്പിന്റെയും സംരക്ഷണം എടുത്തിട്ട്, കൈമാറ്റങ്ങളെ തടയുന്നതിനുള്ള വ്യവസ്ഥയിൽ പഴുതുണ്ടാക്കി എങ്ങനെയാണ് ഇവിടെ മിച്ചഭൂമി വിറ്റു പണമാക്കിയത് എന്നുള്ള ചരിത്രം നമുക്കറിയാം. മിച്ചഭൂമിയുടെ ഉടമസ്ഥൻ ഒരു കൃഷിക്കാരനുമായി ലോഹ്യപ്പെടും. ആ കൃഷിക്കാരന്റെ കൈവശമിരുന്ന ഭൂമിയാണെന്നു പറയും. 72-ാം വകുപ്പുപ്രകാരം പർച്ചേസ് റൈറ്റുകിട്ടാൻ അപേക്ഷ കൊടുക്കും. കൈവശമിരുന്ന ഭൂമിയാണെന്ന് സമ്മതിക്കും. അങ്ങനെ രണ്ടുകൂട്ടരുംകൂടി ഒത്ത് മിച്ചഭൂമി കൈമാറ്റം ചെയ്യും. കുടിയായ്മയുടെ സൃഷ്ടിയും അങ്ങനെയാണ് വരുന്നത്. ദേഹണ്ഡം ഉണ്ടാക്കി എന്നു പറഞ്ഞുകൊണ്ട് പുതിയ കുടിയായ്മയുണ്ടാക്കിക്കൊടുക്കുകയാണ്. ഈ ബിൽ അവതരിപ്പിച്ച സമയത്ത് അത് വളരെ മുമ്പോട്ടുപോയിരുന്നു. എന്താണ് ഇപ്പോൾ ചെയ്ത ഭേദഗതി? പണ്ടത്തെ വകുപ്പ് പ്രകാരം, ഒരു കരാറുണ്ടാകണം; എക്സിക്യൂട്ടുചെയ്യണം. അത് മാറ്റി കരാർ വേണ്ട, വാക്കാൽകരാർ മതി എന്നാക്കി. കരാർ ഉണ്ടാക്കുന്നതു തന്നെ അപകടം; കള്ളപ്രമാണങ്ങൾ ചമച്ചശേഷം ഇനി ഭൂമിയുണ്ടോ എന്നുള്ള കാര്യം വേറെ അന്വേഷിക്കണം. അങ്ങനെ രജിസ്റ്റർ പ്രമാണങ്ങൾ ചമച്ചും മിച്ചഭൂമിയുടമസ്ഥൻമാരുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ

2/151—4a

LIBRARY ARCHIVES Kerala Legislative Assembly

ആ ഭൂമി വിറ്റു. കരാറെങ്കിലും ഉണ്ടാകണമെന്ന ഏർപ്പാടു പണ്ടുണ്ടായിരുന്നത് ഇപ്പോൾ മാറ്റി. വാക്കാൽ കരാർ മതി; അത്തരം സങ്കല്പം മാത്രമായാൽ മതി; അതാണ് സി. എച്ച്. കൊണ്ടുവന്നിട്ടുള്ള പുതിയ ഭേദഗതിയുടെ അർത്ഥം. അങ്ങനെ കിട്ടാവുന്ന മുഴുവൻ ഭൂമിയും, മിച്ചഭൂമി മുഴുവൻതന്നെ, പുതിയ കുടിയായ്മ സൃഷ്ടിച്ചുകൊണ്ട് തട്ടിയെടുക്കാം. 84-ാം വകുപ്പിന്റെ ഭേദഗതിയായി 1-1-1970-നുശേഷമുള്ള കൈമാറ്റങ്ങൾക്ക് സാധുത്വം കൊടുത്തുകൊണ്ടുവന്നിട്ടുള്ള നിയമത്തിൽ ബാക്കി വന്നിട്ടുള്ള ഭൂമി വല്ലതും ഉണ്ടായാലും തട്ടിയെടുക്കാം. അതുകൊണ്ടാണ് കള്ളപ്രമാണം ചമച്ചതിന് അംഗീകാരംകൊടുക്കുന്ന നിയമമാണെന്നു പറഞ്ഞത്. ഒരിക്കലും ഇത് കാർഷികനിയമത്തിന്റെ അടിസ്ഥാനതത്വത്തിന് യോജിച്ചതല്ല. കൃഷിക്കാരെ രക്ഷിക്കാനുള്ളതല്ല. കള്ളപ്രമാണങ്ങൾ ചമച്ച് ജൻമിമാരെയും, മാടമ്പിമാരെയും രക്ഷിക്കാനുള്ള നിയമമാണ്. അതുകൊണ്ട് ഈ നിയമം യാതൊരു കാരണവശാലും പാസാക്കാൻ പാടില്ല എന്നു പറയുന്ന രാഷ്ട്രീയം കൃഷിക്കാരനും തൊഴിലാളിക്കും ഭൂമി കിട്ടണമെന്ന രാഷ്ട്രീയമാണ്.

ആ രാഷ്ട്രീയം ഇപ്പോൾ ശ്രീ. ആൻറണിക്കുംമറ്റും മനസ്സിലാകാതെ വന്നിരിക്കുന്നു. പണ്ടത്തെ കോൺഗ്രസ്സിനോട് പടവെട്ടിവെട്ടി സ്വേച്ഛാധിപത്യവിരുദ്ധമായ നിലപാട് അംഗീകരിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞശേഷം പുതിയ കൂട്ടുകെട്ടിന്റെ അടിസ്ഥാനത്തിൽ ചർച്ച നടത്തി. അങ്ങനെ പുതിയ കൂട്ടുകെട്ടുകൾക്കുവേണ്ടി നീണ്ടിത്തുടങ്ങിയശേഷം ഉണ്ടായിട്ടുള്ള മാറ്റമല്ലേ സർ ഇത്? കള്ളപ്രമാണങ്ങൾ ചമച്ചിട്ടുള്ള പ്രമാണിമാരെ രക്ഷിച്ചുകൊണ്ട് ഇടതുപക്ഷമുന്നണിയും ജനാധിപത്യമുന്നണിയും നമ്മുടെരാജ്യത്തുണ്ടാവുകയില്ല. ഈ നിയമം പാസാക്കിയ ശേഷം, പാവപ്പെട്ടവന്റെ കൈവശംകിട്ടിയ ഭൂമിയെടുത്തു പ്രമാണിമാർക്ക് കൊടുത്തശേഷം വീണ്ടും ഐക്യമാകാമെന്നും ജനാധിപത്യത്തെയും ഐക്യത്തെയും ഇടതുപക്ഷത്തെയും സംരക്ഷിക്കാമെന്നും ആരെങ്കിലും പറഞ്ഞാൽ അത് വ്യാമോഹമാണ്. അങ്ങനെ ആളുകളെ പറ്റിക്കുന്ന തരത്തിലുള്ള നടപടികൾക്ക് നേതൃത്വംകൊടുത്ത ആളുകളുമായി കൂട്ടുകൂടാൻ ഞങ്ങളെ കിട്ടുകയില്ലെന്നുള്ളകാര്യം അസന്നിഗ്ദ്ധമായിത്തന്നെ പറയാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: നല്ല ഉറപ്പാണോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ദേവസിക്കുട്ടിയേട്ടന് പുതിയ കൂട്ടുകെട്ടിനെ കിട്ടിയതിൽ സന്തോഷം കാണും. പക്ഷേ ഞങ്ങൾ ഖേദത്തോടു കൂടിയാണു പറയുന്നത്.

ശ്രീ. ടി. എച്ച്. മുസ്തഫ: ഇത് ഇ. എം. എസ്: അംഗീകരിക്കുമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇതിനെതിരായി ചിന്തിക്കുന്ന നിരവധി സ്നേഹിതൻമാർ ഇന്ന് അപ്പുറത്തുണ്ട്. ഇഷ്ടദാനവ്യവസ്ഥക്കു നിയമപ്രാബല്യം കൊടുക്കുക എന്നുള്ളത് ചില പ്രത്യേക കൂട്ടുകെട്ടിന്റെ കാര്യമായിരുന്നു എന്നുള്ളനിലക്ക് ആ കൂട്ടുകെട്ടിനേക്കാൾ മഹത്തായ ഒരു കൂട്ടുകെട്ട്, മഹത്തായ മാറ്റത്തിനുവേണ്ടിയുള്ള ഒരു നീക്കം അംഗീകരിക്കണമെന്നു. ബോധ്യമായപ്പോൾ അതു കൊണ്ടുവന്ന ആളുകൾ തന്നെ അതിനെതിരായി നിന്നു. അതിനെ സ്വാഗതം ചെയ്യുന്നത് പുതിയ കൂട്ടുകെട്ടിന്റെ ഏർപ്പാടു വച്ചിട്ടല്ല. അതെല്ലാം കൊണ്ടുവന്നത് എന്തടിസ്ഥാനത്തിലാണെന്നു വിശദീകരിച്ചു. ആ അടിസ്ഥാനത്തിൽത്തന്നെ

LIBRARY ARCHIVES Kerala Legislative Assembly

അതുപേക്ഷിക്കാമെന്നു സമ്മതിച്ചശേഷം അജ്ഞാതമായ കാരണത്താൽ ശ്രീ. എ. കെ. ആൻറണിയും മറ്റും മാറി. രാഷ്ട്രീയസത്യസന്ധത പാലിക്കണ്ടേ? രാഷ്ട്രീയസത്യസന്ധത ആരോടാണ്? ഈ രാജ്യത്തെ കൃഷിക്കാരോടും തൊഴിലാളികളോടും അദ്ധ്വാനിക്കുന്ന പാവപ്പെട്ടവരോടുമാണ്. അവരോടാണു രാഷ്ട്രീയപാർട്ടികൾക്കു സത്യസന്ധത. അവരോടാണ് ആഭിമുഖ്യം. അവരുടെ ഭൂമി തട്ടിയെടുത്തവരോടല്ല. അത്തരം സത്യസന്ധതക്കാണ് ജനാധിപത്യം 'പുരോഗമനം' ഇടതുപക്ഷം എന്നൊക്കെ പറയുന്നത്. മറ്റതിനു വേറെ പേരാണ്. ആ വേറെ പേരു പറയേണ്ട ഭാഗത്തു നിന്നുകൊണ്ട് ഈ നിയമത്തെ എത്രകണ്ടു ന്യായീകരിച്ചാലും ശരി, ശരിയാവുകയില്ല. ശ്രീമതി ഗൗരിയമ്മ നിയമം പാസാക്കിയ സമയത്തുതന്നെ പറഞ്ഞിട്ടുണ്ട്, ഇത് അവസാനത്തെ നിയമമല്ല; ഇനിയും നിരവധി മാറ്റങ്ങൾ വേണ്ടിവരും; കാലാനുസൃതമായ മാറ്റങ്ങൾ സാമൂഹ്യപരിഷ്കരണ നിയമങ്ങൾക്കു കൊണ്ടുവരിക എന്നുള്ളത് അതിൻെറ അനുക്രമമായ വളർച്ചയാണ്; പ്രസ്ഥാനത്തിൻെറ ഒരു അംഗീകാരമാണ്; അതുകൊണ്ട് പല കുറവുകളും ഇതിൽ ഉണ്ടായേക്കാം; ആ കുറവുകൾ നികത്താം. അതോടൊപ്പം തന്നെ ബോധപൂർവ്വം ഒന്നു ചെയ്തിരുന്നു. 84-ാം വകുപ്പിനു 2-ാം വകുപ്പ് എന്നുള്ള രൂപത്തിൽ ഒരു ഭേദഗതി: 1969-നു ശേഷം വരുന്ന മിച്ചഭൂമി കൈമാറ്റങ്ങൾ തടഞ്ഞുകൊണ്ടുള്ള ഭേദഗതിയിൽ ഇഷ്ടദാനകൈമാറ്റങ്ങളെക്കൂടിപ്പെടുത്തിയിരുന്ന വകുപ്പ് ഒന്ന്; 83-ാം വകുപ്പുപ്രകാരം മേലിൽ നോട്ടിഫൈ ചെയ്യുന്ന തീയതിക്കുമേൽ മിച്ചഭൂമികൈമാറ്റങ്ങൾ പാടില്ലെന്നുള്ള വകുപ്പ് രണ്ട്. ഈ രണ്ടു വകുപ്പുകൾപ്രകാരം, മിച്ചഭൂമി കൈമാറ്റം ചെയ്യാൻ ആർക്കും അവകാശമില്ല. അവകാശമില്ലാത്തത് കൈമാറ്റം നടത്തിയതു ശരിയല്ല എന്നുള്ള നിലയ്ക്ക് വീണ്ടെടുക്കാൻ ഹൈക്കോടതി പറഞ്ഞ ഭൂമി അവർക്കു എടുത്തുകൊടുത്ത് പാവപ്പെട്ടവനു ഭൂമിയില്ലാതാക്കാൻ വേണ്ടി കൊണ്ടുവന്നിട്ടുള്ള നിയമനിർമ്മാണമാണ് ഇത്. അതേ തോതനുസരിച്ചുള്ള ഒന്നാണ് ശ്രീ. സി. എച്ച്. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതി. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതി കുറേക്കൂടി ആപൽകരമാണ്. അതുകൊണ്ടാണ് ഈ നിയമത്തെ അംഗീകരിക്കാൻ നിവൃത്തിയില്ലെന്നു ഞങ്ങൾ പറയുന്നത്.

ദേവസിക്കുട്ടിയേട്ടൻ പറഞ്ഞു മുമ്പു കൊണ്ടുവന്നിട്ടുള്ള ഭേദഗതിക്കു തുല്യമായി 26-ാം വകുപ്പിനു ഒരു ഭേദഗതി കൊണ്ടുവന്നിട്ടുണ്ടെന്ന്. പാട്ടക്കുടിശികയ്ക്കു കോടതിയിൽപോയി ബുദ്ധിമുട്ടനുഭവിക്കാതെ ഈടാക്കാൻ സൗകര്യംചെയ്തു കൊടുത്തതു നല്ലതാണെന്നു പറഞ്ഞു. പാട്ടക്കുടിശിക വരുന്നത് പാവപ്പെട്ട കൃഷിക്കാർക്കാണ്. സർ, പാട്ടം അടയ്ക്കാൻ നിവൃത്തിയില്ലാത്തവരുടെ പക്കൽനിന്നും, രസീതു കൊടുക്കാത്തതുകൊണ്ട് കൊടുത്ത പാട്ടത്തിനുംകൂടി കുടിശ്ശികയാക്കി കണക്കാക്കി റവന്യൂറക്കവറി നടപടി എടുക്കാനുള്ള അധികാരം കളക്ടർക്കു കൊടുക്കുകയാണെങ്കിൽ പാട്ട കുടിശിക അടയ്ക്കാൻ നിവൃത്തിയില്ലാത്ത ആളുകളുടെ വീട്ടിലെ ഉപകരണങ്ങൾപോലും തട്ടി എടുക്കാനുള്ള അവകാശം കിട്ടും.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഞാൻ ആ വകുപ്പ് നല്ലതാണെന്നോ അല്ലെന്നോ പറഞ്ഞില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞാൻ അതു നോട്ടുചെയ്തു വച്ചിട്ടുണ്ട്. അങ്ങനെ പറഞ്ഞു. അപ്പോൾ ആ വകുപ്പ് മോശപ്പെട്ടതാണെന്നു സമ്മതിച്ചോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസിക്കുട്ടി: അപ്പോൾ ഞാൻ പറയാത്തതെല്ലാം നോട്ട് ചെയ്ത് എടുക്കുകയാണോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മറ്റ് സകലതിനെപ്പറ്റിയും പറഞ്ഞ ദേവസിക്കുട്ടി എന്തുകൊണ്ടാണ് അതിനെപ്പറ്റി ഒന്നും മിണ്ടാത്തത്? ആ വകുപ്പ് കൃഷിക്കാർക്കു ഗുണകരമല്ല. അതുകൊണ്ട് ആ വകുപ്പ് ഓരോ വകുപ്പ് വകുപ്പ് ആയി എടുത്താലും മൊത്തത്തിൽ എടുത്താലും ഭൂപരിഷ്ക്കരണനിയമത്തിൻെറ കഴുത്തിനു കത്തി വയ്ക്കുന്ന, അന്തസ്സത്തയെ നശിപ്പിക്കുന്ന ഒരു നിയമം രാഷ്ട്രീയത്തിനുവേണ്ടിതന്നെ കൊണ്ടുവന്നു എന്നു പറയുമ്പോൾ കൊണ്ടുവന്നതിനെക്കാൾ ഉയർന്ന രാഷ്ട്രീയത്തിനു വേണ്ടി അതിനെ എതിർത്ത് വീണ്ടും അതിൻെറ ഭാഗത്തുതന്നെ നിൽക്കുന്നതു രാഷ്ട്രീയ കൂട്ടുകെട്ട് ഉറപ്പിക്കാൻവേണ്ടിയാണ്. എനിക്ക് വളരെ വിഷമം തോന്നുന്നുണ്ട്. ശ്രീ. ഭാസ്ക്കരൻ നായരും ശ്രീ. എ. കെ. ആൻറണിയും ശ്രീ. കരുണാകരനും മൂന്നുപേരും അവിടെത്തന്നെ ഇരിക്കണം. സ്നാപ്പ് എടുക്കാൻ പറ്റാത്തതുകൊണ്ടാണ്. ഇല്ലെങ്കിൽ ഒന്ന് എടുക്കാമായിരുന്നു. ഇഷ്ടദാനം, സ്വേച്ഛാധിപത്യം എല്ലാംകൂടി യോജിച്ചിരിക്കുന്നു. ന്യൂനപക്ഷ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ എന്നു പറഞ്ഞുകൊണ്ട് പാവപ്പെട്ടവൻെറ ഭൂമി തട്ടി എടുക്കാൻവേണ്ടി പാവപ്പെട്ടവൻെറ കൈവശം വന്ന അവകാശത്തെ നിഷേധിക്കാൻവേണ്ടിയാണ് ഇവർ ഒരുമിച്ചുകൂടിയിരിക്കുന്നത്.

എങ്ങനെയാണ് സ്വേച്ഛാധിപത്യത്തിനും വർഗ്ഗീയതയ്ക്കും എതിരായ സമരം ശ്രീ. ആൻറണി നടത്താൻ പോകുന്നതെന്നു കാണേണ്ടതുണ്ട്. ശ്രീ. ദേവസിക്കുട്ടി എട്ടൻ, നിങ്ങൾക്ക് വിഷമം ഉണ്ടാകും. വിഷമമൊന്നും തോന്നേണ്ട കാര്യമില്ല. നിങ്ങൾ യോജിച്ച് കാര്യങ്ങൾ നടത്തുമെന്നു പറഞ്ഞു. നിങ്ങൾ യോജിച്ചു നടത്താൻ പോകുന്ന കാര്യങ്ങൾ ഇതാണ്. അതുകൊണ്ടാണ് യോജിപ്പിൻെറ ഭാഗത്തുനിന്നും മാറി, പ്രഖ്യാപിച്ച കാര്യങ്ങളോട് രാഷ്ട്രീയ സത്യസന്ധത പുലർത്താൻ ആ ഭാഗത്തുനിന്നും മാറിനിൽക്കണമെന്ന് അവസാനനിമിഷത്തിലും അഭ്യർത്ഥിക്കുന്നത്. ആ അഭ്യർത്ഥന ഞങ്ങളുടെ വീക്ക്നെസ്സായും ശ്രീ. ഇ. എം. എസ്സിനു എന്തോ കാര്യം നേടാനുള്ള കാര്യമായും അതിനെ ചിന്തിക്കുന്നതു ശരിയല്ല. ഈ നിലയിൽ ചിന്തിക്കുന്ന ആളുകൾ ഉണ്ട്. അതുകൊണ്ട് ആ സ്നേഹിതൻമാർ എത്രയോ വർഷങ്ങൾക്കുശേഷം പാവപ്പെട്ട കൃഷിക്കാരന് കിട്ടേണ്ട ഈ ആനുകൂല്യങ്ങൾ തട്ടി എടുത്ത് നിങ്ങൾ രാഷ്ട്രീയം ഉറപ്പിക്കാൻ നോക്കാതെ ഈ ഭാഗത്തു വരണം. ഈ ബില്ലിനെ അടിമുടി എതിർത്ത് തോൽപ്പിക്കണമെന്നാണ് എനിക്കു അവസാനമായി പറയാനുള്ളത്.

ശ്രീ. എ. കെ. ആൻറണി: കോൺഗ്രസ്സിൽനിന്നും ഒറ്റയ്ക്ക് ആളെ പിടിക്കാനുള്ള ശ്രമമാണ് നടത്തുന്നത് അല്ലേ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീ. ഷൺമുഖദാസ് രാജിവച്ചത് ഞങ്ങൾ പിടിച്ചിട്ടാണോ? കോൺഗ്രസ് നേതാക്കൻമാർ നിന്ന സ്ഥാനത്തുനിന്നും മുഖ്യമന്ത്രിസ്ഥാനം പോലുള്ള ഉത്തരവാദപ്പെട്ട സ്ഥാനം അങ്ങ് പറിച്ച് എറിഞ്ഞത് ഞങ്ങൾ പറഞ്ഞിട്ടാണോ? ഔദ്യോഗിക കോൺഗ്രസ്സിൻെറ നയം തെറ്റെന്ന് തോന്നിയ സമയത്ത് അതിനെ വെല്ലുവിളിച്ചുകൊണ്ട് പലരും പുറത്തുവന്നിട്ടുണ്ട്. ആ സമീപനം അങ്ങയുടെ പാർട്ടിയിൽപ്പെട്ട ചിലർ കാണിക്കുന്നുണ്ടെങ്കിൽ അത് അങ്ങ് കാണിച്ച മാതൃക

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ച് നല്ലതിനോടുള്ള താൽപ്പര്യവും ആഭിമുഖ്യവും ആണ്. അത് ആരെങ്കിലും കാണിക്കുന്നുണ്ടെങ്കിൽ..............

ശ്രീ. എ. കെ. ആൻറണി: അതിൻെറ പേരിൽ ആരും അങ്ങോട്ട് വരാൻ പോകുന്നില്ല. ഇവിടെത്തന്നെ ഇരിക്കും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങനെ അറുത്തുമുറിച്ചു അറംവച്ച രീതിയിൽ വർത്തമാനം പറയരുത്. ആരും ഇങ്ങോട്ട് വന്നില്ലെങ്കിൽ നമ്മൾ ഒരുമിച്ച് പോകുമെന്ന പ്രസ്താവന ഒപ്പിട്ടു വച്ചില്ലേ? ആ കൂട്ടുകെട്ടിൽ നിന്നും പുറത്തുവന്ന് മാർക്സിസ്റ്റ് പാർട്ടിയുമായി ചേർന്ന് സ്വേച്ഛാധിപത്യത്തിനും വർഗീയതയ്ക്കും എതിരായിട്ടുള്ള സമരത്തിൽ പാർലമെൻറ് തെരഞ്ഞെടുപ്പിനോടൊപ്പം അസംബ്ലി തെരഞ്ഞെടുപ്പും നടത്തുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കാൻ തയ്യാറാണെന്ന് ഉള്ള ശ്രീ. കെ. പി. പ്രഭാകരൻ ഇന്നലെ ഇവിടെ വായിച്ച പ്രസ്താവന അങ്ങു കൂടി ഒപ്പിട്ട് നമ്മൾ ഒരുമിച്ച് ഇരുന്നു ചർച്ച ചെയ്തതല്ലേ. 9, 10 തീയതികളിൽ നമ്മൾ ഒരുമിച്ച് ഇരുന്നു തെരഞ്ഞെടുപ്പിനെ സംബന്ധിച്ച ചർച്ച ആകാമെന്ന് പറഞ്ഞ് വർത്തമാനം പറഞ്ഞതിനുശേഷം ദിവസം എത്രയായി? 13 ദിവസമേ അതിനുശേഷം ആയിട്ടുള്ളു. പഞ്ചായത്ത്–മുനിസിപ്പൽ–കോർപ്പറേഷൻ തെരഞ്ഞെടുപ്പു കാലത്ത് നമ്മൾ ഒരുമിച്ച് ആയിരുന്നില്ലേ? അങ്ങനെ ഒരുമിച്ച് ഇരുന്നത് രണ്ടു കൂട്ടരുടെയും താൽപ്പര്യത്തിനുവേണ്ടി ആയിരുന്നില്ലേ?

ശ്രീ. എ. കെ. ആൻറണി: ഞാൻ പറഞ്ഞത് തെരഞ്ഞെടുപ്പുകാലത്ത് ഏതെങ്കിലും ഭാഗത്ത് ഐക്യം ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതിൻെറ പേരിൽ കോൺഗ്രസ്സിൽനിന്നും ഒറ്റയ്ക്ക് ആളെ പിടിക്കാമെന്ന് കരുതേണ്ട എന്നാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഒറ്റയ്ക്കല്ല, മുഴുവൻപേരും വരണമെന്നാണ് ഞാൻ പറയുന്നത്. ശ്രീ. എ. കെ. ആൻറണി ഉൾപ്പെടെ ഉള്ളവർ വരണം.

ശ്രീ. എ. കെ. ആൻറണി: ആലോചിക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ന്യൂനപക്ഷതാൽപ്പര്യം സംരക്ഷിക്കാൻ എന്നുള്ള നിലയിൽ ന്യൂനപക്ഷത്തിൽപ്പെട്ട ഭൂരിപക്ഷത്തിൻെറ താൽപ്പര്യം സംരക്ഷിക്കാൻ ശ്രീ. സി. എച്ച്. മുഹമ്മദ്കോയ ഉൾപ്പെടെ ഉള്ളവർ വരണം. നമ്മൾ ഒരുമിച്ചു ചർച്ച ചെയ്യാൻ പ്രസ്താവന ഇറക്കിയതല്ലേ. ആ പ്രസ്താവന ഇറക്കിയത് 6-ാം തീയതിയാണ്. നമ്മളെല്ലാം ഒരുമിച്ച് വരണമെന്ന് പറയുന്നത് പാവപ്പെട്ടവൻെറ ഭൂമി തട്ടിയെടുക്കാനാകരുത്. അതുപോലെ പ്രമാണിമാരെ സ്വാധീനിക്കാനും ആകരുത്. ശ്രീ. കരുണാകരന് നല്ല ആസ്വാദനം ആണ്. നല്ല ദാഹസമയത്ത് സർബത്ത് അടിക്കുന്നതുപോലെ ആണ് അദ്ദേഹം ആസ്വദിക്കുന്നത്. ആ ആസ്വാദനം എവിടെ കൊണ്ടുവന്ന് എത്തിക്കുമെന്നറിയുകയില്ല. ഇപ്പോൾ അവർ വളരെ അടുത്തു വന്നിട്ടുണ്ട്. അതിൽ ഞങ്ങൾക്ക് സങ്കടം ഉണ്ട്. സ്വേച്ഛാധിപത്യ വർഗീയ വിരുദ്ധ കൂട്ടുകെട്ടിൻെറകൂടെ കോൺഗ്രസ്സുകാർ ആകെ വരണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.

ശ്രീ. കെ. കരുണാകരൻ: ഏതായാലും ശ്രീ. രാമകൃഷ്ണന് സന്തോഷമുള്ള സ്ഥലത്തു കൊണ്ടുചെന്ന് എത്തിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: നമുക്കു സന്തോഷമുള്ള സ്ഥലത്തല്ല എത്തിക്കുന്നതെന്നുവച്ചാൽ അവർ മുഴുവൻ ഒരുമിച്ചാൽ നമുക്കു സന്തോഷം ഉണ്ടാവുകയില്ലല്ലോ. അപ്പോഴും ആ സ്ഥലത്ത് എത്തിക്കും. നിന്നെയും കൊല്ലും ഞാനും ചാവും എന്നുള്ള സ്ഥിതിയാണ്. അതിലേക്ക് പോകരുത്. പാവപ്പെട്ടവന്റെ ഭൂമി തട്ടി എടുക്കുന്നതാണ് രാഷ്ട്രീയസത്യസന്ധതയെന്നു പറഞ്ഞുകൊണ്ട് ചരിത്രം ഒരിക്കലും മാപ്പു നൽകാൻ ഇടയില്ലാത്ത പ്രഖ്യാപനങ്ങൾ നടത്തരുത്. ഒറ്റയ്ക്കൊറ്റയ്ക്കല്ല, സകല ആളുകളും ഈ ഭാഗത്തേക്ക് വന്ന് നമുക്ക് ഒരുമിച്ചുനിന്ന് ഈ ബിൽ തള്ളിക്കളഞ്ഞുകൊണ്ട് സ്വേച്ഛാധിപത്യ വർഗ്ഗീയവിരുദ്ധ സമരങ്ങളുടെ കൊടിയും പിടിച്ചുകൊണ്ട് മുമ്പോട്ടു പോകണം. അതിനുവേണ്ടി സ്നേഹിതന്മാർ യോജിക്കണമെന്നുള്ള പ്രഖ്യാപനത്തോടുകൂടി ഈ ബിൽ ആകെ തള്ളിക്കളയണമെന്നാണ് എനിക്കു പറയാനുള്ളത്. ബാക്കി കാര്യങ്ങളെപ്പറ്റി പിന്നാലെ വരുന്നവർ സംസാരിക്കും. ബില്ലിനെ എതിർക്കുന്നത് രാഷ്ട്രീയം സംസാരിക്കാൻ വേണ്ടിയല്ല. 40 വർഷത്തെ രാഷ്ട്രീയ ചരിത്രം അതിനു ഉണ്ട്. ഈ ചരിത്രത്തിൽ ഇനി നൂൽ പോലെ പാഞ്ഞു കിടക്കുന്ന ഒരു കാര്യം കോൺഗ്രസ്സുകാർ, അതുപോലെ നിക്ഷിപ്ത താൽപ്പര്യക്കാർ ഈ കാര്യങ്ങൾക്ക് എതിരായിനിന്ന് പക്ഷെ അതിന്റെ അവസാനത്തെ കണ്ണിയായിനിന്ന ശ്രീ. എ. കെ. ആന്റണി നിൽക്കുന്നത് കാണാനുള്ള വിഷമംകൊണ്ട്, അങ്ങനെ ആയിത്തീരരുതെന്നുള്ള ആഗ്രഹംകൊണ്ട് ആണ് പറയുന്നത്.

ശ്രീ. എ. കെ. ആന്റണി: ഇൻഡ്യയിൽ കാർഷിക പരിഷ്ക്കരണത്തിനുവേണ്ടി ആദ്യമായി ശബ്ദം ഉയർത്തിയത് കോൺഗ്രസ്സാണ്. അത് കറാച്ചിയിൽനിന്നും ആണെന്നുള്ള കാര്യം മനസ്സിലാക്കണം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ആ കറാച്ചിയിൽനിന്നും മുഴക്കിയ കൂട്ടത്തിൽ ഉണ്ടായിരുന്നവർതന്നെയാണ് ഞങ്ങളെല്ലാവരും. പക്ഷെ അധികാരം കിട്ടിയപ്പോൾ ആ മുഴക്കം അവിടെ മാറ്റിവച്ചു. 1957-ൽ നിയമം കൊണ്ടുവന്നത് കോൺഗ്രസ്സിന്റെ തത്വങ്ങളെ ആസ്പദമാക്കിയാണ്. അല്ലാതെ ഞങ്ങളുടെ നിയമമെന്ന് ഞങ്ങൾ പറഞ്ഞില്ല. പക്ഷെ അത് നടപ്പിലാക്കിയില്ല. നടപ്പിലാക്കാൻ വന്ന സമയത്ത് ആ സർക്കാരിനെയും തകർത്തു. തകർത്ത കാലത്ത് അങ്ങേക്ക് ഈ ബോധം അല്ല ഉണ്ടായിരുന്നത്.

ശ്രീ. എ. കെ. ആന്റണി: അധികാരം കിട്ടിയശേഷം കാർഷിക പരിഷ്ക്കരണംവന്നു. കാർഷിക പരിഷ്ക്കരണം കോടതിയിൽ ചോദ്യം ചെയ്തപ്പോൾ അധികാരം ഉപയോഗിച്ചുകൊണ്ട് 9-ാം ഷെഡ്യൂളിൽ കൊണ്ടുവന്നത് ഞങ്ങളാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 9-ാം ഷെഡ്യൂളിൽ വന്നത് എത്രയോ കൊല്ലം കഴിഞ്ഞിട്ടാണ്. 9-ാം ഷെഡ്യൂളിൽ പെടുത്തിയിട്ടുള്ള നിയമം നിൽക്കുന്ന കാലത്താണ് കാർഷിക പരിഷ്ക്കരണ നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു, അതിനു വേണ്ടിയുള്ള നിയമനിർമ്മാണത്തിനുള്ള നടപടികൾ എടുക്കണമെന്നു പറഞ്ഞുകൊണ്ട് കേന്ദ്രഗവൺമെന്റ് സർക്കുലർ അയച്ചത് ഞങ്ങളാരും മറന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ ഈ ഭേദഗതി ബില്ലിനെ അനുകൂലിക്കുകയാണ്. ഇഷ്ടദാനനിയമം എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന കേരള ഭൂപരിഷ്ക്കരണഭേദഗതിബില്ലിനെ പിന്താങ്ങേണ്ടിവന്നതിൽ സന്തോഷമുണ്ട്. ഇവിടെ ബിൽ അവതരിപ്പിച്ച അവസരത്തിൽ ബഹുമാനപ്പെട്ട ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് എതിർത്തുകൊണ്ട് സംസാരിക്കുകയും സഭയിൽനിന്നും പോവുകയും ചെയ്തു. അതിനുശേഷം അദ്ദേഹത്തിന്റെ പാർട്ടിയിലെ അംഗമായ ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണൻ സംസാരിക്കുന്നതു ഞാൻ വളരെ ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം ഇവിടെ പറഞ്ഞ കാര്യങ്ങളിലേക്ക് ഞാൻ ദീർഘമായി കടക്കുന്നില്ല. വളരെ പ്രസക്തമായ ചില കാര്യങ്ങൾ മാത്രം ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്.

ഇന്ന് ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിനിയമത്തിൽ മൂലനിയമത്തിലെ 13 വകുപ്പുകൾക്ക് ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്. അതുകൂടാതെ പുതുതായി 2 സെക്ഷൻ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. ഈ ബിൽ ഈ സഭയിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട ശ്രീ. ബേബി ജോണും അദ്ദേഹത്തിന്റെ പാർട്ടിയും അതുപോലെതന്നെ ഇതിനെ പിന്താങ്ങിക്കൊണ്ട് ഈ സഭയിൽ ഞങ്ങളോടൊപ്പം ഇരുന്നിരുന്ന മുഖ്യമന്ത്രി ശ്രീ. പി. കെ. വാസുദേവൻ നായരും അദ്ദേഹത്തിന്റെ പാർട്ടിയും ഒരു സുപ്രഭാതത്തിൽ ഈ നിയമം ഇട്ടേച്ചോടിയത് കണ്ടപ്പോൾ എനിക്ക് വളരെയേറെ കുണ്ഠിതം തോന്നി. അഞ്ചാമത് കേരള നിയമസഭയുടെ അഞ്ചാമത് സമ്മേളനം ആരംഭിച്ച അവസരത്തിൽത്തന്നെ ഭൂപരിഷ്ക്കരണഭേദഗതിനിയമം സഭയിൽ ചർച്ചക്ക് എടുക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിരുന്നു. ദിവസം പലതു നീങ്ങി. കഴിഞ്ഞ നാലാംതീയതി ഈ ബിൽ ഈ സഭയിൽ എടുക്കാം എന്നു തീരുമാനിച്ചു. അത് വീണ്ടും ചില കാരണങ്ങളാൽ 8–ാംതീയതിയിലേക്ക് മാറ്റണമെന്നു പറഞ്ഞു. അതിനുശേഷം 6–ാംതീയതി നിയമസഭയിൽ പോലീസ് അമെൻറുമെൻറ് ബിൽ ചർച്ചക്ക് വന്ന അവസരത്തിൽ, ആ ചർച്ച ദീർഘിപ്പിച്ചുകൊണ്ടുപോയപ്പോൾ, അന്ന് ഞങ്ങളോടൊപ്പം ഭരണഭാഗത്ത് ഇരുന്ന ആളുകളുടെ വികാരം മാനിച്ചുകൊണ്ട് ഞാൻ തന്നെ ക്ലോഷർമോഷൻ അവതരിപ്പിച്ചു. 8–ാംതീയതി രാവിലെ കേരള ഭൂപരിഷ്ക്കരണഭേദഗതി നിയമം ചർച്ചക്ക് എടുക്കാമെന്ന് പറഞ്ഞിരുന്നു. എന്നാൽ 7–ാംതീയതി വൈകുന്നേരം ഭരണകക്ഷിയിലെ പാർട്ടിനേതാക്കൻമാരെ വിളിച്ചു അന്നത്തെ മുഖ്യമന്ത്രി ശ്രീ. പി. കെ. വാസുദേവൻ നായർ പറഞ്ഞത് "നമുക്ക് ഒന്നിച്ചിരിക്കുവാൻ പറ്റാത്ത സാഹചര്യം വന്നിരിക്കുന്നു, അതുകൊണ്ട് ഞാൻ രാജി സമർപ്പിക്കുവാൻ പോകുന്നു" എന്നാണ്. അദ്ദേഹം രാജിവയ്ക്കുവാനുള്ള കാരണം എന്താണെന്ന് എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല. കഴിഞ്ഞ 25–ാം തീയതി ഭരണഭാഗത്തുണ്ടായിരുന്ന രാഷ്ട്രീയപ്പാർട്ടികളിലെ നേതാക്കൻമാർ ഒരു പ്രസ്താവന പുറപ്പെടുവിച്ചു. അന്ന് ഈ പ്രസ്താവനയിൽ ഒപ്പുവച്ചിരുന്ന കക്ഷികൾ എടുത്തിരുന്ന തീരുമാനം ഈ ഭൂപരിഷ്ക്കരണഭേദഗതിനിയമം ഈ സമ്മേളനകാലത്തു പറഞ്ഞിരിക്കുന്ന തീയതിയിൽതന്നെ പാസ്സാക്കും എന്നായിരുന്നു. ഈ പറഞ്ഞ വാക്ക് പാലിക്കുവാനുള്ള മാന്യതപോലും അതുമായി ബന്ധപ്പെട്ട കക്ഷികൾ കാണിച്ചില്ലല്ലോയെന്നോർക്കുമ്പോൾ വളരെയേറെ കുണ്ഠിതമുണ്ട്. അന്ന് അവരെ പിന്താങ്ങിയ കക്ഷികളോട് കാണിച്ച കടുത്ത വഞ്ചനയാണ്—അനീതിയാണ് അത് എന്ന് പറയുവാൻ ഞാനാഗ്രഹിക്കുന്നു.

അപ്പുറത്തുള്ള ഒരു ബഹുമാനപ്പെട്ട മെമ്പർ (ശ്രീ. നമ്പൂതിരിപ്പാട്) ശ്രീ. എ. കെ. ആൻറണിയെക്കുറിച്ച് പരാമർശിച്ചുകേട്ടു. ഇടതുപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ഐക്യത്തിനുവേണ്ടി, ഇടതുപക്ഷ ജനാധിപത്യമുന്നണി ഉണ്ടാക്കുവാൻ വേണ്ടി മുമ്പോട്ടുവരേണ്ട ആന്റണി ഇതെല്ലാം ഇട്ടിട്ടുപോയി എന്ന് ശ്രീ. നമ്പൂതിരിപ്പാട് പറഞ്ഞു; ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞു. എന്നാൽ നട്ടെല്ലുള്ള ഒരു മനുഷ്യനായിട്ടാണ് ഞങ്ങൾ ഇന്ന് ശ്രീ. ആന്റണിയെ കാണുന്നത്. അദ്ദേഹം ഐക്യകക്ഷി പ്രസ്ഥാനത്തിൽ ഒന്നിച്ചിരുന്ന അവസരത്തിൽ ആ പ്രസ്ഥാനത്തിന്റെ നേതാവ് എന്നുള്ള നിലയിൽ അന്നു നൽകിയിരുന്ന വാഗ്ദാനം നിറവേറ്റുവാൻവേണ്ടി അദ്ദേഹം നട്ടെല്ലുകാണിച്ചപ്പോൾ ശ്രീ. പി. കെ. വാസുദേവൻ നായരുടെ നട്ടെല്ല് വാഴപ്പിണ്ടി കൊണ്ടുള്ളതാണെന്നു മനസ്സിലാക്കാൻ ഞങ്ങൾക്ക് സാധിച്ചില്ല. കടുത്ത അനീതിയും വഞ്ചനയുമാണ് ശ്രീ. പി. കെ. വാസുദേവൻ നായർ കാണിച്ചത്. 7-ാം തീയതിവരെ ഈ നിയമത്തെ ന്യായീകരിച്ചിരുന്ന ആളുകൾ ഇന്ന് ഏത് രീതിയിൽ ഈ ബില്ലിനെ എതിർക്കുമെന്ന് എനിക്കറിയില്ല. അന്ന് ഇവർ പറഞ്ഞിരുന്നത് ഈ ബിൽ ആവശ്യമാണെന്നും പാസ്സാക്കേണ്ടതാണെന്നുമാണ്.

നമ്മുടെ രാജ്യത്തെ പാവപ്പെട്ട ആളുകൾക്ക് ആനുകൂല്യം കൊടുക്കുവാനുള്ള വ്യവസ്ഥകൾ ഇതിനകത്തുണ്ട്. പക്ഷേ അതെല്ലാം മറച്ചുവച്ചുകൊണ്ട് വളരെയേറെ പുകമറ പരത്തിയിരിക്കുകയാണ്. സർ, ഇത് പറയുമ്പോൾ ആടിനെ പട്ടിയാക്കുക എന്ന ഒരു കഥ കേട്ടിട്ടുണ്ട്. ഇന്ന് ആ അനുഭവമാണ് നാം കാണുന്നത്. ശ്രീ. പി. കെ. വാസുദേവൻ നായർ ഈ ബിൽ ആകുന്ന ആടിനേയുംകൊണ്ട് മുമ്പോട്ടുപോയി. അപ്പോൾ ശ്രീ. നമ്പൂതിരിപ്പാട് പറഞ്ഞു ഇത് ആടല്ല, പട്ടിയാണെന്ന്. അദ്ദേഹം ഇത് പറഞ്ഞപ്പോൾ ശ്രീ. പി. കെ. വാസുദേവൻ നായർ ആടിനേയും ഇട്ടേച്ചുപോയി. ഈ ആടിനെക്കൊണ്ട് കെട്ടേണ്ട സ്ഥാനത്തു കെട്ടേണ്ട ചുമതല ഞങ്ങൾ ഇന്ന് ഏറ്റെടുത്തിരിക്കുകയാണ്. അതുകൊണ്ടാണ് ഞങ്ങൾ ഈ ഭേദഗതി ബില്ലിനെ സ്വാഗതം ചെയ്യുന്നത്. ഒരിക്കലും മുന്നണി നേതാക്കൻമാർ നൽകിയ വാഗ്ദാനം ലംഘിക്കുന്നതു ശരിയല്ല. കേരള ജനതയോടും മുന്നണി പ്രസ്ഥാനത്തോടും കാണിച്ച ഒരു കടുത്ത വഞ്ചനയാണിത്.

ഈ ബില്ലിൽ പല വകുപ്പുകൾക്കും ഭേദഗതി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഏറ്റവും കൂടുതൽ വിവാദവിഷയമായിരിക്കുന്നതു ഇഷ്ടദാന വ്യവസ്ഥകളുൾക്കൊള്ളുന്ന 84-ാം വകുപ്പിനെ സംബന്ധിച്ചാണ്. ഇതിനെ അനുകൂലിച്ചവരാണ് ഇന്ന് അങ്ങേഭാഗത്തു ചെന്നിരിക്കുന്നത്. ഇടതുപക്ഷമുന്നണി രൂപീകരിക്കുന്നതിനുവേണ്ടി ഇതു ഉപേക്ഷിച്ചുപോയിയെന്ന് വേണമെങ്കിൽ പറയുമായിരിക്കും. ഇത് കേരളജനത ഒരിക്കലും പൊറുക്കുകയില്ല. ഇത് ന്യായമാണെന്ന് പറഞ്ഞിരുന്ന ശ്രീ. ബേബി ജോൺ ഇപ്പോൾ എതിർത്തുകൊണ്ട് സംസാരിക്കുമെന്നുപോലും തോന്നുന്നില്ല.

കഴിഞ്ഞ തെരഞ്ഞെടുപ്പിനുശേഷം ഭൂപരിഷ്ക്കരണനിയമത്തിൽ ഭേദഗതി കൊണ്ടുവരണമെന്നു ഞങ്ങൾ ആവശ്യപ്പെട്ടു. ഹൈക്കോടതി വിധി വന്നപ്പോൾ 1-1-1970-ൽ പ്രായപൂർത്തിയായ മുഴുവൻ ആളുകൾക്കും ഇഷ്ടദാനം കൊടുക്കുവാനുള്ള വ്യവസ്ഥ ഉൾക്കൊള്ളിക്കണമെന്നു ഞങ്ങൾ അന്നു ആവശ്യപ്പെട്ടു. അത് 1974 വരെ റസ്ട്രിക്റ്റ് ചെയ്യേണ്ടതാവശ്യമാണെന്ന അഭിപ്രായവും അന്ന് ഭരണകക്ഷിയിൽനിന്നു ഉണ്ടായി. 1-1-1970-ൽ പ്രായപൂർത്തിയായ മക്കൾക്ക് ഇഷ്ടദാനം കൊടുക്കുവാനുള്ള അവകാശം അവരുടെ മാതാവിനും പിതാവിനും നൽകണമെന്നാവശ്യപ്പെട്ടു. ഒരു മുന്നണിസംവിധാനത്തിരുന്നുകൊണ്ട് ഇഷ്ടദാനത്തിന് ഒരു പരിമിതി ആവശ്യമാണെന്നുള്ള നിർദ്ദേശം വച്ചത്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോണും ശ്രീ. പി. കെ. വാസുദേവൻ നായരും ഉൾപ്പെടെയുള്ള പാർട്ടിക്കാരായിരുന്നു. 1970-ലും 1974-ലും നടത്തിയ ഇഷ്ടദാനം അംഗീകരിച്ചുകൊടുത്താൽതന്നെയും നഷ്ടപ്പെടേണ്ടിവരുന്ന ഭൂമി പതിനായിരം ഏക്കറോളമേ വരികയുള്ളുവെന്നു പറഞ്ഞ ശ്രീ. ബേബി ജോണും, മുഖ്യമന്ത്രിയായിരുന്ന ശ്രീ. പി. കെ. വാസുദേവൻ നായരും ഇപ്പോൾ അപ്പുറത്തിരുന്നു ഇതിനെ എതിർക്കുന്നതിൽ ഞങ്ങൾക്ക് കുണ്ഠിതമുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബിൽ അവതരിപ്പിച്ചുകൊണ്ട് പട്ടം താണുപിള്ളയുടെ കാലത്തുണ്ടായ കാര്യങ്ങൾ ചിലതു പറഞ്ഞു. അതു കഴിഞ്ഞ് ഇതിനെക്കുറിച്ച് സംസാരിച്ച ശ്രീ. ടി. കെ. രാമകൃഷ്ണൻ കുറച്ചുകൂടെ പിറകോട്ടുപോയി തിരുവിതാംകൂറിലെ ലാൻഡ് റിഫാംസിന്റെ ചരിത്രം പറഞ്ഞു. പഴയ ആളുകൾ പറഞ്ഞ പഴയ കാര്യങ്ങളെന്നുള്ള നിലയിൽ ഞാൻ ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരുന്നു. പട്ടം താണുപിള്ള കൊണ്ടുവന്ന നിയമം സഭയിൽ പാസ്സാക്കുവാനുള്ള അവസരം ലഭിച്ചില്ല. അതിനുശേഷം കുറച്ചുനാൾ ഭരിച്ച കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ഒരു നിയമം നിയമസഭയിൽ അവതരിപ്പിച്ചു. കേരള കാർഷിക ബന്ധനിയമം എന്ന പേരിൽ അവതരിപ്പിച്ച ബില്ല് പാസ്സാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ചകൾ നടത്തി. എന്നിട്ട് ആ ബിൽ സെലക്റ്റ് കമ്മിറ്റിക്ക് വിട്ടു. ശ്രീ. ടി. കെ. രാമകൃഷ്ണൻ സംസാരിച്ചുകൊണ്ടുനിന്ന അവസരത്തിൽ കോൺഗ്രസ് പാർട്ടിയുടെ ഭാഗത്തുനിന്നും ഒരു ചോദ്യം ഉന്നയിച്ചു. സെലക്റ്റ് കമ്മറ്റിയിൽവച്ച് ശ്രീ. കെ. ടി. ജോർജ്ജല്ലേ ഇന്നയിന്ന നിർദ്ദേശങ്ങൾ വച്ചിരുന്നതെന്ന് ചോദിച്ചു. അതിന് ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞ മറുപടി, ഇപ്രകാരം ആണ്. സെലക്റ്റ് കമ്മിറ്റി സ്റ്റേജിൽ ആര് എന്തു പറഞ്ഞാലും പ്രശ്നമല്ല, ചെയർമാനും മറ്റംഗങ്ങളും ഉൾക്കൊള്ളുന്ന സമിതി സമർപ്പിക്കുന്ന റിപ്പോർട്ടാണ് പരിഗണിക്കേണ്ടത് എന്നാണ്. കാർഷികബന്ധനിയമം നിയമസഭയിലവതരിപ്പിച്ചതിനുശേഷം സെലക്റ്റ് കമ്മിറ്റിക്ക് വിട്ടു. സെലക്റ്റ് കമ്മിറ്റിക്ക് വിടുന്നതിനുമുമ്പ് ചുരുങ്ങിയ ഒരു സമയപരിധിക്കുള്ളിലുള്ള സ്നേഹവാൽസല്യം മൂലമുള്ള ഇഷ്ടദാനങ്ങളെയാണ് അന്ന് അംഗീകരിച്ചിരുന്നത്. പക്ഷെ സെലക്റ്റ് കമ്മിറ്റി ആ ബിൽ പരിശോധിച്ചതിനുശേഷം ഈ സഭയിലവതരിപ്പിച്ചപ്പോൾ ആ ചുരുങ്ങിയ കാലയളവ് എടുത്തുകളഞ്ഞിട്ട് ഏത് സമയത്തും ഇഷ്ടദാനം കൊടുക്കാനുള്ള വ്യവസ്ഥ എഴുതിച്ചേർത്തു. അന്ന് അധികാരത്തിലിരുന്ന കമ്മ്യൂണിസ്റ്റ് മന്ത്രിസഭക്ക് ഭൂരിപക്ഷമുണ്ടായിരുന്നു. സെലക്റ്റ് കമ്മിറ്റിയിൽ പറഞ്ഞാൽ പാസ്സാക്കുവാൻ സാധിക്കുമായിരുന്നു. അതിനെക്കുറിച്ച് എന്തെങ്കിലും എതിരഭിപ്രായം ഉള്ള ആളുകൾ അവർക്ക് വിയോജനക്കുറിപ്പ് എഴുതിവയ്ക്കാൻ കഴിയുമായിരുന്നു. അതിനെല്ലാം ഉപരിയായി ഇഷ്ടദാനത്തിനു പരിമിതിയൊന്നും നിശ്ചയിക്കാതെ എത്ര വേണമെങ്കിലും എഴുതിക്കൊടുക്കാമെന്നുള്ള പേരിൽ അന്ന് ഒരു നിയമം ഈ സഭയിൽ കൊണ്ടുവന്നു. ആ ബിൽ ഇവിടെ പാസ്സാക്കി. അതിനു പ്രസിഡന്റ് അനുമതി കൊടുത്തില്ല, മടക്കി അയച്ചു. അതിനുശേഷം പി. ടി. ചാക്കോയുടെ കാലത്തു ഒരു നിയമം കൊണ്ടുവന്നു. ശ്രീമതി ഗൗരിയമ്മ 1958-ൽ കൊണ്ടുവന്ന ആ നിയമത്തിൽ ഇഷ്ടദാനത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന വ്യവസ്ഥക്ക് യാതൊരുവിധ മാറ്റവും കൂടാതെ പി. ടി. ചാക്കോ നിയമം കൊണ്ടുവന്നു. അതിനുശേഷം 1967-ൽ നിലവിൽവന്ന കമ്മ്യൂണിസ്റ്റ് മന്ത്രിസഭ പി. ടി. ചാക്കോ എഴുതിവച്ചിരുന്ന ഇഷ്ടദാന വ്യവസ്ഥക്ക് അല്പംപോലും മാറ്റംവരുത്താതെ വീണ്ടും എഴുതിവച്ചു. നിയമസഭ അതു പാസ്സാക്കി. അന്നൊന്നും ആരും ഈ വക കാര്യങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

12 a. m.] ക്കുറിച്ചു അനങ്ങിയിട്ടില്ല. ഇത്രയും തീവ്രമായ വികാരവും ചിന്താഗതിയുമുള്ള ആളുകളായിരുന്നെങ്കിൽ അതിനെ അന്ന് എന്തുകൊണ്ട് എതിർത്തില്ല. അന്ന് ഈ കാര്യങ്ങളെക്കുറിച്ചു ചിന്തിക്കാതെ മുന്നോട്ടുപോയി. ഈ കഴിഞ്ഞ 21-ാം തീയതി ദേശാഭിമാനി പത്രത്തിൽ ഒരു പ്രസ്താവനയുണ്ടായിരുന്നു. ഇഷ്ടദാനബില്ലിനു എതിരായുള്ള പോരാട്ടം വിജയിപ്പിക്കണം എന്ന തലക്കെട്ടോടുകൂടി. ശ്രീ. പി. വി. കുഞ്ഞിക്കണ്ണന്റെ ഒപ്പോടുകൂടിയ ഒരു പത്രപ്രസ്താവന പുറത്തുവന്നു. അതു വായിച്ചപ്പോൾ എനിക്ക് വളരെയേറെ സങ്കടം തോന്നി, കാരണം അവരുടെ അണികളെ ഈ നിലയിൽ തെറ്റിദ്ധരിപ്പിക്കുന്നല്ലോ യെന്ന്. ശ്രീ. ദേവസ്സിക്കുട്ടി ഇവിടെ പറഞ്ഞതുപോലെ സ്വന്തം അണികളെ ആവശ്യമില്ലാതെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന പ്രവർത്തനം ഒരിക്കലും ശരിയല്ലെന്നു മാത്രമേ എനിക്ക് പറയാനുള്ളു. ദേശാഭിമാനി പത്രത്തിൽവന്ന ആ പ്രസ്താവനയിലെ രണ്ടുവരി ഞാൻ വായിക്കാനാഗ്രഹിക്കുകയാണ്. "ഇഷ്ടദാനവ്യവസ്ഥ ഗൗരിയമ്മയാണ് കൊണ്ടുവന്നതെന്ന നുണപ്രചരണത്തിനു ഗൗരിയമ്മതന്നെ മറുപടി പറഞ്ഞിട്ടുള്ളതാണ്. 1957-ൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് ഗവൺമെൻറിനെ ഇറക്കിവിട്ടതിനുശേഷം പിന്നീട് അധികാരത്തിൽവന്ന പി. ടി. ചാക്കോ 1959-ൽ ഗൗരിയമ്മ കൊണ്ടുവന്നു പാസ്സാക്കിയിരുന്ന ഭൂപരിഷ്ക്കരണനിയമത്തിനു സമൂലമായ മാറ്റം വരുത്തി. അങ്ങനെ ഭേദഗതി വരുത്തിക്കൊണ്ട് 1963-ൽ കൊണ്ടുവന്നു പാസ്സാക്കിയതും 1964-ൽ ഒന്നാം ആക്ടായിതീർന്നിട്ടുള്ളതുമായ ഭൂപരിഷ്ക്കരണനിയമമാണ് ഇന്ന് നമ്മുടെ സംസ്ഥാനത്തു നിലവിലുള്ളത്. ഈ നിയമത്തിൽ ഇഷ്ടദാന വ്യവസ്ഥ നിലനിന്നിരുന്നു. 1967-ൽ അധികാരത്തിൽ വന്ന ഇ. എം. എസിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ഗവൺമെൻറിൽ റവന്യൂ മന്ത്രിയായിരുന്ന ഗൗരിയമ്മ മേൽപറഞ്ഞ നിയമത്തിലെ 84-ാം വകുപ്പിനു ഭേദഗതിയായി രണ്ടാം ഉപവകുപ്പ് കൂട്ടിച്ചേർത്തുകൊണ്ട് ഇഷ്ടദാനത്തിനു നിയമസാധുത്വം ഇല്ലാതാക്കിയിട്ടുള്ളത്." ദേശാഭിമാനി പത്രം മാർക്സിസ്റ്റ് സഖാക്കൾ വായിക്കാറുണ്ട്. ഇത് വായിക്കുന്ന നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം സ്വാഭാവികമായിട്ടും തെറ്റിദ്ധാരണയുണ്ടാകും. അവർ മുഴുവൻ ധരിച്ചുവച്ചിരിക്കുന്നത്, മനഃപൂർവ്വമായി, ഈ സംസ്ഥാനത്ത് ഇഷ്ടദാനം കൊടുക്കാനുള്ള എല്ലാ വ്യവസ്ഥകളും ഇല്ലാതിരുന്ന അവസരത്തിൽ അതിനെയെല്ലാം മറികടന്നുകൊണ്ട് ഈ ഗവൺമെൻറ് ആളുകളെ പറ്റിക്കാൻവേണ്ടി കൊണ്ടുവരുന്നതാണെന്നാണ് പറയുന്നത്. കഴിഞ്ഞ ഏതാനും ദിവസംമുമ്പ് അരുവിക്കരയിൽ ഒരു യോഗത്തിൽ ഞാൻ പോയിരുന്നു. അവിടെ ചെന്നപ്പോൾ മാർക്സിസ്റ്റ് സഖാവിന്റെ ഒരു കത്ത് എനിക്കു കിട്ടി. നാല്പത്തിയേഴായിരത്തോളം വരുന്ന കർഷകത്തൊഴിലാളികളേയും പട്ടികജാതി-പട്ടിക വർഗ്ഗക്കാരേയും വഞ്ചിക്കുന്നതിനുവേണ്ടിയല്ലേ നിങ്ങൾ നിയമസഭയിൽ ഈ ബില്ലു കൊണ്ടുവരാൻ പോകുന്നതെന്നു എഴുതി ചോദിച്ചു. പാവപ്പെട്ട ആളുകളെ ഇങ്ങനെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നല്ലോയെന്നുള്ള മനഃപ്രയാസമാണ് എനിക്കുണ്ടായത്. എന്താണ് 84 (2)-ൽ പറഞ്ഞിരിക്കുന്നത്. അതേക്കുറിച്ച് കൂടുതൽ വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിൽ പറഞ്ഞിരിക്കുന്നത്:

Section 84 (2).—Notwithstanding anything contained in any law for the time being in force, all voluntary transfers effected by any person (other than a family or any member thereof or by an adult unmarried

LIBRARY ARCHIVES Kerala Legislative Assembly

person) owning or holding land in excess of the ceiling area after the 1st July, 1969, otherwise than—

(*i*) by way of partition; or

(*ii*) in favour of a person who was a tenant of the holding before the 27th July, 1960, and continued to be so till the date of transfer;

കമ്പനികൾ, അസോസിയേഷനുകൾ മറ്റു സ്ഥാപനങ്ങൾ എന്നിവ നടത്തിയ കൈമാറ്റങ്ങളെക്കുറിച്ചു മാത്രമാണ് ഇതിൽ പറയുന്നത്. മാതാപിതാക്കളും കുടുംബനാഥൻമാരും നടത്തിയ കൈമാറ്റം അതിൽ പ്രതിപാദ്യവിഷയമല്ല. മാതാപിതാക്കൾ നടത്തിയ ഇഷ്ടദാനത്തിനു നിയമസാധുതയില്ലാതാക്കിയെന്നു പറയുന്നതു ശരിയല്ല. 84 (2) ഇഷ്ടദാനം നിരോധിക്കുന്നില്ല. ഇതനുസരിച്ച് കമ്പനിക്കോ, സ്ഥാപനങ്ങൾക്കോ സ്നേഹവാൽസല്യത്തിൻെറ പേരിൽ എഴുതികൊടുക്കാൻ സാധിക്കുകയില്ല. അവർക്ക് സ്നേഹവാൽസല്യം ഉണ്ടാകേണ്ട ആവശ്യമില്ല. 84 (2) എന്ന ഉപവകുപ്പ് അന്ന് ശ്രീമതി ഗൗരിയമ്മ എഴുതിച്ചേർത്തു. അത് ആരും നിഷേധിക്കുന്നില്ല. 84 (1) എന്ന വകുപ്പ് അവിടെതന്നെ നിലനിർത്തിയിരുന്നു. ആ വകുപ്പനുസരിച്ച് ഇഷ്ടദാനം കൊടുക്കാനുള്ള എല്ലാവിധമായ അവകാശങ്ങളും രക്ഷിതാക്കൾക്ക് ഉണ്ടായിരുന്നു. യഥാർത്ഥത്തിൽ ആരാണ് നിയന്ത്രണം കൊണ്ടുവന്നത്? അച്ചുതമേനോൻെറ നേതൃത്വത്തിൽ അധികാരത്തിലിരുന്ന ഗവൺമെൻറാണ് യഥാർത്ഥത്തിൽ നിയന്ത്രണം കൊണ്ടുവന്നത്. 17 of 1972 ആക്റ്റ് പ്രകാരമാണ് എന്തെങ്കിലുമൊരു നിയന്ത്രണം ഇഷ്ടദാനത്തിനു ഏർപ്പെടുത്താൻ തയ്യാറായത്. ഇവിടെ ടി. കെ. രാമകൃഷ്ണൻ സംസാരിച്ചു, ഇ. എം. എസ്. സംസാരിച്ചു, മറ്റു പലരും സംസാരിച്ചു. ഇഷ്ടദാനവ്യവസ്ഥ ഇല്ലായിരുന്നു, ഞങ്ങൾ എഴുതിചേർക്കാൻ ശ്രമിക്കുന്നു, പാവപ്പെട്ട ആളുകളെ വഴിയാധാരമാക്കാൻ ശ്രമിക്കുന്നു, എന്നെല്ലാം. എന്തിനാണ് ഈ നുണപ്രചരണം നടത്തുന്നത്.

<u>ശ്രീ. എ. പി. കുര്യൻ:</u> 33-ാം വകുപ്പനുസരിച്ച് 1969-ൽ വന്ന ഭേദഗതി നിയമത്തിൽ യാതൊരു മിച്ചഭൂമിയും കൈമാറ്റം ചെയ്യാൻ പാടില്ല. 1-1-1970-നുശേഷം എന്നുള്ള വ്യവസ്ഥ ബഹുമാനപ്പെട്ട മെമ്പർക്ക് അറിഞ്ഞുകൂടേ?

<u>ശ്രീ. ടി. എം. ജേക്കബ്:</u> അതെക്കുറിച്ച് കോടതി തന്നെ പറഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ച് പറയാം. 83-ാം വകുപ്പിനോടൊപ്പം 84-ാം വകുപ്പുമുണ്ട്. 85-ാം വകുപ്പുണ്ട്. ചന്ദ്രശേഖരൻ തന്നെ അപ്പീയർ ചെയ്ത കേസ്സിൽ ഹൈക്കോടതിയിൽനിന്ന് ഒരു വിധിയുണ്ടായി. അതിൽ ഈ കാര്യം പരാമർശിക്കുകയുണ്ടായി. അതിൽ പറഞ്ഞിരിക്കുന്നത് ഈ വകുപ്പുകൾ ഒന്നിച്ച് വായിക്കണമെന്നാണ്. അതനുസരിച്ച് നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെസംബന്ധിച്ചിടത്തോളം ഇന്ന് വളരെയേറെ ചിന്താക്കുഴപ്പമുണ്ട്. ഇങ്ങനെയൊരു നിയമം കൊണ്ടുവന്ന് നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട ആളുകളെ വഞ്ചിക്കുന്നു, പറ്റിക്കുന്നു എന്നു പറഞ്ഞ് പ്രചരണം നടത്തുന്നത് ഒരിക്കലും ശരിയല്ല. വിവരമുള്ള ആളുകൾ ഒരിക്കലും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കരുതെന്ന് മാത്രമേ എനിക്ക് പറയാനുള്ളു. നമ്മുടെ സംസ്ഥാനത്ത് ഭൂപരിഷ്ക്കരണനിയമം 1-1-1970-ൽ നിലവിൽ വന്നു. ആ നിയമം വായിച്ചു നോക്കിയാൽ മനസ്സിലാക്കാൻ സാധിക്കുന്നത് 1-1-1970-ൽ പ്രായപൂർത്തിയായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

മക്കളുടെ പേരിൽ ഇഷ്ടദാനം കൊടുത്താൽ അംഗീകരിക്കാമെന്നാണ്. നമ്മുടെ സംസ്ഥാനത്തെ നിരവധി ലാൻഡ് ബോർഡുകൾ ഈ നിലയിൽ തീരുമാനങ്ങളെടുത്തിട്ടുണ്ട്. അങ്ങനെ എടുത്തിട്ടുള്ള തീരുമാനങ്ങളെ ഈ പറയുന്ന ആരും ഒരിക്കലും എതിർത്തിട്ടില്ല. എസ്തോസ് മൂവാറ്റുപുഴ ലാൻഡ് ബോർഡിലെ അംഗമായിരുന്നു. അവിടെയും ഇത് അംഗീകരിച്ചിട്ടുണ്ട്. ഈ സംസ്ഥാനത്തെ നിരവധി ലാൻഡ് ബോർഡുകൾ അംഗീകരിച്ചിട്ടുണ്ട്. 1-1-1970-ൽ നിയമം പാസ്സായി പുറത്തുവന്ന അവസരത്തിൽ ഇഷ്ടദാനം കൊടുക്കാമെന്നുള്ള യഥാർത്ഥമായ വിശ്വാസം മാതാപിതാക്കൾക്ക് ഉണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് പാവപ്പെട്ട രക്ഷിതാക്കൾ സ്വന്തം മക്കളുടെ പേരിലും മരിച്ചു പോയ മക്കളുടെ മക്കളുടെ പേരിലും ഇഷ്ടദാനങ്ങൾ എഴുതിക്കൊടുത്തത്. അന്ന് നിയമസംരക്ഷണം കൊടുത്തിരുന്നുവെന്നുള്ള ധാരണയുടെ പേരിലാണ് മുന്നോട്ടു നീങ്ങിയത്. അല്ലാതെ ഭൂപരിഷ്ക്കരണ നിയമത്തെ പരാജയപ്പെടുത്താൻ വേണ്ടിയാണ് 1974 വരെ ഇഷ്ടദാനം കൊടുത്തത് എന്നു പറഞ്ഞാൽ അത് ശരിയല്ല. 1974-ൽ ഹൈക്കോടതി ഇതേ സംബന്ധിച്ച് പറയുന്നതുവരെയും നമ്മുടെ സംസ്ഥാനത്ത് നിലവിലിരുന്ന കീഴ്‌വഴക്കം ഇതായിരുന്നു. അന്ന് എന്തു കൊണ്ടാണ് ഈ പറയുന്ന ആളുകൾ എതിർക്കാത്തത്. ശ്രീ. രാമകൃഷ്ണൻ, വളരെയേറെ ആളുകൾ സെക്രട്ടേറിയേറ്റിന്റെ മുമ്പിൽ തടിച്ചുകൂടിയെന്ന് പറഞ്ഞു. ലക്ഷക്കണക്കിന് ആളുകൾ തടിച്ചുകൂടിയെന്നാണ് പറയുന്നത്. അനൗൺസ്മെന്റ് ഞാൻ കേട്ടു. ലക്ഷണക്കിന് ആളുകൾ സെക്രട്ടറിയേറ്റ് വളയും ഞങ്ങൾ ആരേയും ഇതിനകത്ത് പ്രവേശിപ്പിക്കുകയില്ല ഈ ബില്ല് പാസ്സാക്കാൻ അനുവദിക്കുകയില്ല എന്നൊക്കെ പറഞ്ഞു. എത്ര ആളുകളാണ് ഇവിടെ വന്നതെന്ന് നമുക്കറിയാം. ജനങ്ങളെ പറ്റിക്കൽ പരിപാടി പരിപൂർണ്ണമായും വിജയിക്കുകയില്ല. കൂടിവന്നാൽ അയ്യായിരം പേർ ഉണ്ടായിരുന്നിരിക്കും. അല്ലെങ്കിൽ നിങ്ങളുടെ ആത്മസംതൃപ്തിക്കു വേണ്ടി പതിനായിരം പേർ ഉണ്ടായിരുന്നുവെന്ന് പറയാം. ഇങ്ങനെ ആളുകളെ പറ്റിച്ചുകൊണ്ട് പോയിട്ട് ഒരു കാര്യവുമില്ല. നമുക്ക് ക്രിയാത്മകമായ കാര്യത്തെക്കുറിച്ച് ചിന്തിക്കാം. മിച്ചഭൂമി ഇല്ലാതാക്കാനും ഉള്ള മിച്ചഭൂമി നഷ്ടപ്പെടുത്താനും ആരെങ്കിലും ശ്രമിക്കുന്നെങ്കിൽ അവർക്കെതിരായി നമുക്ക് നീങ്ങാം. ജന്മിത്വത്തെ താലോലിക്കുന്ന രാഷ്ട്രീയപ്രസ്ഥാനം ഈ ഭാഗത്തുമില്ല. നമ്മുടെ സംസ്ഥാനത്ത് ആരോടെങ്കിലും അനീതി പുലർത്തിയാൽ ആ അനീതിയെ ഇല്ലാതാക്കാൻ എന്തെങ്കിലും ചെയ്താൽ അതിനെ ഈ നിലയിൽ വ്യാഖ്യാനിക്കുകയും എതിർക്കുകയും ചെയ്യുന്നത് ശരിയല്ല. എന്തായാലും നിങ്ങളുടെ സംതൃപ്തിക്കുവേണ്ടി നിങ്ങൾ എതിർക്കുമായിരിക്കും. വളരെ ലളിതമായ ഭേദഗതിയാണ് സെക്ഷൻ 84-ൽ കൊണ്ടുവന്നിരിക്കുന്നത്.

ഇതിനകത്ത് പറഞ്ഞിരിക്കുന്നത് 1-1-1970-നും 4-11-1974-നും മദ്ധ്യേ മക്കളുടെ പേർക്കോ മരിച്ചുപോയ മക്കളുടെ മക്കൾക്കോ എഴുതിക്കൊടുക്കുന്ന ഇഷ്ടദാനങ്ങളെ സാധൂകരിക്കുന്നു എന്നാണ്. ഇങ്ങനെ നൽകുന്നത് അഞ്ച് സ്റ്റാൻഡേർഡ് ഏക്കറിൽ കൂടാൻ പാടില്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത് ഒരിക്കലും, മിച്ചഭൂമിയുള്ള ഒരു ആളുടെ പേരിൽ, അതല്ലെങ്കിൽ മുമ്പുതന്നെ അഞ്ച് സ്റ്റാൻഡേർഡ് ഏക്കർ ഭൂമിയുള്ള ഒരു വ്യക്തിയുടെ പേരിൽ വീണ്ടും എഴുതിക്കൊടുത്താൽ അത് നമ്മൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി നിയമം കൊണ്ടുതന്നെ അസാധുവാകുന്നു. അതുപോലെതന്നെ വിവാഹിതനായ ഒരു മൈനർക്ക് ഇത് ബാധകമല്ല എന്ന് പറയുന്നുണ്ട്. സർ, ഇതിനെ എതിർക്കുന്നതിന്റെ ഔചിത്യം ഒരിക്കലും മനസ്സിലാകുന്നില്ല. പ്രായപൂർത്തിയായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

അവിവാഹിതന് 5 സ്റ്റാൻഡേർഡ് ഏക്കർ വയ്ക്കുന്നതിന്, വ്യവസ്ഥയനുസരിച്ച് അവകാശമുണ്ട്. നിലവിലുള്ള ഭൂപരിഷ്ക്കരണ നിയമത്തിൽ കുടുംബം എന്നത് നിർവചിച്ചിട്ടുണ്ട്. സർ, കുടുംബത്തിനകത്ത് സെക്ഷൻ 2 (14)-ൽ പറഞ്ഞിരിക്കുന്നത് "Family" means husband, wife and their unmarried minor children or such of them as exist; എന്നാണ്. ഇതനുസരിച്ച് ഭൂമിയുടെ പരിധി നിർണ്ണയിക്കുമ്പോൾ പ്രായപൂർത്തിയായ സന്താനങ്ങളെ കണക്കിലെടുക്കാൻ സാദ്ധ്യമല്ല. 1970-വരെ ഇതുകൊണ്ട് ബുദ്ധിമുട്ട് ഉണ്ടാകുമെന്ന് ആർക്കും ചിന്തിക്കേണ്ട കാരണമില്ലായിരുന്നു. കാരണം 1964-ലെ ഒന്നാം ആക്ടിലെ 83 (2) അനുസരിച്ച് കുടുംബത്തിന് അനുവദിക്കുന്ന സ്വത്തിനു പുറമെ പ്രായപൂർത്തിയായ മക്കൾക്കുകൂടി, മാതാപിതാക്കൾക്ക് സ്വത്ത് കൈവശം വയ്ക്കാമായിരുന്നു. 1960-ലെ കേരള കാർഷിക ബന്ധ നിയമത്തിലെ 53 (3) വകുപ്പുപ്രകാരവും ഇതു തന്നെയായിരുന്നു സ്ഥിതി. എന്നാൽ 1969-ലെ 35-ാം ആക്ട് പ്രകാരം മാത്രമാണ് 1-1-1970-ൽ അത് നിലവിൽ വന്നു. മാതാപിതാക്കൻമാർക്ക് ഇങ്ങനെ ലഭ്യമായിരുന്ന അവകാശം എടുത്തു കളഞ്ഞത്. അതുകൊണ്ട് നിലവിലിരുന്ന നിയമം അനുസരിച്ച് 1970 വരെ കുടുംബനാഥൻമാർക്ക് തങ്ങളുടെ പ്രായപൂർത്തിയായ മക്കളുടെപേരിൽ ഇഷ്ടദാനങ്ങൾ കൊടുക്കേണ്ട ആവശ്യമില്ലായിരുന്നു. 1970-നുശേഷം മാത്രമാണ് ഇങ്ങനെ ഇഷ്ടദാനങ്ങൾ കൊടുക്കേണ്ട ആവശ്യം ഉണ്ടായതു തന്നെ. തങ്ങൾക്ക് പ്രായപൂർത്തിയായ മക്കൾ ഉണ്ടെങ്കിൽ അവർക്കുംവേണ്ടിയിട്ടുകൂടി ഭൂമി കൈവശം വയ്ക്കാമെന്ന വ്യവസ്ഥ നമ്മുടെ നിയമസഭയിൽ തന്നെ, മാർക്സിസ്റ്റ് പാർട്ടിയുടേയും സി. പി. ഐ-യുടേയുമൊക്കെ ബഹുമാന്യരായ സഖാക്കൾ അംഗീകരിച്ചു കൊടുത്ത നിയമം ഉണ്ടായത്. പാവപ്പെട്ട രക്ഷകർത്താക്കൾ അതിനെ വിശ്വസിച്ച് മുന്നോട്ടു പോയി. 1970-ൽ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷമാണ് ഇങ്ങനെയുള്ള ഇഷ്ടദാനങ്ങൾ ആവശ്യമാണെന്നുള്ള സംഗതി വന്നത്. ഇതിനെ സംബന്ധിച്ചിടത്തോളം തെറ്റിദ്ധാരണാപരമായ ഒരു വാർത്ത പ്രചരിച്ചിട്ടുണ്ട്. ഇത് ഈ സംസ്ഥാനത്ത് രണ്ടു മതന്യൂനപക്ഷങ്ങളെ മാത്രം ബാധിക്കുന്ന പ്രശ്നമാണ്, അത് ക്രിസ്ത്യാനികളേയും മുസ്ലീങ്ങളേയും ബാധിക്കുന്ന പ്രശ്നമാണ്, ബാക്കി ആർക്കും പ്രശ്നമല്ല എന്നാണ് പറഞ്ഞിരിക്കുന്നത്. സ്വയാർജ്ജിത സ്വത്തുള്ള ഹിന്ദുകുടുംബത്തിലെ മക്കൾക്കും ഇതു ബാധകമാണ്. സ്വയാർജ്ജിത സ്വത്തുള്ള ഹിന്ദു കുടുംബത്തിലെ ഒരു മകന് അയാളുടെ മാതാവോ പിതാവോ ഭൂമി എഴുതികൊടുത്തില്ല എങ്കിൽ അവകാശം ലഭിക്കുന്നില്ല. അവകാശം ലഭിക്കും, അത് ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും പറഞ്ഞിരിക്കുന്നതുപോലെ മരണാനന്തരമെ അവകാശം ലഭിക്കുകയുള്ളു. അതുകൊണ്ട് ഇത് മതന്യൂനപക്ഷങ്ങളായ ക്രിസ്ത്യാനികളുടേയും മുസ്ലീങ്ങളുടേയും മാത്രം പ്രശ്നമാണ്; മറ്റാർക്കും ഇത് ബാധകമല്ല എന്നു പറയുന്നത് ശരിയല്ല. നമ്മുടെ സംസ്ഥാനത്തിലെ സ്വയാർജ്ജിത സ്വത്തുള്ള ഹിന്ദുകുടുംബത്തിലെ ആളുകൾക്ക് അത് ബാധകമാണ്. നമുക്കറിയാം ഇന്ന് ഹിന്ദു കുടുംബ സംവിധാനം എങ്ങനെ സംസ്ഥാനത്ത് നിലനിൽക്കുന്നു എന്ന്. ഇന്നത്തെ സംവിധാനം അനുസരിച്ച് ബഹുഭൂരിപക്ഷം കുടുംബങ്ങൾക്കും സ്വയാർജ്ജിത സ്വത്താണുള്ളത്. ആ നിലയ്ക്ക് ഈ ഭേദഗതി കൊണ്ടുവരേണ്ടത് ഈ സംസ്ഥാനത്തിലെ രണ്ട് മതന്യൂനപക്ഷ സമുദായങ്ങളിലെ ആളുകളെ മാത്രം പ്രൊട്ടക്ട് ചെയ്യാനല്ല. മറിച്ച് നമ്മുടെ സംസ്ഥാനത്ത് സ്വയാർജ്ജിത സ്വത്തുള്ള ഹിന്ദുകുടുംബങ്ങളിലെ ആളുകൾക്ക് നീതി കൊടുക്കുന്നതിനും വേണ്ടിയിട്ടാണ് ഇത്തരത്തിലുള്ള ഒരു ഭേദഗതി കൊണ്ടുവരേണ്ടി വന്നത്. 1-1-1970-നുശേഷം എഴുതപ്പെട്ട ഇഷ്ടദാനങ്ങളെ കേരള

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് അംഗീകരിക്കുകയും അവയെ മാതാപിതാക്കളുടെ ഭൂപരിധിയിൽനിന്ന് ഒഴിവാക്കിത്തീർക്കുകയും ചെയ്തിട്ടുണ്ട്. 5–11–1974-വരെ കേരളഗവൺമെൻറ് ഈ നിലപാട് തുടർന്നു പോന്നിരുന്നു. അതിനു ശേഷം ഉണ്ടായ ബുദ്ധിമുട്ട് എന്നു പറയുന്നത് 1974 നവംബർ 5–ാം തീയതി ഉണ്ടായ കേരള ഹൈക്കോടതിയുടെ വിധിയാണ്. അതിനകത്ത് പറയുന്നത് മാതാപിതാക്കളുടെ സ്വത്തിൻെറ പരിധി നിർണ്ണയിക്കുമ്പോൾ 1970 ജനുവരി ഒന്നാം തീയതിക്കുശേഷം പ്രായപൂർത്തി ആയവരോ അല്ലാത്തവരോ ആയ സന്താനങ്ങളുടെ പേരിൽ നടത്തിയ ഇഷ്ടദാനങ്ങൾ അവഗണിക്കണമെന്ന് കോടതി വിധിച്ചു. സർ, ഈ വിധിയ്ക്ക് ആസ്പദമായ കേസ്സ് വളരെ പ്രസക്തമാണ്. ഞാൻ അതിലേക്കൊന്നും വളരെ വിശദമായി കടക്കാൻ ആഗ്രഹിക്കുന്നില്ല. ആ വിധിയ്ക്ക് മുമ്പ് ഹൈക്കോടതിയിൽ ബഹുമാനപ്പെട്ട വിശ്വനാഥയ്യരുടെ സിംഗിൾ ബഞ്ചിൽ ഒരു വിധിയുണ്ടായി. ആ കേസ്സിലെ പെറ്റിഷണർക്കുവേണ്ടി ഹാജരായത് ഇപ്പോൾ ഈ സഭയിലിരിക്കുന്ന ബഹുമാനപ്പെട്ട ശ്രീ. ചന്ദ്രശേഖരനാണ്. അടൂർ ലാൻറ് ബോർഡിൻെറ ഒരു തീരുമാനം ഉണ്ടായി. അന്ന് ഹൈക്കോടതിയിൽ കേസ്സ് ഉണ്ടാകാൻ കാരണം 1-1-1970-നുശേഷം മൈനറുടെ പേരിൽ നടത്തിയ ഇഷ്ടദാനം ഒഴിവാക്കി കിട്ടണമെന്നു കാണിച്ചുകൊണ്ട് ഒരു സ്വകാര്യവ്യക്തി ഫയൽ ചെയ്ത കേസ്സിൻമേലാണ്, ജസ്റ്റീസ് വിശ്വനാഥയ്യർ അന്നൊരു വിധി പ്രഖ്യാപിച്ചത്. മേജർ സന്താനങ്ങൾക്ക് നൽകിയ ഇഷ്ടദാനങ്ങൾ ലാൻഡ്ബോർഡ് ഒഴിവാക്കി ക്കൊടുത്തിരുന്നു. അങ്ങനെ ഒഴിവാക്കിയ വിധികൾക്കെതിരായി ഗവൺമെൻറടക്കം ആരും കേസ്സ് കൊടുത്തില്ല എന്നുള്ളത് ഏറ്റവും ശ്രദ്ധേയമാണ്. ഈ പറയുന്ന മാർക്സിസ്റ്റ് സഖാക്കളൊക്കെ, ഈ സംസ്ഥാനത്തൊരു നിയമം പാസ്സാക്കിയാൽ, അത് നിലവിൽ വന്നാൽ ഈ സംസ്ഥാനത്തിലെ ഉത്തരവാദപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്ന നിലയിൽ നിയമങ്ങളെക്കുറിച്ച് വിലയിരുത്തേണ്ടതാണ്. നമ്മൾ ഇവിടെ പാസ്സാക്കിയ നിയമങ്ങൾക്കു ചിലപ്പോൾ അതിനു മുകളിലെന്തെങ്കിലും വ്യാപ്തിയോ അർത്ഥമോ കൽപിച്ചുകൊണ്ട് കോടതിയിൽ പലപ്പോഴും വിധി പ്രഖ്യാപനങ്ങൾ നടത്താറുണ്ട്. അങ്ങനെ വിശ്വനാഥയ്യരുടെ ഒരു സുപ്രധാനമായ വിധി സിംഗിൾ ബഞ്ചിൽ ഉണ്ടായപ്പോൾ ഏറ്റവുമധികം ശ്രദ്ധിക്കപ്പെട്ട ഒരു സംഗതി, ഇന്ന് ഇതിനെ ഭൂസ്വാമിയുടെ ബില്ലെന്നു പറഞ്ഞ് വിശേഷിപ്പിക്കുന്ന ആളുകൾ പോലും അന്ന് എതിർക്കാൻ വന്നില്ല എന്നു പറയുമ്പോൾ ഇവർ എവിടെ ആയിരുന്നു എന്ന് ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അന്നത്തെ 5-11-1974-ലെ ഡിവിഷൻ ബഞ്ചിൻെറ വിധി ഉണ്ടാകാൻ വേറൊരു കാരണം കൂടിയുണ്ട്. 10–10–1974-ൽ ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് ഞാൻ നേരത്തെ പറഞ്ഞ വിധി പ്രഖ്യാപിച്ചു. അത് ഒരു സ്വകാര്യ വ്യക്തി കൊടുത്ത കേസ്സായിരുന്നു. അതിലെ പ്രസക്തമായ ഒരു സംഗതി 1–1–1970–നുശേഷം മൈനർക്കു കൊടുത്ത ഇഷ്ടദാനങ്ങൾ ഒഴിവാക്കണം എന്നതായിരുന്നു ആ കേസ്സിലെ വാദം. 1–1–1970–നുശേഷം മേജർ സന്താനങ്ങൾക്കു കൊടുത്ത ഇഷ്ടദാനങ്ങൾ ആ കേസ്സിൽ അടൂർ ലാൻഡ് ബോർഡ് ഒഴിവാക്കി കൊടുത്തിരുന്നു. ആ കേസ്സിൽ മേജർക്കു കൊടുത്തതും മൈനർക്ക് കൊടുത്തതും ആയ എല്ലാ ഇഷ്ടദാനങ്ങളും ഒഴിവാക്കണമെന്ന് ഹൈക്കോടതി വിധിച്ചു. ഈ വിധി ഗവൺമെൻറ് തീരുമാനത്തിന് എതിരായിരുന്നു. കാരണം ഗവൺമെൻറിൻെറ ഉദ്ദേശലക്ഷ്യങ്ങളിലും ആലോചനയിലും ഉണ്ടായിരുന്ന ഒരു സംഗതി 1–1–1970-ൽ മേജർ സന്താനങ്ങൾക്ക് കൊടുത്ത ഇഷ്ടദാനങ്ങൾ മാത്രം ഒഴിവാക്കിയാൽ മതി എന്നായിരുന്നു. മൈനർക്ക് കൊടുത്ത ഇഷ്ടദാനത്തെ സംബന്ധിച്ചു വേറൊരു

LIBRARY ARCHIVES Kerala Legislative Assembly

കേസ് സിംഗിൾ ബഞ്ചിൽ വാദത്തിന് വന്ന അവസരത്തിലാണ് മൈനർക്ക് കൊടുത്ത ഇഷ്ടദാനത്തെകൂടി ഒഴിവാക്കാൻ സാദ്ധ്യമല്ല; എന്ന് ഗവൺമെൻറ് വാദിക്കുകയും ആ കാര്യം ഡിവിഷൻ ബഞ്ചിൻെറ പരിഗണനയ്ക്ക് വരികയും ഡിവിഷൻ ബഞ്ച് 5–11–1974-ൽ ആധാരമായ വിധി പ്രഖ്യാപിക്കുകയും ചെയ്തത്. ഈ വിധി ഉണ്ടായില്ലായിരുന്നില്ലെങ്കിൽ ഇന്നും ഞാൻ ഉറപ്പിച്ചു പറയുകയാണ്;—5–11–1974-ൽ കേരള ഹൈക്കോടതിയുടെ വിധി ഉണ്ടായിരുന്നില്ലെങ്കിൽ ഇന്നും പ്രായപൂർത്തിയായ മക്കളുടെ പേരിൽ ഇഷ്ടദാനങ്ങൾ എഴുതിക്കൊടുത്തിരുന്നെങ്കിൽ, അതിനെ നമ്മുടെ സംസ്ഥാനത്തെ ലാൻറ് ബോർഡുകൾ അംഗീകരിക്കുമായിരുന്നു. അതിനെതിരായി ആരും ശബ്ദം ഉയർത്തുമായിരുന്നു എന്ന് എനിക്ക് തോന്നുന്നില്ല. എന്തായാലും ആ വിധി ഉണ്ടായി. ആ വിധി ഉണ്ടായപ്പോൾ ഈ ഗവൺമെൻറിനു ചുമതലയില്ലേ ? 1970-വരെ ഇഷ്ടദാനങ്ങൾ കൊടുക്കേണ്ട ആവശ്യം ഇല്ലായിരുന്ന രക്ഷകർത്താക്കൾ 1972-ലെ 17-ാം നമ്പർ ആക്ട് പ്രകാരം തങ്ങൾക്ക് ലഭിച്ച അവകാശം ഉണ്ട് എന്നുള്ള ഉത്തമ വിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ പ്രായപൂർത്തിയായ സ്വന്തം മക്കളുടെ പേരിൽ ഇഷ്ടദാനങ്ങൾ എഴുതിക്കൊടുത്തു എങ്കിൽ അത് ഒരിക്കലും കേരളാ ഭൂപരിഷ്ക്കരണ നിയമത്തെ നശിപ്പിക്കാനോ അത് പരാജയപ്പെടുത്താനോ വേണ്ടിയായിരുന്നില്ല. അങ്ങനെ ഇഷ്ടദാനങ്ങൾ ലഭിച്ച പാവപ്പെട്ടവരുടെ കുട്ടികളെ രക്ഷിക്കാൻ തീർച്ചയായും ഈ സംസ്ഥാനത്തിലെ ഗവൺമെൻറിന് കടമയുണ്ട്. ഒരു പക്ഷെ ഈ ഭൂസ്വാമികളെ രക്ഷിക്കാനാണെന്നും മറ്റും ഇവർ പലവിധത്തിൽ പറയുമായിരിക്കും. ബഹുമാനപ്പെട്ട എസ്തോസിനും കൂടി അറിയാവുന്ന ഒരു കാര്യമുണ്ട്. അദ്ദേഹം മൂവാറ്റുപുഴ ലാൻഡ് ബോർഡിൽ അംഗമായിരുന്ന അവസരത്തിൽ എലഞ്ഞി എന്നു പറയുന്ന സ്ഥലത്തു നിന്നും ഒരു കേസു വന്നു. വളരെ പ്രായം ചെന്ന കാരണവർ, അദ്ദേഹത്തിനു മക്കളുണ്ട്, മക്കളുടെ മക്കളും ഉണ്ട്. ആകെയുള്ളത് 22 ഏക്കർഭൂമിയാണ്. ആരുടെയും പേരിലും വസ്തുക്കൾ എഴുതിക്കൊടുത്തില്ല. അത് അങ്ങനെ വച്ചിരുന്നു. ഈ വിധി പ്രഖ്യാപനമൊക്കെ അനുസരിച്ച് 1970-ന് ശേഷം, മുൻപ് എഴുതിക്കൊടുക്കാതിരുന്നതുകൊണ്ട് ബുദ്ധിമുട്ടിലായി. 22 ഏക്കറിൽ 15 ഏക്കർ കഴിഞ്ഞ് ബാക്കിയുള്ള ഭൂമി മിച്ചഭൂമിയായി കൊടുക്കണമെന്ന് വന്നു. അങ്ങനെ ബുദ്ധിമുട്ടനുഭവിക്കുന്ന പല ആളുകളും നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നു. അങ്ങനെയുള്ള ആളുകൾ 1970-ന് ശേഷം ഇത് മനസ്സിലാക്കിക്കൊണ്ട് 1974 മുതൽ ഇഷ്ടദാനങ്ങൾ എഴുതിക്കൊടുത്തു. അങ്ങനെയുള്ള ആളുകളെ എന്തിനു സംരക്ഷിക്കണമെന്നുള്ള ചോദ്യം ചോദിച്ചേക്കാം. പക്ഷെ ഒരു കാര്യമുണ്ട്. ബഹുമാനപ്പെട്ട ശ്രീ. റ്റി. കെ. രാമകൃഷ്ണൻ ഇവിടെ പറഞ്ഞതു പോലെ നമ്മുടെ സംസ്ഥാനത്തെ ജനവിഭാഗങ്ങളിൽ നല്ലൊരു ശതമാനം ഇന്നും വായിക്കാനോ പഠിക്കാനോ അവസരം ലഭിച്ചിട്ടില്ലാത്ത അജ്ഞരായ ആളുകളാണ്, അങ്ങനെയുള്ള ആളുകൾ ഇവിടെ ഉണ്ടെന്ന് അദ്ദേഹം സമ്മതിച്ചു. അങ്ങനെയുള്ള ആളുകളെ സംരക്ഷിക്കേണ്ട ചുമതല നമുക്കുണ്ട്. ദീർഘമായി മറ്റ്കാര്യങ്ങളിലേക്ക് കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ഈ ഡിവിഷൻ ബഞ്ചിൻെറ വിധി ഉണ്ടാകാൻ ആസ്പദമായ കാരണം പെരുന്തൽമണ്ണ ലാൻഡ് ബോർഡിൽ നിന്നും ഉണ്ടായ ഒരു കേസ്സാണ്. അവിടെ ഇഷ്ടദാനങ്ങൾ ഒഴിവാക്കുന്നതിന് കാരണം ദാനം ലഭിച്ചിരുന്നത് മൈനർക്ക് ആയിരുന്നതു കൊണ്ടാണ്. മൈനർ ഫാമിലിയുടെ ഡെഫനിഷനിൽ വരും എന്നുള്ളതുകൊണ്ട് ലാൻഡ് ബോർഡ് ഇത്തരത്തിലുള്ളൊരു തീരുമാനമെടുത്തു. പെരുന്തൽമണ്ണ ലാൻഡ് ബോർഡിൻെറ മുമ്പാകെ

LIBRARY ARCHIVES Kerala Legislative Assembly

വന്ന കേസ്സിൽ ഭാര്യയും ഭർത്താവും രണ്ടു മൈനർ കുട്ടികളും ഉണ്ടായിരുന്നു. കേസ്സ് കേട്ടതിനുശേഷം 13 ഏക്കർ സ്ഥലം സറണ്ടർ ചെയ്യുന്നതിന് ലാൻഡ് ബോർഡ് ഉത്തരവിട്ടു. അതിന് അവർ ചില പരാതികളൊക്കെ കൊടുത്തു, ആക്ഷേപങ്ങളും കൊടുത്തു. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. അതിന്റെ മേൽ ഹൈക്കോടതി തീർപ്പു കൽപിച്ച അവസരത്തിലാണ് മേൽപ്പറഞ്ഞ കോടതി വിധി ഉണ്ടായത്. ഈ സുപ്രധാനമായ വിധിപ്രഖ്യാപനം, അന്ന് ഈ കേസ്സിന് ആസ്പദമായി ഉണ്ടായ അവസരത്തിൽ, അതിന് സംരക്ഷണത്തിനു വേണ്ടി ഇവിടെ നമ്മുടെ സംസ്ഥാന നിയമസഭയിൽ ഇത്തരത്തിലൊരു ഭേദഗതിനിയമം കൊണ്ടുവരേണ്ട സാഹചര്യം ഉണ്ടായി. ഇതിനെ എതിർക്കേണ്ട ആവശ്യം ഉണ്ടോയെന്നു എനിക്കറിയില്ല. എതിർപ്പിനു വേണ്ടി എതിർക്കുന്നവർ എതിർക്കട്ടെ. ഈ പറയുന്നവർ ഈ വകകാര്യങ്ങൾക്കു കൂടി മറുപടി പറയാൻ ബാദ്ധ്യസ്ഥരാണെന്ന് എന്ന് മാത്രമേ പറയുന്നുള്ളു. 5–11–1974-ൽ ഈ വിധി ഉണ്ടാകുന്നതു വരെ ലാൻഡ് ബോർഡ് തീരുമാനിച്ച എല്ലാ കേസ്സുകളിലും പ്രായപൂർത്തിയായ സന്താനങ്ങളുടെ പേരിൽ എഴുതിക്കൊടുത്ത ഇഷ്ടദാനങ്ങൾ അംഗീകരിച്ചിരുന്നു. ഹൈക്കോടതി പരിഗണിച്ച ഈ കേസ്സിൽ പ്രായപൂർത്തിയായ സന്താനങ്ങൾക്ക് കൊടുത്ത ഇഷ്ടദാനങ്ങളുടെ നിലനിൽപ്പിനെപ്പറ്റി യഥാർത്ഥത്തിൽ ചോദ്യം ചെയ്തിട്ടില്ല. മൈനർമാർക്ക് കൊടുത്ത ഇഷ്ടദാനങ്ങൾ സാധൂകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ കേസ്സ് അന്ന് ഹൈക്കോടതിയിൽ വന്നിട്ടില്ലായിരുന്നെങ്കിൽ ഞാൻ ആദ്യം പറഞ്ഞതു പോലുള്ള സ്ഥിതി ഇന്നും നിലനിൽക്കുമായിരുന്നു. 1–1–1970-നും 5–11–1974-നും മദ്ധ്യേ നടത്തിയിട്ടുള്ള ഇഷ്ടദാനങ്ങൾ ഉദ്ദേശശുദ്ധിയോടെ നടത്തിയിട്ടുള്ളതാണ്, ഒരിക്കലും അതിനെ എതിർക്കുന്നത് ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. 1–1–1970-ൽ നിലവിൽ വന്ന 1969-ലെ 35-ാം ആക്ട് പ്രകാരവും ഇഷ്ടദാനങ്ങൾ നടത്താം. 1972-ലെ 17-ാം ആക്ടിലെ 15-ാം വകുപ്പുപ്രകാരവും അതായത് 84-സി വകുപ്പു പ്രകാരവും, അതിന് ഭേദഗതി വരുത്തുകയും ഇഷ്ടദാനങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തു. ആ നിയമത്തിലും മക്കളുടെ പേരിലും മരിച്ചുപോയ മക്കളുടെ മക്കളുടെ പേരിലും ഉള്ള ഇഷ്ടദാനങ്ങൾ അംഗീകരിച്ചിരുന്നു, ഇതു കൂടാതെ 1972-ലെ 17-ാം ആക്ട് ഉൾക്കൊള്ളിച്ച 85-എ വകുപ്പു വളരെയേറെ ശ്രദ്ധേയമാണ്. മിച്ചഭൂമിയുള്ളവർ 1972 നവംബർ മാസം രണ്ടാം തീയതിക്ക്ശേഷം 75 ദിവസങ്ങൾക്ക് ഉള്ളിൽ ഇതിന്റെ കണക്കുകൾ നിശ്ചിത ഫാറത്തിൽ സമർപ്പിക്കണമെന്ന് പറഞ്ഞിരുന്നു. 85-എ വകുപ്പ് പ്രകാരം കണക്കുകൾ സമർപ്പിക്കുവാനുള്ള ഫോറവും ശ്രദ്ധേയമാണ്.

സർ, ഈ ഫോറത്തിൽ ആവശ്യപ്പെട്ടിരുന്ന സംഗതി എന്താണ്? ഈ സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും കാണുകയും പഠിക്കുകയും ചെയ്തിട്ടുള്ള കാര്യങ്ങളാണ്. ആ ഫോറത്തിൽ പറഞ്ഞിട്ടുള്ള ഒരു സംഗതി നവംബർ 2, 1–1–1970-ലെ സ്ഥിതിയല്ല നവംബർ 2-ാം തീയതിയിലെ സ്ഥിതിവിവരക്കണക്കുകളാണ് അവർക്ക് ആവശ്യമായിട്ടുള്ളത്. 84-ാം വകുപ്പനുസരിച്ച് അനുവദിക്കപ്പെട്ടിട്ടുള്ള കൈമാറ്റ ഇടപാടുകളുടെ വിശദവിവരങ്ങളും അത് ഗിഫ്റ്റ് അടക്കം ഈ ഫോറത്തിൽ വരേണ്ടതുണ്ട്. 1970 ജനുവരി ഒന്നിനു ശേഷവും 84-ാം വകുപ്പനുസരിച്ചുള്ള കൈമാറ്റം നടത്താവുന്നതാണെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. അതുകൊണ്ട് അന്ന് ഈ ഫോറം നമ്മുടെ സംസ്ഥാനത്ത് ലാൻഡ് ബോർഡുകളിൽ വിതരണം ചെയ്തതാണ്. ലാൻഡ് ബോർഡ് ഇതേക്കുറിച്ച് പറഞ്ഞ അവസരത്തിലും ലാൻഡ് ബോർഡിൽ ആളുകൾ കണക്കുകൾ കൊടുത്ത അവസര

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലുമെല്ലാം ഇതിനെസംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾ നടന്നു. ഈ ഫോറത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെക്കുറിച്ചു പോലും എതിരഭിപ്രായം പറയാൻ ആരും തയ്യാറായില്ല. അതനുസരിച്ച് 1970 ജനുവരി ഒന്നിനു ശേഷവും 84-ാം വകുപ്പനുസരിച്ചുള്ള കൈമാറ്റങ്ങൾ നടത്താവുന്നതാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. 84, 85, 86 എന്നീ വകുപ്പുകളിൽ ബഹുമാനപ്പെട്ട എ. പി. കുര്യൻ ആദ്യം സൂചിപ്പിച്ച സംഗതികൾ വരുന്നുണ്ട്. 1–1–1970-ൽ മിച്ചഭൂമി സർക്കാരിൽ നിക്ഷിപ്തമാകുന്നില്ല. നിയമത്തിലെ പല വ്യവസ്ഥകളും പരിഗണിച്ചു കൊണ്ടുമാത്രമേ മിച്ചഭൂമി കണക്കാക്കാനാവു എന്നാണ് നമ്മുടെ ഹൈക്കോടതിവരെ പറഞ്ഞിരിക്കുന്നത്. 84-ാം വകുപ്പുപ്രകാരം പറഞ്ഞിട്ടുള്ള ഇഷ്ടദാനവും അപ്പോൾ പരിഗണിക്കേണ്ടതാണ്. താലൂക്ക് ലാൻഡ് ബോർഡുകൾ മിച്ചഭൂമി നിർണ്ണയിച്ചതിനുശേഷം അവ വിട്ടുകൊടുക്കുമ്പോൾ മാത്രമേ മിച്ചഭൂമി സർക്കാരിൽ നിക്ഷിപ്തമാകുന്നുള്ളു. അതുവരെ ഭൂസ്വത്തിന്റെ ഉടമസ്ഥാവകാശവും അധീശത്വവും പ്രസ്തുത ഭൂമിയിലുള്ള ആളിനു തന്നെയാണ്. ഇതെല്ലാം പരിശോധിച്ചാൽ 1–1–1970-ന് മുൻപ് പ്രായപൂർത്തിയായ മക്കൾക്ക് ഇഷ്ടദാനം കൊടുക്കാമെന്നായിരുന്നു.

ശ്രീ. പി. പി. എസ്തോസ്: ഈ 84–ാം വകുപ്പനുസരിച്ചുള്ള മിച്ചഭൂമി കൈമാറ്റം ചെയ്യാൻ പാടില്ലെന്നുള്ളത് എൺപത്തിനാലോ, എൺപത്തിയഞ്ചോ മറ്റേതെങ്കിലും വകുപ്പുകൾ അനുസരിച്ച് ഈ ലാൻഡ് ബോർഡ് നിശ്ചയിക്കുന്നതിനു ശേഷമേ 83-ാം വകുപ്പ് നടപ്പാകു എന്ന് എവിടെയെങ്കിലും എഴുതിവച്ചിട്ടുണ്ടോ ?

ശ്രീ. റ്റി. എം. ജേക്കബ്: ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം തർക്കം വന്നത് അന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും പറഞ്ഞ പ്രസക്തമായ ഭാഗം ഞാനിവിടെ ചൂണ്ടിക്കാണിച്ചു. നിങ്ങൾ ചോദിച്ചു, അന്നു ഞങ്ങൾ എങ്ങനെ ഇത് പാസ്സാക്കി, പക്ഷെ ഹൈക്കോടതി പറഞ്ഞില്ലേ എന്ന് നിങ്ങൾ കുറച്ചു മുൻപ് ഇവിടെ ചോദിച്ചു. ഇതിനെ സംബന്ധിച്ച് കോടതി വളരെ വ്യക്തമായി പറഞ്ഞത് ഈ വകുപ്പുകളെല്ലാം കൂടി നോക്കിയതിനുശേഷം മാത്രമേ പറയാവു എന്നാണ്. ഞാനാദ്യം ഇവിടെ പറഞ്ഞതു പോലെ 85–എ അനുസരിച്ച് നമ്മൾ ഫോറങ്ങൾ വിതരണം ചെയ്യുന്നുണ്ട്. അതിനകത്തു പറഞ്ഞിരുന്നത് നവംബർ രണ്ടാം തീയതിയിലെ സ്ഥിതിവിവരക്കണക്കുകൾ കൊടുക്കാമെന്നായിരുന്നു. 1970-ലെ സ്ഥിതിവിവരക്കണക്കുകൾ കൊടുക്കാൻ പറഞ്ഞതുമില്ല.

ശ്രീ. ഇ. പി. ഗോപാലൻ: 83-ാം വകുപ്പ് നടപ്പാകേണ്ട സമയം വരുമ്പോൾ 84, 85, 86 വകുപ്പുകൾ കൂട്ടി വായിച്ച് നടപ്പാക്കണമെന്നുള്ള ഹൈക്കോടതിയുടെ തീരുമാനം വളരെ സ്വാഗതാർഹവും എന്നാൽ ഇഷ്ടദാനത്തെ സംബന്ധിച്ച് ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശം, അത് റദ്ദാക്കിക്കൊണ്ടുള്ള നിർദ്ദേശം ഇത്ര കെെപ്പാകാനുമുള്ള കാര്യം എന്താണ്?

ശ്രീ. റ്റി. എം. ജേക്കബ്: വളരെ വിസ്തരിച്ച് ഞാനതിനെക്കുറിച്ച് പറഞ്ഞു. ശ്രീ. ഇ. പി. യും ഞങ്ങളും നമ്മളും എല്ലാം കൂടി പങ്കാളികളായിരുന്ന നമ്മുടെ ഗവൺമെന്റ് പാസ്സാക്കി ഒരു നിയമം പുറത്തുവിട്ടു. നേരത്തെ 1969-ൽ പാസ്സാക്കിയതും 1972-ൽ പാസ്സാക്കിയതുമെല്ലാം

നമുക്ക് ഓർമ്മയുണ്ട്. ഞാൻ ആദ്യം പറഞ്ഞതുപോലെ 1970 വരെയും മാതാപിതാക്കൾക്ക് പ്രായപൂർത്തിയായ മക്കളുടെ പേരിൽവരെ സ്വത്തുക്കൾ കൈവശംവയ്ക്കാൻ അവകാശം ഉണ്ടായിരുന്നു. അപ്പോൾ നമ്മുടെ ഈ സംസ്ഥാന നിയമസഭയിൽ ഈ നിയമം പാസ്സാക്കിയ അവസരത്തിൽ, അതിനുശേഷം ബഹുമാനപ്പെട്ട ഇ. പി. യുടെ കക്ഷികൂടി പങ്കാളികളായിരുന്ന അവസരത്തിൽ അന്നത്തെ റവന്യൂമന്ത്രി അറിഞ്ഞുകൊണ്ടു നമ്മൾ ഈ താലൂക്ക് ലാൻഡ് ബോർഡുകൾക്ക് ഒരു നിർദ്ദേശം കൊടുത്തു. അത് ശ്രീ. ബേബിജോണിന് കൃത്യമായി അറിയാം. ആ നിർദ്ദേശത്തിൽ എന്താണ് പറഞ്ഞിട്ടുള്ളതെന്ന് നമുക്കൊക്കെ അറിയാം. ഞാനിത് ഇവിടെ പറഞ്ഞത് 1974-വരെ ഈ ഹൈക്കോടതി വിധി ഉണ്ടാകുന്നതുവരെയും-ഒരു രക്ഷകർത്താവിനോ, മാതാവിനോ, പിതാവിനോ സ്വന്തം മക്കളുടെ പേരിൽ ഇഷ്ടദാനങ്ങൾ കൊടുക്കാമെന്ന ധാരണയുണ്ടായിരുന്നു. ആ ധാരണയ്ക്ക് വിരുദ്ധമായി, നമ്മുടെ നിയമസഭയുടെയും, ഗവൺമെൻറിൻെറയും നിയമത്തിൻെറയും എല്ലാവരുടെയും ആഗ്രഹത്തിനു വിരുദ്ധമായി, ഹൈക്കോടതിയിൽ ഒരു തീർപ്പുണ്ടായി. അങ്ങനെ ഒരു തീർപ്പുണ്ടായ അവസരത്തിൽ ഇങ്ങനെ ഒരു വിധി ഉണ്ടായപ്പോൾ വളരെ ബുദ്ധിമുട്ട് ഉണ്ടായ ആളുകൾക്ക് സംരക്ഷണം കൊടുക്കണ്ടേ എന്നു ശ്രീ. ഇ. പി. അപ്പുറത്തിരുന്ന് പറഞ്ഞതിൽ എനിക്ക് സങ്കടമുണ്ട്, ഇപ്പുറത്തിരുന്നു പറഞ്ഞിരുന്നുവെങ്കിൽ എനിക്ക് സന്തോഷമേ ഉണ്ടാകുമായിരുന്നുള്ളു.

ശ്രീ. ഇ. പി. ഗോപാലൻ: ഞാൻ പറഞ്ഞ 83-ാം വകുപ്പിനെ സംബന്ധിച്ചിടത്തോളം ഉള്ള കാര്യങ്ങൾ—84, 85, 86 വകുപ്പുകളോടുചേർത്തു വായിക്കണം എന്നു പറഞ്ഞ ബഹുമാനപ്പെട്ട കോടതിതന്നെ ഈ ഇഷ്ടദാനത്തെ സംബന്ധിച്ചിടത്തോളം ഒരു നിർദ്ദേശംവച്ചു. എന്താണ് അവരുടെ തടസ്സം എന്നുള്ളത് ഇപ്പോൾ പറഞ്ഞിട്ടില്ല. കൊടുക്കാൻ, പാടില്ല, കൊടുക്കുന്നത് വാലിഡ് അല്ല എന്നുമാത്രമേ പറഞ്ഞിട്ടുള്ളു. അങ്ങനെ പറയാൻ ഉണ്ടായിട്ടുള്ള സംഗതി ഒരു ഭാഗം കോടതിവിധി വളരെ സ്വീകാര്യം, മറ്റേഭാഗം കോടതി വിധി എതിർപ്പ് മിച്ചഭൂമിക്ക് അപ്പുറത്തുള്ള ഭൂമി കൊടുക്കാൻ കഴിയുകയില്ല എന്നുള്ള ദുഃഖം കൊണ്ടല്ലേ; അല്ലാതെ വേറെ വലിയ കുഴപ്പമൊന്നുമില്ലേ ?

ശ്രീ. റ്റി. എം. ജേക്കബ്: ശ്രീ. ഇ. പി. യുടെ ഭാവനയിൽ കൂടി ഇത്തരം കാര്യങ്ങളൊക്കെ പറയാം. ഞാൻ അതിനെക്കുറിച്ച് പറഞ്ഞ് സമയം കളയുന്നില്ല. ബഹുമാനപ്പെട്ട ഇ. പി. പറയുന്ന അവസരത്തിൽ ഈ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് അങ്ങേക്കുള്ള അഭിപ്രായം പറയുന്നതിൽ യാതൊരു ബുദ്ധിമുട്ടും ഇല്ലെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ഇതിനെ ആ നിഗമനത്തിൽ എപ്പോഴും നിങ്ങൾ എതിർക്കുന്നത് ശരിയല്ല. നമ്മുടെ സംസ്ഥാനത്തു പാവപ്പെട്ട കുറെ ആളുകളെ സംരക്ഷിക്കാൻ വേണ്ടി നമ്മുടെ സംസ്ഥാന നിയമസഭയിൽ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി നിങ്ങളുംകൂടി അറിഞ്ഞ് നിങ്ങളുടെ കൂടെ സമ്മതത്തോടുകൂടി 8-ാം തീയതി ഇവിടെ പാസ്സാക്കാമെന്നു പറഞ്ഞു; 7-ാം തീയതി ഞങ്ങളെ വിളിച്ചു ഒക്കുകയില്ല എന്നുപറഞ്ഞു; ഞങ്ങളുടെ കൂട്ടത്തിൽ നിന്നും നിങ്ങൾ പോയി. എങ്കിലും ഞങ്ങൾക്ക് സങ്കടമില്ല. ഇത് ഇവിടെ വോട്ടിനിടുകയാണെങ്കിൽ ദയവായി നിങ്ങൾകൂടി കൈപൊക്കണം. അല്ലെങ്കിൽ നിങ്ങളുടെ മനസ്സാക്ഷിയോടുതന്നെ നിങ്ങൾചെയ്യുന്ന വഞ്ചനയായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്,

LIBRARY ARCHIVES Kerala Legislative Assembly

സർ, 6-സിയെക്കുറിച്ച് ഇവിടെ ചില പരാമർശങ്ങൾ ഉണ്ടായിട്ടുണ്ട്. ഞാൻ അതിന്റെ എല്ലാ വശങ്ങളിലേക്കും കടക്കുന്നില്ല. ബഹുമാനപ്പെട്ട ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ ഇവിടെയില്ല. ബഹുമാനപ്പെട്ട ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ അദ്ദേഹവും അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയും കൂടി മലയോരകർഷകരുടെ സമ്മേളനം വിളിച്ചുകൂട്ടി. ആ സമ്മേളനത്തിൽ ബഹുമാനപ്പെട്ട ശ്രീ. ദേവസ്സിക്കുട്ടി കുറച്ചു മുൻപ് ഇവിടെ സൂചിപ്പിച്ചതുപോലെയുള്ള പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടു. നമ്മുടെ നിയമസഭയിൽ ഇതിനു മുൻപ് ഇതിനെ സംബന്ധിച്ച പ്രൈവറ്റ് ബിൽ കൊണ്ടുവന്നിരുന്നു. അന്ന് ആ സമയങ്ങളിൽ ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രിതന്നെ പിന്നീട് അത് നിയമമാക്കികൊണ്ടുവരാമെന്നു പറഞ്ഞു. നമ്മുടെ വടക്കൻ ജില്ലകളിൽ, പ്രത്യേകിച്ച് കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ, കർഷകരെസംബന്ധിച്ചിടത്തോളം വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് അന്ന് ശ്രീ. കുഞ്ഞിക്കണ്ണനുംകൂടി സമ്മതിച്ചിട്ടുള്ളതാണ്. 1964-ന് ശേഷമുള്ള ടെനൻസിയെ സംബന്ധിച്ചിടത്തോളം ചില പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടെന്നു പറഞ്ഞു. അതിന്റെയും കൂടെ അടിസ്ഥാനത്തിലാണ് നമ്മുടെ സംസ്ഥാന നിയമസഭയിൽ അന്നത്തെ റവന്യൂവകുപ്പ് മന്ത്രി ശ്രീ. ബേബിജോൺ വളരെ നല്ല ഉദ്ദേശലക്ഷ്യത്തോടുകൂടി ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചത്. അതിനാസ്പദമായിട്ട് ഒരു കാര്യം നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. ഒരു Task force on land reforms-ന്റെ റിപ്പോർട്ടിന്റെ പ്രസക്തമായ ഒരു പാരഗ്രാഫ് മാത്രം ഇവിടെ വായിക്കാൻ ഞാനാഗ്രഹിക്കുകയാണ്. സർ, ഈ Task force-നെ സംബന്ധിച്ചിടത്തോളം അവർ വിശദമായ ഒരു പഠനം നടത്തി. അവർ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്:

"Allied with the question of implementation of section 72 has come up the problem of persons who have been admitted into lands as tenants after 1-4-1964. Under section 74 of the Kerala Land Reforms Act any tenancy created from and after 1-4-1964 is invalid. This prohibition was introduced in the 1964 Act when it was thought that the process of conferment of proprietorship rights on the cultivating tenants will be taken up and completed immediately on the commencement of the Act as passed in 1963. However, this did not happen. We should recognise that, for various reasons, the implementation of the relevant sections relating to the conferment of proprietorship rights on the tenants was not taken up seriously till 1970. In the meanwhile, thousands of tenancies have been created and persons genuinely believing themselves to be tenants have been admitted into the lands. There seems to be no justification for denying these tenants the same benefits as are available to those admitted as tenants before April 1964. The only possible argument against the recognition of these post—1964 tenancies is that it will help the landlords to set up claims of false tenancies with a view to evading the ceiling provisions. The Task Force does not consider that this provides adequate justification for denying rights to genuine tenants who have been in possession of the lands up to six years. Claims of false tenancies have to be found out by other administrative means. The preparation of a

LIBRARY ARCHIVES Kerala Legislative Assembly

Record of Rights covering entity of holdings in the State as envisaged in paragraph 14 earlier, would go a long way to uncover these false claims." മറ്റൊരു പ്രസക്തമായ സംഗതി:

It may also be pointed out in this context that tenancies created after 1964 have not been denied the benefits of section 72 in all cases uniformly, under section 7 of the Kerala Land Reforms Act, any person who was continuously in occupation of a land honestly believing himself to be a tenant for not less than two years within a period of twelve years immediately preceding the 11th day of April 1967 is entitled to all the benefits that a tenant may get under the various provisions of the Act, including section 72.

In the circumstances, the Task Force would recommend that section 74 of the Kerala Land Reforms Act should be so modified as to make it effective only in respect of tenancies created from the commencement of the Kerala Land Reforms (Amendment) Act, 1969.

സർ, ഇവിടെ അന്ന് അധികാരത്തിലിരുന്ന അന്നത്തെ റവന്യൂവകുപ്പുമന്ത്രി വളരെ ഔദാര്യപൂർവ്വം മലയോരകർഷകരുടെ പ്രശ്നങ്ങളെക്കുറിച്ച് മനസ്സിലാക്കി. ഇന്നുരാവിലെ ഇക്കാര്യത്തെക്കുറിച്ച് പ്രതിപക്ഷനേതാവ് ഒരു പോയിൻറ് ആഫ് ആർഡർ ഇവിടെ ഉന്നയിച്ചു. ഞാൻ അദ്ദേഹത്തോട് പ്രൊവൈസോകൂടി വായിക്കണമെന്ന് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട ശ്രീ. എം. വി. രാഘവൻ 'ഇരിക്കെടാ അവിടെ' എന്നു പറഞ്ഞു. എനിക്ക് അതിൽ ഖേദമില്ല. ഞാൻ വളരെ ബഹുമാനത്തോടുകൂടി പ്രതിപക്ഷനേതാവിനോട് പറഞ്ഞത്, 6–സിക്ക് അകത്ത് 'ലീസ് ഡീഡ് എക്സിക്യൂട്ടഡ്' എന്നുള്ളതിനുപകരം 'ലീസ് ഗ്രാൻറ്' എന്ന വാക്കുകൂടി ചേർത്തിട്ടുണ്ട്, അതിനുശേഷം പ്രൊവൈസോകൂടി എഴുതിച്ചേർത്തിട്ടുള്ളത് വായിച്ചാൽ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുന്ന ചില സംഗതികളുണ്ട്. ഒരിക്കലും മിച്ചഭൂമി ഇല്ലായ്മപ്പെടുത്താൻവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു സംഗതിയല്ല ഈ പ്രൊവൈസോ:

Provided that nothing contained in this section shall apply to a lease granted by a family or any member thereof or by an adult unmarried person owning or holding land in excess of the ceiling area on the date of the lease.

സർ, ഈ പ്രൊവൈസോ നിലവിലിരിക്കുന്നിടത്തോളംകാലം 'ലീസ് ഡീഡ് എക്സിക്യൂട്ടഡ്' എന്നുള്ളതു മാറ്റി 'ലീസ് ഗ്രാൻറഡ്' എന്നാക്കിയാൽ കുഴപ്പമില്ല. മറിച്ച് ഈ പ്രൊവൈസോ ഇല്ലാതെ, 'ലീസ് ഗ്രാൻറഡ്' എന്നുമാത്രമാക്കിയിരുന്നാൽ അതിന് വളരെ വ്യാപകമായ അർത്ഥംവരും. ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടിയോട് ശ്രീ. എം. കെ. കൃഷ്ണൻ ഒരു ചോദ്യം ചോദിച്ചു. അമ്പത് ശതമാനം ഇംപ്രൂവ്മെൻറ് എന്നുള്ളത് സബ് സ്റ്റാൻഷ്യൽ ഇംപ്രൂവ്മെൻറ്, ഭൂമിയുടെ വിലയുടെ അമ്പതു ശതമാനത്തിൽ കൂടിയിരിക്കണം. അങ്ങനെ പറയുന്നത് ശരിയാണോ?

ശ്രീ. കൃഷ്ണൻ അത് ചോദിച്ചതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. അന്നത്തെ റവന്യൂവകുപ്പുമന്ത്രി ഞാനതു പറഞ്ഞപ്പോൾ വരട്ടെ, കാലക്രമേണ

LIBRARY ARCHIVES Kerala Legislative Assembly

ആ വക കാര്യങ്ങളെക്കൂടി പരിശോധിക്കാമെന്നാണ് പറഞ്ഞത്. അദ്ദേഹം തന്നെ പറഞ്ഞു, അങ്ങനെയൊരു ക്ലാസ്കൂടി എഴുതിച്ചേർക്കേണ്ടത് ആവശ്യമാണ്, അൻപതുശതമാനത്തിൽ കൂടുതൽ എങ്കിലും വില ഉള്ള ആ ഭൂമിക്ക് മാത്രമേ കൊടുക്കാവു എന്നുപറഞ്ഞു.

ശ്രീ. എം. കെ. കൃഷ്ണൻ: ഞാൻ ഈ ബില്ലിനെക്കുറിച്ചുള്ള എന്റെ അപ്രോച്ച് പറയാൻ പോവുകയാണ്. അപ്പോഠം ഇക്കാര്യങ്ങളൊക്കെ പറയാം. ഞാൻ ഇപ്പോഠം തർക്കിക്കാൻ വരുന്നില്ല.

ശ്രീ. റ്റി. എം. ജേക്കബ്: നിങ്ങളുടെ പാർട്ടിയിലെ രണ്ട് നേതാക്കൻമാരുടെ സംസാരം ഞങ്ങഠം ഇവിടെ കേട്ടു. ശ്രീ. ദേവസ്സിക്കുട്ടിയോട് ചോദിച്ച ചോദ്യത്തിന്റെ അർത്ഥം ഞാൻ മനസ്സിലാക്കിയത് ഇതിനെ അനുകൂലിക്കുന്നു എന്നാണ്.

ശ്രീ. എം. കെ. കൃഷ്ണൻ: ഒരു ചോദ്യം ചോദിച്ചുകൊള്ളട്ടെ. ശ്രീ. ചാക്കോ കൊണ്ടുവന്ന 1963-ലെ നിയമത്തിലാണ് ഫ്യൂച്ചർ ടെനൻസി പാടില്ലായെന്ന് പറഞ്ഞിട്ടുള്ളത്. അതിനുശേഷം ക്ലാസ് 74 കൂടി ഉഠംപ്പെടുത്തിയാണ് നിയമം കൊണ്ടുവരുന്നത്. 1961 ഏപ്രിൽ 1-ാം തീയതി മുതൽ നിരോധിച്ചിട്ടുള്ള ടെനൻസി, അക്കാലം മുതൽ ഉണ്ടാക്കിയിട്ടുള്ള ഈ ലീസ് ഡീഡോ അല്ലെങ്കിൽ ഇപ്പോഠം പറഞ്ഞപോലെ ലീസ് ഗ്രാൻറഡോ വരെയുള്ള ഡേറ്റ്വരെ നടത്തിയിട്ടുള്ള കൈമാറ്റങ്ങഠം അംഗീകരിക്കും, അത് മിച്ച ഭൂമിക്കാരായിട്ടുള്ള ആളുകളുടെ കൈമാറ്റത്തെ അംഗീകരിക്കപ്പെടുമെന്നറിയാമോ?

ശ്രീ. റ്റി. എം. ജേക്കബ്: അതിനാണല്ലോ പ്രൊവൈസോ. പ്രൊവൈസോ വളരെ ക്ലിയറാണ്. ഒരു ഡേറ്റിലുള്ള മിച്ചഭൂമി ഇല്ലായ്മപ്പെടുത്താൻവേണ്ടി, ആരെങ്കിലും ആ രീതിയിൽ പ്രവർത്തിക്കുകയാണെങ്കിൽ അവർക്ക് ഇത് ബാധകമല്ല. ബഹുമാനപ്പെട്ട ശ്രീ. പി. കെ. വാസുദേവൻ നായർ ഒരു കാര്യം ചോദിച്ചു. അദ്ദേഹം ചോദിച്ചത് വളരെ പ്രസക്തമായ ഒരു സംഗതിയാണ്. ഭേദഗതി വരുത്തിയിട്ട് 4-ാം തീയതിക്കുള്ളിൽ പ്രസിഡൻറിന്റെ അനുമതി കിട്ടുമോയെന്നുള്ള കാര്യത്തിൽ അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു. അദ്ദേഹം ഞങ്ങളുടെ കൂട്ടത്തിൽനിന്നു പോയെങ്കിലും ഈ ബില്ലിനോട് സ്നേഹമുണ്ടല്ലോ എന്നുള്ളതിൽ സന്തോഷമുണ്ട്. കാരണം ഇങ്ങനെ എഴുതിചേർത്താൽ പ്രസിഡൻറിന്റെ അനുമതി കിട്ടുമോയെന്ന് അദ്ദേഹംചോദിച്ചു. ഒട്ടും ആശങ്ക വേണ്ട. മുഖ്യമന്ത്രി പറഞ്ഞതുപോലെ ലീസ് സിഡ് എന്നുള്ളത് ലീസ് ഗ്രാൻറഡ് എന്നാക്കിയിട്ട് ഈ പ്രൊവൈസോ ഉള്ളതുകൊണ്ട് കേന്ദ്രഗവൺമെൻറിന്റെ അനുമതി കിട്ടുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല.

ശ്രീ. ഈ. പി. ഗോപാലൻ: ഈ നിയമങ്ങളെ സംബന്ധിച്ച് ധാരാളമറിയാവുന്ന ഒരാളാണ് എന്നുള്ള നിലയിൽ ചോദിക്കുകയാണ്. 1979-ലാണല്ലോ ഭേദഗതി വരുന്നത്. ഈ ആക്റ്റ് മിക്കവാറും നടപ്പാക്കി ബഹുഭൂരിപക്ഷം കേസുകളിലും മിച്ചഭൂമി തിട്ടപ്പെടുത്തിയിട്ടുണ്ട്. മിച്ചഭൂമി എത്രയാണ്, എടുക്കേണ്ടത് എത്രയാണ് എന്ന് തീർച്ചപ്പെടുത്തിയിട്ടുള്ള ഒരു ഘട്ടത്തിൽ, ഇനിയും മിച്ചഭൂമിയ്ക്കുള്ളിൽ നിൽക്കുന്ന ആളുകളുടെ കയ്യിൽനിന്ന് വാങ്ങിയിട്ടുള്ള ലീസൊക്കെ വാലിഡ് ആക്കാമെന്നാണല്ലോ ഉദ്ദേശിക്കുന്നത്. മിച്ചഭൂമിക്കപ്പുറത്തുള്ളത് ലീസ് കൊടുത്താൽ വാലിഡ് ആകുകയില്ലെന്ന് ഒരു പ്രൊവൈസോ 1979-ൽ ഉണ്ടാക്കുന്നത് എത്രത്തോളം ഫലപ്രദമാകുമെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റ്റി. എം. ജേക്കബ്: പ്രൊവൈസോ ഉള്ളതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകുകയില്ല. മറിച്ച് ശ്രീ. ബേബിജോൺ ഇവിടെ അവതരിപ്പിച്ച ബില്ല് പാസാക്കി; അതിൽ ലീസ് എക്സിക്യൂട്ടഡ് നിലനിൽക്കുന്നു, പ്രൊവൈസോ ഇല്ല. അങ്ങനെ വന്നാൽ ഇതിനുശേഷമുള്ള ടെനൻസിയെ സംബന്ധിച്ചിടത്തോളം കൈമാറ്റം ചെയ്യപ്പെട്ടുപോയിട്ടുണ്ടെങ്കിൽ ഇങ്ങനെയുള്ള പ്രശ്നങ്ങൾ വരും. പുതിയ അമൻറ്മെൻറ് കൂടിവച്ചാൽ ശ്രീ. ഈ. പി. ഗോപാലൻ പറഞ്ഞ ബുദ്ധിമുട്ട് ഉണ്ടാകുകയില്ല. ആ നിലയ്ക്ക് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം എതിർക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. എന്തായാലും നിങ്ങൾക്ക് ഇതിനെ എതിർക്കണമെന്നുള്ളതുമാത്രമാണ് ഉദ്ദേശം. ഞങ്ങൾക്ക് ഊരും പേരുമില്ലാത്ത ഒരു ലഘുലേഖ കിട്ടിയിട്ടുണ്ട്. എല്ലാറ്റിനും ഒരു നാഥൻ വേണമല്ലോ. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. എം. വി. രാഘവൻ ചോദിച്ചു, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാര്യയുടെ പേരിൽ, അവർക്ക് എന്തോ ആനുകൂല്യം കിട്ടാൻവേണ്ടിയല്ലേ ഇത് കൊണ്ടുവന്നതെന്ന്. ഇവിടെ നിയമസഭയിൽ എത്ര അംഗങ്ങളുണ്ട്. 140 അംഗങ്ങളുണ്ട്. എത്രപേരുടെ വീടുകളിൽ ഇതിന്റെ ആനുകൂല്യം കിട്ടുമെന്ന് എനിയ്ക്കറിഞ്ഞുകൂടാ. ഒരു നിയമമുണ്ടാകുമ്പോൾ ആ നിയമത്തിന്റെ ആനുകൂല്യം വളരെപേർക്ക് കിട്ടും. അതുകൊണ്ട് ബുദ്ധിമുട്ടുകളും വളരെപേർക്കുണ്ടാകും. അത് ഇന്ന ഒരു വ്യക്തിയ്ക്കുവേണ്ടിയാണെന്ന് പറഞ്ഞാൽ അതിന് മറുപടി പറയേണ്ടത് ശ്രീ. ബേബിജോണും ശ്രീ. പി. കെ. വാസുദേവൻ നായരുമാണ്. ഞാൻ എന്റെ മറുപടി പറഞ്ഞു. 6-സി എഴുതി ചേർത്തത് ഇന്നത്തെ മുഖ്യമന്ത്രിയ്ക്കു അതിന്റെ ആനുകൂല്യം കിട്ടാനാണെന്നവാദം ഉന്നയിച്ചിരിക്കുന്നതിനെക്കുറിച്ച് ശ്രീ. എം. വി. രാഘവന്റെ തൊട്ടടുത്ത സീറ്റിലിരിക്കുന്ന ശ്രീ. ബേബിജോൺതന്നെ മറുപടി പറയണം. അത് പരസ്യമായി പറയണമെന്ന് ഞാൻ പറയുന്നില്ല, രഹസ്യമായി പറഞ്ഞാലും മതി. ആ നിലയിൽ നോക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെയേറെ ഗുണങ്ങൾ ഇന്ന് ഇതുകൊണ്ട് ഉണ്ടായിട്ടുണ്ട്. ഓരോ നിയമനിർമ്മാണത്തെക്കുറിച്ച് പറഞ്ഞപ്പോഴും അതിനകത്ത് പെരുപ്പിച്ച് കാണിച്ചിരിക്കുന്നത് 6-സിയും 84-ഉം വകുപ്പുകളാണ്. ഇതു രണ്ടും ഈ രാജ്യത്തിന് മുഴുവൻ ദോഷമുണ്ടാക്കുന്നതും, പാവപ്പെട്ട ആളുകളെ ബാധിക്കുന്നതുമൊക്കെയാണ്. സെക്ഷൻ 27-നും ഒരു അമൻറ്മെൻറ് കൊണ്ടുവന്നിട്ടുണ്ട്. ഞാൻ അതിലേക്ക് കൂടുതൽ കടന്നു സംസാരിക്കുന്നില്ല. മര്യാദപ്പാട്ടം കണക്കാക്കിവന്നത് മിച്ചവാരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. ഹൈക്കോടതിയിലെ ഡിവിഷൻബഞ്ചിന്റെ വിധിയുടെ അടിസ്ഥാനത്തിൽ അതിൽ ചില മാറ്റങ്ങൾ വരുത്തേണ്ടിവന്നു. ഇതുകൊണ്ട് ബുദ്ധിമുട്ടുണ്ടായ ആളുകളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻവേണ്ടിയാണ് ഇത് കൊണ്ടുവന്നത്. ഒരു കാര്യം എനിക്കു പറയുവാനുള്ളത് നമ്മുടെ നിയമസഭയിൽ പല കാര്യങ്ങളെക്കുറിച്ചുമൊക്കെ ചർച്ച ചെയ്യാറുണ്ട്. 1975-ലെ കെ.എൽ.റ്റി. 727-ാം നമ്പരിൽ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ആ വിധിയുടെ ഒരു പാരയിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിയമസഭയിൽ നിയമം പാസ്സാക്കുമ്പോൾ ഒരു അവ്യക്തത നിലനിൽക്കുന്നതുകൊണ്ട് ആളുകൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് അതിൽ എടുത്തു പറഞ്ഞിട്ടുണ്ട്. അതിലെ പാരാ 4-ൽ പറയുന്നു:

4. In several places Act 1 of 1964 uses the words 'michavarom', 'rent', 'fair rent' and 'contract rent' as having distinct significance. The Act separately defines 'michavaram' and 'rent'. There are also

LIBRARY ARCHIVES Kerala Legislative Assembly

provisions in the Act as to how 'fair rent' should be calculated. But there is no provision in the Act either defining 'contract rent' or saying how it should be calculated. In the absence of that, 'contract rent' has to be taken as rent agreed to by the parties.

സർ, ഇതിനകത്ത് എങ്ങനെ കണക്കാക്കണം എന്നു വ്യക്തമായി നിയമത്തിൽ പറയാതിരുന്നതുകൊണ്ട് ഉണ്ടായ ബുദ്ധിമുട്ട് ഒഴിവാക്കാൻവേണ്ടിയാണ് ഇന്ന് ഇത്തരമൊരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഇത് കൈമാറ്റപത്ര പ്രകാരം കുടിയാന് കൊടുക്കാൻ ബാദ്ധ്യസ്ഥമായ ഭൂനികുതി, ലാൻറ് സെസ്, കുടിയാൻ കൈമാറ്റക്കാരന് മുൻകൂർ കൊടുത്ത തുകയുടെ......................

__ശ്രീ. ഇ. പി. ഗോപാലൻ:__ സിംഗിൾ ജഡ്ജിയുടെ വിധി ഫുൾ ബെഞ്ച് റദ്ദാക്കുകയല്ലേ ചെയ്തിട്ടുള്ളത്?

__ശ്രീ . റ്റി. എം. ജേക്കബ്:__ അല്ല. സെക്ഷൻ 27-ന് ഒരുഭേദഗതി കൊണ്ടുവരാനുണ്ടായ കാരണം ഈ ഡിവിഷൻ ബെഞ്ചിന്റെ വിധിയാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇതിനാസ്പദമായ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഇതിൽ പറഞ്ഞിരിക്കുന്നത് കൈമാറ്റ പത്രപ്രകാരം കുടിയാൻ കൊടുക്കാൻ ബാദ്ധ്യസ്ഥമായ ഭൂനികുതിയും ലാൻറ് സെസ്സും കുടിയാൻ കൈമാറ്റക്കാരന് മുൻകൂർ കൊടുത്ത തുകയുടെ പലിശയും കുറവു ചെയ്തതിനുശേഷം അവശേഷിക്കുന്ന തുക എന്നാണ്. എന്നാൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ, കരാർ പാട്ടത്തിന്റെ അടിസ്ഥാനത്തിൽ, ക്രയവില നിശ്ചയിക്കുമ്പോൾ അതു മുൻകൂർ തുകയുടെ പലിശയും ഭൂനികുതിയും ലാൻറുസെസ്സും ഒഴിവാക്കിയതിനു ശേഷമുള്ള കരാർ പാട്ടത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന ക്രയവിലയേക്കാൾ വളരെക്കൂടുതലാണ് എന്നതാണ്. കുടിയാൻമാർക്ക് ഇത്രയും വലിയ തുക ക്രയവിലയായി കൊടുക്കാൻ സാധിക്കുകയില്ലെന്നു സർക്കാരിന് ബോദ്ധ്യം വന്നതുകൊണ്ടും നമ്മളെല്ലാവരും ഈ കാര്യം നിയമസഭയിൽ പലപ്രാവശ്യം ഉന്നയിച്ചതുകൊണ്ടും മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിന് കുടിയാൻ മുൻകൂർ കൊടുത്ത തുകയുടെ പലിശയും ഭൂനികുതിയും സെസ്സും കരാർ പത്രത്തിൽ നിശ്ചയിച്ചിരിക്കുന്ന പാട്ടത്തിൽനിന്ന് ഒഴിവാക്കിയതിനുശേഷം കണക്കാക്കിയ തുകയായിരിക്കും കരാർ പാട്ടമെന്നു വ്യവസ്ഥ ചെയ്യുന്ന ലളിതമായ ഭേദഗതി കൊണ്ടുവന്നിരിക്കുകയാണ്. അതു തീർച്ചയായും നിങ്ങൾ സ്വാഗതം ചെയ്യേണ്ടതാണ്. ഇഷ്ടദാനത്തിൽ ജനദ്രോഹമാണെന്നു പറയുന്നകൂട്ടത്തിൽ ജനോപകാരപ്രദമായ വല്ലതും ഉണ്ടോ എന്നുള്ളതും ആലോചിക്കണം. ശ്രീ. ഇ. പി. ഗോപാലൻ എല്ലാം ജനോപകാരപ്രദമാണെന്നേ പറയുകയുള്ളൂ. പക്ഷേ മാർക്സിസ്റ്റുപാർട്ടി പറയുന്ന അവസരത്തിൽ ഇങ്ങനെയുള്ള കാര്യങ്ങൾ നല്ലതാണെന്നുകൂടി പറഞ്ഞാൽ നല്ലകാര്യങ്ങൾ ഞങ്ങൾ കൂടിയിരുന്നു പാസാക്കിയല്ലോ എന്നുള്ള ധാരണ ജനങ്ങൾക്ക് ഉണ്ടാകും. അതുപോലെ തന്നെ മറ്റു ഭേദഗതികളിലേക്ക് കടന്നു സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഒരൊറ്റ കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം.

സെക്ഷൻ 87–ന് ഒരു ഭേദഗതി ഇവിടെ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ആ ഭേദഗതിയെ സംബന്ധിച്ചുള്ള ഗുണം നമുക്കറിയാം. ഇതിനകത്ത് നിലവിലുള്ള എക്സ്പ്ലനേഷന്റെ കൂടെ ഒരു എക്സ്പ്ലനേഷൻ കൂടി

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടിച്ചേർത്തിരിക്കുകയാണ്. ഇതേസംബന്ധിച്ച് ഒരു ഹൈക്കോടതി വിധിയുണ്ടായി. ഹൈക്കോടതി വിധിയിലേക്ക് കടക്കാതെ അതിനെക്കുറിച്ച് പറയുമ്പോൾ ലജിസ്ലേച്ചറിന് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. 1977-ൽ സ്റ്റേറ്റിനെതിരായുള്ള രാഘവൻെറ കേസ്സിൽ (കെ. എൽ. റ്റി. 57) ആണ് വിധിയുണ്ടായിട്ടുള്ളത്. അതിൽ ഹൈക്കോടതി പറഞ്ഞ ഒരു കാര്യം മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ആ ജഡ്ജിമെൻറിലെ പാര 7-ൽ പറഞ്ഞിരിക്കുന്ന നിർദ്ദേശപ്രകാരമാണ് ഈ നിയമസഭയിൽ ഇത്തരം ഒരു ഭേദഗതി സെക്കൻറ് എക്സ്പ്ലനേഷനായി എഴുതിച്ചേർക്കേണ്ട സാഹചര്യമുണ്ടായിട്ടുള്ളത്. ഇതിനകത്ത് പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്:

True, Section 87 (1) read with the explanation, as construed here, does not enable Taluk Land Boards to meet situations where there is conversion of extensive areas of land exempt for reasons such as they were private forests prior to 1-1-1970 in to non-exempted categories after 1-1-1970. Possibly it may be necessary to bring such cases also within the ambit of excess land for surrender in keeping with the spirit of the legislation which is evidently to prevent accumulation of land in the hands of a few. But that is a proper subjcet for legislative treatment. Whether the clauses require any modification to meet specific situations is a matter for legislative cocnern. It is only when the ceiling provisions are worked out in practice that situation calling for notice by legislature may arise. The role of the court is limited to considering the statute before it and if the situation calls for any treatment, it is for the legislature to move in the matter. അതിൻെറ അടിസ്ഥാനത്തിൽ കൊണ്ടുവന്നിരിക്കുന്ന ഒരു ഭേദഗതിയാണ് ഇത്. ഇതെല്ലാം വച്ചുനോക്കുമ്പോൾ കോടതിയുടെ നിർദ്ദേശത്തെ മാനിച്ചുകൊണ്ട് നമ്മുടെ നിയമസഭയുടെ പരിഗണനയ്ക്ക് കൊണ്ടുവന്നിരിക്കുന്ന ഒരു സംഗതിയാണ് ഇത്. നമ്മുടെ നിയമസഭയെ സംബന്ധിച്ചിടത്തോളം ഈ നിയമം പാസാക്കുകയാണെങ്കിൽ നമ്മുടെ സംസ്ഥാനത്തോട് ചെയ്യുന്ന ഏറ്റവും വലിയ നീതിയായിരിക്കുമെന്ന വിശ്വാസമുണ്ട്. ഇന്ന് ഈ നിയമത്തെ നഖശിഖാന്തം എതിർക്കുന്ന മാർക്സിസ്റ്റുകാർ ഈ അടുത്തകാലത്ത് സുപ്രീംകോടതി വിധിച്ച ചില വകുപ്പുകളെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്. ഞാൻ അതിലേക്ക് കടക്കുന്നില്ല. ലാൻറ് ട്രൈബ്യൂണലുകൾ ഇഷ്യൂ ചെയ്യുന്ന സർട്ടിഫിക്കറ്റിനെ സംബന്ധിച്ച് ഈ അടുത്തകാലത്ത് സുപ്രീംകോടതിയുടെ പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ മേയ്മാസത്തിലാണ് സുപ്രീംകോടതിയിലെ ജസ്റ്റീസ് ഷിങ്കാളിൻെറ ബഞ്ചിൽനിന്ന് ഈ വിധിയുണ്ടായത്. ഇന്നേവരെ മാർക്സിസ്റ്റു പാർട്ടിയിൽപ്പെട്ട ഒരു സഖാവും അതിനെക്കുറിച്ച് ഒന്നും പറഞ്ഞില്ല. അതിനകത്ത് പറയുന്നത് ഇങ്ങനെയാണ്: The question is whether a certificate of purchase issued by the Land Tribunal under Section 72k of the Act is binding on the Taluk Land Board in proceeding under Chapter III of the Act. എന്നു പറഞ്ഞ് വിധിയുണ്ടായിട്ടുണ്ട്. ഈ. എം. എസ്. ഡൽഹിയിലാണല്ലോ. അദ്ദേഹം ഈ കാര്യത്തെക്കുറിച്ച് പരിശോധിക്കാൻ തയ്യാറായിട്ടില്ല. ഇതുകൊണ്ട് നമ്മുടെ സംസ്ഥാനത്തുള്ള കുറേ ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകാൻ പോകുന്നുണ്ട്. ഒരു കാലഘട്ടത്തിൽ ലാൻറ്ട്രൈബ്യൂണലുകളിൽ ജോയിൻറ് ഫാറം ഫയൽചെയ്ത് ലാൻറ് ലോർഡും ടെനൻറും കൂടി

LIBRARY ARCHIVES Kerala Legislative Assembly

ഒത്തുകൊണ്ട് വളരെ കളളക്കൈമാറ്റം നടന്നിട്ടുണ്ട്. അതു നാം ഒരു പരിധി വരെ നിരോധിച്ചു, അതുകഴിഞ്ഞ് ലാൻറ് ബോർഡ് നൽകുന്ന ഇത്തരത്തിലുളള സർട്ടിഫിക്കറ്റുകളെക്കുറിച്ച് ലാൻറ് ബോർഡുകൾക്ക് വീണ്ടും പരിശോധിക്കാനുളള അവകാശം കൊടുത്തിരുന്നു. പക്ഷേ ഇപ്പോൾ സുപ്രീംകോടതി പറഞ്ഞിരിക്കുന്നത് fraud or collusion എന്നാണ്. അങ്ങനെയുളള കാര്യങ്ങൾമാത്രം ലാൻറ്ബോർഡ് പരിശോധിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. Fraud or collusion എങ്ങനെ പ്രൂവ് ചെയ്യാൻ സാധിക്കുമെന്നു നമുക്കറിയാം. പക്ഷേ അതിന് ഭേദഗതി ആവശ്യമാണ്. അതൊന്നും നിങ്ങൾ ഓർക്കുകയില്ല. പക്ഷേ നിങ്ങൾക്ക് അതൊന്നും പ്രശ്നമല്ല. ആരെങ്കിലും ഒരുകാലത്ത് അതു പറഞ്ഞാൽ നിങ്ങൾ അതേക്കുറിച്ച് ചിന്തിക്കും. ഞാൻ ഇതു പറയുന്നത് 1974-ൽ ഹൈക്കോടതി വിധി പ്രഖ്യാപിച്ചപ്പോൾ ആ അവസരത്തിൽ അവർ ഇവിടെ ആ കാര്യം പറഞ്ഞില്ല. ഞാൻ ഈ പറയുന്ന സമയം വരെ സുപ്രീംകോടതിയുടെ സുപ്രധാനമായ ഈ വിധി പ്രഖ്യാപനത്തെക്കുറിച്ച് എന്റെ മാർക്സിസ്റ്റു സുഹൃത്തുക്കൾ ഒരക്ഷരംപോലും ഉരിയാടിയിട്ടില്ല എന്നു പറയുമ്പോൾ അവർക്ക് ഈ സംസ്ഥാനത്തിലെ ജനങ്ങളോട് എത്രമാത്രം ഉത്തരവാദിത്വമുണ്ടെന്നുളളതു മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ടാണ് ഞാൻ പറയുന്നത്, എത്ര ആത്മാർത്ഥരഹിതമായ, എത്ര അർത്ഥശൂന്യമായ എതിർപ്പുകളാണ് അവർ ഈ ബില്ലിന്റെ പേരിൽ ഉന്നയിച്ചിരിക്കുന്നതെന്ന്. അതുകൊണ്ട് നിങ്ങൾക്ക് ഈ ബില്ലിന്റെ പേരിൽ യാതൊരു ആത്മാർത്ഥതയുമില്ല. നിങ്ങളുടെ നിലപാട് എന്തെങ്കിലുമാകട്ടെ. എനിക്ക് ബഹുമാന്യനായ ശ്രീ. ബേബി ജോണിനോടും അദ്ദേഹത്തിന്റെ പാർട്ടിയിലെ അംഗങ്ങളോടും സി. പി. ഐ.-യിലെ ശ്രീ. പി. കെ. വാസുദേവൻ നായരോടും അദ്ദേഹത്തിന്റെ പാർട്ടിയിലെ അംഗങ്ങളോടും പറയാനുളളത്, നമ്മൾ ഒന്നിച്ചിരുന്ന് ഒരുപാട് ചർച്ച ചെയ്തു ശ്രീ. ബേബി ജോൺ തന്നെ നിർദ്ദേശം കൊടുത്ത് ഡ്രാഫ്റ്റു ചെയ്ത കേരള ഭൂപരിഷ്ക്കരണ ഭേദഗതി ബിൽ (1979) നിങ്ങൾകൂടി കൈപൊക്കി പാസാക്കിത്തന്നാൽ കേരളത്തിലെ ജനങ്ങൾ നിങ്ങളെ മാന്യതയുളളവരാണെന്നു പറയും. അതല്ലെങ്കിൽ മറിച്ചുപറയാൻ ഇടവരും. അങ്ങനെ ഇടവരരുതെന്നു പറഞ്ഞുകൊണ്ട് വളരെ സന്തോഷത്തോടുകൂടി ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. ഈ സംസ്ഥാനത്തിലെ ജനങ്ങൾക്ക് ആവശ്യമാണ് ഈ ബിൽ. മാർക്സിസ്റ്റുകാർ മാത്രം എതിർക്കട്ടെ. വിമതലീഗുകാർക്ക് എതിർക്കാൻ സാദ്ധ്യതയില്ല; അവർക്ക് ഇതിനെ എങ്ങിനെ എതിർക്കാൻ സാധിക്കും? അതുകൊണ്ട് അവർ ഇതിനെ അനുകൂലിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ ഇന്നുരാവിലെ ശ്രീ. ടി.കെ. രാമകൃഷ്ണൻ വീണ്ടും ഇവിടെ പറഞ്ഞു, ഇഷ്ടദാനബില്ലിനെ അനുകൂലിക്കുന്ന ആരെങ്കിലുമുണ്ടെങ്കിൽ അവരുമായി കൂട്ടുകെട്ടില്ലെന്ന്. അൽപ്പം മുൻപുവരെ ഇവിടെ പറഞ്ഞു. പക്ഷേ ആരും പേടിച്ച് ഇതിനെ എതിർക്കാൻ പോകാതെ നമുക്കെല്ലാവർക്കും ഒന്നിച്ച്, ശ്രീ. ബേബി ജോണും ശ്രീ. വാസുദേവൻ നായരും ശ്രീ. അബൂബേക്കറുമെല്ലാം ഒന്നിച്ച് നമുക്ക് ഇതിനെ പാസാക്കാം. ആ നിലയിൽ കേരളത്തിലെ ജനങ്ങളോട് നീതി പുലർത്താമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ഭേദഗതി ബില്ലിനെ ഒരിക്കൽക്കൂടി പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(Mr. Speaker in the Chair)

ശ്രീ. ഇ. പി. ഗോപാലൻ: സർ, ഇഷ്ടദാന ബിൽ എന്ന് പ്രസിദ്ധിയോ കുപ്രസിദ്ധിയോ ആർജ്ജിച്ചിട്ടുള്ള ഈ ബില്ലിൽ യഥാർത്ഥത്തിൽ മൂന്നു തരത്തിൽപ്പെട്ട ഭേദഗതികൾ ഉൾപ്പെടുന്നുണ്ട്. ഒരു പേരു വീഴൽ സാധാരണ സംഭവിക്കാറുണ്ട്. എന്നാൽ ആ പേരു വീഴലും പരമാർത്ഥവുമായിട്ട് പലപ്പോഴും അകൽച്ച ഉള്ളതുപോലെ തന്നെ ഈ ബില്ലിന്റെ കാര്യത്തിലും അതു ബാധകമാണ്. ഇതിൽ ഈ മൂന്നു പ്രത്യേക തരത്തിൽപ്പെട്ട ഭേദഗതികളിൽ ആദ്യത്തെ വിഭാഗത്തിൽപ്പെട്ട ഭേദഗതികൾ പൊതുവെ മൂല നിയമത്തിൽ ബാക്കി നിൽക്കുന്ന ഭാഗങ്ങൾ സുഗമമായി നടത്തിക്കൊണ്ടു പോയി പൂർത്തിയാക്കാൻ ഉള്ളതാണ്. ക്ലാസ് 2, 4, 5, 7, 8, 9, 10, 15, 16, പൊതുവിൽ ഈ ക്ലാസുകളൊക്കെ ഈ ഇനത്തിൽപ്പെട്ടതാണ്. ഈ ഭേദഗതികൾ നിലവിലുള്ള നിയമം വളരെ വേഗത്തിൽ പ്രായോഗികമാക്കുന്നതിനു സഹായകരമാണ്. ഇതിനുമുൻപ് പല സന്ദർഭങ്ങളിലും ഈ നിയമത്തിൽ ഭേദഗതി വരുത്തിയ അതേ വീക്ഷണത്തിൽക്കൂടി വളരെ പ്രായോഗികമാണ്, ഫലപ്രദമാണ് ഇനി ശേഷിച്ച കാര്യങ്ങൾ വളരെ വേഗത്തിൽ നടത്തിക്കൊണ്ടുപോയിട്ട് ഈ അദ്ധ്യായം അവസാനിപ്പിക്കുന്നതിനാവശ്യമായ ഭേദഗതികൾ. എന്നാൽ ക്ലാസ് 5-നെ പോലുള്ള അത്യുഗ്രൻമാരും വാസ്തവത്തിൽ ഇതിനകത്തുണ്ട്, റവന്യൂ റെക്കവറിപ്രകാരം പ്രതിഫലം വാങ്ങിക്കൊടുക്കുകയെന്ന വകുപ്പ് ഉൾപ്പെടെ. അതിൽ ചില അഭിപ്രായവ്യത്യാസങ്ങളൊക്കെയുണ്ട്. എന്നാൽ ആദ്യത്തെ വിഭാഗത്തിൽപ്പെട്ട വകുപ്പുകൾ ഇതഃപര്യന്തമുള്ള അനുഭവം വച്ച് ബാക്കി നിൽക്കുന്ന ഭാഗങ്ങൾ കാർഷിക പരിഷ്കരണത്തെ സംബന്ധിച്ചിടത്തോളം വേഗത്തിൽ പൂർത്തിയാക്കുന്നതിന് സഹായകരമാണ്; അത്യാവശ്യമായിട്ടുള്ളതാണ്. ഈ നിയമവുമായി ബന്ധപ്പെട്ടിട്ടുള്ള മുഴുവൻ ആളുകൾക്കുമറിയാം ഇതുപോലുള്ള ഭേദഗതികൾ ഇതിനുമുമ്പും വന്നിട്ടുണ്ട്. 1972-ൽ തന്നെ ഈ നിയമം വളരെ സഫലമായി നടപ്പാക്കുന്നതിന് സഹായകരമായിട്ടുള്ള ഒരു ഭേദഗതിയാണ് മിച്ചഭൂമിയുടെ വില നിർണ്ണയത്തിന്റെ കാര്യത്തിൽ ഈ സഭ അംഗീകരിച്ചിട്ടുള്ളത്. മാർക്കറ്റ് വാല്യുവിന്റെ പകുതി എന്നൊക്കെ നിശ്ചയിച്ചു നടപ്പാക്കുകയാണെങ്കിൽ ഏതുകാലം വരെയും നടപ്പാവുകയില്ല. അത് ഏക്കറിന് പരമാവധി രണ്ടായിരം ഉറുപ്പികവരെ വില നിശ്ചയിച്ചുകൊണ്ടുള്ള ഭേദഗതികൾ ഈ നിയമം നടപ്പാക്കുന്ന കാര്യത്തിൽ എത്ര സഹായിച്ചിട്ടുണ്ടെന്നറിയാമോ? അതുപോലെ തന്നെയാണ് ഈ ഇനത്തിൽപ്പെട്ട ഭേദഗതികളുടെ സ്വഭാവവും. ശേഷിച്ച ഭാഗങ്ങൾ വേഗം നടപ്പാക്കണം, പൂർത്തിയാക്കണമെന്ന് നാം ആഗ്രഹിക്കുമ്പോൾ സംഭവഗതികൾ മറ്റു ചിലത് ചൂണ്ടിക്കാണിക്കുന്നു. നമ്മൾ ഭൂമി വിതരണത്തിന്റെയും, പരിധി നിർണ്ണയത്തിന്റെയും, മിച്ചഭൂമി എടുക്കുന്നതിന്റെയുമൊക്കെ കാര്യങ്ങൾ ആലോചിച്ചു കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ സമൂഹം നിർജ്ജീവമല്ല, സമൂഹം വാസ്തവത്തിൽ വളരെ ആക്ടീവാണ്; വളരെ സജീവമാണ്. എന്നാൽ ഫ്യൂഡലിസത്തിന്റെ കെട്ടുപാടുകൾ അറുത്തുകഴിഞ്ഞിട്ടുള്ള ഈ സന്ദർഭത്തിൽ മുതലാളിത്തത്തിന്റെ കേന്ദ്രീകരണവും ആരംഭിച്ചിരിക്കുന്നു. മുതലാളിത്തരീതിയിലുള്ള കൺസോളിഡേഷൻ നടക്കുന്നുണ്ടിവിടെ. അതൊക്കെ ഇതിന്റെ ഇടയിൽ മറന്നുപോയാൽ വലിയ കുഴപ്പമാണ്. ഏതു രീതി ആകണം, ഏതാവണം ഇതിന്റെ സമീപനം എന്നത് കഴിയുന്നതും വേഗം ഈ നിയമം സംപൂർണ്ണമായി നടപ്പാക്കും എന്ന കാഴ്ചപ്പാടിലാകണം എന്തു വിട്ടുവീഴ്ച അക്കാര്യത്തിൽ ചെയ്താലും തരക്കേടില്ല എന്നാണ് എന്റെ അഭിപ്രായം. ആദ്യം

LIBRARY ARCHIVES Kerala Legislative Assembly

മുതൽക്കേ അങ്ങനെയൊരു നിലപാട് എടുത്തുകൊണ്ടാണ് ഭൂപരിഷ്കരണത്തിന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം മുൻപന്തിയിലായത്. അന്ന് എന്തൊക്കെ സംശയം ഉണ്ടായിരുന്നു എന്നറിയാമോ? ഈ നിയമം കേരളത്തിൽ ഇത്ര ഫലപ്രദമായി നടപ്പാക്കാൻ പറ്റുന്ന ചില അടിസ്ഥാന സംഗതികൾ ആദ്യം അംഗീകരിച്ചു. ഇന്നിപ്പോൾ പരിധി നിർണ്ണയം ചെയ്ത് ....

ശ്രീ. ആര്യാടൻ മുഹമ്മദ്: ബഹുമാനപ്പെട്ട ഇ. എം. എസ്. ഇവിടെ പ്രസംഗിക്കുന്നസന്ദർഭത്തിൽ പറയുകയുണ്ടായി, 1969-ൽ ശ്രീമതി ഗൗരിയമ്മ കൊണ്ടുവന്ന നിയമം അതുപോലെ നടപ്പാക്കിയാൽ മതി അതിൽ സേഫ് ഗാഡ് വേണ്ട എന്ന്. അത് ശരിയാണെന്ന് ശ്രീമാൻ ഇ. പി. ഗോപാലനു തോന്നുന്നുണ്ടോ?

ശ്രീ. ഇ. പി. ഗോപാലൻ: ശാരീരികമായി ഇവിടെ ഹാജരായിട്ടുള്ള അദ്ദേഹത്തോട് ചോദിക്കുന്നതിനുപകരം എന്നോട് ചോദിക്കുന്നതിൽ വല്ല പ്രസക്തിയുമുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ബഹുമാനപ്പെട്ട ഇ. പി. ഗോപാലന് 1969-ലെ നിയമം മതി അതിൽ സേഫ്ഗാഡ് വേണ്ട എന്നു തോന്നുന്നുണ്ടോ?

ശ്രീ. ഇ. പി. ഗോപാലൻ: എനിക്കു തോന്നുന്നതാണ് ഞാൻ ഇപ്പോൾ പറയുന്നത്. അങ്ങേയ്ക്ക് തോന്നുന്നത് സൗകര്യമുള്ളപ്പോൾ വേറെ ആളോട് ചോദിച്ചുകൊള്ളണം. എന്നോടു ചോദിക്കേണ്ട. ഞാൻ എനിക്കു നന്നായി തോന്നുന്നതും ശുദ്ധമായി തോന്നുന്നതുമാണ് ഇവിടെ സംസാരിക്കുന്നത്. അതു കേട്ടാൽ മതി ഇപ്പോൾ തൽക്കാലം.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: രണ്ടുദിവസം മുമ്പു തോന്നിയിരുന്നതിൽ വല്ല മാറ്റവും ഇപ്പോഴത്തെ തോന്നലിൽ വന്നിട്ടുണ്ടോ?

ശ്രീ. ഇ. പി. ഗോപാലൻ: ശങ്കരൻകുട്ടിക്ക് രണ്ടുദിവസമല്ല രണ്ടു മിനിട്ടിന് ഉള്ളിൽ മാറാൻ കഴിയും. എനിക്കൊരു മാറ്റവുമില്ല; എന്റെ അഭിപ്രായത്തിനും. ഇപ്പോൾ ഞാൻ ഈ നിയമത്തെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവതരമായി പറയുന്ന കാര്യങ്ങൾ ദയവായി ഒന്നു കേട്ടാൽ തരക്കേടില്ല. നമ്മുടെ സംസ്ഥാനത്ത് ഈ നിയമം വളരെ ഫലപ്രദമായി നടപ്പാക്കുന്നു; നാം വളരെ മുന്നോട്ടാണ്; ഇത് ഇൻഡ്യാരാജ്യത്തിനു മാതൃകയാണ് എന്നൊക്കെ പറയാൻ ഇടവന്ന കാരണം ആലോചിക്കണം. അതെന്താണെന്ന് അറിയാമോ? കൈവശക്കാരന്റെ നിലപാടിൽ വന്നിട്ടുള്ള മാറ്റം. കൈവശക്കാരന് സ്ഥിരാവകാശം ലഭിക്കണം എന്നിടത്തു നിന്നുകൊണ്ട് ഭൂമിയുടെ ഉടമസ്ഥനോ ജന്മിയോ ആരായാലും വലിയവനോ ചെറിയവനോ കൊള്ളുന്നവനോ കൊള്ളാത്തവനോ എന്നു നോക്കാതെ ഭൂമിയുടെ ഉടമാവകാശം കൈവശക്കാരനിലേക്ക് നിഷ്ക്രമിക്കത്തക്കവിധത്തിലുള്ള അടിസ്ഥാനപരമായ ഒരു നിലപാട് യാതൊരു വിട്ടുവീഴ്ചയും കൂടാതെ സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് വാസ്തവത്തിൽ ഈ കാര്യത്തിൽ വിജയിച്ചത്. 15 ഏക്കർ കഴിഞ്ഞ് ബാക്കിയുള്ളത് മക്കൾക്കു കൊടുക്കാത്തതിന്റെ ക്ഷീണം ഇവിടെ കാണുന്നുണ്ടല്ലോ. ഒരു കുടിയിരിപ്പിനുള്ള സ്ഥലം, ഒരു പുരകെട്ടാനുള്ള സ്ഥലം കൊടുക്കാനായിട്ട് ഇഷ്ടദാനം കൊടുക്കാനല്ല. നല്ല സ്ഥലം 15 ഏക്കർ തിരഞ്ഞെടുത്ത് അവനവന്റെ പേരിൽ, പിന്നെ മക്കൾക്ക് ഇഷ്ടദാനം കൊടുക്കണം,

LIBRARY ARCHIVES Kerala Legislative Assembly

15–നു പുറമെയാണ്. ഇതൊക്കെ ആലോചിക്കുമ്പോഴ് 15–നു പുറമെയുള്ളത് അവരുടെ മക്കൾക്ക് ഇഷ്ടദാനം കൊടുക്കാൻ ആഗ്രഹിക്കുന്നത്, പഴയ നാടുവാഴി പ്രഭുക്കളുടെയും ജൻമിയുടെയും ഇപ്പോഴത്തെ സ്ഥിതി എന്ത് എന്നറിഞ്ഞുകൂടെ? അവരുടെ കൈവശം ഭൂമി ഉണ്ടായിരുന്നില്ല. കൈവശക്കാരനാണ് പരിധി നിശ്ചയിച്ചത്. ഭൂമി കൈവശമില്ലാത്ത ഏത് ജൻമിക്കും സൂചികുത്താൻ സ്ഥലം കിട്ടിയില്ല. ജൻമിയ്ക്കു പരിധിവരെ ഒഴിപ്പിക്കാൻ അവകാശം വേണമെന്ന് വാദിച്ചവരുണ്ട്. നടന്നില്ല. കൈവശത്തിന് പരിധി നിശ്ചയിച്ചത്, പരിധിയ്ക്കപ്പുറമുള്ളത് എടുത്ത് ഭൂമി ഇല്ലാത്തവർക്ക് കൊടുക്കാനാണ്. കൈവശമുള്ളതെല്ലാം സ്വന്തമാക്കാം എന്നല്ല നിയമം. മിച്ചഭൂമി കൊടുക്കാതെ കഴിക്കാൻ മോഹമുണ്ടാകും. ഒരിഞ്ചുപോലും ഭൂമിയില്ലാത്ത പഴയ ഭൂവുടമസ്ഥൻമാർക്ക് പരിധിക്കപ്പുറത്തുള്ള ആളുകളുടെ കയ്യിൽനിന്ന് ഒരേക്കർ ഭൂമി വാങ്ങിക്കൊടുക്കാനുള്ള ഒരു ഭേദഗതി അവതരിപ്പിക്കാൻ ആരും മുന്നോട്ടു വരാത്തതെന്തേ? ധൈര്യമില്ലാഞ്ഞിട്ട്. നാടുവാഴി—ജൻമിവർഗ്ഗം നാമാവശേഷമാവുകയാണ്, അതു വേഗം പൂർത്തിയാകണം. കാർഷിക പരിഷ്കരണത്തിന്റെ ഫലമായി പുതുതായി ഭൂവുടമസ്ഥൻമാരായിട്ടുള്ള വർഗ്ഗം ശക്തമാണ്, കഴിവുണ്ട്, അവർക്ക് ആളെ കൂട്ടാൻ കഴിയും. അതിന് പുതിയ വക്താക്കളുണ്ടുണ്ടാകും എന്നുള്ളതിന്റെ തെളിവാണ് വാസ്തവത്തിൽ ഇവിടെ കണ്ടത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ആദ്യത്തെ ഇനത്തിൽപ്പെട്ട വകുപ്പുകൾ വളരെ വേഗത്തിൽ, മൂലനിയമത്തിന്റെ ബാക്കി ഭാഗങ്ങളും കൂടി തീർക്കത്തക്കവിധത്തിൽ നടപ്പാക്കുകയെന്നുള്ളതിനോട് പൂർണ്ണമായി യോജിക്കുന്നു എന്ന്. ഈ പ്രക്രിയയെ നീട്ടുന്ന ഭേദഗതികളെ എതിർക്കുന്നതിന് രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ട രണ്ടു ഭേദഗതികളുണ്ട്. ഇതു രണ്ടും കോടതി ദുർബലപ്പെടുത്തിയ വകുപ്പുകളാണ്. മേലെ സൂചിപ്പിച്ച വീക്ഷണഗതിയിൽ നോക്കുമ്പോൾ കോടതി ദുർബലപ്പെടുത്തിയ ഒരു വകുപ്പ് പുനഃസ്ഥാപിക്കേണ്ടതുണ്ടെന്നു
1 p.m. കാണാം. ചില വകുപ്പുകൾ ദുർബലപ്പെടുത്തിയാൽ ചിലർക്ക് വളരെ സന്തോഷം. എന്താണിതിന്റെ കാരണമെന്ന് ആരായുമ്പോളറിയാം പ്രത്യേക താൽപര്യം കൊണ്ടാണെന്ന്. വെസ്റ്റഡ് ഇൻററസ്റ്റ് എന്നർത്ഥം. കോടതി റദ്ദാക്കിയ രണ്ടു വകുപ്പുകൾ ക്ലാസ് ആറും ക്ലാസ് പതിനൊന്നുമാണ്. ഈ ക്ലാസ് 6–ൽ വാസ്തവത്തിൽ നിലവിലുള്ള നിയമത്തിൽ പ്രതിഫലം നിശ്ചയിക്കുന്നതിനുവേണ്ടി മര്യാദപ്പാട്ടം കണക്കാക്കുന്ന കാര്യത്തിൽ ഹൈക്കോടതിയിൽ വന്ന ഒരു വ്യാഖ്യാനത്തിന്റെ ഫലമായിട്ടുണ്ടായിട്ടുള്ളതാണ്. ഞാൻ കേട്ടതു ശരിയാണെങ്കിൽ കേരളാ ഹൈക്കോടതിയുടെ ഫുൾബെഞ്ചു തന്നെ സിങ്കിൾ ബെഞ്ച് വിധിമാറ്റിയിട്ടുണ്ട്. നിലവിലുള്ള ആക്ടിൽ പറഞ്ഞ രീതിയിൽ ഫെയർറെൻറു കണക്കാക്കുന്ന കാര്യത്തിൽ അവ്യക്തതയുണ്ടെന്നു പറഞ്ഞാണ് വിധിവന്നത്. അവ്യക്തത ഈ വക കാര്യങ്ങളിലുണ്ടാകും. മര്യാദപാട്ടത്തിന്റെ 12 ഇരട്ടിയോ 16 ഇരട്ടിയോ മിച്ചവാരത്തിന്റെ 12 ഇരട്ടിയോ 16 ഇരട്ടിയോ എന്നാണ് തർക്കം. ആക്ടിൽ വിഷ്വലൈസ് ചെയ്യുന്നത് കുറഞ്ഞ സംഖ്യയുടെ 12 ഇരട്ടി രൊക്കമായോ 16 ഇരട്ടിയോ എന്നാണ്. ആക്ടിൽ വിഷ്വലൈസ് ചെയ്ത രീതിയിൽ ഫുൾ ബെഞ്ചുതന്നെ തീരുമാനിച്ചു എന്ന് കേട്ടതിൽ അടങ്ങിയതാണ് ഈ ഭേദഗതി.

ശ്രീ. ടി. എം. ജേക്കബ്: ഫുൾബെഞ്ച് വിധി ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. അതൊന്നുകൂടി ക്ലാരിഫൈ ചെയ്യാൻ കൊണ്ടുവന്നിരിക്കുകയാണ്. അതുകൊണ്ടു ബുദ്ധിമുട്ടില്ലല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: ബുദ്ധിമുട്ടൊന്നുമില്ല. നല്ലതാണു താനും. ഇതിന്റെ മൂലകാരണം ഒരു ജന്മി കോടതിയിൽ ഈ കേസ് കൊടുത്തിട്ട് എക്സ്പാർട്ടി വിധി വാങ്ങിച്ചതാണെന്ന് കേട്ടിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: 10 പേർ എതിർകക്ഷികളായി ഹാജരായിട്ടുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ: ഫുൾബെഞ്ച് വിധിയുടെ കാര്യത്തിൽ ശരിയായിരിക്കാം, നല്ലത്. മൂലനിയമത്തിലുണ്ടായിരുന്ന വകുപ്പിന്റെ ഉദ്ദേശം വ്യക്തമാക്കുകയും കുടിയാന്റെ പക്ഷത്തുനിന്നു ഒരു ഭേദഗതി കൊണ്ടുവരികയുമാണു ചെയ്തിട്ടുള്ളത്. അവിടെ സംഗതി മനസ്സിലാക്കണം. ഈ ഭേദഗതിയുടെ പ്രാധാന്യം, ഈ നിയമം വരാൻ ഇടയാക്കിയ സാഹചര്യം ഭൂമിയുടെ ഉടമസ്ഥാവകാശം കുടിയാനു കിട്ടുന്ന സന്ദർഭത്തിൽ ആ കുടിയാനു കൂടുതൽ ഭാരം ചുമത്തത്തക്കരീതിയിൽ വിധിവന്നപ്പോൾ കൂടുതൽ ഭാരം ചുമത്താൻ വയ്യ, എന്നേടത്തു നിന്നുകൊണ്ട് കൊണ്ടുവന്ന ഒരു ഭേദഗതിയാണ്. അപ്പോൾ എന്താണു സംശയം? ഒരു സംശയവുമില്ല. ഇതു കേരളമൊട്ടുക്കുമില്ല. വിശേഷിച്ചും മലബാർഭാഗത്തു വള്ളുവനാട്, പാലക്കാട് ഭാഗങ്ങളിലാണ് പ്രത്യേക രീതിയിലുള്ള ഈ കുടിയായ്മ കാണുന്നത്. എന്നാൽ അവരെ സംബന്ധിച്ചിടത്തോളം ഈ ഭേദഗതി ആശ്വാസകരമാണ്. ഇതിന്റെ കൂട്ടത്തിൽ തന്നെയാണ് വളരെ പ്രധാനമായി ഇവിടെ ചർച്ചാവിഷയമായതും പറഞ്ഞുപറഞ്ഞു ആ പേരിൽത്തന്നെ ബിൽ അറിയത്തക്കരീതിയിൽ പ്രാമാണികനായി വന്നിട്ടുള്ളതുമായ ക്ലാസ് 11. ഞാൻ അതിനെ സംബന്ധിച്ച് വളരെയൊന്നും വിസ്തരിക്കുവാൻ പോകുന്നില്ല. കാരണം ഇവിടെ ആവശ്യമുള്ളതും ഇല്ലാത്തതുമായ തർക്കമുണ്ടായി. അതും കോടതിയിൽപോയേ പരമാവധി തീരുമാനിക്കുകയുള്ളു. 83-ാം വകുപ്പിൽ പരിധിക്കപ്പുറമുള്ള യാതൊരു ഭൂമിയും കൈമാറാൻ പാടില്ലെന്നു എഴുതിവച്ചത് 1970-നു ശേഷം പ്രായോഗികമായിട്ടില്ല. ആ വകുപ്പല്ല പ്രായോഗികമായത്. ബഹുമാനപ്പെട്ട ജോസഫ് പറഞ്ഞിട്ടുള്ളതുപോലെ 74, 75, 76 ഇവയെല്ലാം കൂട്ടി വായിച്ചിട്ടുള്ളതു തന്നെയാണ്.

ശ്രീ. ടി. എം. ജേക്കബ്: ആക്ട് 17 ഓഫ് 1972 വന്നതിനുശേഷം ലാൻഡ് ബോർഡിൽ ഫയൽ ചെയ്യേണ്ട ഒരു ഫാറമുണ്ട്. 85-എ അനുസരിച്ച് ഒരു ഫാറം പറഞ്ഞിട്ടുണ്ട്. അതിനകത്ത് 1972 നവംബർ 2-ാം തീയതിയിലെ സ്റ്റാറ്റസ് ആണ് ഫാമിലിയെക്കുറിച്ചും അന്നുണ്ടായിരുന്ന കൈമാറ്റത്തെക്കുറിച്ചുമെല്ലാം പറയുന്നത്. അപ്പോൾ 1970-ൽ ഈ പറയുന്ന ബുദ്ധിമുട്ട് ഉണ്ടാകുമെന്നു പറയുന്നത്, വെസ്റ്റ് ചെയ്യപ്പെടുമെന്നു പറയുന്നത് ശരിയല്ലെന്നു പിന്നേയും നമ്മളെല്ലാം കൂടിയിരുന്നു ആലോചിച്ച കാര്യമല്ലേ?

ശ്രീ. ഇ. പി. ഗോപാലൻ: ഒന്നിച്ചിരുന്ന കാര്യം എന്നൊന്നും പറയേണ്ട. ഇപ്പോൾ സംഗതി അങ്ങു മനസ്സിലാക്കിയാൽ മതി. വേറെ കുഴപ്പമില്ല. ഒന്നിച്ചിരുന്നോ ഇല്ലയോ എന്നുള്ളത് ഒന്നുമല്ല പ്രശ്നം. ആയുഷ്ക്കാലത്തു കൂടുകയില്ലെന്നു പറഞ്ഞിരുന്നവർ പിന്നീടു കൂടിയ അനുഭവം എനിക്കുണ്ട്. അദ്ദേഹം നിർഭാഗ്യവശാൽ ഇന്നു ജീവിച്ചിരിക്കുന്നില്ല. 1964-ൽ നിയമസഭ പിരിച്ചുവിട്ടു ഞങ്ങൾ എം. എൽ. എ. ക്വാർട്ടേഴ്സിലേക്കു കയറുമ്പോൾ ഞാൻ പറഞ്ഞു നമുക്കിനി യോജിക്കാം എന്ന്. അദ്ദേഹം പറഞ്ഞു, നിങ്ങളുമായി ഒരുകാലത്തും യോജിക്കില്ല എന്ന്. പിന്നെ അദ്ദേഹവുമായി യോജിച്ചു, അദ്ദേഹം മന്ത്രിസഭയിൽ വന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതെല്ലാം കഴിഞ്ഞ കാലത്തെ അനുഭവങ്ങളാണ്. നിയമനിർമ്മാണത്തെ സംബന്ധിച്ചു പറയുമ്പോൾ കൂട്ടിന്റെ വർത്തമാനം പറയുന്നതിൽ കാര്യമില്ല. അതു നിയമപരമായി ആലോചിക്കുക. മറ്റുള്ളത് നമുക്കു വേറെ പറയാം. ഈ ബില്ലിനെ സംബന്ധിച്ചു ചർച്ച ചെയ്യുമ്പോൾ അതു പറഞ്ഞാൽ ബുദ്ധിമുട്ടാണ്. 1963-ലും 1964-ലും ഈ ബില്ലിനെ സംബന്ധിച്ച് ചർച്ച ചെയ്തതിനെ സംബന്ധിച്ചു ഞാൻ ഓർക്കുകയാണ്. വളരെ നല്ല ഓർമ്മയുണ്ട്. ഓരോ വകുപ്പിനും വെള്ളം ചേർക്കാൻ പരിശ്രമിച്ചത് എനിക്കു നല്ല ഓർമ്മയുണ്ട്. ഞാൻ അതാവർത്തിക്കുവാൻ ഉദ്ദേശിക്കുന്നില്ല. അതിനു ശേഷം പല വ്യത്യാസവും ഉണ്ടായിട്ടുണ്ട്. 1964-ൽ കോൺഗ്രസ്സ് എടുത്ത നിലപാടല്ല 1970-ൽ നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ എടുത്തിട്ടുള്ളത്. പിന്നെ 1964-ലെ വർത്തമാനം ഇപ്പോൾ പറഞ്ഞിട്ട് എന്താണ് കാര്യം? ചിലർക്ക് 1970-നാണ് പ്രാധാന്യം, ചിലർക്ക് 1964-നാണ് പ്രാധാന്യം. അതൊന്നും പറഞ്ഞാൽ നിയമത്തിന്റെ അർത്ഥം മനസ്സിലാവുകയില്ല. അതുകൊണ്ട് ഈ ഇഷ്ടദാനം എന്നു പറയുന്നതിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ കാലത്തെ ചരിത്രമെല്ലാം പറയുന്നവർ നേരത്തെ ഒരു പൊസിഷൻ എടുത്തിട്ടാണെന്നാണ് എനിക്കു മനസ്സിലാകുന്നത്. നേരത്തെകൂട്ടി ഒരു പൊസിഷൻ എടുക്കും. ആ പൊസിഷനെ ന്യായീകരിക്കുന്ന രീതിയിലാണ് പറയുന്നത്. എന്റെ അഭിപ്രായത്തിൽ അതിന് ഒരു സമീപനം വേണം. ഈ നിയമസഭയിൽത്തന്നെ പല സമയത്തും ഈ നിയമങ്ങളെ സംബന്ധിച്ചു പറയുമ്പോൾ ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. അതെന്താണെന്നുവെച്ചാൽ ഇതു വളരെ വേഗം അവസാനിപ്പിക്കേണ്ട ഒരു പ്രക്രിയയാണ്. ഇനി ബാക്കി നിൽക്കുന്ന നാടുവാഴിപ്രഭുത്വത്തിന്റെ അവശിഷ്ടത്തോട് യാതൊരു മമതയും ഇല്ലാതെ അത് അവസാനിപ്പിക്കണം. അതിന്റെ ന്യായാന്യായതകളെ സംബന്ധിച്ച് ഇപ്പോൾ ആലോചിക്കുവാൻ പോകുന്നത് വലിയ അബദ്ധമാണ്; അപകടമാണ്. അതു ചെയ്തുകൂടാ. മൂലനിയമം കൊണ്ടുവരുമ്പോൾ അങ്ങനെ ആലോചിച്ചിട്ടുണ്ടോ? ഇന്നു എത്രയെണ്ണത്തിനെയാണ് പാളയെടുപ്പിച്ചു നടത്തുന്നത്? അതിനെയെല്ലാം ന്യായീകരിക്കയാണ് വാസ്തവത്തിൽ എല്ലാവരും. ഇനി ബാക്കിനിൽക്കുന്ന കാര്യത്തിലുള്ള നേരായ സമീപനമാണ് വാസ്തവത്തിൽ എന്റേത്. എന്നുവെച്ചാൽ ഇപ്പോൾ ഇവിടെ ചില സുഹൃത്തുക്കൾ പറഞ്ഞതു ശരിയല്ല; ക്രിസ്ത്യൻ സമുദായത്തിലും മുസ്ലീം സമുദായത്തിലുമുള്ള കറെപ്പേർക്കു മാത്രമാണ് മെച്ചം കിട്ടുക എന്ന്. മുഖ്യമന്ത്രി വിചാരിച്ചാൽ കണക്കു കിട്ടും. ലാൻഡ് ബോർഡിൽ കണക്കുണ്ടാകുമെന്നാണ് എന്റെ അഭിപ്രായം. ഇപ്പോൾത്തന്നെ മിച്ചഭൂമിയുള്ള എത്ര മുസ്ലീം പ്രമാണിമാരും ക്രിസ്ത്യൻ പ്രമാണിമാരും അവരുടെ മക്കൾക്കോ മരിച്ചുപോയ മക്കളുടെ മക്കൾക്കോ കൊടുക്കാൻ മുട്ടിനിൽക്കുന്നുണ്ടെന്നു അറിയാൻ കഴിയും. കണക്കു കിട്ടാൻ വലിയ പ്രയാസമുണ്ടോ? അതെല്ലാമായിരുന്നില്ലേ ലാൻഡ് ബോർഡുകൾ കണക്കാക്കിയിരുന്നത്? വേറെ എന്തായിരുന്നു അവരുടെ പണി? ലാൻഡ് ബോർഡുകളുടെയെല്ലാം കാര്യമായ പ്രവൃത്തിഅതായിരുന്നില്ലേ? എത്രപേർ ഇങ്ങനെ ദാനം കൊടുക്കാൻ മുട്ടിനിൽക്കുന്നു? ദുഃഖമുണ്ടാകും. 15 ഏക്കർ അവരുടെ പേരിൽ കിട്ടി. പിന്നെ കുറെ ഏക്കർ തെങ്ങിൻതോപ്പുണ്ടാകും. അതു മൂത്ത മകന്റെയോ മകളുടെയോ പേരിൽ കൊടുക്കുവാൻ ഒക്കുകയില്ലെങ്കിൽ പരമസങ്കടംതന്നെയാണ്, ഞാൻ തർക്കിക്കുന്നില്ല. അതിനേക്കാൾ വലിയ കണ്ണീര് ഞാൻ കണ്ടിട്ടുള്ളതാണ്. അൻപതിനായിരവും അറുപതിനായിരവും പറ നെല്ല് അറയിലിട്ട് അടച്ചുപൂട്ടി ഓരോ വർഷവും താക്കോൽ തോളിലിട്ടു നടന്നിരുന്ന നമ്പൂതിരിമാർ ഇപ്പോൾ നടക്കുന്ന നടപ്പു കാണേണ്ടതാണ്. പത്തായമെല്ലാം പൊളിഞ്ഞിരിക്കുന്നു. പണ്ടൊക്കെ ഞാൻ വളരെ

LIBRARY ARCHIVES Kerala Legislative Assembly

ഉൽസാഹത്തോടെ പറഞ്ഞിരുന്നത് ആ പത്തായത്തിൽ പശുവിനെ കെട്ടുമെന്നാണ്. ഇപ്പോഠം പശുവുമില്ല പത്തായവുമില്ല. ആ കരച്ചിലെല്ലാം നമ്മഠം വളരെയധികം ഇവിടെ കഴിഞ്ഞുപോയി. ഞാൻ ചോദിക്കുന്നത് എത്രയാളുകഠം ഈ പരിധിക്കപ്പുറമുള്ള ഭൂമി തങ്ങളുടെ മക്കഠംക്കു കൊടുക്കുവാൻ വേണ്ടി ഉണ്ടെന്നാണ്. കണക്കുണ്ടോ? ഞാൻ ഒരു സംഗതി പറയാം. ഈ ബില്ലിലുള്ള വകുപ്പുകളാകട്ടെ, നിലവിലുള്ള നിയമമാകട്ടെ ഇന്ന സമുദായത്തിനു കൊടുക്കണമെന്നൊന്നും പറയുന്നില്ല; പറയാനും പറ്റില്ല. ഇവിടെ ദായക്രമത്തെ സംബന്ധിച്ചു പറഞ്ഞു. നമുക്കറിയാമല്ലോ ഈ കേരളത്തിൽ ഭൂമുഖത്തെ പല ഭാഗങ്ങളിലും മരുമക്കത്തായം അവസാനിച്ചപ്പോഠം, സ്വാഭാവികമായും അവസാനിച്ചപ്പോഠം എന്തുകൊണ്ടോ മരുമക്കത്തായം കേരളത്തിൽ നിലനിന്നു. അതു ഹിന്ദുക്കളുടെ ഇടയിൽ മാത്രമൊന്നുമല്ല. മറ്റു ചില സമുദായങ്ങളുടെ ഇടയിലും, മക്കത്തായക്കാർ ആണെന്നു പ്രഖ്യാപിതമായ സമുദായങ്ങളുടെ ഇടയിൽപോലും മരുമക്കത്തായം നിലനിർത്താൻ കഴിവുള്ള ഒരു വ്യവസ്ഥിതി ഇവിടെയുണ്ടായിരുന്നു. എന്നാൽ ഇപ്പോഠം മരുമക്കത്തായത്തിൻെറ സ്ഥിതി എന്താണ്? ഹിന്ദു അൺഡിവൈഡഡ് ഫാമിലിയുടെ സ്ഥിതി എന്താണ്? നാമാവശേഷമായിക്കഴിഞ്ഞിരിക്കുന്നു; ഹിന്ദുനിയമം ഏകീകരിക്കുകയും ചെയ്തു. സങ്കടമൊന്നുമില്ല, തിരുവിതാംകൂർ ഭാഗത്ത് എന്നേ കഴിഞ്ഞിരിക്കുന്നു. മലബാർ ഭാഗത്ത് ഈയടുത്ത കാലത്ത് അതിൻെറ എല്ലാ അവശിഷ്ടങ്ങളും പോയി. അത് ഇപ്പോഴും ഉണ്ട്, ഉണ്ട് എന്നു പറഞ്ഞതുകൊണ്ടൊന്നും കാര്യമില്ല. ഒരു പ്രത്യേക സൗകര്യത്തിനുവേണ്ടി ഹിന്ദു അൺഡിവൈഡഡ് ഫാമിലിക്ക് ഇന്ന സൗകര്യങ്ങഠം കിട്ടിയിരുന്നു അതു ഞങ്ങഠംക്കും കിട്ടണമെന്നു വെറുതെ പറഞ്ഞാൽ പോരാ. എന്നാൽ ഇതു പറയുന്നവർക്ക് കൂട്ടുകാരുണ്ട് ഹിന്ദുക്കളുടെയിടയിൽ. സ്വന്തം സമ്പാദ്യമായിട്ടുള്ള പത്തുമുപ്പത് മുപ്പത്തഞ്ച് ഏക്കറിൽ 15 ഏക്കർ സ്വന്തമായി വച്ചു ബാക്കി പൊന്നുമക്കഠംക്ക് കൊടുക്കാൻവേണ്ടി നടക്കുന്ന നായരുമുണ്ട്; ഈഴവനുമുണ്ട്. അതാണ് സത്യമെന്നു വരുമ്പോഠം എന്തിനാണ് ഈ സമുദായത്തിൻെറ പേരു പറഞ്ഞിളക്കുന്നത്? കഷ്ടമാണ്. വിശേഷിച്ചും എന്നെപ്പോലുള്ള ഒരാഠംക്ക് കേഠംക്കുമ്പോഠം സങ്കടമുണ്ട് സർ. ഞാൻ ഈ കാർഷികപരിഷ്ക്കാരത്തിൻെറ കാര്യത്തിൽ നേരത്തേ മുതലേ പ്രവർത്തിച്ചുവന്നതാണ്. എൻെറ പ്രദേശത്തുള്ള വിശേഷിച്ചും മുസ്ലീം സമുദായത്തിൻെറ ഇടയിലായിരുന്നു പ്രവർത്തിച്ചിരുന്നത്; ഭൂമിയിൽ യാതൊരവകാശവും അവർക്കില്ലായിരുന്ന കാലമായിരുന്നു. അവർക്ക് വാരമില്ല, പൂരമില്ല, ഊട്ടില്ല, സദ്യയില്ല, ഭൂമിയിൽ ഉടമാവകാശമില്ല. വെറും പാട്ടക്കാരനായിരുന്നു. വാക്കാൽ ഒഴിപ്പിക്കുന്ന കാലമായിരുന്നു. അവരുടെയിടയിൽ പ്രവർത്തിക്കാൻ തുടങ്ങിയ കാലത്ത് എന്തെല്ലാം ശകാരങ്ങഠം കേട്ടു? അത് ഞാൻ ഇപ്പോഠം വിസ്തരിക്കുന്നില്ല. മലബാർ ഭാഗത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ആ സമുദായത്തിൽപ്പെട്ടവർക്കാണ് ഈ ഭൂപരിഷ്ക്കാരനിയമംകൊണ്ട് നൂറ്റുക്കു നൂറു ശതമാനവും ഗുണം ലഭിച്ചിട്ടുള്ളത്. അതാണ് കാര്യം. അവർക്കാണ് ഗുണം ലഭിച്ചിട്ടുള്ളത്. ഭൂമിയിൽ ഫ്യൂഡൽ വ്യവസ്ഥയിൽ യാതൊരു അവകാശവും കിട്ടാതിരുന്ന ആ വിഭാഗത്തിനാണ് എല്ലാ അവകാശവും കിട്ടിയിട്ടുള്ളത്. അതിനും ചരിത്രപരമായ കാരണങ്ങളുണ്ട്. പഴയ ഏറനാട്-വള്ളുവനാട്ടിൽ ചില ജൻമികുടുംബങ്ങളിലെ തറവാട്ടുകാരണവൻമാർ പായിൽ കിടന്നു മരിച്ചിട്ടില്ല. കൃഷിക്കാരുടെ വിരോധത്തിൻേറയും വിദ്രോഹത്തിൻേറയും പ്രതികാരാഗ്നിയിൽ ചാമ്പലായിട്ടുള്ളവരാണ്; എത്രയോ കർഷകലഹളകളുണ്ടായിട്ടുണ്ട് ആ ഭാഗങ്ങളിൽ. അതൊക്കെ ഭൂമിയെച്ചൊല്ലി ആയിരുന്നു. അതിനൊരു വിരാമമിട്ടപ്പോഠം, ഭൂപരിഷ്ക്കരണനിയമം നടപ്പാക്കിയപ്പോഠം ഏറ്റവും വലിയ മെച്ചംകിട്ടിയ സമുദായത്തിൻെറ പേരിൽ സംസാരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

എന്തിന്? കുറച്ചു ആളുകൾക്കു ബുദ്ധിമുട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. വളരെ വസ്തുനിഷ്ഠമായിത്തന്നെ ഞാൻ പറയുന്നു, കണ്ണും മൂടിയല്ല. ആ സമൂഹത്തിലെ കൈകൊണ്ട് എണ്ണാവുന്ന വ്യക്തികൾക്ക് 15 ഏക്കർ കഴിച്ചു ബാക്കിയുള്ള സ്ഥലം പൊന്നുമക്കൾക്കു കൊടുക്കാൻ കഴിയാത്ത വേദന ഞാൻ മനസ്സിലാക്കുന്നു. അതിലും കുഴപ്പമൊന്നുമില്ല. പക്ഷെ ഇത് ഇങ്ങനെ കൂട്ടിക്കുഴച്ചു പറയുന്നത് കഷ്ടമാണ്. നമ്മുടെ കാർഷികപരിഷ്ക്കാര നിയമം നടപ്പാക്കിക്കഴിഞ്ഞതിനുശേഷം പുതുതായി ഉയർന്നുവന്ന വർഗ്ഗത്തിൻെറ കളി ഇതിൻെറ പിന്നിലുണ്ട്. സമ്മതിക്കുമോ? അതിനു നിങ്ങൾ വാഗ്ദാനത്തിൻേറയും പ്രഖ്യാപനത്തിൻേറയും ഒക്കെ പരിവേഷം അണിയിച്ചാലും വസ്തുതകൾ വസ്തുതകൾ അല്ലാതാവുകയില്ല. അതുകൊണ്ട് ഞാൻ അഭ്യർത്ഥിക്കുന്നത്, ഇതിനിയും കെട്ടിമറിഞ്ഞ് കെട്ടിമറിഞ്ഞ്, ഭേദഗതിയായി ഭേദഗതിയായി പോയി നമ്മളൊന്നും അറിയാതിരിക്കെ ഞാൻ നേരത്തെ പറഞ്ഞതുപോലെ ഫ്യൂഡൽബന്ധത്തിനു പകരം കാപ്പിറ്റലിസ്റ്റ് രീതിയിലുള്ള കൺസോളിഡേഷൻ വന്നുകഴിഞ്ഞാൽ കഷ്ടത്തിലാകുമെന്നാണ് എൻെറ അഭിപ്രായം, അതുകൊണ്ടാണ് ഞാൻ പറയുന്നത് ഒരു പുതിയ സമീപനം ഇതിൽ ഉണ്ടാകുകയാണെങ്കിൽ—വന്നതെല്ലാം വന്നു. ഒരു സമാധാനം നമുക്കു മനസ്സിൽ വെച്ചുകൂടേ? ഈ ഇഷ്ടദാനം കൊടുക്കാൻ കഴിയാതെ നട്ടംതിരിയുന്ന ആളുകൾക്കു 15 ഏക്കറെങ്കിലും ഉണ്ടല്ലോ, പട്ടിണി കിടക്കേണ്ടല്ലോ, നാടുവിട്ടു പോകേണ്ടല്ലോ. ഒരു സമാധാനമല്ലേ വാസ്തവത്തിൽ അത്? ഇനിയും അപ്പുറത്തേക്കു കൊടുത്തു—അതിൻെറ പ്രത്യാഘാതം അത്രയും മനസ്സിലാക്കിയിട്ടുണ്ടോയെന്ന് സംശയമാണ്. ഈ ആക്ട് നടപ്പായിക്കഴിഞ്ഞാൽ പലർക്കും കോടതിയിൽനിന്ന് ഇറങ്ങേണ്ട പ്രയാസം ഉണ്ടാകുകയില്ലെന്നാണ് എൻെറ അഭിപ്രായം.

ഒന്നു നമുക്കെല്ലാം അറിയാമല്ലോ. മൂലനിയമം 9-ാം ഷെഡ്യൂളിൽ പെടുത്തിയതാണ്. ഈ ഭേദഗതികൾ അതിനു പുറത്താണ്. അതിനു പുറത്താണെങ്കിൽ ബന്ധപ്പെട്ടവർ കോടതിക്ക് അകത്താകും, അങ്ങനെയൊക്കെയുണ്ട്. ആ ഒരു പ്രത്യേക കാരണംകൂടി മനസ്സിൽ വെച്ചിട്ടാണ് ഞാൻ വാസ്തവത്തിൽ ഇതു പറയുന്നത്. കോടതി സാധൂകരണം നൽകാത്ത ഈ വകുപ്പു നമ്മൾ ഈ ഘട്ടത്തിൽ കൊള്ളിച്ചില്ലെങ്കിൽ എന്താണ് കുഴപ്പം? വാഗ്ദത്തം പാലിക്കുകയെന്നുള്ള ഒരു വലിയ കാര്യമുണ്ട്. സംശയമില്ല. ഇതു ഞാൻ വളരെ മുമ്പേ കേട്ടിട്ടുണ്ട്. അതെന്താണെന്നറിയാമോ? നമ്മുടെ മുഖ്യമന്ത്രിക്കൊക്കെ അറിയാം. പെരിന്തൽമണ്ണ മുതലായ ഭാഗങ്ങളിൽ ഞങ്ങൾ കൃഷിക്കാരുടെ യോഗം വിളിച്ചുകൂട്ടി ജൻമിക്ക് പാട്ടവും മിച്ചവാരവും കൊടുക്കരുത്; പാട്ടവും മിച്ചവാരവും മാത്രമല്ലല്ലോ ഓണത്തിനു കാഴ്ച തുടങ്ങി ഒട്ടനേകം അക്രമപിരിവുകൾ—ഇതൊക്കെ തെറ്റാണ്; കൊടുക്കരുത് എന്നു പറഞ്ഞപ്പോൾ ആ നാട്ടിലെ അപൂർവം പ്രമാണിമാർ, മുസ്ലീം പ്രമാണിമാർ, വലിയ മതപ്രാസംഗികൻമാരെ വിളിച്ചു മതപ്രസംഗം നടത്തി, ഞങ്ങൾക്കെതിരായിട്ട്, കൃഷിക്കാരുടെ താൽപര്യത്തിനെതിരായിട്ട്. അതിൽ അവർ പറഞ്ഞിരുന്ന പ്രധാനമായ വാദം മുസൽമാൻ കരാർ പാലിക്കുന്നവനാണ് എന്നാണ്. എന്താണ് കരാർ? ജൻമിക്ക് കൊടുക്കാൻ നിശ്ചയിച്ച പാട്ടം മുതലായവ. മുസ്ലീം അതു ലംഘിക്കാമോ? നല്ല ന്യായമല്ലേ? ആ കരാർ ജൻമിക്കുവേണ്ടി കൃഷിക്കാരൻ പാലിക്കണമെന്നായിരുന്നു മുസ്ലീം മതപ്രാസംഗികരുടെ വാദം. അതിനെയൊക്കെ എതിർത്തുപോന്നിട്ടുള്ളവരാണ് നമ്മൾ. ഞാൻ ചോദിക്കട്ടെ, നമ്മൾ തമ്മിലുള്ള ധാരണ എന്താണ്? അറിഞ്ഞിരിക്കുന്നതു നല്ലതാണ്. 1972-ലെ ഭേദഗതി 1974-ൽ ഹൈക്കോടതി

LIBRARY ARCHIVES Kerala Legislative Assembly

റദ്ദാക്കി. കൊല്ലം എത്ര കഴിഞ്ഞു? ഈ കാലമത്രയും നമ്മൾ ഐക്യകക്ഷിയായി ഭരണം നടത്തിക്കൊണ്ടുപോന്നു. ഈ അഞ്ചു കൊല്ലം എടുത്തത് കൽപിച്ചുകൂട്ടിയാണോ? ഈ അഞ്ചുകൊല്ലം എടുക്കണമോ ഇതുപോലെ ഒരു ഭേദഗതി കൊണ്ടുവരാൻ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അതിനു സമാധാനം ശ്രീ. ബേബി ജോൺ പറയും.

ശ്രീ. ഇ. പി. ഗോപാലൻ: ഞാൻ ബഹുമാനപ്പെട്ട നഹയോടു ചോദിച്ചില്ല. ഞാൻ അങ്ങനെ ഒരാളുടെ മറുപടി കേൾക്കാനല്ല പറഞ്ഞതും. ഞാൻ അങ്ങനെ ഒരാളേയും കുത്തിപ്പറയാനല്ല ശ്രമിക്കുന്നത്.

1974 മുതൽ 1979 വരെ ഇത്രയും പ്രമാദമായ ഈ മിച്ചഭൂമിക്ക് അപ്പുറമുള്ള ഭൂമി മക്കൾക്കും മക്കളുടെ മക്കൾക്കും കൊടുക്കാൻ കഴിയാത്ത വിധത്തിൽ ഭയങ്കരമായ ഒരു സ്ഥിതിവിശേഷം സംജാതമായിക്കൊണ്ടിരുന്ന ഈ കേരളത്തിൽ നമ്മളെല്ലാംകൂടി ഐക്യമുന്നണിയായി നിന്ന കാലത്ത് ഒരു ഭേദഗതി കൊണ്ടുവരുവാൻതന്നെ വലിയ പ്രയാസമുണ്ടായിരുന്നുവോ?

ശ്രീ. പി. സീതിഹാജി: അങ്ങയുടെ നേതാവ് അച്യുതമേനോനും പിന്നീട് വാസുദേവൻനായരും മുഖ്യമന്ത്രിയായിരുന്ന ഗവൺമെന്റുകൾ എല്ലാ ലാൻഡ് ബോർഡുകൾക്കും നിർദ്ദേശം കൊടുത്തു ഇഷ്ടദാനത്തെപ്പറ്റി തീരുമാനമെടുക്കരുത്. അങ്ങനെ വാക്കാൽ സ്റ്റേ കൊടുത്തു. ആ വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. ഇ. പി. ഗോപാലൻ: സർ, എനിക്ക് അദ്ദേഹത്തിനുള്ളപോലെയുള്ള വിവരം വളരെ കുറവാണ്. അതുകൊണ്ടാണ് ഞാനിപ്പോഴും വലിയ അപകടമൊന്നുമില്ലാതെ നിൽക്കുന്നത്. നിങ്ങളെല്ലാം അറിയുന്നതോ ബന്ധപ്പെട്ടതോ ആയ എന്തെല്ലാം കുസൃതികളുണ്ടെന്നൊന്നും എനിക്കറിയില്ല. അഞ്ചുകൊല്ലക്കാലമായിട്ടും ഇത്ര പ്രധാനപ്പെട്ട ഒരു ഭേദഗതി ബില്ലിന്റെ രൂപത്തിൽ വരാതിരിക്കാൻ കാരണമുണ്ടെന്നാണ് ഞാൻ സമർത്ഥിക്കുന്നത്.

ശ്രീ. ടി. എച്ച്. മുസ്തഫ: അതേക്കുറിച്ചാണെനിക്കും ചോദിക്കാനുള്ളത്. ഈ ബില്ലിന്റെ അവതരണാനുമതിക്ക് കേന്ദ്രത്തിലയച്ച് അതു കിട്ടാതിരുന്നപ്പോൾ അങ്ങയുടെ നേതാവ് പി. കെ. വാസുദേവൻ നായർ നേരിട്ടു പോയി അനുമതി വാങ്ങിക്കൊണ്ടുവന്നതാണെന്നു വീമ്പിളക്കിയതിനെപ്പറ്റി എന്തു പറയുന്നു?

ശ്രീ. ഇ. പി. ഗോപാലൻ: സർ, ഞാൻ പറഞ്ഞതെന്ത്, അദ്ദേഹം ചോദിച്ചതെന്ത്? ഈമാതിരി ചോദ്യം ചോദിക്കാൻ ഇനി സന്ദർഭം കിട്ടുകയില്ല. അവനവന്റെ മനസ്സിൽ എന്തെങ്കിലും കുഴപ്പമുണ്ടെങ്കിൽ അതിനു ഞാനെന്തു പിഴച്ചു? ഇത്ര പ്രധാനപ്പെട്ട ഭേദഗതികൾ കൊണ്ടുവരുന്ന കാര്യത്തിൽ പൂർണ്ണമായ യോജിപ്പുണ്ടായിരുന്നില്ലെന്നാണെനിക്കു തോന്നുന്നത്. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിനിയമം മൂലം എന്തെല്ലാം പ്രയാസങ്ങളും പ്രത്യാഘാതങ്ങളുമുണ്ടാകുമെന്നതിനെക്കുറിച്ചാണിവിടെ പറയുന്നത്. സർ, ഞാൻ ലാൻഡ് ബോർഡിന്റെയടുത്തൊന്നും പോകാറില്ല. പക്ഷെ ഈ പ്രത്യേക വകുപ്പിന്റെ സ്വഭാവം നാം മനസ്സിലാക്കണം. നാടുവാഴിത്ത-ജൻമിത്ത-പ്രഭുത്വത്തിന്റെ അവശിഷ്ടങ്ങൾ ആവുംവേഗം തുടച്ചുനീക്കുകയാണ് പ്രധാനകാര്യമെന്നതു നാം അംഗീകരിക്കുമ്പോൾ ഇതൊന്നു പുനരാലോചിച്ചുകൂടേ? വേണമെങ്കിൽ വാദത്തിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ പറയുന്നതൊക്കെ ഞങ്ങൾ അംഗീകരിക്കാം. പക്ഷെ ഈ മാറിയ പരിത:സ്ഥിതിയിലെങ്കിലും ഒരു പുന:ചിന്തനം ആ ഭാഗത്തുനിന്നുണ്ടാകണം. ഈ ബില്ലിന്റെ പ്രായോഗികമായ പ്രവർത്തനത്തിനാവശ്യമായ ഭേദഗതികളല്ലാതെ ഇതിന്റെ അന്തസ്സത്തയെ സ്പർശിക്കുന്ന തരത്തിലുള്ള ഭേദഗതികൾ വളരെ അപകടമാണെന്നാണ് എന്റെ അഭിപ്രായം. കടാശ്വാസ നിയമം കൊണ്ടുവന്നപ്പോഴും പാട്ടബാക്കി റദ്ദാക്കുന്ന നിയമം കൊണ്ടുവന്നപ്പോഴുമെല്ലാം ഞാനിക്കാര്യം വ്യക്തമായി പറഞ്ഞിട്ടുണ്ട്. സർ, ഇത്തരം നിയമങ്ങളും അതിന്റെ നടത്തിപ്പുമൊക്കെ കൃത്യമായി മനസ്സിലാക്കാൻ കഴിയുന്ന ഒരാൾക്കേ അത് ഈ രാജ്യത്തുണ്ടാക്കിയ മാറ്റങ്ങൾ ആസ്വദിക്കാനും മനസ്സിലാക്കാനും കഴിയുകയുള്ളു. അതുകൊണ്ടാണ് ക്ലാസ് 11-ന്റെ കാര്യത്തിൽ ഒരു വീണ്ടുവിചാരം അങ്ങേ ഭാഗത്തുനിന്നും ഉണ്ടാകണമെന്നു ഞാനഭ്യർത്ഥിക്കുന്നത്. ആര് ഡെൽഹിയിൽ പോയി അനുവാദം വാങ്ങിക്കൊണ്ടുവന്നാലും ആര് ആർക്കുവേണ്ടി അനുവാദം വാങ്ങിയാലും അത് ആരെ ബാധിക്കുമെന്നുള്ളതു നോക്കിയിട്ടാണ് അവസാനം വിധി കൽപിക്കേണ്ടത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഈ ബില്ലിന്റെ അവസാനഘട്ടത്തിലെത്തുന്നതിനുമുമ്പായി ഇതൊന്നു പുനരാലോചിക്കണമെന്ന്. മുസ്ലീം-ക്രിസ്ത്യൻ സമുദായങ്ങളെക്കുറിച്ചുമൊക്കെ പറയുന്നുണ്ടല്ലോ. അതിന്റെയൊക്കെ ഒരു കണക്കെടുക്കണം.

സർ, പുതിയ കുടിയായ്മയെ സംബന്ധിച്ചുള്ളതാണ് ക്ലാസ്-3. ഈ ക്ലാസ് 3 ആധാരമായി നിൽക്കുന്ന ഒരു വകുപ്പുണ്ട് മൂലനിയമത്തിൽ; സെക്ഷൻ 74. അതൊന്നു വായിക്കാം:

Prohibition of future tenancies:

(*i*) After the commencement of this Act no tenancy shall be created in respect of any land.

(*ii*) Any tenancy created in contravention of the provisions of sub-section (*i*) shall be invalid.

നിർണ്ണായകമായ ഈ വകുപ്പ്; സർപ്പം പോലെയുള്ള ഒരു വകുപ്പാണ് ഇത്. ഇവിടെ പല ബഹുമാനപ്പെട്ട മെമ്പർമാരും പറഞ്ഞിട്ടുള്ളതുപോലെ ചില ടെനൻസിയുടെ കാര്യത്തിൽ 1969-ൽ ചില ഭേദഗതികൾ അംഗീകരിച്ചിട്ടുണ്ട്. ഒരു വസ്തുത ഈ വാദഗതി കൊണ്ടുവ ന്നവർ മനസ്സിലാക്കണം. 1970-ലാണല്ലോ ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയത്. അങ്ങനെ ഭൂമിയുടെ ഉടമാവകാശം കൃഷിക്കാർക്ക് പകർന്നുകൊടുത്തുകൊണ്ടിരുന്ന ഘട്ടത്തിൽ മിച്ചഭൂമി എന്തു ചെയ്യണമെന്ന ആലോചന വന്നില്ലേ? ആർക്കാണ് ആ ആലോചന വരാത്തത്? വരും, വന്നിട്ടുണ്ട്. 1968-ലും 1969-ലുമൊക്കെ വന്നിട്ടുണ്ട്. ധാരാളം ഭൂമിയുള്ള ആളുകൾ 1967-ലും 1968-ലും 1969-ലുമൊക്കെ കിടന്നുറങ്ങുകയായിരുന്നോ? 1970 ജനുവരി ഒന്നിനു ശേഷം ഉണ്ടായിവന്ന പുതിയ കുടിയായ്മയുടെ കാര്യം ആകെയൊന്നു നോക്കാം. കാട്, മരംകൊണ്ട് കാണാതിരിക്കരുത്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8-30-നു വീണ്ടും സമ്മേളിക്കുന്നതുമാണ്.

സഭ ഒക്ടോബർ മാസം 25-ാം തീയതി വീണ്ടും കൂടുന്നതിലേക്കായി 1-30-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

NAME OF AGENTS—(Continued from outer cover)

72. A. Poornambal, Proprietor, Bhagy Enterprises, M. G. Road, Trivandrum
73. K. J. Cherian, Manager, Victory Book House, Muvattupuzha
74. M. C. Cherian, M.C.C. Book Depot, Chengannur
75. M/s Radha Stores, Shoranur
76. A. T. A. Musthafa, Musthafa Book Company, P.O. Payangad, Cannanore
77. S.M.C. Babu, Babu Brothers Book Depot, Alwaye-1
78. P. C. Cherian, St. Mary's Press and Book Depot, Changanacherry-1
79. R. Radhakrishnan Nair, Proprietor, Modern Books, Near Boat Jetty Road, Quilon
80. Smt. K. Thankamma, Contractor of K.G.'s Book Stall, Kottayam
81. M. A. Joseph, Proprietor, House of Knowledge, Publishers and Book Sellers, Round South, Trichur
82. V. Krishna Iyer, Retired R.T.O., T.C. 18/201, Valiachala, Trivandrum
83. C. I. Varghese, son of Chalissery Ittiachan, Central Book Stall, Palace Road, Trichur
84. New Ladies Fancy Centre, Mannarghat
85. T. V. Thomas Panicker, Indu Book Depot, Angamali P.O., Ernakulam
86. M. M. Varghese, Book Centre, West Nada, Guruvayur
87. K. J. Raphael, Santha Book Stall, Book Sellers and Stationery Merchants, G. B. Road, Sultanpet, Palghat
88. M/s Asoka Book Agency, 2/27, Roop Nagar, Delhi-7
89. M/s St. Joseph's Book Stall, Convent Square, Alleppey
90. V. G. Abraham, St. Thomas Press and Book Depot, Kozhencherry
91. N. Sadanandan, Proprietor, Sadananda Printers, Publishers and Book Sellers, P. O. Alathur, Palghat District
92. K. R. Sukumaran Nair, Sukumar Book Stall, T. C. 23/652, Thampanoor, Tvm.
93. P. Aravindakshan, Book Seller, Near Post Office, Kottakkal
94. M/s D. K. Book Organisations, 74-D, Anand Nagar, (Inderlok) Delhi-110035
95. M/s Ashok Trades, Book Sellers, Market Junction, Kottarakkara
96. R. Viswanathan, Viswanath Stores, P.O. Chelakkara, Trichur
97. M/s Vijnanabhavan Book Stall, Publishers & Book Sellers, Kayamkulam, Alleppey
98. N. Krishnan Nair, Edupadickal Puthen Veedu, Kattakkada P.O., Neyyattinkara Taluk
99. K. Mohanan, Proprietor, S.N.V. Press and Book Depot, Kottarakkara
100. M/s Students Centre, Ottappalam.
101. T. G. Jacob, Pavoor House, Inchavila, Perinad, P.O. Quilon
102. Kallingal Ali, Ali Stores Badagara
103. P. Madhavan Nair, M. S. Book Depot, Main Road, Quilon
104. K. C. Balan Nair, Book Centre, Opp. E.E.M.P. High School, Tellicherry-1
105. C. Parameswaran Nair, Ceepees Books and Periodicals, Kaithamukku, T. C. 27/178, Trivandrum-24
106. K. T. Varkey, Sam Agencies, Ponkunnam
107. N. G. Raveendranathan Nair, Rajashree. Traders, P.O. Road, Perumbavoor
108. Jyothi Book Centre, Round West, Trichur
109. M. Subbain, Students Stores, Kesavadasapuram, Ulloor Village, Trivandrum
110 M. P. Rajendran the Proprietor of M/s Gift House, Convent Road, Badagara
111. A. P. Thankappan Nair, New College Book Stall, Book Sellers, Muvattupuzha-686 661
112. P. R. Rajasekharan, Sree Lakshmivilasam Book Depot, Broadway, Ernakulam
113. Pandarathodi Hamsa, s/o P. Hydru, The Proprietor, Premier Book Stall, Opposite Government Hospital, Manjeri Road, Malappuram
114. V. Ramakrishna Pillai, Proprietor, Raja Stores, Karunagappally
115. R. Radhakrishna Pillai, Kallidukkil Veedu, Chadayamangalam, Kottarakkara, Quilon District
116. N. E. Balakesavan, Proprietor, Modern Book Centre, Trivandrum
117. K. Vasu Pillai, Nalloor, Mani Mandiram, Kanjiracode, Kundara, Quilon
118. N. Bhoothalingam Pillai, Swamy Book Centre, Trivandrum
119. S. Parameswaran Namboodiri, Saradhi Book Dealers, Kottayam
120. M. M. Job, Book Centre, Ottappalam
121. Parishat Book Stall, Court Road, Manjeri
122. M/s General Papers, Perinthalmanna
123. M/s Sahitya Pravarthaka Co-operative Society, Kottayam, Proprietor of National Book Stalls
124. T. Kanaran, M/s Santha Store, Court Road, Tellicherry
125. A. Sreedharan, Kottuvallil Veettil, Cheravally Muri, Kayamkulam, owner of Sreedhar Binding Works and Book Depot, Kayamkulam
126. T. Mohammed Hussan, Vadakke Panayullathil Parambil Thiruvil, Ezhamkulam Village, Quilon
127. George Avokaran, Janatha Stores, College Road, Trichur-1.

LIBRARY ARCHIVES Kerala Legislative Assembly

NAME OF AGENTS APPOINTED FOR THE SALE OF GOVERNMENT PUBLICATIONS IN THE KERALA STATE

1. J. S. Paul and Sons, Cannanore
2. G. Vital Prabhu, News Agent, Manjeswar
3. K. R. Brothers, Calicut
4. Moulavi Book Depot, Kasargode
5. Kottayi Gopalan, Tellicherry
6. Touring Book Stall, Calicut
7. K. P. Ahamed Kunhi and Brothers, Cannanore
8. Pallipat Stores, I'in alakuda
9. St. Joseph's Press, Perinthalmanna
10. George Press, Ottapalam
11. Travancore Law House, Ernakulam
12. P. K. Brothers, Calicut
13. M. V. John, Law Book Seller, New Civil Courts, Tellicherry
14. Manager, Higginbothams (Private) Ltd., Trivandrum
15. Current Books, Publishers and Book Sellers, Trichur
16. Educational Supplies Book Sellers, Publishers and Printers, Palghat
17. H. and C. Stores, Dealers in Books, Kunnamkulam
18. Manager, Reddiar Press and Book Depot, Trivandrum
19. K. Parameswaran Pillai, Stamp Vendor, Pulimoodu, Trivandrum
20. Educational Supplies Depot, Trivandrum
21. Jayachandra Book Depot, Chalai, Trivandrum
22. S. Subramonia Iyer, Book Seller and Stamp Vendor, Kazhakootam
23. S. Krishna Iyer, Stamp Vendor, Ayurveda College View, Trivandrum
24. N. Parameswa'ran Pillai, Alummoodu Veedu, Stamp Vendor, Kottarakkara
25. N. Neelakanta Iyer, Stamp Vendor, Padmavilasom Street, Fort, Trivandrum
26. The Manager, K. V. Press and Book Depot, Main Road, Attingal
27. K. Bhaskaran Nair, News Agent, Trivandrum
28. The Proprietor, Kerala Book House, Cranganore
29. K. K. Raghava Menon, Popular Book Depot, Cranga ore
30. C. M. Book Stall, Publishers, Parayil, Kunnamkulam
31. A. Jose, Proprietor, S. V. Press and Book Depot, Neyyattinkara
32. N. Paramanandam, Proprietor, Ambika Press and Book Depot, Neyyattinkara
33. The New Order Book Company, Ellis Bridge, Ahmedabad
34. Pai and Company, Broadway, Ernakulam
35. S. Hariharakrishna Iyer, Vinayaka Book Stall, Pazhavangadi, Trivandrum
36. K. P. Gopalan, Swaraj Book Stall, Court Road, Quilandy
37. Ambat Sekhara Menon, Proprietor, Menon Stores, Chittur-Cochin
38. M. I. Abraham, News Agent and Book Seller, PunalurP .O.
39. K. G. Thomas, K. V. Book Depot, Chengannur
40. C. L. Joseph, The National Stores, Thana, Irinjalakuda
41. N. Krishnamoorthy, Merchant, Manantoddy
42. T. I. Joseph and Sons, Prakasom Press and Book Depot, Irinjalakuda
43. P. Radhakrishna Pillai, Sivavilasom, Kizhakkekara, Kottarakara
44. Vidyarambham Press and Book Depot (P) Ltd., Mullakkal, Alleppey
45. K. S. Kumara Pillai, Sreekumar Stores, Nedumangad
46. E. K. John, Stamp Vendor, c/o Popular Trading Co., Kottayam
47. The Mahatma Press, Palace Road, Trichur
48. P. K. Chacko, Proprietor, Peekaycee Trades, Kottayam
49. Janatha Book Stall, Near P.M.G's Office, Trivandrum
50. The Secretary, Govt. Servants Co-operative Society Ltd., No. A208, Alleppey
51. The Manager, St. Thomas Press, Palai
52. The National Stores, Cannanore
53. N. Chellappan Pillai, Narayana Press and Book Stall, Attingal
54. K. Kunhambu, Bharath Printing Press Kanhangad (P.O.), Cannanore
55. Kozhy P. John, Vidyarthy Mithram Press and Book Depot, Kottayam
56. Y. Habeebulla, Proprietor, New Book Centre, Near Collectorate, Quilon
57. Vijayakumar Jain, Prabhu Book Service, Gurgoan, Hariyana
58. Haji Abdul Rahiman Sait, Merchant, Kesavadasapuram, Trivandrum-4
59. M. Balan Manager, City Book Stall, R. S. Road, Ottappalam
60. K. Kunhiraman, Manager, Jaya Stores, Vazhuthacaud, Trivandrum
61. P. N. Narayana Pillai, M. N. Printers, Adoor
62. V. M. Noohu, Book Seller, Ansari Book Stall, Nilamel
63. A. Narayanan Potti, Book Seller, Near Civil Station, Quilon-9
64. Guru Book Stall, Palayam Road, Calicut
65. G. Prabhakaran Nair, Manager, Premier Book House, Muvattupuzha
66. Manager, Desabhimani Book House, M. G. Road, Trivandrum-1
67. K. V. Devassy, Manager, Perinthalmanna Printing Works, Perinthalmanna
68. K. Bhaskara Pillai, Prahla Book Depot, Attingal P.O.
69. K. A. George, Proprietor, Students Stores, 74/XII Sub Jail Road, Alwaye
70. V. K. N. Pillai, Polayil Veedu, Manayilkulangara, Quilon-12
71. V. Gopinathan Nair, Book Seller, Kacheri Junction, Nedumangad

(Continued to inside cover)

LIBRARY ARCHIVES Kerala Legislative Assembly